# ചരിത്ര പാഠപുസ്തകം

## ക്ലാസ് 12




കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്


തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി, കേരളം

2019

**First Edition**
*January 2007 Magha 1928*

**Reprinted**
*December 2007 Pausa 1929*
*December 2008 Pausa 1930*
*January 2010 Magha 1931*
*November 2010 Kartika 1932*
*March 2013 Phalguna 1934*
*December 2014 Pausa 1936*
*February 2016 Magha 1937*
*February 2017 Magha 1938*
*December 2017 Pausa 1939*

**PD 100T HK**

**© National Council of Educational Research and Training, 2007**

*Printed on 80 GSM paper with NCERT watermark*

Published at the Publication Division by the Secretary, National Council of Educational Research and Training, Sri Aurobindo Marg, New Delhi 110 016 and printed at A One Offset Printers, 5/34, Kirti Nagar Industrial Area, New Delhi.

**ISBN 81-7450-651-9**

ALL RIGHTS RESERVED

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page, Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

OFFICES OF THE PUBLICATION DIVISION, NCERT

NCERT Campus
Sri Aurobindo Marg
**New Delhi 110 016** Phone : 011-26562708

108, 100 Feet Road
Hosdakere Halli Extension
Banashankari III Stage
**Bengaluru 560 085** Phone : 080-26725740

Navjivan Trust Building
P.O.Navjivan
**Ahmedabad 380 014** Phone : 079-27541446

CWC Campus
Opp. Dhankal Bus Stop
Panihati
**Kolkata 700 114** Phone : 033-25530454

CWC Complex
Maligaon
**Guwahati 781 021** Phone : 0361-2674869

**Publication Team**

| | | |
|---|---|---|
| Head, Publication Division | : | *M. Siraj Anwar* |
| Chief Editor | : | *Shveta Uppal* |
| Chief Business Manager | : | *Gautam Ganguly* |
| Chief Production Officer (Incharge) | : | *Arun Chitkara* |
| Production Assistant | : | *Sunil Kumar* |

***Cover and Layout***
Arrt Creations, New Delhi

***Cartography***
*K Varghese*

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമ മാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യ ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ. ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# FOREWORD

The *National Curriculum Framework* (NCF), 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the *National Policy on Education* (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that, given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days are actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences Professor Hari Vasudevan and the Chief Advisor for this book, Professor Neeladri Bhattacharya, Centre for Historical Studies, Jawaharlal Nehru University, New Delhi for guiding the work of this committee. Several teachers contributed to the development of this textbook: we are grateful to their principals for making this possible. We are indebted to the institutions and

organisations which have generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairpersonship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to the systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

*Director*
National Council of Educational
Research and Training

New Delhi
*20 November 2006*

## DEFINING THE FOCUS OF STUDY

What defines the focus of this book? What does it seek to do? How is it linked to what has been studied in earlier classes?

In Classes VI to VIII we looked at Indian history from early beginnings to modern times, with a focus on one chronological period in each year. Then in the books for Classes IX and X, the frame of reference changed. We looked at a shorter period of time, focusing specifically on a close study of the contemporary world. We moved beyond territorial boundaries, beyond the limits of nation states, to see how different people in different places have played their part in the making of the modern world. The history of India became connected to a wider inter-linked history. Subsequently in Class XI we studied *Themes in World History*, expanding our chronological focus, looking at the vast span of years from the beginning of human life to the present, but selecting only a set of themes for serious exploration. This year we will study *Themes in Indian History*.

The book begins with Harappa and ends with the framing of the Indian constitution. What it offers is not a general survey of five millennia, but a close study of select themes. The history books in earlier years have already acquainted you with Indian history. It is time we explore some themes in greater detail.

In choosing the themes we have tried to ensure that we learn about developments in different spheres – economic, cultural, social, political, and religious – even as we attempt to break the boundaries between them. Some themes in the book will introduce you to the politics of the time and the nature of authority and power; others explore the way societies are organised, and the way they function and change; still others tell us about religious life and ritual practices, about the working of economies, and the changes within rural and urban societies.

Each of these themes will also allow you to have a closer look at the historians' craft. To retrieve the past, historians have to find sources that makes the past accessible. But sources do not just reveal the past; historians have to grapple with sources, interpret them, and make them speak. This is what makes history exciting. The same sources can tell us new things if we ask new questions, and engage with them in new ways. So we need to see how historians read sources, and how they discover new things in old sources.

But historians do not only re-examine old records. They discover new ones. Sometimes these could be chance discoveries. Archaeologists may unexpectedly come across seals and mounds that provide clues to the existence of a site of an ancient civilisation. Rummaging through the dusty records of a district collectorate a historian may trip over a bundle of records that contain legal cases of local disputes, and these may open up a new world of village life several centuries back. Yet are such discoveries only accidents? You may bump into a bundle of old records in an archive, open it up and see it, without discovering the significance of the source. The

source may mean nothing to you unless you have relevant questions in mind. You have to track the source, read the text, follow the clues, and make the inter-connections before you can reconstruct the past. The physical discovery of a record does not simply open up the past. When Alexander Cunningham first saw a Harappan seal, he could make no sense of it. Only much later was the significance of the seals discovered.

In fact when historians begin to ask new questions, explore new themes, they have to often search for new types of sources. If we wish to know about revolutionaries and rebels, official sources can reveal only a partial picture, one that will be shaped by official censure and prejudice. We need to look for other sources – diaries of rebels, their personal letters, their writings and pronouncements. And these are not always easy to come by. If we have to understand experiences of people who suffered the trauma of partition, then oral sources might reveal more than written sources.

As the vision of history broadens, historians begin tracking new sources, searching for new clues to understand the past. And when that happens, the conception of what constitutes a source itself changes. There was a time when only written records were acknowledged as authentic. What was written could be verified, cited, and cross checked. Oral evidence was never considered a valid source: who was to guarantee its authenticity and verifiability? This mistrust of oral sources has not yet disappeared, but oral evidence has been innovatively used to uncover experiences that no other record could reveal.

Through the book this year, you will enter the world of historians, accompany them in their search for new clues, and see how they carry on their dialogues with the past. You will witness the way they tease out meaning out of records, read inscriptions, excavate archaeological sites, make sense of beads and bones, interpret the epics, look at the stupas and buildings, examine paintings and photographs, interpret police reports and revenue records, and listen to the voices of the past. Each theme will explore the peculiarities and possibilities of one particular type of source. It will discuss what a source can tell and what it cannot.

This is Part I of *Themes in Indian History*. Parts II and III will follow.

NEELADRI BHATTACHARYA
*Chief Advisor, History*

# TEXTBOOK DEVELOPMENT COMMITTEE

**CHAIRPERSON, ADVISORY COMMITTEE**

Hari Vasudevan, *Professor,* Department of History, University of Calcutta, Kolkata

**CHIEF ADVISOR**

Neeladri Bhattacharya, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 10)

**ADVISORS**

Kumkum Roy, *Associate Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 2)

Monica Juneja, *Guest Professor,* Institut Furgeschichte, Viennna, Austria

**TEAM MEMBERS**

Beeba Sobti, *P.G.T. History,* Modern School, Barakhamba Road, New Delhi

C.N. Subramaniam, Eklavya, Kothi Bazar, Hoshangabad (Theme 7)

Farhat Hassan, *Reader,* Department of History, Aligarh Muslim University, Aligarh, UP (Theme 5)

Jaya Menon, *Reader,* Department of History, Aligarh Muslim University, Aligarh, UP (Theme 1)

Kunal Chakrabarti, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 3)

Meenakshi Khanna, *Reader* in History, Indraprastha College, University of Delhi, Delhi (Theme 6)

Muzaffar Alam, *Professor of South Asian History,* University of Chicago, Chicago, USA

Najaf Haider, *Associate Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 9)

Partho Dutta, *Reader,* Department of History, Zakir Hussain College (Evening Classes), University of Delhi, Delhi (Theme 12)

Prabha Singh, *P.G.T. History,* Kendriya Vidyalaya, Old Cantt., Telliarganj, Allahabad, UP

Rajat Datta, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 8)

Ramachandra Guha, *freelance writer, anthropologist* and *historian,* Bangalore (Theme 13)

Rashmi Paliwal, Eklavya, Kothi Bazar, Hoshangabad

Rudrangshu Mukherjee, *Executive Editor, The Telegraph,* Kolkata (Theme 11)

Smita Sahay Bhattacharya, *P.G.T. History,* Blue Bells School, Kailash Colony, New Delhi

Sumit Sarkar, *Formerly Professor of History,* University of Delhi, Delhi (Theme 15)

Uma Chakravarti, Formerly *Reader* in History, Miranda House, University of Delhi, Delhi (Theme 4)

Vijaya Ramaswamy, *Professor,* Centre for Historical Studies, Jawaharlal Nehru University, New Delhi (Theme 7)

**MEMBER-COORDINATORS**

Anil Sethi, *Professor,* DESSH, NCERT, New Delhi (Theme 14)

Seema S. Ojha, *Lecturer,* DESSH, NCERT, New Delhi

# ACKNOWLEDGEMENTS

*Themes in Indian History. Part I* emerged out of several discussions within the team amongst subject experts/ authors from universities, school teachers and professionals from NCERT. We would like to thank all those who participated enthusiastically and pooled together their intellectual resources and experience to produce this book.

Several people commented extensively on draft chapters, helping us improve on the text and clarify issues. We are particularly grateful to our young readers, Meera and Sandhya Visvanathan whose suggestions and comments helped us sharpen the presentation, and to Baisakh Chakrabarti for his encouragement. The suggestions of the members of the Monitoring Committee, Prof. J. S. Grewal and Ms Shobha Bajpai, were very useful.

Prof. B.D. Chattopadhyaya made time for the project inspite of several pressing personal problems, and offered critical advice. Others who offered valuable suggestions include Prof. Ranabir Chakravarti, Prof. Upinder Singh and Dr Supriya Varma. We are also grateful to Dr Naseem Akhtar, Mr Virendra Bangroo and Dr Suresh Mishra for advice on specific visuals and texts. Ms Samira Verma provided unfailingly prompt support for visual and textual research.

We would like to thank all the institutions and individuals who provided the visual resources for the book: the American Institute of Indian Studies, Gurgaon, the Archaeological Survey of India, the Centre for Cultural Resources and Training, the Indira Gandhi National Centre for the Arts, the National Manuscript Mission, and the National Museum. We are particularly grateful to Prof. Gregory L. Possehl for visual material used in Theme One, and to Mr. R.R.S. Chauhan and Mr. J.C. Grover, National Museum, as also to Mr. R.C. Das, CIET, NCERT for photographs from the National Museum. Mr. K. Varghese, Jawaharlal Nehru University, provided the maps.

Ms Shyama Warner copyedited and proof read the book while Ms Ritu Topa and Mr. Animesh Roy of Arrt Creations, New Delhi, designed it.. We would like to thank them all for the patience, care, and passion they brought to the task.

We would also like to thank Mr. Albinus Tirkey and Mr. Manoj Haldar for technical support and assistance.

Finally, we look forward to feedback from the users of the book, which will help us improve it in subsequent editions.

# പാഠപുസ്തക വിവർത്തനം

## ശിൽപ്പശാലയിൽ പങ്കെടുത്തവർ

**അജു എസ്.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., വെച്ചൂച്ചിറ കോളനി, പത്തനംതിട്ട
**ബിനോ പി. ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് ഡൊമിനിക്സ് കോളേജ്, കാഞ്ഞിരപ്പള്ളി, കോട്ടയം
**പ്രൊഫ. എം. ജലാലുദ്ദീൻ** (റിട്ട.)
സി.കെ.ജി. മെമ്മോറിയൽ ഗവ.കോളേജ്, പേരാമ്പ്ര, കോഴിക്കോട്
**മടവൂർ ശശി**
**ഡോ. ബി.വി. നന്ദകുമാർ**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.വി.എച്ച്.എസ്.എസ്., ആര്യനാട്, തിരുവനന്തപുരം
**ഡോ. കെ.കെ. രാധ**
പ്രിൻസിപ്പൽ (റിട്ട.), ഗവ. കോളേജ് ഫോർ വിമിൻ, തിരുവനന്തപുരം
**സജീവ് ഡി.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എം.എച്ച്.എസ്.എസ്., വെഞ്ഞാറമൂട്, തിരുവനന്തപുരം
**സജീവ് കുമാർ ജി. എസ്.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., കടയ്ക്കൽ, കൊല്ലം
**ഡി. യേശുദാസ്**
എച്ച്.എസ്.എസ്.ടി. മലയാളം, ഗവ.എച്ച്.എസ്.എസ്., അയ്യന്തോൾ, തൃശ്ശൂർ
**യൂസഫ് കുമാർ എസ്. എം.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., പകൽക്കുറി, തിരുവനന്തപുരം
**വിനോദ് എം. എം.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.ജി.എച്ച്.എസ്.എസ്., മാവേലിക്കര, ആലപ്പുഴ

## അക്കാദമിക് കോർഡിനേറ്റർമാർ

**ചിത്രാ മാധവൻ**
അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി.

**അഞ്ജന വി.ആർ. ചന്ദ്രൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

## കുറിപ്പ്

### (ക്രമനമ്പരുകളിലെ മാറ്റം)

ഇന്ത്യാ ചരിത്രത്തിലെ പതിനഞ്ച് പ്രമേയങ്ങളാണ് മൂന്ന് പുസ്തകങ്ങളിലായി എൻ.സി.ഇ.ആർ.ടി. പന്ത്രണ്ടാം ക്ലാസിനായി തയാറാക്കിയിട്ടുള്ളത്. എൻ.സി.ഇ.ആർ.ടി. യുടെ പുസ്തകത്തിൽ കേരള ചരിത്രത്തിലെ പ്രമേയങ്ങൾ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഇന്ത്യാചരിത്രത്തിൽ ഉൾപ്പെടുന്നതും എന്നാൽ മറ്റു ചില വിഷയങ്ങളിൽ കുട്ടികൾ വിശദമായി പഠിക്കുന്നതുമായ ആശയങ്ങൾ ഉൾപ്പെടുന്ന രണ്ട് പ്രമേയങ്ങൾക്ക് പകരം കേരള ചരിത്രത്തിലെ രണ്ട് പ്രമേയങ്ങൾ ഉൾപ്പെടുത്തി എസ്.സി.ഇ.ആർ.ടി. തയാറാക്കിയ നാലാമതൊരു പുസ്തകം പഠിപ്പിച്ചുവരുന്ന വിവരം അറിവുള്ളതാണല്ലോ.

ഇംഗ്ലീഷ് പതിപ്പുകൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയപ്പോൾ ഇന്ത്യാചരിത്രത്തിലെ പ്രമേയങ്ങളുടെ ക്രമനമ്പരുകൾ 1 മുതൽ 13 വരെ തുടർച്ചയായും തുടർന്ന് 14, 15 ക്രമനമ്പരുകൾ കേരള ചരിത്രത്തിലെ പ്രമേയങ്ങൾക്കുമാണ് നൽകിയിട്ടുള്ളത് എന്ന കാര്യം പഠിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഉള്ളടക്കം

## ഭാഗം 1

**പ്രമേയം ഒന്ന്** .................... 1
ഇഷ്ടികകൾ, മുത്തുകൾ, അസ്ഥികൾ
ഹരപ്പൻ സംസ്കാരം

**പ്രമേയം രണ്ട്** .................. 28
രാജാക്കന്മാർ, കർഷകർ, പട്ടണങ്ങൾ
ആദ്യകാല രാഷ്ട്രങ്ങളും സമ്പദ്വ്യവസ്ഥകളും
(ഏകദേശം 600 ബി.സി.ഇ. മുതൽ 600 സി.ഇ. വരെ)

**പ്രമേയം മൂന്ന്** ................ 53
ബന്ധുത്വം, ജാതി, വർഗം
ആദ്യകാല സമൂഹങ്ങൾ
(ഏകദേശം 600 ബി.സി.ഇ. മുതൽ 600 സി.ഇ. വരെ )

**പ്രമേയം നാല്** ............... 82
ചിന്തകരും വിശ്വാസങ്ങളും നിർമ്മിതികളും
സാംസ്കാരിക വികാസങ്ങൾ
(ഏകദേശം 600 ബി.സി.ഇ. മുതൽ 600 സി.ഇ. വരെ )



## ഭാഗം 2 *

**പ്രമേയം അഞ്ച്**
സഞ്ചാരികളുടെ കണ്ണുകളിലൂടെ :
സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ
(ഏകദേശം പത്ത് മുതൽ പതിനേഴാം നൂറ്റാണ്ടുവരെ)

**പ്രമേയം ആറ്**
ഭക്തി - സൂഫി പാരമ്പര്യങ്ങൾ :
മതവിശ്വാസങ്ങളിലും ഭക്തി ഗ്രന്ഥങ്ങളിലുമുള്ള മാറ്റങ്ങൾ
(ഏകദേശം എട്ട് മുതൽ പതിനെട്ടാം നൂറ്റാണ്ട് വരെ)



Y3H5P2

## പ്രമേയം ഏഴ്

ഒരു രാജകീയ തലസ്ഥാനം : വിജയനഗരം

(ഏകദേശം പതിനാല് മുതൽ പതിനാറാം നൂറ്റാണ്ടുവരെ)

## പ്രമേയം എട്ട്

കർഷകരും, സെമീന്ദാർമാരും രാഷ്ട്രവും :

കാർഷിക സമൂഹവും മുഗൾ സാമ്രാജ്യവും

(ഏകദേശം പതിനാറ് - പതിനേഴ് നൂറ്റാണ്ടുകൾ)

## പ്രമേയം ഒൻപത്

രാജാക്കന്മാരും ദിനവൃത്താന്തങ്ങളും :

മുഗൾ രാജസഭ

(ഏകദേശം പതിനാറ് - പതിനേഴ് നൂറ്റാണ്ടുകൾ)

# ഭാഗം 3 *



## പ്രമേയം പത്ത്

കോളനിഭരണവും ഗ്രാമപ്രദേശങ്ങളും :

ഔദ്യോഗിക പുരാരേഖാ ശേഖരങ്ങളുടെ പരിശോധന

## പ്രമേയം പതിനൊന്ന്

കലാപകാരികളും രാജും :

1857 ലെ കലാപവും അതിന്റെ ചിത്രീകരണങ്ങളും

## പ്രമേയം പന്ത്രണ്ട്

മഹാത്മാഗാന്ധിയും ദേശീയവാദ പ്രസ്ഥാനവും :

സിവിൽ നിയമലംഘനവും അതിനപ്പുറവും

## പ്രമേയം പതിമൂന്ന്

വിഭജനത്തെ മനസ്സിലാക്കൽ :

രാഷ്ട്രീയം, ഓർമ്മകൾ, അനുഭവങ്ങൾ

*ഭാഗം രണ്ടും മൂന്നും തുടർന്ന് വരും

## ഈ പുസ്തകം എങ്ങനെ ഉപയോഗിക്കാം (How to use this book)

ഇത് *ഇന്ത്യാചരിത്രത്തിലെ പ്രമേയങ്ങളി*ലെ ഒന്നാം ഭാഗമാണ്. രണ്ടും മൂന്നും ഭാഗങ്ങൾ തുടർന്ന് വരും.

- ☑ പഠനത്തെ സുഗമമാക്കുന്നതിനായി ഓരോ അധ്യായവും നിരവധി ഭാഗങ്ങളായും ഉപവിഭാഗങ്ങളായും അക്കമിട്ട് തിരിച്ചിട്ടുണ്ട്.
- ☑ ബോക്സിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന മറ്റ് വിഭവങ്ങളും നിങ്ങൾക്ക് കാണാം.

ഇത് ഉൾപ്പെടുന്നത് :

| ചുരുക്കർഗങ്ങൾ | അധിക വിവരങ്ങൾ | കുടുതൽ വിശദമായ വിവരണങ്ങൾ |
|---|---|---|

ഇവയെല്ലാം പഠന പ്രവർത്തനത്തെ സഹായിക്കുവാനും പരിപോഷിപ്പിക്കുവാനുമാണ്, അല്ലാതെ ***മൂല്യനിർണയം ഉദ്ദേശിച്ചുള്ളവയല്ല.***

- ☑ ഓരോ അധ്യായവും ഒരു ജോഡി *കാലരേഖ*യോടെയാണ് അവസാനിക്കുന്നത്. ഇതിനെ പശ്ചാത്തല വിവരമായാണ് കണക്കാക്കേണ്ടത്, ***മൂല്യനിർണയത്തിന് വേണ്ടിയല്ല.***
- ☑ ***ചിത്രങ്ങളും, ഭൂപടങ്ങളും, സ്രോതസ്സുകളും*** ഓരോ അധ്യായത്തിലും തുടർച്ചയായ നമ്പരിട്ട് നൽകിയിരിക്കുന്നു.

(a) **ചിത്രങ്ങളിൽ**, ചരിത്രകാരർ സ്രോതസ്സുകളായി ഉപയോഗിക്കുന്ന ദൃശ്യവിവരങ്ങളായ ഉപകരണങ്ങൾ, മൺപാത്രങ്ങൾ, മുദ്രകൾ, നാണയങ്ങൾ, ആഭരണങ്ങൾ തുടങ്ങിയ പുരാവശിഷ്ടങ്ങൾ, കൊത്ത്ലിപികൾ, ശില്പങ്ങൾ, ഛായാചിത്രങ്ങൾ, നിർമിതികൾ, പുരാവസ്തു സൈറ്റുകൾ, ജനങ്ങളുടെയും പ്രദേശങ്ങളുടെയും രൂപരേഖകൾ, ചിത്രങ്ങൾ എന്നിവയാണ് ഉൾപ്പെടുന്നത്.

(b) ചില അധ്യായങ്ങൾക്ക് **ഭൂപടങ്ങൾ** ഉണ്ട്.

**സ്രോതസ്സുകൾ**

(c) **സ്രോതസ്സുകൾ** പ്രത്യേകം ബോക്സുകളിലാണ് ഉള്ളടക്കം ചെയ്തിരിക്കുന്നത് : വൈവിധ്യമാർന്ന ഗ്രന്ഥങ്ങളിൽ നിന്നും പുരാലിഖിതങ്ങളിൽ നിന്നുമുള്ള ഏടുകളാണ് ഇതിൽ ഉൾപ്പെടുന്നത്. ചിത്രങ്ങളും ഗ്രന്ഥങ്ങളിൽ നിന്നുള്ള സ്രോതസ്സുകളും, ചരിത്രകാരർ ഉപയോഗിക്കുന്ന സൂചനകളെപ്പറ്റി അടുത്തറിയുവാൻ നിങ്ങളെ സഹായിക്കും. **ഈ സൂചനകളെ ചരിത്രകാരർ എങ്ങനെ വിശകലനം ചെയ്യുന്നു എന്നും നിങ്ങൾക്ക് കാണാം. ഇവയിൽ നിന്നുള്ള ഭാഗങ്ങൾ/അല്ലെങ്കിൽ അഭിന്നമായ/സമാനമായ വിഭവങ്ങൾ, അവസാന പരീക്ഷയിൽ ഉൾപ്പെടുത്താം, അത് ഇവയെ കൈകാര്യം ചെയ്യാൻ നിങ്ങൾക്ക് അവസരമൊരുക്കും.**

☑ രണ്ടുതരം ചോദ്യങ്ങളാണ് ***പുസ്തകത്തിലുള്ളത്*** :

(എ) ***മൂല്യനിർണയത്തിനു**ള്ള* പരിശീലനത്തിനായി ഉപയോഗിക്കാവുന്നവയാണ് മഞ്ഞ ചതുരത്തിലുള്ളത്.

(ബി) ➲ ചർച്ച ചെയ്യുക... എന്ന തലക്കെട്ടോടെ നൽകിയിരിക്കുന്ന ഭാഗങ്ങൾ ***മൂല്യനിർണയത്തിനുള്ളവയല്ല***

☑ ഓരോ അധ്യായത്തിന്റെയും അവസാനം ***നാലുതരത്തിലുള്ള*** പ്രവർത്തനനിർദേശങ്ങൾ നൽകിയിട്ടുണ്ട്.

- ലഘു ചോദ്യങ്ങൾ
- ലഘു ഉപന്യാസം
- ഭൂപട പ്രവർത്തനം
- പ്രൊജക്ടുകൾ

അന്തിമ വിലയിരുത്തലിനും മൂല്യനിർണയത്തിനുമുള്ള പരിശീലനാർഥമുള്ളതാണ് ഇവ.

*ഈ പുസ്തകം നിങ്ങൾ ആസ്വദിച്ചുപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നു.*

പ്രമേയം ഒന്ന്

# ഇഷ്ടികകൾ, മുത്തുകൾ, അസ്ഥികൾ
# (Bricks, Beads and Bones)
## ഹരപ്പൻ സംസ്കാരം (The Harappan Civilisation)

U9J4H3

ഹരപ്പൻ അഥവാ സിന്ധുനദീതട സംസ്കാരത്തിൽ ഏറ്റവും സവിശേഷമായത് മനുഷ്യ നിർമ്മിത വസ്തുക്കളായ (artefacts) ഹരപ്പൻ മുദ്രകളാണ് (ചിത്രം 1.1). വെണ്ണക്കല്ലുകളാൽ നിർമ്മിതമായ ഇത്തരം മുദ്രകളിൽ മൃഗങ്ങളുടെ ചിത്രങ്ങളും, ഇതുവരേയും വായിച്ചെടുക്കാൻ കഴിയാത്ത ചില ചിഹ്നങ്ങളും ആലേഖനം ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ആ മേഖലയിൽ ജീവിച്ചിരുന്ന ജനങ്ങളുടെ ജീവിതരീതികളെപ്പറ്റി, അവർ അവശേഷിപ്പിച്ചുപോയ വീടുകൾ, കളിമൺ പാത്രങ്ങൾ, ആഭരണങ്ങൾ, ആയുധങ്ങൾ, മുദ്രകൾ മുതലായവയിൽ നിന്ന് – മറ്റൊരു തരത്തിൽ പറഞ്ഞാൽ പുരാവസ്തുപരമായ തെളിവുകളിൽ നിന്ന് – നാം മനസ്സിലാക്കിയിട്ടുണ്ട്. ഹരപ്പൻ സംസ്കാരത്തെക്കുറിച്ച് നമുക്ക് എന്തറിയാം എന്നും എങ്ങനെയാണ് നാം അവ മനസ്സിലാക്കുന്നതെന്നും ഇനി പരിശോധിക്കാം. പുരാവസ്തുത്തെളിവുകൾ എങ്ങനെയാണ് വ്യാഖ്യാനിക്കപ്പെടുന്നതെന്നും, ഇത്തരം വ്യാഖ്യാനങ്ങൾ ചിലപ്പോൾ എങ്ങനെയാണ് മാറുന്നതെന്നും നമുക്ക് പരിശോധിക്കാം. തീർച്ചയായും ഈ സംസ്കാരത്തിന്റെ ചില സവിശേഷതകൾ നമുക്ക് ഇപ്പോഴും അജ്ഞാതമാണെന്ന് മാത്രമല്ല അതങ്ങനെ തന്നെ തുടരാനും സാധ്യതയുണ്ട്.



ചിത്രം 1.1
ഒരു ഹരപ്പൻ മുദ്ര

### പദങ്ങൾ, സ്ഥലങ്ങൾ, കാലങ്ങൾ (Terms, places, times)

സിന്ധുനദീതട സംസ്കാരം ഹരപ്പൻ സംസ്കാരം എന്നുകൂടി അറിയപ്പെടുന്നു. ഒരു നിർദിഷ്ട കാലയളവിൽ ഒരു നിശ്ചിത ഭൂമേഖലയിൽ ഒരുമിച്ച് കാണപ്പെടുന്നതും സവിശേഷമായ രീതിയിലുള്ളതുമായ ഒരു കൂട്ടം വസ്തുക്കളെയാണ് പുരാവസ്തു ശാസ്ത്രജ്ഞർ "സംസ്കാരം" (culture) എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്. ഹരപ്പൻ സംസ്കാരത്തിന്റെ കാര്യത്തിൽ ഈ സവിശേഷമായ വസ്തുക്കളിൽ മുദ്രകൾ, മുത്തുകൾ, തൂക്കക്കട്ടികൾ, കൽച്ചീളുകൾ (ചിത്രം 1.2), ഇഷ്ടികകൾ എന്നിവ ഉൾപ്പെടുന്നു. വിദൂര പ്രദേശങ്ങളായ അഫ്ഗാനിസ്താൻ, ജമ്മു, ബലൂചിസ്താൻ (പാകിസ്താൻ) ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്നുമാണ് ഇത്തരം വസ്തുക്കൾ ലഭിച്ചിട്ടുള്ളത് (ഭൂപടം 1).

ഈ സംസ്കാരത്തിന്റെ തെളിവുകൾ ലഭിച്ച ആദ്യ സ്ഥലമായ ഹരപ്പയുടെ പേരിലാണ് ഇത് അറിയപ്പെടുന്നത്. ഉദ്ദേശ്യം 2600 – 1900 ബി.സി.ഇ. ക്ക് ഇടയിലാണ് ഈ സംസ്കാരത്തിന്റെ കാലഘട്ടം നിർണയിക്കപ്പെട്ടിട്ടുള്ളത്. ആദ്യകാല സംസ്കാരങ്ങളും, പിൽക്കാല സംസ്കാരങ്ങളും ഒരേസ്ഥലത്ത് തന്നെ നമുക്ക് കാണാൻ കഴിയും. അവയെ ആദ്യകാല ഹരപ്പൻ സംസ്കാരമെന്നും, പിൽക്കാല ഹരപ്പൻ സംസ്കാരമെന്നും വിളിക്കുന്നു. ഈ സംസ്കാരങ്ങളിൽ നിന്ന് വേർതിരിച്ചറിയുന്നതിനായി ഹരപ്പൻ സംസ്ക്കാരത്തെ വികസിത ഹരപ്പൻ സംസ്കാരം എന്ന് വിളിക്കാറുണ്ട്.





ചിത്രം 1.2
മുത്തുകൾ, തൂക്കക്കട്ടികൾ, ബ്ലേഡുകൾ

തീയതികളെ സംബന്ധിച്ച ചില ചുരുക്കെഴുത്തുകൾ ഈ പുസ്തകത്തിൽ നിങ്ങൾക്ക് കാണാൻ കഴിയും.
ബി.പി (BP) എന്നാൽ വർത്തമാനകാലത്തിനു മുമ്പ് (Before Present),
BCE കൊണ്ട് ഉദ്ദേശിക്കുന്നത് പൊതു വർഷാരംഭത്തിന് മുമ്പ് (Before Common Era) സി.ഇ (CE) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് പൊതുവർഷം (Common Era) എന്നുമാണ് ഈ കാലഗണനാരീതി പ്രകാരം ഇപ്പോൾ 2019 ആണ്.
c (സി) എന്നത് ലാറ്റിൻ പദമായ സിർകയുടെ (*circa*) ചുരുക്കെഴുത്താണ്. "ഏകദേശം" എന്നാണിതിന്റെ അർത്ഥം.




*ഭൂപടം 1*
*ചില പ്രധാനപ്പെട്ട വികസിത ഹരപ്പൻ കേന്ദ്രങ്ങൾ*

### ആദിമ, വികസിത ഹരപ്പൻ സംസ്കാരങ്ങൾ

സിന്ധ്, ചോലിസ്താൻ, (ഥാർ മരുഭൂമിയോട് ചേർന്നുള്ള പാകിസ്താനിലെ മരുഭൂപ്രദേശങ്ങൾ) എന്നീ പ്രദേശങ്ങളിലുണ്ടായിരുന്ന അധിവാസ കേന്ദ്രങ്ങളുടെ എണ്ണം പരിശോധിക്കാം.

| | സിന്ധ് | ചോലിസ്താൻ |
|---|---|---|
| ആകെ കേന്ദ്രങ്ങൾ | 106 | 239 |
| ആദ്യകാല ഹരപ്പൻ കേന്ദ്രങ്ങൾ | 52 | 37 |
| വികസിത ഹരപ്പൻ കേന്ദ്രങ്ങൾ | 65 | 136 |
| പുതിയ കേന്ദ്രങ്ങളിലെ വികസിത ഹരപ്പൻ അധിവാസങ്ങൾ | 43 | 132 |
| ഉപേക്ഷിക്കപ്പെട്ട ആദ്യകാല ഹരപ്പൻ കേന്ദ്രങ്ങൾ | 29 | 33 |

## 1. ആരംഭം (Beginnings)

വികസിത ഹരപ്പൻ സംസ്കാരത്തിന് മുമ്പ് ഈ പ്രദേശത്ത് ധാരാളം പുരാവസ്തു സംസ്കാരങ്ങൾ നിലനിന്നിരുന്നു. വ്യത്യസ്തമായ മൺപാത്രങ്ങൾ, കൃഷിയും കാലിമേയ്ക്കലും, ചില കൈത്തൊഴിലുകൾ എന്നിവയുമായി ബന്ധപ്പെട്ടവയായിരുന്നു ഈ സംസ്കാരങ്ങൾ. അധിവാസകേന്ദ്രങ്ങൾ പൊതുവെ വലുപ്പം കുറഞ്ഞവയായിരുന്നു, വലിയ കെട്ടിടങ്ങൾ ഒന്നും തന്നെ അവിടെ ഉണ്ടായിരുന്നില്ല. ആദ്യകാല ഹരപ്പൻ സംസ്കാരത്തിനും വികസിത ഹരപ്പൻ സംസ്കാരത്തിനുമിടയിൽ ഒരു ഇടവേള ഉണ്ടായിരുന്നിരിക്കാം; ചില കേന്ദ്രങ്ങളിലെ വൻതോതിലുണ്ടായ തീപിടിത്തങ്ങളും ചില അധിവാസ കേന്ദ്രങ്ങളുടെ ഉപേക്ഷിക്കലും ഇതിന്റെ തെളിവുകളാണ്.

## 2. ഉപജീവന തന്ത്രങ്ങൾ (Subsistence Strategies)

വികസിത ഹരപ്പൻ സംസ്കാരം വളർന്നു വന്നത്, ആദ്യകാല ഹരപ്പൻ സംസ്കാരങ്ങൾ നിലനിന്നിരുന്ന ചില പ്രദേശങ്ങളിലാണെന്ന് ഭൂപടം 1 ഉം, 2 ഉം നിരീക്ഷിച്ചാൽ മനസ്സിലാകും. ഉപജീവന തന്ത്രങ്ങൾ ഉൾപ്പടെയുള്ള ചില പൊതു ഘടകങ്ങൾ ഈ സംസ്കാരങ്ങൾക്കെല്ലാമുണ്ടായിരുന്നു. ഹരപ്പൻ ജനത വിവിധതരത്തിലുള്ള സസ്യോൽപ്പന്നങ്ങളും മത്സ്യവും മാംസോൽപ്പന്നങ്ങളും ഭക്ഷിച്ചിരുന്നു. ഹരപ്പൻ കേന്ദ്രങ്ങളിൽ നിന്ന് കിട്ടിയിട്ടുള്ള ധാന്യങ്ങളുടെയും വിത്തുകളുടെയും കരിഞ്ഞ അവശിഷ്ടങ്ങളിൽ നിന്ന് ഇവരുടെ ആഹാരരീതികൾ പുനർനിർമ്മിക്കാൻ പുരാവസ്തുഗവേഷകർക്ക് കഴിഞ്ഞിട്ടുണ്ട്. പുരാതന സസ്യാവശിഷ്ടങ്ങളുടെ പഠനത്തിൽ

വിദഗ്ധരായ പുരാ-സസ്യ ശാസ്ത്രജ്ഞർ ഇവയെ പഠനവിധേയമാക്കിയിട്ടുണ്ട്. ഹരപ്പൻ കേന്ദ്രങ്ങളിൽ നിന്ന് കണ്ടെടുത്ത ധാന്യങ്ങളിൽ ഗോതമ്പ്, ബാർലി, പയർവർഗങ്ങൾ, പട്ടാണി, എള്ള് തുടങ്ങിയവ ഉൾപ്പെടുന്നു. ഗുജറാത്തിലെ കേന്ദ്രങ്ങളിൽ നിന്ന് ചോളത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ അരിയുടെ അവശിഷ്ടങ്ങൾ താരതമ്യേന അപൂർവമായി മാത്രമെ ലഭിച്ചിട്ടുള്ളൂ.



ഭൂപടം 2
ആദ്യകാല ഹരപ്പൻ അധിവാസ പ്രദേശങ്ങൾ

ഹരപ്പൻ കേന്ദ്രങ്ങളിൽ നിന്ന് കണ്ടെത്തിയിട്ടുള്ള മൃഗങ്ങളുടെ അസ്ഥികളിൽ കന്നുകാലികൾ, ചെമ്മരിയാട്, ആട്, പോത്ത്, പന്നി തുടങ്ങിയ മൃഗങ്ങളുടെ അസ്ഥികൾ ഉൾപ്പെടുന്നു. ഈ മൃഗങ്ങളെ ഇവർ ഇണക്കി വളർത്തിയിരുന്നതായി പുരാ - ജന്തുശാസ്ത്രജ്ഞർ അഥവാ ജന്തുശാസ്ത്ര - പുരാവസ്തു ഗവേഷകർ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. വന്യജീവികളായ കാട്ടുപന്നി, മാൻ, [illegible] എന്നിവയുടെ അസ്ഥികളുടെ അവശിഷ്ടങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഇവയെ ഹരപ്പൻ ജനത വേട്ടയാടിയിരുന്നതാണോ അതോ മറ്റ് നായാടി സമൂഹങ്ങളിൽ നിന്ന് അവയുടെ മാംസം സമ്പാദിച്ചിരുന്നതാണോ എന്ന് വ്യക്തമല്ല. മീൻ മുള്ളുകളും, പക്ഷികളുടെ അസ്ഥികളും ഇവിടങ്ങളിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്.

### 2.1 കാർഷിക സാങ്കേതിക വിദ്യകൾ (Agricultural technologies)

ധാന്യാവശിഷ്ടങ്ങളുടെ കണ്ടെത്തൽ കൃഷി നിലനിന്നിരുന്നുവെന്ന് സാധൂകരിക്കുമ്പോൾത്തന്നെ ഹരപ്പൻ ജനതയുടെ യഥാർഥ കാർഷിക സമ്പ്രദായങ്ങൾ പുനർനിർമ്മിക്കുക എന്നത് ദുഷ്കരമാണ്. ഉഴുതുമറിച്ച ഭൂമികളിലാണോ വിത്ത് വിതച്ചിരുന്നത്? മുദ്രകളിൽ കൊത്തിവച്ചിട്ടുള്ള രൂപങ്ങളും കളിമൺ ശിൽപ്പങ്ങളും ഹരപ്പൻ ജനതയ്ക്ക് കാള സുപരിചിതമായിരുന്നു എന്ന് വ്യക്തമാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കാളകളെ നിലമുഴുവാനായി ഉപയോഗിച്ചിരുന്നതായി പുരാവസ്തു ഗവേഷകർ അനുമാനിക്കുന്നു. കൂടാതെ ചോലിസ്ഥാനിലെ ചില കേന്ദ്രങ്ങളിൽ നിന്നും ഹരിയാനയിലെ ബനവാലിയിൽ നിന്നും കലപ്പയുടെ കളിമൺ രൂപങ്ങൾ കണ്ടെത്തിയിട്ടുണ്ട്. രാജസ്ഥാനിലെ കാളിബംഗനിൽ നിന്ന് ഉഴുത വയലിന്റെ തെളിവുകൾ പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുമുണ്ട്. ഇത് ആദ്യകാല ഹരപ്പൻ സംസ്കാരങ്ങളുടെ ഭാഗമാണെന്ന് കരുതുന്നു. ഈ കൃഷിയിടങ്ങളിൽ പരസ്പരം സമകോണുകളായി കീറിയ ഉഴവുചാലുകളുടെ രണ്ട് നിരകൾ കാണപ്പെട്ടു. രണ്ട് വ്യത്യസ്തങ്ങളായ വിളകൾ ഒരേസമയം കൃഷി ചെയ്തിരുന്നതിന് തെളിവാണിത്.

ചിത്രം 1.3
ഒരു ടെറാക്കോട്ട നിർമ്മിത കാള



➲ ചർച്ച ചെയ്യുക...

ഭൂപടം ഒന്നിലും രണ്ടിലും കാണിച്ചിരിക്കുന്ന അധിവാസ പ്രദേശങ്ങളുടെ വിതരണത്തിൽ എന്തെങ്കിലും സാമ്യങ്ങളോ വ്യത്യാസങ്ങളോ ഉണ്ടോ?

വിളവെടുപ്പിന് വേണ്ടി ഉപയോഗിച്ചിരുന്ന പണിയായുധങ്ങൾ തിരിച്ചറിയുന്നതിനും പുരാവസ്തു ഗവേഷകർ ശ്രമിക്കുകയുണ്ടായി. മരപ്പിടിയിൽ ഉറപ്പിച്ച കൽച്ചീളുകളാണോ അതോ ലോഹായുധങ്ങളാണോ അവർ ഉപയോഗിച്ചിരുന്നത്?



ചിത്രം 1.4
ചെമ്പ് പണിയായുധങ്ങൾ

➲ ഈ പണിയായുധങ്ങൾ വിളവെടുപ്പിന് ഉപയോഗിച്ചിരുന്നതായി നിങ്ങൾ കരുതുന്നുണ്ടോ?

മിക്ക ഹരപ്പൻ കേന്ദ്രങ്ങളും ഭാഗികമായി വരണ്ട ഭൂമിയിലാണ് സ്ഥിതി ചെയ്തിരുന്നത്. അവിടങ്ങളിൽ കൃഷിക്ക് ജലസേചനം അനിവാര്യമായിരുന്നു. അഫ്ഗാനിസ്ഥാനിലെ ഷോർട്ടുഗായിൽ നിന്നും കനാലിന്റെ (തോട്) അവശിഷ്ടം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പഞ്ചാബിൽ നിന്നോ സിന്ധിൽനിന്നോ ലഭിച്ചിട്ടില്ല. പുരാതന കനാലുകൾ ഏറെക്കാലം മുമ്പ് തന്നെ എക്കലടിഞ്ഞ് മൂടിപ്പോയതാകാൻ സാധ്യതയുണ്ട്. കിണർവെള്ളവും ജലസേചനത്തിനായി ഉപയോഗിച്ചിട്ടുണ്ടാകാം. ഗുജറാത്തിലെ ധൊളാവീരയിലെ ജലസംഭരണി കൃഷിക്കുവേണ്ടി വെള്ളം സംഭരിക്കാൻ ഉപയോഗിച്ചിരുന്നതാകാം.

സ്രോതസ്സ് 1

## മനുഷ്യനിർമ്മിതവസ്തുക്കൾ തിരിച്ചറിഞ്ഞതെങ്ങനെ (How artefacts are identified)

ഭക്ഷണപദാർഥങ്ങൾ സംസ്കരിക്കുന്നതിന് പൊടിക്കൽ ഉപകരണങ്ങളും അവ കൂട്ടിക്കലർത്തി ചേരുവകൾ ചേർത്ത് പാചകം ചെയ്യുന്നതിന് പാത്രങ്ങളും ആവശ്യമായിരുന്നു. ഇവ കല്ല്, ലോഹങ്ങൾ, ടെറാക്കോട്ട എന്നിവകൊണ്ട് നിർമ്മിച്ചിരുന്നു. ഹരപ്പൻ സംസ്കാരത്തിലെ ഏറ്റവും പ്രശസ്ത കേന്ദ്രമായ മോഹൻജൊദാരൊയിൽ ആദ്യകാലത്ത് നടത്തിയ പര്യവേഷണത്തിന്റെ റിപ്പോർട്ടുകളിലൊന്നിൽ നിന്നുള്ള ഒരു ഉദ്ധരണിയാണ് താഴെ കൊടുത്തിരിക്കുന്നത്.

അരകല്ലുകൾ... ധാരാളമായി കണ്ടെത്തിയിട്ടുണ്ട്... അവ ധാന്യങ്ങൾ പൊടിക്കാനുള്ള ഏക ഉപാധിയായിരിക്കാം. ഉറപ്പുള്ള ആഗ്നേയശിലകളിലോ, മണൽക്കല്ലുകളിലോ പരുപരുത്തപ്രതലത്തോട് കൂടിയാണ് ഇവ നിർമ്മിക്കപ്പെട്ടിരുന്നത്. ഇവ പരുക്കൻ ഉപയോഗത്തിന്റെ സൂചനകളും നൽകുന്നു. അവയുടെ ചുവട് പുറംവളവോട് കൂടിയതായിരുന്നതിനാൽ അവ ഇളകാതിരിക്കാൻ മണ്ണിലോ ചെളിയിലോ ഉറപ്പിച്ചിരുന്നിരിക്കാം. പ്രധാനമായും രണ്ട് തരത്തിലുള്ള അരകല്ലുകൾ കണ്ടെത്തിയിട്ടുണ്ട്. ആദ്യത്തെ വിഭാഗത്തിൽ കല്ലിന്റെ മുകളിൽ മുന്നിലേക്കും പിന്നിലേക്കും ഉരുട്ടി ധാന്യം പൊടിക്കാൻ ഒരു ചെറിയ കല്ല് കൂടി ഉണ്ടായിരിക്കും. രണ്ടാമത്തെ വിഭാഗത്തിൽ ധാന്യം പൊടിക്കാൻ മറ്റൊരു കല്ല് കൂടി ഉണ്ടായിരിക്കും. തൽഫലമായി അടിയിലുള്ള കല്ലിൽ ഒരു കുഴി രൂപപ്പെട്ടുവരും. ആദ്യ വിഭാഗത്തിലെ അരകല്ല് ധാന്യം പൊടിക്കാൻ മാത്രം ഉപയോഗിച്ചിരുന്നവയാകണം. രണ്ടാമത്തേത് പച്ച മരുന്നുകൾ അരയ്ക്കാനും കറികൾക്ക് ആവശ്യമായ സുഗന്ധദ്രവ്യങ്ങൾ അരയ്ക്കാനും ഉപയോഗിച്ചിരുന്നിരിക്കണം. രണ്ടാമത്തെ വിഭാഗത്തിലുള്ളവയെ "കറിക്കല്ലുകൾ" എന്ന് നമ്മുടെ പണിക്കാർ വിശേഷിപ്പിക്കുന്നു. നമ്മുടെ പാചകക്കാരനാകട്ടെ അടുക്കള ഉപയോഗത്തിനായി അത്തരമൊന്ന് മ്യൂസിയത്തിൽ നിന്ന് കടമെടുക്കണമെന്ന് ആവശ്യപ്പെടുന്നു.

(ഏണസ്റ്റ് മക്കേ, *ഫർദർ എസ്കവേഷൻസ് അറ്റ് മോഹൻജൊദാരൊ*, 1937.)



ചിത്രം 1.6
അരകല്ല്

➲ പുരാതന മനുഷ്യനിർമ്മിത വസ്തുക്കളുടെ ഉപയോഗം മനസ്സിലാക്കുന്നതിന് വർത്തമാനകാല വിശകലനോപാധികളാണ് പുരാവസ്തു ഗവേഷകർ ഉപയോഗിക്കുന്നത്. മക്കേ (Mackay) വർത്തമാനകാല അരകല്ലുകളെ അദ്ദേഹം കണ്ടെത്തിയവയുമായി താരതമ്യം ചെയ്യുന്നു. ഇത് ഗുണകരമായ ഒരു രീതിയാണോ?

ചിത്രം 1.5
ധോളാവീരയിലെ ജലസംഭരണി
കൊത്തുപണി ശ്രദ്ധിക്കുക.



➲ ചർച്ച ചെയ്യുക...

ആഹാരശീലങ്ങൾ പുനർനിർമ്മിക്കുന്നതിനായി പുരാവസ്തു ഗവേഷകർ എന്ത് തെളിവാണ് ഉപയോഗിച്ചിട്ടുള്ളത്?

## 3. മോഹൻജൊദാരൊ (Mohenjodaro) ഒരു ആസൂത്രിത നഗര കേന്ദ്രം (A Planned Urban Centre )

ഒരു പക്ഷേ, നഗരകേന്ദ്രങ്ങളുടെ വികാസമാണ് ഹരപ്പൻ സംസ്കാരത്തിലെ ഏറ്റവും നിസ്തുലമായ സവിശേഷത. അത്തരത്തിലുള്ള ഒരു നഗരകേന്ദ്രമായ മോഹൻജൊദാരൊയെ നമുക്ക് കൂടുതൽ അടുത്തറിയാൻ ശ്രമിക്കാം. ഏറ്റവും വിഖ്യാതമായ നഗരകേന്ദ്രം മോഹൻജൊദാരൊ ആണെങ്കിലും ഏറ്റവും ആദ്യം കണ്ടെത്തിയത് ഹരപ്പയാണ്.

ഈ അധിവാസകേന്ദ്രം രണ്ട് ഭാഗങ്ങളായി തിരിക്കപ്പെട്ടിരിക്കുന്നു : ഒന്ന് ചെറുതും എന്നാൽ ഉയർത്തപ്പെട്ടതും, മറ്റേത് വളരെ വലുതും എന്നാൽ താഴ്ന്നതുമാണ്. പുരാവസ്തു ഗവേഷകർ ഇവയെ

*ചിത്രം 1.7*
*മോഹൻജൊദാരൊയുടെ രൂപരേഖ*

➲ കീഴ്പ്പട്ടണം കോട്ടനഗരത്തിൽ നിന്ന് എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്?



### ഹരപ്പയുടെ ദുരവസ്ഥ
### (The plight of Harappa)

ആദ്യമായി കണ്ടെത്തിയ കേന്ദ്രം ഹരപ്പയായിരുന്നെങ്കിലും ഇഷ്ടിക മോഷ്ടാക്കൾ അതിനെ വളരെ മോശമായ നിലയിൽ നശിപ്പിച്ചിരുന്നു. 1875 ൽ, ഇന്ത്യൻ പുരാവസ്തു ശാസ്ത്രത്തിന്റെ പിതാവെന്ന് വിളിക്കപ്പെടുന്ന, ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ (ASI) ആദ്യ ഡയറക്ടർ ജനറലായിരുന്ന അലക്സാണ്ടർ കണ്ണിങ്ഹാം രേഖപ്പെടുത്തിയത്, 'ഈ പുരാതന കേന്ദ്രത്തിൽ നിന്ന് മോഷ്ടിക്കപ്പെട്ട ഇഷ്ടികകൾ മതിയാകുമായിരുന്നു ലാഹോർ മുതൽ മുൾട്ടാൻ വരെയുള്ള "ഏകദേശം 100 മൈൽ" റെയിൽവേ ലൈനിൽ പാകുവാൻ ' എന്നാണ്. അങ്ങനെ, ഈ പരിസരത്തിലെ ഭൂരിഭാഗം പുരാതന നിർമ്മിതികളും കേട് വരുത്തപ്പെട്ടു. ഇതിന് വിപരീതമായി മോഹൻജൊദാരോ കുറെക്കൂടി നന്നായി പരിരക്ഷിക്കപ്പെട്ടു.

യഥാക്രമം കോട്ടനഗരം (Citadel), കീഴ്പ്പട്ടണം (Lower Town) എന്നിങ്ങനെ വിശേഷിപ്പിക്കുന്നു. മൺകട്ടകൊണ്ടുള്ള തിട്ടകൾക്കുമുകളിലാണ് കെട്ടിടങ്ങൾ പണിതിരുന്നത് എന്നതിനാലാണ് കോട്ടനഗരത്തിന് അത്രയും ഉയരം ലഭിച്ചത്. കോട്ടനഗരത്തെ കീഴ്പ്പട്ടണത്തിൽ നിന്നും വേർതിരിക്കുവാനാണ് മതിലുകൾ കെട്ടിയിരുന്നത്.

കീഴ്പ്പട്ടണവും മതിലുകെട്ടി സംരക്ഷിച്ചിരുന്നു. അടിത്തറയായി ഉപയോഗിച്ചിരുന്ന തിട്ടകൾക്കു മുകളിൽ ധാരാളം കെട്ടിടങ്ങൾ പണിതിരുന്നു. ഒരു തൊഴിലാളി, അടിത്തറ നിർമ്മിക്കുന്നതിനായി ഒരു ദിവസം ഏകദേശം ഒരു ഘനമീറ്റർ മണ്ണ് എത്തിക്കുകയാണെങ്കിൽ പണിപൂർത്തീകരിക്കാൻ നാല് ദശലക്ഷം തൊഴിൽ ദിനങ്ങൾ വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ വളരെ വലിയ തോതിൽ തൊഴിലാളികളെ അണിനിരത്തണമായിരുന്നു.

ഒരിക്കൽ തിട്ടകൾ നിർമ്മിച്ചുകഴിഞ്ഞാൽ ആ നഗരത്തിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ആ തിട്ടകളിലെ നിശ്ചിത പ്രദേശത്ത് മാത്രമായി പരിമിതപ്പെട്ടിരുന്നു. ഇതിനർഥം അധിവാസകേന്ദ്രം ആദ്യം ആസൂത്രണം ചെയ്യുകയും പിന്നീട് നടപ്പിൽ വരുത്തുകയും ചെയ്തിരുന്നു എന്നാണ്. ചുട്ടതോ വെയിലത്തുണക്കിയതോ ആയ ഇഷ്ടികകൾ എല്ലാം ഒരേ അനുപാതത്തിൽ ഉള്ളവയായിരുന്നു. ഇഷ്ടികകൾക്ക് അവയുടെ ഉയരത്തിന്റെ രണ്ടിരട്ടി വീതിയും നാലിരട്ടി നീളവും ഉണ്ടായിരുന്നു. എല്ലാ ഹരപ്പൻ അധിവാസ കേന്ദ്രങ്ങളിലും ഇത്തരം ഇഷ്ടികകളാണ് ഉപയോഗിച്ചിരുന്നത്. ഇതെല്ലാം ആസൂത്രണത്തിന്റെ സൂചനകളാണ്.

### 3.1 അഴുക്കുചാലുകളുടെ രൂപകൽപ്പന (Laying out drains)

ശ്രദ്ധയോടെ ആസൂത്രണം ചെയ്ത അഴുക്കുചാൽ സമ്പ്രദായമാണ് ഹരപ്പൻ നഗരങ്ങളുടെ മുഖ്യ സവിശേഷതകളിൽ ഒന്ന്. കീഴ്പ്പട്ടണത്തിന്റെ രൂപരേഖയിലേക്ക് നോക്കിയാൽ റോഡുകളും തെരുവുകളും ഏകദേശം "ജാലികാ" മാതൃകയിൽ (Grid pattern) മട്ടകോണുകളായി ഖണ്ഡിക്കുന്ന വിധത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന് നിങ്ങൾക്ക് മനസ്സിലാകും. അഴുക്കുചാലുകളോടുകൂടിയ തെരുവുകൾ ആദ്യം രൂപകൽപ്പന ചെയ്യുകയും പിന്നീട് അവയോട് ചേർന്ന് വീടുകൾ നിർമ്മിക്കുകയും ചെയ്തതായി കരുതാം. ഗാർഹിക മലിനജലം തെരുവിലെ ഓടയിലേക്ക് ഒഴുകണമെങ്കിൽ എല്ലാ വീടുകളുടേയും ചുരുങ്ങിയത് ഒരു ഭിത്തി എങ്കിലും റോഡിന്റെ വശത്തായിരിക്കണമായിരുന്നു.

ചിത്രം 1.8
മോഹൻജൊദാരോയിലെ ഒരു അഴുക്കുചാൽ...
അഴുക്കുചാലിന്റെ വലിയ പ്രവേശനഭാഗം ശ്രദ്ധിക്കുക.



### കോട്ടനഗരങ്ങൾ (Citadels)

ഭൂരിഭാഗം ഹരപ്പൻ അധിവാസ പ്രദേശങ്ങളിലും ചെറിയ, ഉയർന്ന ഒരു പടിഞ്ഞാറേ ഭാഗവും, വിശാലമായ, താഴ്ന്ന ഒരു കിഴക്കേ ഭാഗവും ഉണ്ടായിരുന്നു. എന്നിരുന്നാലും ഇതിൽ ചില വ്യത്യസ്തതകളും കാണാൻ കഴിയും. ധൊളവിര, ലോഥൽ (ഗുജറാത്ത്) പോലുള്ള കേന്ദ്രങ്ങളിൽ മുഴുവൻ അധിവാസ പ്രദേശവും കോട്ടകെട്ടി സുരക്ഷിതമാക്കിയിരുന്നു. കൂടാതെ പട്ടണത്തിനുള്ളിലുള്ള ഭാഗങ്ങളും ഭിത്തികളാൽ വേർതിരിക്കപ്പെട്ടിരുന്നു. ലോഥലിനുള്ളിലെ കോട്ടനഗരം മതിലുകെട്ടി സംരക്ഷിച്ചിരുന്നില്ല, എങ്കിലും ഉയരത്തിലാണ് നിർമ്മിച്ചിരുന്നത്.

## 3.2 ഗാർഹിക വാസ്തുവിദ്യ (Domestic architecture)

മോഹൻജൊദാരൊയിലെ കീഴ്പട്ടണം വാസഗൃഹങ്ങളുടെ ഉദാഹരണങ്ങൾ കാട്ടിത്തരുന്നു. അവയിൽ പലതും ഒരു നടുമുറ്റവും അതിന് ചുറ്റുമായി മുറികളും ഉള്ളവയായിരുന്നു. ഈ നടുമുറ്റം, പാചകം, നെയ്ത്ത് തുടങ്ങിയ പ്രവൃത്തികളുടെ കേന്ദ്രമായിരുന്നുവെന്ന് കരുതപ്പെടുന്നു, പ്രത്യേകിച്ചും ഉഷ്ണകാലത്ത്. ശ്രദ്ധേയമായ മറ്റൊരു കാര്യം, അവർ സ്വകാര്യതയ്ക്ക് നൽകിയിരുന്ന മുന്തിയ പരിഗണനയായിരുന്നു. ചുമരുകളിൽ തറനിരപ്പിൽ ജനാലകൾ ഉണ്ടായിരുന്നില്ല. കൂടാതെ പ്രധാന കവാടത്തിലൂടെ അകത്തളമോ നടുമുറ്റമോ നേരിട്ട് കാണാനും കഴിയുമായിരുന്നില്ല.

ഓരോ വീടിനും ഇഷ്ടികകൾ പാകിയ കുളിമുറികൾ ഉണ്ടായിരുന്നു. ഇവയിൽ നിന്നുള്ള അഴുക്കുചാലുകളെ ചുവരിൽകൂടി തെരുവിലെ അഴുക്കുചാലുമായി ബന്ധിപ്പിച്ചിരുന്നു. ചില വീടുകളിൽ രണ്ടാം നിലയിലേക്കോ, മേൽക്കൂരയിലേക്കോ എത്തിച്ചേരുന്നതിനായി ഉപയോഗിച്ചിരുന്ന കോണിപ്പടികളുടെ അവശിഷ്ടങ്ങൾ കാണപ്പെടുന്നു. മിക്കവാറും എല്ലാ വീടുകൾക്കും കിണറുകൾ ഉണ്ടായിരുന്നു. പുറമേ നിന്നും വെള്ളം എടുക്കാൻ കഴിയുന്ന തരത്തിൽ വീടിന്റെ ഒരു മുറിയിലാണ് പലപ്പോഴും കിണർ നിർമ്മിച്ചിരുന്നത്. വഴിപോക്കർ ഇവ ഉപയോഗിച്ചിട്ടുണ്ടാവാം. മോഹൻജൊദാരൊയിൽ ഏകദേശം എഴുന്നൂറോളം കിണറുകൾ ഉണ്ടായിരുന്നതായി പണ്ഡിതർ കണക്കാക്കിയിട്ടുണ്ട്.



➲ എവിടെയാണ് നടുമുറ്റം? എവിടെയാണ് രണ്ട് കോണിപ്പടികൾ? വീടിന്റെ പ്രവേശന കവാടം എങ്ങനെയുള്ളതാണ്?

*സ്രോതസ്സ് 2*

### കണ്ടുപിടിക്കപ്പെട്ടതിൽ ഏറ്റവും പുരാതനമായ സംവിധാനം (The most ancient system yet discovered)

അഴുക്ക് ചാലുകളെക്കുറിച്ച് മക്കേ കുറിച്ചു : "ഇതുവരെ കണ്ടുപിടിക്കപ്പെട്ടതിൽ ഏറ്റവും പരിപൂർണമായ പുരാതന സംവിധാനമാണിത്." നഗരത്തിലെ ഓരോ വീടും തെരുവിലെ അഴുക്കുചാലുകളുമായി ബന്ധിപ്പിച്ചിരുന്നു. പ്രധാന ചാലുകൾ കുമ്മായക്കൂട്ട് കൊണ്ടുറപ്പിച്ച ഇഷ്ടികകളാൽ നിർമ്മിക്കുകയും ഇവ ശുചീകരണത്തിനായി ഇളക്കി മാറ്റാൻ കഴിയുന്ന രീതിയിൽ ഇഷ്ടികകൾ കൊണ്ട് മൂടുകയും ചെയ്തിരുന്നു. ചില ഇടങ്ങളിൽ മൂടികളായി ചുണ്ണാമ്പുകല്ലും ഉപയോഗിച്ചിരുന്നു. വീട്ടിലെ അഴുക്ക് ചാലുകൾ ആദ്യം ഒരു എച്ചിൽക്കുഴിയിലേക്ക് ഒഴുക്കിവിടും, ഖരമാലിന്യങ്ങൾ അവിടെ അടിഞ്ഞതിനുശേഷം മലിനജലം തെരുവിലെ ഓടയിലേക്ക് ഒഴുകിപ്പോകും. വളരെ നീളമുള്ള അഴുക്ക് ചാലുകളിൽ വൃത്തിയാക്കുന്നതിനായി ഇടയ്ക്കിടെ എച്ചിൽ കുഴികൾ ഉണ്ടായിരുന്നു. "മണൽ പോലുള്ള വസ്തുക്കളുടെ ചെറിയ കൂനകൾ അഴുക്കുചാലുകളുടെ വശങ്ങളിൽ പലയിടത്തും കാണപ്പെട്ടു, ഇതിനർഥം ചാലുകൾ വൃത്തിയാക്കുമ്പോൾ അവിശിഷ്ടങ്ങൾ എല്ലായ്പ്പോഴും നീക്കം ചെയ്തിരുന്നില്ല എന്നാണ്", ഇത് പുരാവസ്തുശാസ്ത്രത്തിലെ ഒരു അത്ഭുതം തന്നെയാണ്.

ഏണസ്റ്റ് മക്കേ, *ഏർലി ഇൻഡസ് സിവിലൈസേഷൻ*, 1948.

വലിയ നഗരങ്ങൾക്കു മാത്രമല്ല അഴുക്കുചാൽ സംവിധാനങ്ങൾ ഉണ്ടായിരുന്നത്. ചെറിയ അധിവാസകേന്ദ്രങ്ങളിൽപ്പോലും ഇവ കണ്ടെത്തിയിട്ടുണ്ട്. ഉദാഹരണത്തിന് ലോഥലിൽ വീടുകൾ മൺകട്ടകൾ കൊണ്ട് നിർമിച്ചിരുന്നപ്പോൾ അഴുക്ക് ചാലുകൾ ചുടുകല്ലുകൊണ്ടാണ് നിർമിച്ചിരുന്നത്.

*ചിത്രം 1.3*
*മോഹൻജൊദാരൊയിലെ ഒരു വലിയ വീടിന്റെ സമമിതീയമായ (isometric) രേഖാചിത്രം.*
*6-ാം നമ്പർ മുറിയിൽ ഒരു കിണറുണ്ടായിരുന്നു.*




ചിത്രം 1.10
കോട്ടനഗരത്തിന്റെ രൂപരേഖ

### 3.3 കോട്ടനഗരം (The Citadel)

പ്രത്യേകമായ പൊതു ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിച്ചിരിക്കാവുന്ന നിർമ്മിതികളുടെ തെളിവുകൾ നമുക്ക് കാണാൻ കഴിയുന്നത് കോട്ടനഗരങ്ങളിലാണ്. കലവറ ഇവയിൽ ഒന്നാണ് (warehouse). ഈ ഭീമാകാര നിർമ്മിതിയുടെ, ഇഷ്ടികയാൽ നിർമ്മിതമായ കീഴ്ഭാഗം മാത്രമേ ഇപ്പോൾ നിലനിൽക്കുന്നുള്ളൂ. തടികൊണ്ട് നിർമ്മിക്കപ്പെട്ടതെന്ന് കരുതപ്പെടുന്ന മുകൾഭാഗം വളരെ കാലങ്ങൾക്ക് മുമ്പേ തന്നെ നശിച്ച് പോയിട്ടുണ്ടാകാം. രണ്ടാമത്തെ നിർമ്മിതിയാണ് വലിയ കുളം (the Great Bath).

ഒരു നടുമുറ്റത്തായി സ്ഥിതിചെയ്യുന്നതും നാലുവശവും ഇടനാഴികളോടു കൂടിയതുമായ ദീർഘചതുരാകൃതിയിലുള്ള ഒരു വലിയ കുളമാണ് ഇത്. ഇതിന്റെ വടക്കും തെക്കും ഭാഗങ്ങളിലായി കുളത്തിലേക്കിറങ്ങാനുള്ള പടിക്കെട്ടുകൾ ഉണ്ടായിരുന്നു. കുളത്തിലെ ജലം ചോർന്ന് പോകാതിരിക്കാനായി അതിന്റെ എല്ലാവശവും ഇഷ്ടിക പാകി ചുണ്ണാമ്പ് ചാന്ത് ഉപയോഗിച്ച് ദൃഢപ്പെടുത്തിയിരുന്നു. കുളത്തിന്റെ മൂന്ന് വശങ്ങളിലും മുറികൾ ഉണ്ടായിരുന്നു. അവയിലൊന്നിൽ ഒരു വലിയ കിണർ സ്ഥിതി ചെയ്തിരുന്നു. കുളത്തിൽ നിന്നുള്ള ജലം ഒരു വലിയ അഴുക്കുചാലിലേക്ക് ഒഴുക്കിയിരുന്നു. ഇതിന്റെ വടക്ക് ഭാഗത്തേക്ക് പോകുന്ന ഒരു ഇടനാഴിയുടെ കുറുകെ എട്ട് കുളിമുറികളോടുകൂടിയ ഒരു ചെറിയ കെട്ടിടം സ്ഥിതി ചെയ്യുന്നു. ഇടനാഴിയുടെ ഇരുവശങ്ങളിലും നാലുവീതം കുളിമുറികളാണുണ്ടായിരുന്നത്. ഓരോ കുളിമുറിയിൽ നിന്നുമുള്ള അഴുക്കുചാലുകൾ ഇടനാഴിയിലൂടെ കടന്നു പോകുന്ന അഴുക്കുചാലിലേക്ക് ബന്ധിപ്പിച്ചിരുന്നു. ഈ വലിയ കുളത്തിന്റെ ഘടനയുടെ അനന്യതയും അത് കണ്ടെത്തിയ *പശ്ചാത്തല*ത്തിന്റെ സവിശേഷതയും (ധാരാളം അതുല്യമായ കെട്ടിടങ്ങളോടുകൂടിയ കോട്ടനഗരം) ഇത് പ്രത്യേക അനുഷ്ഠാനപരമായ സ്നാനത്തിന് വേണ്ടി ഉപയോഗിച്ചിരുന്നതാവാം എന്ന് ചിന്തിക്കാൻ പണ്ഡിതരെ പ്രേരിപ്പിച്ചു.

➲ ചർച്ച ചെയ്യുക...

മോഹൻജൊദാരൊയിലെ വാസ്തുശില്പ സവിശേഷതകളിൽ ഏതാണ് ആസൂത്രണത്തെ സൂചിപ്പിക്കുന്നത്?

➲ കലവറയ്ക്കും വലിയ കുളത്തിനും പുറമേ കോട്ടനഗരത്തിൽ മറ്റു നിർമ്മിതികൾ ഉണ്ടായിരുന്നോ?

## 4. സാമൂഹിക വ്യത്യാസങ്ങളെ കണ്ടെത്തൽ (Tracking Social Differences)

### 4.1 ശവകുടീരങ്ങൾ (Burials)

ഒരു പ്രത്യേക സംസ്കാരത്തിനുള്ളിൽ ജീവിച്ചിരുന്ന ജനങ്ങൾക്കിടയിൽ സാമൂഹികവും സാമ്പത്തികവുമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നോ എന്ന് തിരിച്ചറിയാനായി പുരാവസ്തു ഗവേഷകർ പൊതുവായ ചില ഉപായങ്ങൾ പ്രയോഗിക്കാറുണ്ട്. ശവസംസ്കാരരീതികളെക്കുറിച്ചുള്ള പഠനം ഇതിൽ ഉൾപ്പെടുന്നു. ഈജിപ്തിലെ വലിയ പിരമിഡുകൾ നിങ്ങൾക്ക് പരിചിതമായിരിക്കും. അവയിൽ ചിലത് ഹരപ്പൻ സംസ്കാരത്തിന്റെ അതേ കാലത്തുള്ളവയാണ്. ഈ പിരമിഡുകളിൽ മിക്കവയും രാജാക്കന്മാരുടെ ശവകുടീരങ്ങളായിരുന്നു. അവിടെ അളവറ്റ സമ്പത്തും അടക്കം ചെയ്തിരുന്നു.

ഹരപ്പൻ കേന്ദ്രങ്ങളിലെ ശവകുടീരങ്ങളിൽ മൃതശരീരം കുഴികളിലാണ് പൊതുവെ അടക്കം ചെയ്തിരുന്നത്. ഇത്തരം ശവക്കുഴികളുടെ നിർമ്മാണ രീതികളിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. ഉദാഹരണത്തിന് ചില ശവക്കുഴികളുടെ വശങ്ങളിൽ ഇഷ്ടികകൾ പാകിയിരുന്നു. ഈ വ്യത്യാസങ്ങൾ സാമൂഹിക വ്യത്യാസത്തിന്റെ സൂചനയായി കണക്കാക്കാമോ? നമുക്കുറപ്പില്ല.

ചില ശവക്കല്ലറകളിൽ നിന്ന് മൺപാത്രങ്ങളും ആഭരണങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഒരു പക്ഷേ മരണാനന്തര ജീവിതത്തിലുള്ള വിശ്വാസത്തിന്റെ സൂചനയായിരിക്കാം ഇത്. സ്ത്രീകളുടെയും പുരുഷന്മാരുടെയും ശവക്കല്ലറകളിൽ നിന്ന് ആഭരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വാസ്തവത്തിൽ 1980 കളുടെ മധ്യത്തിൽ ഹരപ്പയിലെ ഒരു ശ്മശാനത്തിൽ നടത്തിയ ഉൽഖനനങ്ങളിൽ ഒരു പുരുഷന്റെ തലയോട്ടിക്കരികിൽ നിന്നും മൂന്ന് ചിപ്പി വളയങ്ങളും ഒരു സൂര്യകാന്തക്കല്ലും (ഭാഗികമായി മൂല്യമുള്ള ഒരു തരം കല്ല്) നൂറുകണക്കിന് ചെറിയ മുത്തുകളും ചേർന്ന ഒരു ആഭരണം കണ്ടെത്തിയിട്ടുണ്ട്. ചില ശവക്കല്ലറകളിൽ മൃതദേഹത്തോടൊപ്പം ചെമ്പുകണ്ണാടിയും അടക്കം ചെയ്തിരുന്നു. എന്നാൽ, പൊതുവിൽ മൃതശരീരത്തോടൊപ്പം വിലപ്പിടിപ്പുള്ള വസ്തുക്കൾ അടക്കം ചെയ്യുന്നതിൽ ഹരപ്പൻ ജനത വിശ്വസിച്ചിരുന്നില്ല എന്ന് അനുമാനിക്കാം.

### 4.2 "ആഡംബരവസ്തുക്കൾ"ക്കുവേണ്ടിയുള്ള അന്വേഷണം (Looking for "luxuries")

സാമൂഹിക വ്യത്യാസങ്ങൾ തിരിച്ചറിയുന്നതിനുള്ള മറ്റൊരു മാർഗം മനുഷ്യനിർമ്മിത വസ്തുക്കളുടെ (artefacts) പഠനമാണ്. പുരാവസ്തു ഗവേഷകർ ഇവയെ പ്രയോജനപ്രദമായവയെന്നും ആഡംബര വസ്തുക്കളെന്നും രണ്ടായി തരംതിരിക്കുന്നു. കല്ല് അല്ലെങ്കിൽ കളിമണ്ണുപോലുള്ള സാധാരണ വസ്തുക്കൾകൊണ്ട് എളുപ്പത്തിൽ നിർമ്മിച്ച നിത്യോപയോഗസാധനങ്ങളാണ് ഒന്നാം വിഭാഗത്തിൽ ഉൾപ്പെടുന്നത്. അരകല്ലുകൾ, മൺപാത്രങ്ങൾ, സൂചികൾ, ശരീരം തേച്ചുകഴുകുന്നതിനുള്ള വസ്തുക്കൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. ഇവ സാധാരണയായി എല്ലാ അധിവാസകേന്ദ്രങ്ങളിലും കണ്ടുവരുന്നു. സങ്കീർണമായ സാങ്കേതികവിദ്യകൊണ്ട് നിർമ്മിക്കപ്പെട്ടതോ, പ്രാദേശികമല്ലാത്ത അസംസ്കൃത വസ്തുക്കൾകൊണ്ട്



ചിത്രം 1.11
ഒരു ചെമ്പ് കണ്ണാടി

ചിത്രം 1.12
ചിത്രപ്പണി ചെയ്ത് മിനുസപ്പെടുത്തിയ ഒരു കലം



മിക്കവാറും *കുടങ്ങൾ* പോലുള്ള പാത്രങ്ങളിൽ ആളുകൾ ശ്രദ്ധാപൂർവം സൂക്ഷിച്ചുവച്ചിട്ടുള്ള വസ്തുക്കളാണ് ശേഖരങ്ങൾ (Hoards). ലോഹപ്പണിക്കാർ പുനരുപയോഗത്തിനായി സൂക്ഷിച്ചുവച്ച ആഭരണങ്ങളോ, ലോഹവസ്തുക്കളോ ആകാം അവ. എന്തെങ്കിലും കാരണത്താൽ യഥാർഥ ഉടമസ്ഥൻ വീണ്ടെടുത്തില്ലെങ്കിൽ ഏതെങ്കിലും പുരാവസ്തു ഗവേഷകൻ കണ്ടെത്തുന്നതുവരെ അവ സൂക്ഷിച്ചിടത്തു തന്നെ അവശേഷിക്കുന്നു.

**ചർച്ച ചെയ്യുക...**
ഇന്ന് നിലനിൽക്കുന്ന ശവസംസ്കാരരീതികൾ ഏതെല്ലാം? ഇവ സാമൂഹ്യ വ്യത്യാസങ്ങളെ എത്രത്തോളം പ്രതിഫലിപ്പിക്കുന്നുണ്ട്?

നിർമ്മിക്കപ്പെട്ടതോ, വിലപിടിപ്പുള്ള വസ്തുക്കളാൽ നിർമ്മിക്കപ്പെട്ടതോ അപൂർവ വസ്തുക്കൾകൊണ്ടുമാത്രം നിർമ്മിക്കപ്പെട്ടതോ ആയവയെയാണ് പുരാവസ്തു ശാസ്ത്രജ്ഞർ ആഡംബര വസ്തുക്കളായി കണക്കാക്കുന്നത്. ഫെയൻസ് (faience) (മണലും, സിലിക്കയും, ചായവും, പശയും ചേർത്ത് നിർമ്മിച്ച് ചുട്ടെടുക്കുന്നവ) കൊണ്ടുള്ള ചെറുപാത്രങ്ങൾ നിർമ്മിക്കാൻ വളരെ പ്രയാസമായതിനാൽ അവയെ പൊതുവെ ആഡംബര വസ്തുവായിട്ടായിരിക്കാം കണക്കാക്കിയിരുന്നത്.

എന്നാൽ നിത്യോപയോഗ സാധനമെന്ന് തോന്നുന്നതും അതേ സമയം ഫെയൻസ്പോലുള്ള അപൂർവവസ്തുക്കൾ കൊണ്ട് നിർമ്മിച്ചതുമായ കതിർദണ്ഡുകളെ (spindle whorls) കണ്ടെത്തുന്നതോടെ സ്ഥിതിഗതികൾ കൂടുതൽ സങ്കീർണമായിത്തീർന്നു. ഇവയെ നിത്യോപയോഗ സാധനമായാണോ ആഢംബരവസ്തുവായാണോ നാം തരംതിരിക്കേണ്ടത്?

ഇത്തരത്തിലുള്ള മനുഷ്യനിർമ്മിതവസ്തുക്കളുടെ വിതരണത്തെക്കുറിച്ച് പഠിക്കുമ്പോൾ നമുക്ക് മനസ്സിലാവുന്നത് വിലപിടിപ്പുള്ള വസ്തുക്കളാൽ നിർമ്മിതമായ അപൂർവവസ്തുക്കൾ മോഹൻജൊദാരൊയും ഹരപ്പയും പോലുള്ള വലിയ അധിവാസകേന്ദ്രങ്ങളിലാണ് പൊതുവെ കേന്ദ്രീകരിച്ചിരിക്കുന്നത് എന്നും ചെറിയ അധിവാസ കേന്ദ്രങ്ങളിൽ നിന്ന് അവ വിരളമായേ ലഭിച്ചിരുന്നുള്ളൂവെന്നുമാണ്. ഉദാഹരണത്തിന്, സുഗന്ധദ്രവ്യങ്ങൾ സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്ന ചെറുതും മുന്തിയ ഇനത്തിലുള്ളതുമായ കുപ്പികൾ കൂടുതലായി മോഹൻജൊദാരൊയിൽ നിന്നും ഹരപ്പയിൽ നിന്നും ആണ് ലഭിച്ചിട്ടുള്ളത്. കാളിബംഗാൻ പോലുള്ള ചെറിയ അധിവാസകേന്ദ്രങ്ങളിൽ നിന്ന് ഇവ ലഭിച്ചിട്ടേയില്ല. ആധുനികകാലത്തിലെന്നപോലെ, അന്നും മൂല്യമേറിയതായിരുന്നിരിക്കാൻ സാധ്യതയുള്ള സ്വർണവും വളരെ അപൂർവമായേ ലഭിച്ചിട്ടുള്ളൂ. ഹരപ്പൻ കേന്ദ്രങ്ങളിൽനിന്ന് കണ്ടെത്തിയിട്ടുള്ള എല്ലാ സ്വർണാഭരണങ്ങളും ശേഖരങ്ങളിൽ (Hoards) നിന്നാണ് കണ്ടെടുത്തിട്ടുള്ളത്.

## 5. കരകൗശലോൽപ്പാദനത്തെക്കുറിച്ചുള്ള കണ്ടെത്തൽ (FINDING OUT ABOUT CRAFT PRODUCTION)

ഭൂപടം 1 ൽ ചാൻഹുദാരോ കണ്ടെത്തുക. മോഹൻജൊദാരൊയുമായി (125 ഹെക്ടർ) താരതമ്യം ചെയ്യുമ്പോൾ ഇതൊരു ചെറിയ അധിവാസ കേന്ദ്രമാണ് (7 ഹെക്ടറിൽ താഴെ). ഏതാണ്ട് പൂർണമായും മുത്ത് നിർമ്മാണം, ചിപ്പിപ്പണികൾ, ലോഹപ്പണി, മുദ്രനിർമ്മാണം, തൂക്കക്കട്ടികളുടെ നിർമ്മാണം തുടങ്ങിയ വിവിധ കരകൗശലോൽപ്പാദനങ്ങൾക്കായി മാത്രം വിനിയോഗിച്ചിരുന്ന ഒരു കേന്ദ്രമാണിത്.

*ചിത്രം 1.13*
*ഒരു പണി ഉപകരണവും മുത്തുകളും*





മുത്തുകളുടെ നിർമ്മാണത്തിനായി ഉപയോഗിച്ചിരുന്ന വസ്തുക്കളുടെ വൈവിധ്യം ശ്രദ്ധേയമാണ്: ഇന്ദ്രഗോപക്കല്ല്, സൂര്യകാന്തക്കല്ല്, സ്ഫടികക്കല്ല്, വെള്ളാരംകല്ല്, വെണ്ണക്കല്ല് തുടങ്ങിയ കല്ലുകൾ; ചെമ്പ്, ഓട്, സ്വർണം തുടങ്ങിയ ലോഹങ്ങൾ; ചിപ്പികൾ, ഫെയൻസ്, ടെറാക്കോട്ട അഥവാ ചുട്ടെടുത്ത കളിമണ്ണ് എന്നിവ. ചില മുത്തുകൾ രണ്ടോ അതിൽ കൂടുതലോ കല്ലുകൾ ചേർത്തുറപ്പിച്ചും, ചിലത്

സ്വർണ്ണംകൊണ്ടു പൊതിഞ്ഞുമാണ് നിർമ്മിച്ചിരുന്നത്. ആകൃതികളും എണ്ണ മറ്റതായിരുന്നു–വൃത്താകൃതി, ഗോളസ്തംഭാകൃതി, ഗോളാകൃതി, വീപ്പയുടെ ആകൃതി, വൃത്താംശം എന്നിങ്ങനെ. ചിലത് ചിത്രങ്ങൾ കൊണ്ട് അലങ്കരിക്കുകയും ചിലത് കൊത്തുപണികൊണ്ടു മനോഹരമാക്കുകയും ചെയ്തിരുന്നു.

മുത്തുനിർമ്മാണവിദ്യകൾ സാമഗ്രികൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരുന്നു. വളരെ മൃദുവായ വെണ്ണക്കല്ലിൽ നിർമ്മാണജോലി എളുപ്പമായിരുന്നു. ഇവ പൊടിച്ച് പശരൂപത്തിലാക്കി ചില മുത്തുകൾ വാർത്തെടുത്തിരുന്നു. കാഠിന്യമുള്ള ശിലകൾ കൊണ്ടു നിർമ്മിക്കുന്ന പരിചിതമായ ചില ജ്യാമിതീയ രൂപങ്ങളിൽനിന്നു വ്യത്യസ്തമായി ധാരാളം രൂപങ്ങളിൽ മുത്ത് നിർമ്മിക്കാൻ ഇത് സഹായിച്ചു. വെണ്ണക്കല്ലുകൊണ്ടുള്ള സൂക്ഷ്മമായ മുത്തുകളുടെ നിർമ്മാണം പുരാതന സാങ്കേതികവിദ്യയെക്കുറിച്ച് പഠിക്കുന്ന പുരാവസ്തു ഗവേഷകർക്ക് ഒരു കടംകഥയായി അവശേഷിക്കുകയാണ്.


ചിത്രം 1.14
മൺപാത്രങ്ങൾ
ഡൽഹിയിലെ ദേശീയ മ്യൂസിയത്തിലും ലോഥൽ സൈറ്റിലെ മ്യൂസിയത്തിലും ഇവയിൽ ചിലത് കാണാം.

ഇന്ദ്രനീലക്കല്ലിനു ചുവപ്പുനിറം ലഭിക്കുന്നത്, മഞ്ഞ നിറത്തിലുള്ള അസംസ്കൃത വസ്തുവിനെയും മുത്തുകളെയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ചൂടാക്കുന്നതുകൊണ്ടാണെന്ന് പുരാവസ്തു ഗവേഷകരുടെ പരീക്ഷണങ്ങളിൽനിന്നും കണ്ടെത്തിയിട്ടുണ്ട്. മുഴകൾ ചെത്തിക്കളഞ്ഞ് ഏകദേശ രൂപങ്ങളാക്കിയശേഷം പാളികളാക്കി മിനുക്കിയെടുത്ത് അന്തിമരൂപം നൽകുന്നു. രാകൽ, മിനുസപ്പെടുത്തൽ, തുളയിടൽ എന്നിവയിലൂടെ പ്രക്രിയ പൂർണമാകുന്നു. പ്രത്യേകതരം തുരക്കൽ ഉപകരണങ്ങൾ ചാൻഹുദാരോ, ലോഥൽ എന്നിവിടങ്ങൾ കൂടാതെ, സമീപകാലത്ത് ധൊളാവീരയിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

ഭൂപടം 1 ൽ നാഗേശ്വറും ബലാകോട്ടും നിങ്ങൾ കണ്ടെത്തുകയാണെങ്കിൽ, ഈ രണ്ട് അധിവാസ കേന്ദ്രങ്ങളും കടലോരത്തിനടുത്താണെന്ന് നിങ്ങൾക്ക് മനസ്സിലാവും. ചിപ്പികൾ കൊണ്ടുള്ള വളകൾ, തവികൾ എന്നിവയുടെ നിർമ്മാണവും അലങ്കാരപ്പണികളും ചെയ്യുന്ന പ്രത്യേക കേന്ദ്രങ്ങളായിരുന്ന ഇവിടങ്ങളിൽ നിന്നും ഈ ഉൽപ്പന്നങ്ങൾ മറ്റ് അധിവാസ കേന്ദ്രങ്ങളിലേക്ക് കൊണ്ടു പോയിരുന്നു. അതുപോലെ, മുത്തുകൾപോലുള്ള ഉൽപ്പന്നങ്ങൾ ചാൻഹുദാരോ, ലോഥൽ എന്നിവിടങ്ങളിൽനിന്നും വലിയ നഗര കേന്ദ്രങ്ങളായ മോഹൻജൊദാരൊയിലേക്കും, ഹരപ്പയിലേക്കും കൊണ്ടുപോയിരുന്നു.


ചിത്രം 1.15
ഒരു ടെറാക്കോട്ട ശില്പം

### 5.1 ഉൽപ്പാദന കേന്ദ്രങ്ങൾ തിരിച്ചറിയൽ (Identifying centres of production)

കരകൗശല ഉൽപ്പാദന കേന്ദ്രങ്ങൾ തിരിച്ചറിയുന്നതിനായി പുരാവസ്തു ഗവേഷകർ സാധാരണയായി താഴെ പറയുന്ന കാര്യങ്ങൾ പരിശോധിക്കുന്നു: കൽപ്പിണ്ഡങ്ങൾ, ചിപ്പികൾ, ചെമ്പയിര് തുടങ്ങിയ അസംസ്കൃത വസ്തുക്കൾ; ഉപകരണങ്ങൾ; പണി പൂർത്തിയാവാത്ത വസ്തുക്കൾ; തിരസ്കൃത വസ്തുക്കൾ, പാഴ്വസ്തുക്കൾ എന്നിവ. യഥാർഥത്തിൽ പാഴ്വസ്തുക്കൾ കരകൗശലവിദ്യയുടെ ഏറ്റവും നല്ല സൂചകങ്ങളിലൊന്നാണ്. ഉദാഹരണമായി ചിപ്പിയോ കല്ലോ മുറിച്ച് വസ്തുക്കൾ ഉണ്ടാക്കുമ്പോൾ ഇവയുടെ കഷണങ്ങൾ പാഴ്വസ്തുക്കളായി ഉൽപ്പാദനകേന്ദ്രത്തിൽ ഉപേക്ഷിക്കപ്പെടുന്നു.

➲ ചർച്ച ചെയ്യുക...

ഈ അധ്യായത്തിൽ വിവരിച്ചിരിക്കുന്ന ശിലകൊണ്ടുള്ള മനുഷ്യനിർമ്മിതവസ്തുക്കളെ നിത്യോപയോഗ സാധനങ്ങളായിട്ടാണോ ആഡംബരവസ്തുക്കളായിട്ടാണോ പരിഗണിക്കേണ്ടത്?



ചിത്രം 1.16
ചെമ്പ്, വെങ്കല പാത്രങ്ങൾ

ചിലസമയങ്ങളിൽ അവശിഷ്ടവസ്തുക്കളുടെ വലിയ കഷണങ്ങൾ ചെറിയ സാധനങ്ങൾ ഉണ്ടാക്കുന്നതിന് ഉപയോഗിച്ചിരുന്നു. എന്നാൽ ഇവയുടെ വളരെ ചെറിയതുണ്ടുകൾ ഉൽപ്പാദനകേന്ദ്രത്തിൽ ഉപേക്ഷിക്കപ്പെട്ടിരുന്നു. ഇവ സൂചിപ്പിക്കുന്നത് പ്രത്യേക കരകൗശല നിർമ്മാണ ചെറിയ കേന്ദ്രങ്ങളിൽ മാത്രമല്ല വൻനഗരങ്ങളായ മോഹൻജൊദാരൊയിലും ഹരപ്പയിലും നടന്നിരുന്നു എന്നാണ്.

## 6. അസംസ്കൃതവസ്തുക്കൾ കരസ്ഥമാക്കുന്നതിനുള്ള തന്ത്രങ്ങൾ (STRATEGIES FOR PROCURING MATERIALS)

കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി പല തരത്തിലുള്ള വസ്തുക്കളും ഉപയോഗിച്ചിരുന്നു എന്ന് വ്യക്തമാണ്. ഇവയിൽ കളിമണ്ണ് പോലെയുള്ളവ പ്രാദേശികമായി ലഭ്യമായിരുന്നപ്പോൾ കല്ല്, തടി, ലോഹം തുടങ്ങി പലതും എക്കൽതടത്തിനപ്പുറത്തുള്ള വിദൂരദേശങ്ങളിൽ നിന്നാണ് കൊണ്ടുവരേണ്ടിയിരുന്നത്. കാളവണ്ടിയുടെ രൂപത്തിലുള്ള കളിമൺകളിപ്പാട്ടങ്ങൾ സൂചിപ്പിക്കുന്നത് സാധനങ്ങളെയും ആൾക്കാരെയും കരമാർഗം എത്തിക്കുന്നതിനുള്ള ഒരു പ്രധാന ഗതാഗതോപാധി ആയിരുന്നു ഇത് എന്നാണ്. സിന്ധുവും (Indus) അതിന്റെ പോഷകനദികളും വഴിയുള്ള നദീജലമാർഗങ്ങളും കടലോരമാർഗങ്ങളും അവർ പ്രയോജനപ്പെടുത്തിയിരിക്കാം.

### 6.1 ഉപഭൂഖണ്ഡത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള വസ്തുക്കൾ (Materials from the subcontinent and beyond)

ഹരപ്പൻ ജനത കരകൗശലോൽപ്പാദനത്തിനുള്ള അസംസ്കൃതവസ്തുക്കൾ വിവിധമാർഗങ്ങളിലൂടെ ശേഖരിച്ചിരുന്നു. ഉദാഹരണമായി ചിപ്പി ധാരാളമായി ലഭ്യമാകുന്ന നാഗേശ്വർ, ബലാകോട്ട് എന്നിവിടങ്ങളിൽ അവർ അധിവാസ കേന്ദ്രങ്ങൾ സ്ഥാപിച്ചു. അങ്ങകലെ അഫ്ഗാനിസ്താനിലെ ഇന്ദ്രനീലക്കല്ലിന്റെ (മൂല്യമേറിയ ഒരു നീലക്കല്ല്) ഉറവിടത്തിന് സമീപത്തായുള്ള ഷോർത്തുഗായ്, ഇന്ദ്രഗോപക്കല്ലിന്റെയും (ഗുജറാത്തിലെ ബറൂച്ച്) വെണ്ണക്കല്ലിന്റെയും (തെക്കൻ രാജസ്ഥാൻ – വടക്കൻ ഗുജറാത്ത്) ലോഹത്തിന്റെയും (രാജസ്ഥാൻ) ഉറവിടങ്ങൾക്ക് സമീപമുള്ള ലോഥൽ എന്നിവയായിരുന്നു മറ്റു കേന്ദ്രങ്ങൾ.

അസംസ്കൃതവസ്തുക്കൾ കരസ്ഥമാക്കാൻ അവർ സ്വീകരിച്ചിരുന്ന മറ്റൊരു മാർഗം രാജസ്ഥാനിലെ ഖേത്രി (ചെമ്പിനുവേണ്ടി), തെക്കേ ഇന്ത്യ (സ്വർണത്തിനുവേണ്ടി) എന്നിവിടങ്ങളിലേക്ക് പര്യവേഷണയാത്രാ സംഘങ്ങളെ അയയ്ക്കുക എന്നതായിരുന്നിരിക്കാം. ഈ പര്യടനങ്ങൾ വഴി പ്രസ്തുത പ്രദേശങ്ങളിലെ തദ്ദേശീയരുമായി ആശയവിനിമയബന്ധം സ്ഥാപിച്ചു. ഈ സ്ഥലങ്ങളിൽ നിന്ന് യാദൃശ്ചികമായി കണ്ടെടുക്കപ്പെട്ട ഹരപ്പൻ മനുഷ്യനിർമ്മിതികളായ (artefacts) വെണ്ണക്കല്ലിലെ ചെറിയ മുത്തുകൾ ഈ ബന്ധത്തിന്റെ സൂചനകളാണ്. പുരാവസ്തു ഗവേഷകർ ഗണേഷ്വർ–ജോധ്പുര സംസ്കാരം എന്ന് വിളിക്കുന്ന സംസ്കൃതിയെക്കുറിച്ചുള്ള തെളിവുകൾ ഖേത്രി പ്രദേശത്ത് നിന്ന് ലഭിച്ചിട്ടുണ്ട്. ഹരപ്പയിൽ നിന്ന് വിഭിന്നമായതും 'ഗണേഷ്വർ– ജോധ്പുര' യുടെ തനതുമായ കളിമൺപാത്രങ്ങളും ചെമ്പുസാധനങ്ങളുടെ അസാധാരണമായ സമ്പത്തുമാണ് ഈ സംസ്കാരത്തിന്റെ പ്രത്യേകതകൾ. ഇവിടുത്തെ പ്രദേശവാസികൾ ഹരപ്പൻ ജനതയ്ക്ക് ചെമ്പ് നൽകിയിരുന്നിരിക്കാം.




ഭൂപടം 3
ഹരപ്പൻ സംസ്കാരവും പശ്ചിമേഷ്യയും

*Sketch map not to scale*

## 6.2 വിദൂര പ്രദേശങ്ങളുമായുള്ള ബന്ധം (Contact with distant lands)

ഹരപ്പൻ ജനത അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കുകിഴക്കേ അറ്റത്തുള്ള ഒമാനിൽനിന്നും ചെമ്പ് കൊണ്ടുവന്നിരുന്നതായി അടുത്തകാലത്ത് കണ്ടെത്തിയ പുരാവസ്തുതെളിവുകൾ സൂചിപ്പിക്കുന്നു. ഒമാനിൽനിന്നുള്ള ചെമ്പിലും ഹരപ്പയിൽനിന്നും കണ്ടെത്തിയ മനുഷ്യനിർമ്മിത ചെമ്പുവസ്തുക്കളിലും നിക്കലിന്റെ അംശമുണ്ടെന്ന് രാസപരിശോധനകളിലൂടെ തെളിഞ്ഞത് ഇവയുടെ പൊതുവായ ഉറവിടത്തെ സൂചിപ്പിക്കുന്നു. ഈ ബന്ധത്തിന് വേറെയും തെളിവുകളുണ്ട്. കറുത്ത കളിമണ്ണ് കട്ടിയായി പൂശിയ, സവിശേഷമായ വലിയ ഒരു ഹരപ്പൻ ഭരണി ഒമാനിലെ പ്രദേശങ്ങളിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്. കളിമണ്ണിന്റെ കട്ടിയുള്ള ഇത്തരം ആവരണങ്ങൾ ദ്രാവകങ്ങളുടെ ചോർച്ച തടയുന്നു. ഈ ഭരണികളിൽ എന്താണ് കൊണ്ടുപോയിരുന്നതെന്ന് നമുക്കറിയില്ലെങ്കിലും ഇവയ്ക്കുള്ളിലെ ഉൽപ്പന്നങ്ങൾക്ക് പകരം ഒമാനി ചെമ്പ് ഹരപ്പൻ ജനത മാറ്റി വാങ്ങിയിരുന്നതായി അനുമാനിക്കാം.

*ചിത്രം 1.17*
*ഒമാനിൽ നിന്ന് കണ്ടെത്തിയ ഒരു ഹരപ്പൻ ഭരണി*



ബി.സി.ഇ. മൂന്നാം സഹസ്രാബ്ദത്തിലേതെന്ന് കരുതപ്പെടുന്ന മെസപ്പൊട്ടേമിയൻ രചനകൾ മഗാൻ (Magan) എന്ന ഒരു പ്രദേശത്ത് നിന്ന് ലഭിച്ചിരുന്ന ചെമ്പിനെക്കുറിച്ച് സൂചിപ്പിക്കുന്നു. മഗാൻ ഒരു പക്ഷേ



ചിത്രം 1.18
മെസൊപ്പൊട്ടേമിയയുടെ സവിശേഷമായ ഒരു സ്തംഭാകൃതിയിലുള്ള മുദ്രയാണിത്. എന്നാൽ അതിലെ മുതുകിൽ കാണുന്ന കാളയുടെ അലങ്കാരപ്പണി സൈന്ധവ പ്രദേശത്ത് നിന്ന് ലഭിച്ചതാവണം.

ഒമാന്റെ പേരായിരുന്നിരിക്കാം. മെസപ്പൊട്ടേമിയയിൽ നിന്നും ലഭിച്ച ചെമ്പിലും നിക്കലിന്റെ അംശം കണ്ടെത്തിയതാണ് രസകരമായ ഒരു വസ്തുത. വിദൂരബന്ധം ഉണ്ടായിരുന്നു എന്നുള്ളതിന് തെളിവായി പറയാവുന്ന മറ്റ് പുരാവസ്തുക്കളാണ് ഹരപ്പൻ മുദ്രകൾ, തൂക്കക്കട്ടികൾ, പകിടകൾ, മുത്തുകൾ എന്നിവ. ഈ സാഹചര്യത്തിൽ മെസപ്പൊട്ടേമിയൻ രചനകളിൽ ദിൽമൻ (Dilmun) (മിക്കവാറും ബഹ്റിൻ ദ്വീപ്) മഗാൻ, മെലൂഹ (Meluhha) (മിക്കവാറും ഹരപ്പൻ പ്രദേശം) എന്നീ പ്രദേശങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ശ്രദ്ധേയമാണ്. മെലൂഹയിൽ നിന്നുള്ള ഉൽപ്പന്നങ്ങളായ ഇന്ദ്രഗോപകല്ല്, ഇന്ദ്രനീലക്കല്ല്, ചെമ്പ്, സ്വർണം, വിവിധതരം തടികൾ എന്നിവയെക്കുറിച്ച് അവ സൂചിപ്പിക്കുന്നു. ഒരു മെസപ്പൊട്ടേമിയൻ ഐതിഹ്യം മെലൂഹയെക്കുറിച്ച് ഇങ്ങനെ പറയുന്നു, "നിങ്ങളുടെ പക്ഷി, *ഹരാജാപ്പക്ഷി* ആകട്ടെ. അതിന്റെ വിളി രാജകൊട്ടാരത്തിൽ മുഴങ്ങി കേൾക്കട്ടെ." ചില പുരാവസ്തു ഗവേഷകർ *ഹരാജാപ്പക്ഷി* മയിലാണെന്ന് കരുതുന്നു. ഇതിന്റെ വിളിശബ്ദത്തിൽ നിന്നാണോ ഇതിന് ഈ പേര് ലഭിച്ചത്? ഒമാൻ, ബഹ്റൈൻ, മെസപ്പൊട്ടേമിയ എന്നീ പ്രദേശങ്ങളുമായി ഹരപ്പൻ ജനത നടത്തിയിരുന്ന വിനിമയങ്ങൾ കടൽമാർഗമായിരുന്നിരിക്കാം. മെലൂഹയെ കടൽസഞ്ചാരികളുടെ നാടായാണ് മെസൊപ്പൊട്ടേമിയൻ രചനകൾ വിശേഷിപ്പിക്കുന്നത്. കൂടാതെ മുദ്രകളിൽ കപ്പലിന്റെയും വഞ്ചിയുടെയും ചിത്രങ്ങളും നമുക്ക് കാണാം.



ചിത്രം 1.19
ബഹ്റൈനിൽ നിന്ന് ലഭിച്ച വൃത്താകൃതിയിലുള്ള "പേർഷ്യൻ ഗൾഫ്" മുദ്രയിൽ ചിലപ്പോഴൊക്കെ ഹരപ്പൻ അലങ്കാരപ്പണി കാണാം. രസകരമായത്, പ്രാദേശിക "ദിൽമൻ" തൂക്കക്കട്ടികൾ ഹരപ്പൻ അളവുകൾ പിൻതുടർന്നിരുന്നു എന്നതാണ്.



ചിത്രം 1.20
ഒരു വഞ്ചി ചിത്രീകരിച്ചിട്ടുള്ള മുദ്ര.

**ചർച്ച ചെയ്യുക...**

ഹരപ്പൻ പ്രദേശത്ത് നിന്ന് ഒമാനിലേയ്ക്കും ദിൽമനിലേക്കും, മെസപ്പൊട്ടേമിയയിലേക്കും സാധ്യമായ പാതകൾ ഏതെല്ലാമായിരുന്നു.



ചിത്രം 1.21
ഒരു പുരാതന ചുണ്ടുപലകയിലെ അക്ഷരങ്ങൾ

## 7. മുദ്രകൾ, ലിപി, തൂക്കങ്ങൾ (Seals, Script, Weights)

### 7.1 മുദ്രകളും മുദ്രവയ്ക്കലും (Seals and Sealings)

മുദ്രകളും മുദ്രവയ്ക്കലും ദൂരദേശവിനിമയം സുഗമമാക്കാൻ ഉപയോഗിച്ചിരുന്നു. ഒരു സഞ്ചിനിറയെ സാധനങ്ങൾ ഒരുസ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് അയയ്ക്കുന്നതായി സങ്കൽപ്പിക്കുക. അതിന്റെ വായ്ഭാഗം ചരടുകൊണ്ട് കെട്ടി, കെട്ടിനുമുകളിൽ നനഞ്ഞ കളിമണ്ണ് വച്ച്, അതിലേക്ക് ഒന്നോ അതിലധികമോ മുദ്രകൾ പതിക്കുന്നു. മുദ്രകൾക്ക് കേടുപാടുകളില്ലാതെ സഞ്ചി ഉദ്ദേശിച്ചിടത്ത് എത്തുകയാണെങ്കിൽ അതിൽ കൃത്രിമം കാണിച്ചിട്ടില്ല എന്ന് മനസ്സിലാക്കാം. ഇവയിൽ പതിപ്പിച്ച മുദ്രകൾ ചരക്കുകൾ അയയ്ക്കുന്ന ആളിനെ തിരിച്ചറിയാനും സഹായിച്ചിരുന്നു.



ചിത്രം 1.22
ലോഥലിൽ നിന്നുള്ള ഒരു മുദ്രണം

➲ ഈ കളിമൺ കഷ്ണത്തിൽ എത്ര മുദ്രകൾ പതിച്ചിട്ടുണ്ട്.

### 7.2 ഒരു നിഗൂഢ ലിപി (An enigmatic script)

ഹരപ്പൻ മുദ്രകളിൽ സാധാരണയായി ഒറ്റവരി എഴുത്തുകൾ കാണപ്പെടുന്നു. ഇത് ഉടമസ്ഥന്റെ പേരോ പദവിയോ ആയിരുന്നിരിക്കാം. മുദ്രകളിലുള്ള രൂപങ്ങൾ (സാധാരണയായി മൃഗങ്ങളുടെ) വായന അറിയാത്തവർക്കും അർഥം പകർന്നു നൽകിയിരുന്നതായി പണ്ഡിതർ അഭിപ്രായപ്പെടുന്നു.

മിക്ക ഹരപ്പൻ ലിഖിതങ്ങളും വളരെ ഹ്രസ്വമാണ്, ഏറ്റവും വലുതിൽ 26 ചിഹ്നങ്ങളാണുള്ളത്. ഈ ലിപി നാളിതുവരെയും വായിക്കാൻ കഴിഞ്ഞിട്ടില്ല, എങ്കിലും ഇവ നിശ്ചയമായും അക്ഷരമാലക്രമത്തിൽ (ഓരോ ചിഹ്നവും ഒരു സ്വരത്തെയോ വ്യഞ്ജനത്തെയോ പ്രതിനിധാനം ചെയ്യുന്ന രീതി) ഉള്ളവയല്ല. ചിഹ്നങ്ങളുടെ എണ്ണവും വളരെ കൂടുതലാണ് – ഏകദേശം 375 നും 400 നും ഇടയ്ക്ക്. ഈ ലിപി വലത്തു നിന്ന് ഇടത്തേക്കാണ് എഴുതിയിരുന്നതെന്ന് വ്യക്തമാണ്. കാരണം ചില മുദ്രകളിൽ വലത്തുഭാഗത്ത് ചിഹ്നങ്ങൾക്കിടയിൽ കൂടുതൽ അകലവും ഇടത്തേക്ക് എത്തുംതോറും അവ ഞെരുങ്ങിയ രീതിയിലും കാണപ്പെടുന്നു; എഴുതിയ ആൾ വലത്തുനിന്നും ആരംഭിച്ച് ഇടത്തേയ്ക്ക് എത്തുംതോറും സ്ഥലമില്ലാതായത് പോലെയാണിത്.

എഴുത്ത് കണ്ടെത്തിയ വൈവിധ്യമാർന്ന വസ്തുക്കൾ നോക്കൂ: മുദ്രകൾ, ചെമ്പായുധങ്ങൾ, ഭരണിയുടെ വക്കുകൾ, ചെമ്പ്-കളിമൺ ഫലകങ്ങൾ, ആഭരണങ്ങൾ, അസ്ഥി കഷ്ണങ്ങൾ, പുരാതന ചൂണ്ടുപലകപോലും ഉണ്ട്. എളുപ്പം നശിച്ചുപോകുന്ന വസ്തുക്കളിന്മേലും ഈ ലിപി എഴുതിയിട്ടുണ്ടാകണം. സാക്ഷരത വ്യാപകമായിരുന്നു എന്ന് ഇത് അർഥമാക്കുന്നുണ്ടോ?

➲ ചർച്ച ചെയ്യുക...

ചരക്കുകളുടെ വിദൂരദേശ കൈമാറ്റത്തിന് ഇന്നുപയോഗിക്കുന്ന ചില രീതികളേവ? അവയുടെ നേട്ടങ്ങളും പ്രശ്നങ്ങളും എന്തെല്ലാം?

### 7.3 തൂക്കങ്ങൾ (Weights)

കൃത്യതയാർന്ന അളവുതൂക്കങ്ങളിലൂടെ ഹരപ്പൻ ജനത വസ്തുക്കളുടെ കൈമാറ്റങ്ങളെ വ്യവസ്ഥപ്പെടുത്തിയിരുന്നു. കാഠിന്യമേറിയ ഒരിനം കല്ലുകൊണ്ട് (chert), അടയാളപ്പെടുത്തലുകൾ ഒന്നും ഇല്ലാതെ പൊതുവെ ഘനരൂപത്തിലാണ് (ചിത്രം 1.2) ഈ തൂക്കക്കട്ടികൾ നിർമ്മിച്ചിരുന്നത്. തൂക്കങ്ങളുടെ താഴ്ന്ന യൂണിറ്റുകൾ ദ്വയാംഗ (binary) ക്രമത്തിലാണ് കണക്കാക്കിയിരുന്നത്. (1, 2, 4, 8, 16, 32... 12800 വരെ) എന്നാൽ ഉയർന്ന യൂണിറ്റുകൾ ദശാംശ (decimal) ക്രമത്തിലും കണക്കാക്കിയിരുന്നു. ചെറിയ തൂക്കക്കട്ടികൾ ആഭരണങ്ങളും മുത്തുകളും തൂക്കുന്നതിന് വേണ്ടിയാവാം ഉപയോഗിച്ചിരുന്നത്. ലോഹം കൊണ്ട് നിർമ്മിച്ച തുലാസുകളും കണ്ടെത്തിയിട്ടുണ്ട്.



ചിത്രം 1.3
ഒരു "പുരോഹിത രാജാവ്"

## 8. അധികാരം പ്രാചീനകാലത്ത് (ANCIENT AUTHORITY)

ഹരപ്പൻ സമൂഹത്തിൽ വളരെ സങ്കീർണങ്ങളായ തീരുമാനങ്ങൾ കൈക്കൊണ്ടതായും നടപ്പാക്കിയതായും സൂചനകളുണ്ട്. കളിമൺപാത്രങ്ങൾ, മുദ്രകൾ, തൂക്കക്കട്ടികൾ, ഇഷ്ടികകൾ തുടങ്ങിയ ഹരപ്പൻ മനുഷ്യനിർമ്മിതവസ്തുക്കളിലൂടെ വെളിവാക്കപ്പെടുന്ന അസാധാരണമായ സമാനത ഇതിനുദാഹരണമാണ്. പ്രത്യേകിച്ചും, ഒരു കേന്ദ്രത്തിലല്ല ഉൽപ്പാദിപ്പിക്കപ്പെട്ടതെന്ന് ഉറപ്പായ ഇഷ്ടികകൾ ജമ്മു മുതൽ ഗുജറാത്ത് വരെയുള്ള മുഴുവൻ പ്രദേശങ്ങളിലും ഒരേ അനുപാതത്തിലുള്ളവയാണ്. അധിവാസ കേന്ദ്രങ്ങൾ വിവിധ കാരണങ്ങളാൽ തന്ത്രപ്രധാനമായ നിശ്ചിത ഇടങ്ങളിൽ സ്ഥാപിക്കപ്പെട്ടതായും നാം കണ്ടു. കൂടാതെ ഇഷ്ടികകൾ ഉണ്ടാക്കുവാനും, കൂറ്റൻ മതിലുകൾ, പ്ലാറ്റ്ഫോമുകൾ എന്നിവയുടെ നിർമ്മാണത്തിനുമായി അനേകം തൊഴിലാളികളെ സമാഹരിച്ച് അണിനിരത്തിയിരുന്നു.

ആരാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നത്?

### 8.1 കൊട്ടാരങ്ങളും രാജാക്കന്മാരും (Palaces and kings)

ഹരപ്പയിലെ അധികാരകേന്ദ്രത്തെക്കുറിച്ചോ അധികാരസ്ഥാനീയരെ കുറിച്ചോ നാം അന്വേഷിച്ചാൽ പുരാവസ്തുരേഖകളിൽ നിന്ന് ഉടനെ ഒരു ഉത്തരം ലഭിക്കില്ല. മോഹൻജൊദാരൊയിലെ ഒരു വലിയകെട്ടിടത്തെ ഒരു കൊട്ടാരമായി പുരാവസ്തു ഗവേഷകർ അടയാളപ്പെടുത്തിയെങ്കിലും അതിനോട് ബന്ധപ്പെട്ട സ്പഷ്ടമായ തെളിവുകളൊന്നും തന്നെ ലഭിച്ചില്ല. ഒരു കൽപ്രതിമയെ "പുരോഹിത രാജാവായി" നാമകരണം ചെയ്യുകയും ഇത്തരത്തിൽ വിശ്വസിച്ചു വരികയും ചെയ്യുന്നു. ഇതിനുകാരണം, പുരാവസ്തു ഗവേഷകർക്ക് മെസപ്പൊട്ടേമിയൻ ചരിത്രത്തെയും അവരുടെ പുരോഹിത രാജാക്കന്മാരെയും പരിചിതമായതിനാലും സൈന്ധവ പ്രദേശത്ത് സമാനതകൾ കണ്ടെത്തിയതുകൊണ്ടുമാണ്. എന്നാൽ ഹരപ്പൻ സംസ്കാരത്തിലെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് ഇനിയും ശരിയായി മനസ്സിലാക്കിയിട്ടില്ല; മാത്രമല്ല ഈ ആചാരങ്ങൾ അനുഷ്ഠിച്ചിരുന്നവർ രാഷ്ട്രീയ അധികാരങ്ങൾ കൈയാളിയിരുന്നോ എന്നറിയാനും ഒരു മാർഗവുമില്ല.

ഹരപ്പൻ സമൂഹത്തിൽ ഭരണാധികാരികൾ ഉണ്ടായിരുന്നില്ലെന്നും എല്ലാവർക്കും തുല്യപദവിയാണുണ്ടായിരുന്നതെന്നും ചില പുരാവസ്തുഗവേഷകർ അഭിപ്രായപ്പെടുന്നു. മറ്റു ചിലരാകട്ടെ അവിടെ ഒരു ഭരണാധികാരി ആയിരുന്നില്ല മറിച്ച് മോഹൻജൊദാരൊ, ഹരപ്പ തുടങ്ങിയ ഓരോ പ്രദേശത്തിനും ഓരോ ഭരണാധികാരികൾ ഉണ്ടായിരുന്നതായി ചിന്തിക്കുന്നു. മനുഷ്യനിർമ്മിതികളുടെ സമാനതയും, ആസൂത്രിത അധിവാസ കേന്ദ്രങ്ങളുടെ സാന്നിധ്യവും, ഇഷ്ടികയുടെ വലുപ്പത്തിൽ ഒരേ തോതിലുള്ള അനുപാതവും, അസംസ്കൃത

➲ ചർച്ച ചെയ്യുക...
ഹരപ്പൻ സമൂഹത്തിലെ എല്ലാവരും തുല്യരായിരുന്നിട്ടുണ്ടാവുമോ?

വസ്തുക്കളുടെ ഉറവിടങ്ങൾക്കടുത്ത് തന്നെയുള്ള അധിവാസ കേന്ദ്രങ്ങളുടെ സ്ഥാപനവും ചൂണ്ടിക്കാണിച്ചുകൊണ്ട് അവിടെ ഒരൊറ്റ ഭരണകൂടമാണ് നില നിന്നിരുന്നത് എന്ന് ചിലർ വാദിക്കുന്നു. ഇപ്പോഴത്തെ നിലയിൽ, അവസാനം പരാമർശിച്ച ഈ വാദഗതിയാണ് കൂടുതൽ വിശ്വസനീയമായി തോന്നുന്നത്. കാരണം സമൂഹങ്ങൾ എല്ലാം ഒന്നു ചേർന്നുകൊണ്ട് ഇത്തരം സങ്കീർണമായ തീരുമാനങ്ങൾ എടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് അസംഭവ്യമാണ്.

## 9. ഒരു സംസ്കാരത്തിന്റെ അന്ത്യം (The End of the Civilisation)




ഭൂപടം 4
പിൽക്കാല ഹരപ്പൻ അധിവാസ പ്രദേശങ്ങൾ

ഏകദേശം ബി.സി.ഇ. 1800 ഓടെ ചോലിസ്താൻ പോലുള്ള പ്രദേശങ്ങളിലെ മിക്കവാറും എല്ലാ വികസിത ഹരപ്പൻ കേന്ദ്രങ്ങളും ഉപേക്ഷിക്കപ്പെട്ടു. അതേ സമയം തന്നെ ഗുജറാത്ത്, ഹരിയാന, പടിഞ്ഞാറൻ ഉത്തർപ്രദേശ് തുടങ്ങിയ പുതിയ അധിവാസ കേന്ദ്രങ്ങളിലേക്ക് ജനങ്ങളുടെ കുടിയേറ്റം വ്യാപിക്കുകയും ചെയ്തു.

ബി.സി.ഇ. 1900 നു ശേഷവും അധിവസിക്കപ്പെട്ടിരുന്ന ചുരുക്കം ചില ഹരപ്പൻ കേന്ദ്രങ്ങളിലാകട്ടെ ഭൗതിക സംസ്കാരം വലിയ പരിവർത്തനങ്ങൾക്ക് വിധേയമായതായി കാണപ്പെടുന്നു. ഹരപ്പൻ സംസ്കാരത്തിന്റെ സവിശേഷ മനുഷ്യനിർമ്മിത വസ്തുക്കളായ തുക്കക്കട്ടികൾ, മുദ്രകൾ, സവിശേഷമായ മുത്തുകൾ എന്നിവയുടെ തിരോധാനം ഇത് സാക്ഷ്യപ്പെടുത്തുന്നു. എഴുത്തുവിദ്യ, വിദൂരവ്യാപാരം, പ്രത്യേക കരകൗശല വിദ്യ എന്നിവയും ഇവിടങ്ങളിൽ നിന്ന് അപ്രത്യക്ഷമായി. പൊതുവെ വളരെക്കുറച്ചു മാത്രം സാധനങ്ങൾ ഉപയോഗിച്ച് വളരെക്കുറച്ചു മാത്രം വസ്തുക്കൾ നിർമ്മിക്കുക എന്ന രീതി വന്നു. ഗൃഹനിർമ്മാണത്തിലെ സാങ്കേതികവിദ്യ അധഃപതിക്കുകയും വലിയ പൊതുകെട്ടിടങ്ങളുടെ നിർമ്മാണം നിലയ്ക്കുകയും ചെയ്തു. മൊത്തത്തിൽ മനുഷ്യനിർമ്മിതികളും അധിവാസകേന്ദ്രങ്ങളും സൂചിപ്പിക്കുന്നത് ഒരു ഗ്രാമീണ ജീവിതശൈലിയെയാണ്. ഇതിനെയാണ് "പിൽക്കാല ഹരപ്പൻ" അഥവാ "പിൻഗാമി സംസ്കാരങ്ങൾ" എന്ന് വിശേഷിപ്പിക്കുന്നത്.

ഈ മാറ്റങ്ങൾക്ക് നിദാനമായത് എന്തൊക്കെയാണ്? ധാരാളം വിശദീകരണങ്ങൾ മുന്നോട്ട് വയ്ക്കപ്പെട്ടിട്ടുണ്ട്. കാലാവസ്ഥാ മാറ്റം, വനനശീകരണം, അമിത പ്രളയം, നദിയുടെ ഗതിമാറലോ അഥവാ വറ്റിപ്പോകലോ, ഭൂമിയുടെ അമിതോപയോഗം എന്നിവ അവയിൽ ഉൾപ്പെടുന്നു. ഇവയിൽ ചില "കാരണങ്ങൾ" ചില അധിവാസകേന്ദ്രങ്ങളുടെ കാര്യത്തിൽ ശരിയായിരിക്കാം. എന്നാൽ ഇവ ഒരു സംസ്കാരത്തിന്റെ മുഴുവൻ നാശത്തെ വിശദീകരിക്കാൻ പര്യാപ്തമല്ല.

ഈ സംസ്കാരത്തെ ഒന്നിപ്പിച്ച് നിർത്തിയിരുന്ന കരുത്തുറ്റ ഒരേകീകരണ ശക്തി, ഒരു പക്ഷേ, ഹരപ്പൻ ഭരണകൂടം, അസ്തമിച്ചിട്ടുണ്ടാകാം. നഗരങ്ങളുടെ അധഃപതനവും ഉപേക്ഷിക്കലും, ഏകീകൃത തൂക്ക സമ്പ്രദായത്തിൽ നിന്നും മാറി പ്രാദേശിക തൂക്കങ്ങൾ ഉപയോഗിക്കലും സവിശേഷമായ മുത്തുകൾ, കളിമൺ പാത്രങ്ങൾ, ലിപി, മുദ്രകൾ എന്നിവയുടെ അപ്രത്യക്ഷമാകലും എല്ലാം ഇതിനെ സാക്ഷ്യപ്പെടുത്തുന്നു. തികച്ചും വ്യത്യസ്തമായ മറ്റൊരു പ്രദേശത്ത് പുതിയ നഗരങ്ങളുടെ ആവിർഭാവത്തിനായി ഈ ഉപഭൂഖണ്ഡം ഒരു സഹസ്രാബ്ദത്തിലേറെക്കാലം കാത്തിരിക്കേണ്ടിവന്നു.

സ്രോതസ്സ് 4

## ഒരു "ആക്രമണ"ത്തിന്റെ തെളിവുകൾ (Evidence of an "invasion")

മൂന്ന് മുതൽ ആറടി വരെ വ്യത്യസ്ത വീതിയുള്ള ഒരിടുങ്ങിയ ഇടവഴിയാണ് ഡെഡ്മാൻ ലെയിൻ... ഈ വഴി പടിഞ്ഞാറോട്ടേക്ക് തിരിയുന്ന സ്ഥലത്ത് നാലടി രണ്ടിഞ്ച് ആഴത്തിൽ നിന്ന് പ്രായപൂർത്തിയായ ഒരാളുടെ തലയോട്ടിയുടെ ഭാഗവും, നെഞ്ചിൻകൂടിന്റെ അസ്ഥികളും തോൾഭാഗത്തിന്റെ അവശിഷ്ടവും എളുപ്പം പൊടിയുന്ന അവസ്ഥയിൽ കണ്ടെത്തിയിട്ടുണ്ട്. മൃതദേഹം പാതയ്ക്ക് കുറുകെ മലർന്നാണ് കിടന്നിരുന്നത്. അതിൽനിന്നും 15 ഇഞ്ച് പടിഞ്ഞാറ് മാറി ഒരു കുഞ്ഞു തലയോട്ടിയുടെ കഷണങ്ങൾ കിടന്നിരുന്നു. ഈ അവശിഷ്ടങ്ങളിൽ നിന്നാണ് ഇടവഴിക്ക് അതിന്റെ പേര് കിട്ടിയത്.

ജോൺ മാർഷൽ, *മോഹൻജൊദാരൊ ആന്റ് ദി ഇൻഡസ് സിവിലൈസേഷൻ,* 1931.

മരണസമയത്ത് അവർ ധരിച്ചിരുന്ന ആഭരണങ്ങളോട് കൂടിയ 16 മനുഷ്യാസ്ഥികൂടങ്ങൾ 1925 ൽ മോഹൻജൊദാരൊയുടെ ഇതേ ഭാഗത്ത് നിന്ന് കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

വളരെക്കഴിഞ്ഞ് 1947 ൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ അന്നത്തെ ഡയറക്ടർ ആയിരുന്ന ആർ.ഇ.എം. വീലർ ഈ പുരാവസ്തു തെളിവുകളെ ഉപഭൂഖണ്ഡത്തിലെ ആദ്യത്തെ അറിയപ്പെടുന്ന ഗ്രന്ഥമായ *ഋഗ്വേദ*ത്തിലെ തെളിവുകളുമായി ബന്ധിപ്പിക്കാൻ ശ്രമിച്ചു. അദ്ദേഹം ഇങ്ങനെ എഴുതി:

കൊത്തളം, കോട്ട അഥവാ ശക്തികേന്ദ്രം എന്നർഥം വരുന്ന *പുരം* എന്ന വാക്ക് *ഋഗ്വേദം* സൂചിപ്പിക്കുന്നു. ആര്യന്മാരുടെ യുദ്ധദേവനായ ഇന്ദ്രനെ കോട്ടകളുടെ വിനാശകൻ എന്ന അർത്ഥത്തിൽ *പുരന്തര* എന്നു വിളിക്കുന്നു.

എവിടെയാണ്, അഥവാ ആയിരുന്നു ഈ കോട്ടകൾ? മുൻകാലങ്ങളിൽ ഇവ ഐതീഹ്യങ്ങളാണെന്ന് കരുതപ്പെട്ടു.... എന്നാൽ ഹരപ്പയിൽ ഈ അടുത്തകാലത്തു നടന്ന ഉൽഖനനങ്ങൾ ഈ ചിത്രത്തെ മാറ്റിയെന്ന് തോന്നുന്നു. അടിസ്ഥാനപരമായി ആര്യവിഭാഗത്തിൽപ്പെടാത്ത ഒരു സമ്പൂർണ വികസിത സംസ്കാരമാണ് നാം ഇവിടെ കാണുന്നത്, അവ കൂറ്റൻ കോട്ടമതിലുകളാൽ സംരക്ഷിക്കപ്പെട്ടിരുന്നു എന്നും ഇന്ന് വെളിവായിരിക്കുന്നു. എന്താണ് ഈ സുസ്ഥിര സംസ്കാരത്തെ നശിപ്പിച്ചത്? കാലാവസ്ഥ, സാമ്പത്തിക, രാഷ്ട്രീയ ക്ഷയങ്ങൾ എന്നിവ ഇതിനെ ദുർബലപ്പെടുത്തിയിട്ടുണ്ടാവാം. എന്നാലിതിന്റെ ആത്യന്തികമായ തിരോധാനം പൂർത്തിയായത് ബോധപൂർവവും വൻതോതിലുള്ളതുമായ നശിപ്പിക്കലിലൂടെയാകാനാണ് കൂടുതൽ സാധ്യത. മോഹൻജൊദാരൊയുടെ അന്തിമകാലത്ത് പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും കൂട്ടക്കൊല ചെയ്യപ്പെട്ടിരിക്കാമെന്നത് യാദൃച്ഛികമായിരിക്കില്ല. സാഹചര്യത്തെളിവ് വച്ച് ഇന്ദ്രനാകാം കുറ്റാരോപിതൻ.

ആർ.ഇ.എം. വീലർ, "ഹാരപ്പ 1946", *ഏൻഷ്യന്റ് ഇന്ത്യ,* 1947.

1960 കളിൽ പുരാവസ്തു ഗവേഷകനായ ജോർജ് ഡെയ്ൽസ് മോഹൻജൊദാരൊയിൽ ഒരു കൂട്ടക്കൊലയുടെ തെളിവുകളെ ചോദ്യം ചെയ്തു. ആ കേന്ദ്രത്തിൽ നിന്ന് കിട്ടിയിട്ടുള്ള അസ്ഥികൂടങ്ങൾ ഒരേ കാലഘട്ടത്തിൽ ഉള്ളവയല്ലെന്ന് അദ്ദേഹം തെളിയിച്ചു:

അവയിൽ രണ്ടെണ്ണം നിശ്ചയമായും ഒരു കൊലയെ സൂചിപ്പിക്കുന്നു. ഭൂരിഭാഗം അസ്ഥികളും അശ്രദ്ധവും അനാദരപൂർണവുമായ ശവസംസ്കാരത്തിലേക്ക് വിരൽ ചൂണ്ടുന്ന അവസ്ഥയിലാണ് കാണപ്പെട്ടത്. നഗരത്തിന്റെ ഏറ്റവും പുതിയ കാലഘട്ടത്തിലേതെന്ന് കരുതുന്ന സംഹാരങ്ങളുടെ അടയാളങ്ങളൊന്നും കാണാനില്ല. വ്യാപകമായ തീപിടുത്തത്തിന്റെ ലക്ഷണങ്ങളോ, പടച്ചട്ടയണിഞ്ഞ് ചുറ്റും ആയുധങ്ങളോടു കൂടിയ യോദ്ധാക്കളുടെ ശവശരീരങ്ങളോ കിട്ടിയിട്ടില്ല. നഗരത്തിന്റെ കോട്ടയാൽ സംരക്ഷിക്കപ്പെട്ട ഒരേയൊരു ഭാഗമായ കോട്ടനഗരം ഒരന്തിമപ്രതിരോധത്തിന് സാക്ഷ്യം വഹിച്ചതായുള്ള തെളിവുകളുമില്ല.

ജി.എഫ്.ഡെയ്ൽസ്, "ദി മിത്തിക്കൽ മാസക്കർ അറ്റ് മോഹൻജൊദാരോ", *എക്സ്പെഡിഷൻ,* 1964.

നിങ്ങൾക്ക് കാണാവുന്നതുപോലെ വിവരങ്ങളുടെ ശ്രദ്ധാപൂർവ്വമുള്ള പുനഃപരിശോധന ആദ്യകാല വ്യാഖ്യാനങ്ങളിൽ നിന്നും നേർ വിപരീതമായവയിലേക്ക് ചിലപ്പോൾ നയിക്കുന്നു.

➲ ചർച്ച ചെയ്യുക...

ഭൂപടം ഒന്നും രണ്ടും നാലും തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും എന്തെല്ലാം?

## 10. ഹരപ്പൻ സംസ്കാരത്തെ കണ്ടെത്തൽ (Discovering the Harappan Civilisation)

പുരാവസ്തു ഗവേഷകർ ഭൗതികാവശിഷ്ടങ്ങളെ തെളിവുകളായുപയോഗിച്ചുകൊണ്ട് എങ്ങനെയാണ് ചരിത്രത്തെ പുനർനിർമ്മിച്ചത് എന്നതിന്റെ വെളിച്ചത്തിൽ ഹരപ്പൻ സംസ്ക്കാരത്തിന്റെ വിവിധവശങ്ങൾ നമ്മൾ പരിശോധിച്ചു കഴിഞ്ഞു. എന്നിരുന്നാലും, എങ്ങനെയാണ് പുരാവസ്തു ഗവേഷകർ ഹരപ്പൻ സംസ്കാരം "കണ്ടെത്തിയത്" എന്ന മറ്റൊരു കഥ കൂടിയുണ്ട്.

ഹരപ്പൻ നഗരങ്ങൾ നാശത്തിലേക്ക് പതിച്ചുകഴിഞ്ഞപ്പോൾ ജനങ്ങൾ ക്രമേണ അവയെ പാടെ വിസ്മരിച്ചു. സഹസ്രാബ്ദങ്ങൾക്കുശേഷം അവിടെ താമസിക്കുന്ന ജനങ്ങൾക്ക് ഇടയ്ക്കിടയ്ക്ക് വെള്ളപ്പൊക്കത്തിൽ ഒഴുകി വരുന്ന, മണ്ണൊലിപ്പുമൂലം പുറത്തേക്കുവരുന്ന, നിലം ഉഴുമ്പോൾ ഉയർന്നുവരുന്ന നിധിക്കുവേണ്ടി കുഴിക്കുമ്പോൾ കിട്ടുന്ന, അപരിചിതമായ മനുഷ്യനിർമ്മിത വസ്തുക്കളെക്കുറിച്ച് ഒരു ധാരണയിലെത്താൻ കഴിഞ്ഞില്ല.

### 10.1 കണ്ണിംഗ്ഹാമിന്റെ ആശയക്കുഴപ്പം (Cunningham's confusion)

ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ (ASI) ആദ്യത്തെ ഡയറക്ടറായിരുന്ന കണ്ണിംഗ്ഹാം പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഉൽഖനനങ്ങൾ ആരംഭിച്ചപ്പോൾ പുരാവസ്തു ഗവേഷകർ അവരുടെ അന്വേഷണത്തിന് വഴികാട്ടിയായി മുൻഗണന നൽകിയത് എഴുതപ്പെട്ട രേഖകൾക്കായിരുന്നു (രചനകളും ലിഖിതങ്ങളും). യഥാർഥത്തിൽ കണ്ണിംഗ്ഹാമിന്റെ പ്രധാന താൽപ്പര്യം ആദിമ ചരിത്ര കാലഘട്ടത്തിന്റെയും തുടർന്നുള്ള കാലഘട്ടങ്ങളിലെയും (ഉദ്ദേശം ബി.സി.ഇ. 6–ാം നൂറ്റാണ്ട് – സി.ഇ. 4–ാം നൂറ്റാണ്ട്) പുരാവസ്തു ശാസ്ത്ര പഠനത്തിലായിരുന്നു. അദ്ദേഹം ആദ്യകാല അധിവാസകേന്ദ്രങ്ങളുടെ സ്ഥാനനിർണയത്തിനു വേണ്ടി സി.ഇ. 4–ാം നൂറ്റാണ്ടിനും 7–ാം നൂറ്റാണ്ടിനുമിടയിൽ ഉപഭൂഖണ്ഡം സന്ദർശിച്ച ചൈനീസ് ബുദ്ധമത തീർഥാടകരുടെ വിവരണങ്ങളാണ് ഉപയോഗിച്ചത്. അദ്ദേഹം തന്റെ പര്യവേഷണ കാലത്ത് കണ്ടെത്തിയ ലിഖിതങ്ങൾ ശേഖരിക്കുകയും, രേഖപ്പെടുത്തുകയും പരിഭാഷപ്പെടുത്തുകയും കൂടി ചെയ്തു. തന്റെ ഉൽഖനനത്തിനിടയിൽ സാംസ്കാരിക മൂല്യം ഉണ്ടെന്നുതോന്നിയ മനുഷ്യനിർമ്മിതികൾ അദ്ദേഹം വീണ്ടെടുക്കുകയും ചെയ്തു.



ചിത്രം 1.24
ഹരപ്പയിൽ നിന്ന് ലഭിച്ച ആദ്യത്തെ മുദ്രയുടെ കണ്ണിംഗ്ഹാം തയ്യാറാക്കിയ രേഖാചിത്രം

ചൈനീസ് തീർഥാടകരുടെ യാത്രാകാര്യക്രമങ്ങളിൽ ഇല്ലാത്തതും ആദ്യകാല ചരിത്രനഗരങ്ങളുടെ പട്ടികയിൽ വരാത്തതുമായ ഹരപ്പ പോലുള്ള നഗരം കണ്ടെത്തിയപ്പോൾ അത് കണ്ണിംഗ്ഹാമിന്റെ അതുവരെയുള്ള അന്വേഷണരീതിയുടെ ചട്ടക്കൂടിന് യോജിച്ചുവന്നില്ല. അതിനാൽത്തന്നെ പത്തൊൻപതാം നൂറ്റാണ്ടിൽ പലപ്പോഴും ഹരപ്പൻ മനുഷ്യനിർമ്മിതികൾ കണ്ടെത്തപ്പെടുകയും അവയിൽ ചിലത് കണ്ണിംഗ്ഹാമിന് ലഭിക്കുകയും ചെയ്തെങ്കിലും അവയുടെ കാലപ്പഴക്കത്തെക്കുറിച്ച് അദ്ദേഹം ബോധവാനായില്ല.

ഒരു ഇംഗ്ലീഷുകാരനാണ് ഒരു ഹരപ്പൻ മുദ്ര കണ്ണിംഗ്ഹാമിന് നൽകിയത്. അദ്ദേഹമത് ശ്രദ്ധിക്കുകയും തനിക്ക് പരിചിതമായ കാലഗണനയ്ക്കുള്ളിൽ അതിനെ ഉൾപ്പെടുത്താൻ ഒരു വിഫലശ്രമം നടത്തുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ മറ്റുപലരെയും പോലെ, ഇന്ത്യാചരിത്രം ആരംഭിക്കുന്നത് ഗംഗാതടത്തിലെ ആദ്യ നഗരങ്ങളുടെ (അധ്യായം 2 കാണുക) ആവിർഭാവത്തോടുകൂടിയാണെന്നാണ് ഇദ്ദേഹവും കരുതിയത്. നിർദിഷ്ട കാര്യങ്ങളിൽ ശ്രദ്ധ പതിച്ചതിനാൽ ഹരപ്പയുടെ പ്രാധാന്യം മനസ്സിലാക്കാൻ അദ്ദേഹം പരാജയപ്പെട്ടതിൽ അത്ഭുതമില്ല.

### പുരാവസ്തു കേന്ദ്രങ്ങൾ, മേടുകൾ, പാളികൾ (Sites, mounds, layers)

വസ്തുക്കളുടെയും നിർമ്മിതികളുടെയും ഉൽപ്പാദനം, ഉപയോഗം, ഉപേക്ഷിക്കൽ എന്നിവകളിലൂടെയാണ് *പുരാവസ്തു കേന്ദ്രങ്ങൾ (sites)* ഉണ്ടാകുന്നത്. ഒരേ സ്ഥലത്തു തന്നെ മനുഷ്യർ സ്ഥിരമായി താമസിക്കുമ്പോൾ ആ ഭൂപ്രദേശത്തിന്റെ ഉപയോഗത്തിന്റെയും പുനരുപയോഗത്തിന്റെയും ഫലമായി തൊഴിൽപരമായ അവശിഷ്ടങ്ങൾ അടിഞ്ഞുകൂടി *മേടുകൾ (mounds)* ഉണ്ടാകുന്നു. ഇടക്കാലത്തേക്കോ, സ്ഥിരമായോ ഈ സ്ഥലം ഉപേക്ഷിക്കപ്പെടുമ്പോൾ, കാറ്റോ, ജലമോ, മണ്ണൊലിപ്പോ മൂലം ഈ ഭൂപ്രദേശത്തിന് മാറ്റം സംഭവിക്കുന്നു. *പാളികളിൽ (layers)* കാണപ്പെടുന്ന പുരാതന അവശിഷ്ടങ്ങളുടെ സാന്നിധ്യം മനസ്സിലാക്കിയാണ് ആ പ്രദേശത്തെ ജനവാസത്തെക്കുറിച്ച് കണ്ടു പിടിക്കുന്നത്. അതാകട്ടെ പാളികളിൽ നിന്ന് പാളികളിലേക്ക് മാറുമ്പോൾ നിറത്തിലും ഗുണത്തിലും അവയിൽ നിന്ന് ലഭിക്കുന്ന മനുഷ്യനിർമ്മിത വസ്തുക്കളുടെ കാര്യത്തിലും വ്യത്യാസങ്ങൾ കാണാം. ഉപേക്ഷിക്കലോ, പരിത്യജിക്കലോ, "ശൂന്യപാളികൾ" എന്നു വിളിക്കുന്ന അവശിഷ്ടങ്ങൾ കിട്ടാത്ത പാളികളിൽ നിന്ന്, മനസ്സിലാക്കാൻ കഴിയും.

സാധാരണയായി, ഏറ്റവും അടിയിലുള്ള പാളികൾ ഏറ്റവും പഴക്കമുള്ളവയും, ഏറ്റവും മുകളിലുള്ളത് ഏറ്റവും അടുത്തകാലത്തുള്ളവയുമാണ്. ഈ പാളികളെക്കുറിച്ചുള്ള പഠനമാണ് സ്തരശാസ്ത്രം (stratigraphy). ഓരോ പാളിയിലും കാണുന്ന മനുഷ്യനിർമ്മിതവസ്തുക്കളെ നിശ്ചിത *സാംസ്കാരിക കാലഘട്ടത്തിലേ*തെന്ന് നിർണയിക്കുവാൻ കഴിയും; അതിലൂടെ ഒരു കേന്ദ്രത്തിന് സാംസ്കാരികത്തുടർച്ച നൽകാനും കഴിയും.

### 10.2 ഒരു പുതിയ, പഴയ സംസ്കാരം (A new old civilisation)

അതേത്തുടർന്ന്, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ദയാറാം സാഹ്നി (Daya Ram Sahni) യെപ്പോലുള്ള പുരാവസ്തു ഗവേഷകർ ഹരപ്പയിൽ നിന്ന് മുദ്രകൾ കണ്ടെടുക്കുകയുണ്ടായി. അവ ലഭിച്ചതാകട്ടെ ആദിമ ചരിത്രകാലത്തേക്കാൾ വളരെ പഴക്കമുള്ള ഭൂപാളികളിൽ നിന്നാണ് താനും. അപ്പോഴാണ് അവയുടെ പ്രാധാന്യം തിരിച്ചറിയപ്പെടാൻ തുടങ്ങിയത്. മറ്റൊരു പുരാവസ്തുഗവേഷകനായ രഖൽദാസ് ബാനർജി (Rakhal Das Banerji) മോഹൻജൊദാരൊയിൽ നിന്ന് ഇത്തരം മുദ്രകൾ കണ്ടെത്തി. ഇത്, ഈ കേന്ദ്രങ്ങളെല്ലാം തന്നെ ഒരേ പുരാവസ്തു സംസ്കാരത്തിന്റെ ഭാഗമാണെന്ന അനുമാനത്തിലേക്ക് നയിച്ചു. ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 1924 ൽ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡയറക്ടറായിരുന്ന ജോൺ മാർഷൽ (John Marshall), സിന്ധുനദീതടത്തിൽ ഒരു പുതിയ സംസ്കാരം കണ്ടെത്തിയതായി ലോകത്തെ അറിയിച്ചു. എസ്.എൻ. റോയ് തന്റെ *ദ സ്റ്റോറി ഓഫ് ഇന്ത്യൻ ആർക്കിയോളജി (The Story of Indian Archaeology)* എന്ന പുസ്തകത്തിൽ കുറിച്ചിരിക്കുന്നതുപോലെ, "മാർഷൽ ഇന്ത്യയെ അദ്ദേഹം കണ്ടുമുട്ടിയപ്പോഴത്തേതിലും 3000 വർഷം അധികം പഴക്കത്തിലേക്ക് എത്തിച്ചു." ഇത് സാധ്യമായത്, അന്ന്വരെ തിരിച്ചറിയാൻ കഴിയാതിരുന്ന സമാനമായ മുദ്രകൾ മെസപ്പൊട്ടേമിയൻ കേന്ദ്രങ്ങളിൽ നടത്തിയ ഉൽഖനനങ്ങളിൽ കണ്ടെത്തിയതോടുകൂടിയാണ്. അപ്പോഴാണ് ലോകം, പുതിയതും ഒപ്പം തന്നെ മെസപ്പൊട്ടേമിയൻ സംസ്കാരത്തിന്റെ സമകാലികവുമായ ഒരു പുതിയ സംസ്കാരത്തെക്കുറിച്ചറിയുന്നത്.

യഥാർഥത്തിൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ എന്ന നിലയിൽ ജോൺ മാർഷലിന്റെ ഔദ്യോഗിക കാലം, ഇന്ത്യൻ പുരാവസ്തു ശാസ്ത്രത്തിൽ നിർണായക മാറ്റങ്ങൾ രേഖപ്പെടുത്തി. ഇന്ത്യയിൽ ജോലി ചെയ്ത ആദ്യത്തെ പ്രൊഫഷണൽ പുരാവസ്തു ഗവേഷകനായിരുന്നു അദ്ദേഹം. ഗ്രീസിലും ക്രീറ്റിലും ജോലി ചെയ്ത തന്റെ അനുഭവസമ്പത്തിനെ ഈ രംഗത്ത് അദ്ദേഹം വിനിയോഗിച്ചു. അതിനെക്കാൾ പ്രധാനമായി, കണ്ണിംഗ്ഹാമിനെപ്പോലെ തന്നെ അദ്ദേഹവും അതിശയകരമായ കണ്ടെത്തലുകളിൽ തൽപ്പരനായിരുന്നതോടൊപ്പം, ദൈനംദിന ജീവിതത്തിന്റെ മാതൃകകൾ കണ്ടെത്തുന്നതിലും ശ്രദ്ധാലുവായിരുന്നു.

ഖനന കേന്ദ്രത്തിന്റെ മേടുകളുടെ സ്തരശാസ്ത്രത്തെ (stratigraphy) അവഗണിച്ചുകൊണ്ട്, മേടിനെ ഒന്നാകെ ഏകരൂപേണ കണക്കാക്കിക്കൊണ്ട് ക്രമമായ തിരശ്ചീന ഘടകങ്ങളായി ഖനനം നടത്താനാണ് മാർഷൽ താൽപ്പര്യം കാട്ടിയത്. ഇത് അർഥമാക്കുന്നത്, വ്യത്യസ്ത ഭൂപാളികകളിൽ നിന്ന് ലഭിച്ചവയാണെങ്കിൽപ്പോലും,



*ചിത്രം 1.25*
*ഒരു ചെറിയ മേടിന്റെ സ്തരശാസ്ത്രം (stratigraphy)*
പാളികൾ കൃത്യമായും തിരശ്ചീനമല്ല എന്നത് ശ്രദ്ധിക്കുക

ഒരേ കേന്ദ്രത്തിൽ നിന്ന് കണ്ടെത്തിയ എല്ലാ മനുഷ്യനിർമ്മിതികളും ഒരേ ഗണത്തിൽ ഉൾപ്പെടുത്തിവച്ചു എന്നാണ്. തൽഫലമായി ഈ കണ്ടെത്തലുകളുടെ പശ്ചാത്തലത്തെ സംബന്ധിച്ച പല വിലപിടിപ്പുള്ള വിവരങ്ങളും വീണ്ടെടുക്കാനാവാത്തവിധം നഷ്ടപ്പെട്ടു.

## 10.3 പുതിയ സാങ്കേതിക വിദ്യകളും ചോദ്യങ്ങളും (New techniques and questions)

ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഡയറക്ടറായി 1944 ൽ ചുമതലയേറ്റ ശേഷം ആർ.ഇ.എം.വീലർ (R.E.M.Wheeler) ആണ് ഈ പ്രശ്നം പരിഹരിച്ചത്. തിരശ്ചീനമായി മേടുകളെ യാന്ത്രികമായി ഖനനം ചെയ്യുന്നതിന് പകരം മേടിന്റെ സ്ഥരശാസ്ത്രം പിന്തുടരുന്നത് (അടുക്കുകൾക്ക് പ്രാധാന്യം നൽകുന്നത്) ആവശ്യമാണെന്ന് വീലർ മനസ്സിലാക്കി. കൂടാതെ ഒരു വിരമിച്ച സൈനിക ബ്രിഗേഡിയർ എന്ന നിലയിൽ പട്ടാളത്തിന്റെ കണിശത പുരാവസ്തു ശാസ്ത്രത്തിന്റെ പ്രവർത്തനത്തിൽ അദ്ദേഹം കൊണ്ടുവന്നു.

ഹരപ്പൻ സംസ്കാരത്തിന്റെ അതിരുകൾക്ക് ഇന്നത്തെ രാജ്യാതിർത്തികളോട് തെല്ലും ബന്ധമില്ല. എന്നിരുന്നാലും, ഉപഭൂഖണ്ഡത്തിന്റെ വിഭജനത്തിനും, പാകിസ്താന്റെ രൂപീകരണത്തിനും ശേഷം പ്രധാനപ്പെട്ട കേന്ദ്രങ്ങളെല്ലാം ഇപ്പോൾ പാകിസ്താൻ പ്രദേശത്താണ്. ഇന്ത്യയിൽ പര്യവേഷണങ്ങൾ നടത്തി ഇവിടെ അധിവാസ കേന്ദ്രങ്ങൾ കണ്ടെത്താൻ ഇത് ഇന്ത്യൻ പുരാവസ്തു ശാസ്ത്രജ്ഞരെ പ്രേരിപ്പിച്ചു. കച്ചിൽ (Kutch) നടത്തിയ വിപുലമായ അന്വേഷണങ്ങൾ ധാരാളം ഹരപ്പൻ അധിവാസകേന്ദ്രങ്ങളെ വെളിച്ചത്തുകൊണ്ടുവരികയും പഞ്ചാബിലും, ഹരിയാനയിലും നടത്തിയ പര്യവേഷണങ്ങൾ കൂടുതൽ ഹരപ്പൻ കേന്ദ്രങ്ങളെ പട്ടികയിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. ഈ ശ്രമങ്ങളുടെ ഫലമായി കാളിബംഗാൻ, ലോഥൽ, രാഖിഗാർഹി, സമീപകാലത്തായി ധൊളാവീര എന്നിവ കണ്ടെത്തുകയും പര്യവേഷണങ്ങളും ഉൽഖനനങ്ങളും നടത്തുകയും ചെയ്തു. കൂടാതെ പുതിയ അന്വേഷണങ്ങൾ തുടരുകയും ചെയ്യുന്നു.

ദശകങ്ങളിലൂടെ പുതിയ വിഷയങ്ങൾ പ്രാധാന്യം കൈവരിച്ചു. ചില പുരാവസ്തു ഗവേഷകർ സാംസ്കാരികത്തുടർച്ച കണ്ടെത്തുന്നതിൽ ശ്രദ്ധാലുക്കളായി. മറ്റുള്ളവരാകട്ടെ ചില സവിശേഷ കേന്ദ്രങ്ങളുടെ സ്ഥാനത്തെ സംബന്ധിച്ച യുക്തിയാണ് അടിവരയിട്ട് അറിയാൻ ശ്രമിച്ചത്. അവരിപ്പോഴും സമൃദ്ധമായി ലഭിച്ച മനുഷ്യനിർമ്മിതികൾ (artefacts) പഠിക്കുകയും ഇവ നിർവഹിച്ചിരുന്ന ധർമ്മങ്ങൾ എന്തെല്ലാമായിരിക്കാമെന്ന് കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

1980 കൾ മുതൽ ഹരപ്പൻ പുരാവസ്തു ശാസ്ത്രത്തോടുള്ള അന്താരാഷ്ട്ര താൽപ്പര്യവും വർധിച്ചു വരുന്നുണ്ട്. ഭൂഖണ്ഡത്തിനകത്തും പുറത്തും നിന്നുള്ള വിദഗ്ധർ ഹരപ്പയിലും മോഹൻജൊദാരൊയിലും ഒരുമിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കളിമണ്ണ്, കല്ലു

**➲ ചർച്ച ചെയ്യുക...**

ഈ അധ്യായത്തിൽ പരാമർശിച്ചിട്ടുള്ളതിൽ ഏതു പ്രമേയമായിരിക്കാം കണ്ണിംഗ്ഹാമിൽ താൽപ്പര്യമുണർത്തിയത്? 1947 മുതൽ ശ്രദ്ധയാകർഷിക്കുന്ന വിഷയങ്ങൾ ഏതൊക്കെയാണ്?

### വീലർ ഹരപ്പയിൽ (Wheeler at Harappa)

ആദ്യകാല പുരാവസ്തു ശാസ്ത്രജ്ഞരെ പലപ്പോഴും നയിച്ചിരുന്നത് സാഹസിക മനോഭാവമായിരുന്നു. വീലർ ഹരപ്പയിലെ തന്റെ അനുഭവത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇതാണ് :

ഞാനോർക്കുന്നു, 1944 മേയിലെ ചൂടുള്ള ഒരു രാത്രിയിലായിരുന്നു ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പുതിയ ഡയറക്ടറായി നിയമിതനായ ഞാനും എന്റെ പ്രാദേശിക മുസ്ലിം ഉദ്യോഗസ്ഥനുമായി "ഹരപ്പ" എന്ന് പേരുള്ള ചെറിയൊരു തീവണ്ടിയാപ്പീസിൽ നിന്നും ചെമ്മണ്ണ് നിറഞ്ഞ പാതയിലൂടെ നാല് മൈൽ കുതിരവണ്ടിയിൽ സഞ്ചരിച്ച് പുരാതന കേന്ദ്രത്തിലെ ചന്ദ്രികാചർച്ചിതമായ മേടുകൾക്ക് സമീപമുള്ള ഒരതിഥി മന്ദിരത്തിൽ എത്തിച്ചേർന്നത്. അടുത്ത പ്രഭാതത്തിൽ 5.30 ന് തന്നെ പരിശോധന ആരംഭിച്ച് 7.30 ന് അവസാനിപ്പിക്കണമെന്നും "അതിനുശേഷംവളരെ ചൂടായിരിക്കുമെന്നും" എന്റെ ഉൽകണ്ഠാകുലനായ സഹപ്രവർത്തകൻ മുന്നറിയിപ്പ് നൽകിയതിനാൽ വാതിൽപ്പടിയിൽ ക്ഷമയോടെ കുനിക്കൂടിയിരുന്ന ഞങ്ങളുടെ *പങ്ക പ്രവർത്തിപ്പിക്കുന്ന* ആളിന്റെ ഇരുണ്ട രൂപവും സമീപത്തെ കാടുകളിൽ നിന്നും രാത്രിവായുവിനെ പിളർന്നു വരുന്ന അസംഖ്യം കുറുക്കന്മാരുടെ ഓരിശബ്ദങ്ങളുമായി ഞങ്ങൾ മന്ദിരത്തിൽ കടന്നു.

പിറ്റേന്ന് രാവിലെ കൃത്യം 5.30 ന് തന്നെ മണ്ണുമൂടിയ മേട്ടിലേക്കുള്ള ഞങ്ങളുടെ ചെറിയ ഘോഷയാത്ര ആരംഭിച്ചു. പത്തു മിനിട്ടുകൾക്കകം ഞാൻ യാത്ര നിർത്തി, കണ്ണുകൾ തുടച്ചുകൊണ്ട് ആ ഏറ്റവും പൊക്കം കൂടിയ കുന്നിലേക്ക് ഉറ്റു നോക്കി, എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ആറ് മണിക്കൂറുകൾക്ക് ശേഷം അന്ധാളിച്ചിരുന്ന എന്റെ സഹപ്രവർത്തകരും ഞാനും കട്ടപ്പാരകളും കത്തികളും കൊണ്ട് കത്തുന്ന സൂര്യനു കീഴിൽ ജോലി ചെയ്തുകൊണ്ടേയിരിക്കുകയായിരുന്നു, വട്ടായിത്തീർന്ന സാഹിബ് (അവർ എന്നെ അങ്ങനെ കരുതിയിരിക്കാം) ഒരിക്കൽ പോലും നിർത്താതെ മുന്നോട്ടു നീങ്ങുകയായിരുന്നു.

ആർ.ഇ.എം. വീലർ
*മൈ ആർക്കിയോളജിക്കൽ മിഷൻ ടു ഇന്ത്യ ആന്റ് പാകിസ്ഥാൻ*, 1976.

കൾ, ലോഹങ്ങൾ സസ്യ-ജന്തു അവശിഷ്ടങ്ങൾ തുടങ്ങിയവ വീണ്ടെടുക്കാനും അതുപോലെ ലഭ്യമായ ഓരോ തുണ്ട് തെളിവും സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിനുമായി അവർ ഉപരിതല പര്യവേഷണം ഉൾപ്പെടെയുള്ള ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നു. ഈ പര്യവേഷണങ്ങൾ ഭാവിയിൽ ശ്രദ്ധേയമായ ഫലങ്ങൾ വാഗ്ദാനം ചെയ്യുന്നു.

## 11. ഭൂതകാലത്തെ കൂട്ടിയിണക്കുമ്പോഴുള്ള പ്രശ്നങ്ങൾ (Problems of Piecing Together the Past)

നമ്മൾ കണ്ടതുപോലെ, പുരാതന സംസ്കാരത്തെപ്പറ്റി മനസ്സിലാക്കാൻ നമ്മെ സഹായിച്ചത് ഹരപ്പൻ ലിപി അല്ല. മറിച്ച് ഭൗതിക തെളിവുകളാണ് ഹരപ്പൻ ജീവിതത്തെ മെച്ചപ്പെട്ട രീതിയിൽ പുനർനിർമ്മിക്കുവാൻ പുരാവസ്തു ഗവേഷകർക്ക് അവസരമൊരുക്കിയത്. ഇത് കളിമൺ പാത്രങ്ങളോ, ഉപകരണങ്ങളോ, ആഭരണങ്ങളോ, ഗാർഹിക ഉപകരണങ്ങളോ ആകാം. വസ്ത്രം, തുകൽ, തടി, മുള, തുടങ്ങിയ ജൈവവസ്തുക്കൾ പൊതുവെ ദ്രവിച്ചുപോകും, പ്രത്യേകിച്ചും ഉഷ്ണമേഖലകളിൽ. കല്ല്, ചുട്ട കളിമണ്ണ് (terracotta), ലോഹം തുടങ്ങിയവയാണ് അതിജീവിക്കുന്നത്.

പൊട്ടിയതോ, ഉപയോഗശൂന്യമായതോ ആയ വസ്തുക്കൾ മാത്രമേ വലിച്ചെറിയപ്പെട്ടിട്ടുണ്ടാകു എന്നത് പ്രധാനമായും ഓർക്കേണ്ടതാണ്. ബാക്കിയുള്ളവ പുനചംക്രമണത്തിന് വിധേയമാക്കപ്പെട്ടിരിക്കാം. അതിനാൽത്തന്നെ കണ്ടെടുക്കപ്പെട്ട, കേടുപാട് സംഭവിക്കാത്ത, വിലപിടിപ്പുള്ള മനുഷ്യനിർമ്മിതികൾ (artefacts) ഭൂതകാലത്തിൽ നഷ്ടപ്പെട്ടവയോ, പൂഴ്ത്തിവച്ചിട്ട് ഒരിക്കലും വീണ്ടെടുക്കാൻ കഴിയാതെ വന്നവയോ ആകാം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇത്തരത്തിലുള്ള കണ്ടെത്തലുകൾ തികച്ചും ആകസ്മികമാണ്, അത് നിയതമല്ല.

### 11.1 കണ്ടെത്തിയ വസ്തുക്കളുടെ തരംതിരിക്കൽ (Classifying finds)

മനുഷ്യ നിർമ്മിതികളുടെ (artefacts) വീണ്ടെടുക്കൽ പുരാവസ്തുശാസ്ത്ര സംബന്ധിയായ സംരംഭങ്ങളുടെ തുടക്കം മാത്രമാണ്. തുടർന്ന്, പുരാവസ്തു ഗവേഷകർ തങ്ങൾ കണ്ടെത്തിയ വസ്തുക്കളെ തരം തിരിക്കുന്നു. തരംതിരിക്കലിന്റെ ഒരു ലളിതമായ തത്ത്വം കല്ലുകൾ, കളിമണ്ണ്, ലോഹം, അസ്ഥി, ദന്തം എന്നീ നിർമ്മാണ സാമഗ്രികളുടെ അടിസ്ഥാനത്തിൽ തരം തിരിക്കലാണ്. രണ്ടാമത്തേതും കൂടുതൽ സങ്കീർണവുമായത് അവയുടെ ധർമ്മങ്ങൾക്ക് അനുസരിച്ചുള്ള തരം തിരിക്കലാണ്. ഉദാഹരണമായി, ഒരു മനുഷ്യനിർമ്മിതി ഉപകരണമായാണോ, അതോ ആഭരണമായാണോ, അല്ലെങ്കിൽ രണ്ടും കൂടിയായാണോ, അതുമല്ലെങ്കിൽ അനുഷ്ഠാനപരമായ കാര്യങ്ങൾക്കായാണോ ഉപയോഗിച്ചിരുന്നത് എന്ന് പുരാവസ്തു ഗവേഷകർ തീരുമാനിക്കേണ്ടതുണ്ട്.

ഒരു മനുഷ്യനിർമ്മിതിയുടെ (artefacts) ധർമ്മത്തെക്കുറിച്ചുള്ള അറിവിനെ കരുപ്പിടിപ്പിക്കുന്നത് പലപ്പോഴും വർത്തമാനകാലത്തെ ഏതെങ്കിലും വസ്തുവുമായുള്ള അതിന്റെ സാമ്യമാണ്. മുത്തുകൾ, അരകല്ലുകൾ, കൽച്ചീളുകൾ, കുടങ്ങൾ തുടങ്ങിയവയെല്ലാം ഇതിന് വ്യക്തമായ ഉദാഹരണങ്ങളാണ്. പുരാവസ്തു ഗവേഷകർ ഒരു മനുഷ്യനിർമ്മിതി കണ്ടെടുത്ത ചുറ്റുപാടുകൂടി അന്വേഷിച്ചുകൊണ്ട് അതിന്റെ ധർമ്മം കണ്ടുപിടിക്കാൻ ശ്രമിക്കാറുണ്ട്: ഇവ കണ്ടുകിട്ടിയത് ഒരു വീട്ടിൽ നിന്നാണോ, അഴുക്കുചാലിൽ നിന്നാണോ, ശവക്കല്ലറയിൽ നിന്നാണോ, ചൂളയിൽ നിന്നാണോ എന്നൊക്കെ.

ചില സന്ദർഭങ്ങളിൽ പുരാവസ്തു ഗവേഷകർക്ക് പരോക്ഷമായ തെളിവുകളെയും അവലംബിക്കേണ്ടി വരുന്നു. ഉദാഹരണത്തിന്, ചില ഹരപ്പൻ കേന്ദ്രങ്ങളിൽ പരുത്തിയുടെ സാന്നിധ്യത്തെക്കുറിച്ചറിയുന്നുണ്ടെങ്കിലും വസ്ത്രങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് നമുക്ക് ശില്പങ്ങളിലെ അവയുടെ ചിത്രീകരണം ഉൾപ്പെടെയുള്ള പരോക്ഷമായ തെളിവുകളെ ആശ്രയിക്കേണ്ടിവരുന്നു.

പുരാവസ്തു ഗവേഷകർക്ക് സൂചനാചട്ടക്കൂടുകൾ വികസിപ്പിക്കേണ്ടതായി വരും. പുരാവസ്തു ഗവേഷകർ കണ്ടുപിടിച്ച ആദ്യത്തെ ഹരപ്പൻ മുദ്രയെ അതിന്റെ പശ്ചാത്തലം കണ്ടെത്തുന്നതുവരെ അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഹരപ്പൻ മുദ്ര കണ്ടെടുക്കപ്പെട്ട സാംസ്കാരിക ക്രമത്തിന്റെ അടിസ്ഥാനത്തിലും, മെസപ്പൊട്ടേമിയയിൽനിന്ന് കണ്ടെത്തിയ വസ്തുക്കളുമായി നടത്തിയ താരതമ്യത്തിന്റെ അടിസ്ഥാനത്തിലുമാണ് അതിനെക്കുറിച്ച് മനസ്സിലാക്കാൻ പുരാവസ്തു ഗവേഷകർക്ക് കഴിഞ്ഞതെന്ന് നാം കണ്ടുകഴിഞ്ഞു.

## 11.2 വ്യാഖ്യാനത്തിന്റെ പ്രശ്നങ്ങൾ (Problems of interpretation)

മതാചാരങ്ങളെ പുനർനിർമ്മിക്കാനുള്ള ശ്രമങ്ങളിലാണ് പുരാതത്ത്വശാസ്ത്രപരമായ വ്യാഖ്യാനത്തിന്റെ പ്രശ്നങ്ങൾ ഏറ്റവും വ്യക്തമാകുന്നത്. ആദ്യകാല പുരാവസ്തുഗവേഷകർ അസാധാരണമോ അപരിചിതമോ ആണെന്ന് തോന്നിയ ചില വസ്തുക്കൾക്ക് മതപരമായ പ്രാധാന്യം ഉണ്ടായേക്കാം എന്നു ചിന്തിച്ചു. ധാരാളം ആഭരണങ്ങൾ അണിഞ്ഞ്, ചിലപ്പോൾ വിപുലമായ ശിരോവസ്ത്രങ്ങൾ ധരിച്ചുനിൽക്കുന്ന സ്ത്രീകളുടെ കളിമൺ രൂപങ്ങൾ ഇവയിൽ ഉൾപ്പെടുന്നു. ഇവ മാതൃദേവതകളായിരിക്കുമെന്ന് അവർ കരുതി. ഒരു കൈ കാൽമുട്ടിൽ വച്ചുകൊണ്ട് നിശ്ചിതരൂപത്തിൽ തന്നെയിരിക്കുന്ന "പുരോഹിത രാജാവി"നെ (priest king) പ്പോലെയുള്ള പുരുഷന്മാരുടെ അപൂർവമായ കൽപ്രതിമകളെയും അവർ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തി. ചില സന്ദർഭങ്ങളിൽ നിർമ്മിതികൾക്കും മതപരമായ പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്. വലിയ കുളവും, കാളിബംഗാനിലെയും ലോഥാലിലെയും അഗ്നിപീഠങ്ങളും ഇവയിൽപ്പെടുന്നു.



ചിത്രം 1.26
ഇതൊരു മാതൃദേവതയായിരുന്നോ?

ചില മുദ്രകളിൽ കാണുന്ന ആചാരസംബന്ധിയായ ദൃശ്യങ്ങൾ പരിശോധിച്ചുകൊണ്ട് മതപരമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും പുനർനിർമ്മിക്കാനുള്ള ശ്രമങ്ങളും നടന്നിട്ടുണ്ട്. ചില മുദ്രകളിൽ കാണുന്ന സസ്യങ്ങളുടെ മുദ്രണം പ്രകൃതി ആരാധനയുടെ സൂചനയായി കരുതപ്പെട്ടു. ചില മുദ്രകളിൽ കാണുന്ന മൃഗങ്ങൾ, ഉദാഹരണത്തിന് "യൂനിക്കോൺ" എന്ന് വിളിക്കപ്പെടുന്ന ഒറ്റക്കൊമ്പുള്ള മൃഗം അവരുടെ വിശ്വാസങ്ങളിലെ ഒരു കാല്പനിക ഘടകമായിരിക്കും. ചില മുദ്രകളിൽ "യോഗി"യെപ്പോലെ കാൽപിണച്ച് ചമ്രം പടിഞ്ഞിരിക്കുന്ന, ചിലപ്പോൾ മൃഗങ്ങളാൽ ചുറ്റപ്പെട്ട ചിത്രം, ഹിന്ദു മതത്തിന്റെ പ്രധാന ദൈവങ്ങളിലൊന്നായ "ശിവന്റെ ആദിമ രൂപ"ത്തിന്റെ ചിത്രീകരണമാണെന്ന് കരുതപ്പെട്ടു. കൂടാതെ കോണാകൃതിയിലുള്ള ശിലാവസ്തുക്കളെ *ലിംഗങ്ങളാ*യി തരംതിരിച്ചിരിക്കുന്നു.

പിൽക്കാല പാരമ്പര്യങ്ങൾ മുൻകാലങ്ങളിലേതുമായി സാമ്യമുള്ളവയാണ് എന്ന ധാരണയിലാണ് ഹരപ്പൻ മതവിശ്വാസങ്ങളിൽ മിക്കവയും പുനർനിർമ്മിച്ചിട്ടുള്ളത്. പുരാവസ്തു ഗവേഷകർ പലപ്പോഴും തങ്ങൾക്ക് അറിയുന്ന വസ്തുതകളിൽ നിന്ന് അറിയപ്പെടാത്തവയിലേക്ക്, അതായത് വർത്തമാനകാലത്തിൽനിന്ന് ഭൂതകാലത്തിലേക്ക് പോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. അരകല്ല്, കുടങ്ങൾ തുടങ്ങിയവയുടെ കാര്യത്തിൽ ഇത് യുക്തിപരമാണെങ്കിലും "മതപരമായ" അടയാളങ്ങളിലേക്ക് വ്യാപിക്കുമ്പോൾ അതു കൂടുതൽ ഊഹപരമാകുന്നു.



ചിത്രം 1.27
ആദിമ ശിവന്റെ രൂപമുള്ള ഒരു മുദ്ര

ഉദാഹരണത്തിന് "ആദിമ-ശിവ" മുദ്രകളെ നമുക്ക് പരിശോധിക്കാം. ആദ്യത്തെ മതഗ്രന്ഥമായ *ഋഗ്വേദ*ത്തിൽ (ഉദ്ദേശം ബി.സി.ഇ. 1500 നും 1000 നും ഇടയ്ക്ക് രചിച്ചത്) രുദ്രൻ എന്ന പേരായ ഒരു ദൈവത്തെ സൂചിപ്പിക്കുന്നു. ഈ പേര് പിൽക്കാല പുരാണപാരമ്പര്യങ്ങളിൽ (സി.ഇ. ഒന്നാം സഹസ്രാബ്ദം; അധ്യായം 4 കാണുക) ശിവനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ശിവനിൽ നിന്ന് വ്യത്യസ്തമായി *ഋഗ്വേദ*ത്തിലെ രുദ്രനെ പശുപതിയായോ, (മൃഗങ്ങളുടെ, പ്രത്യേകിച്ച് കന്നുകാലികളുടെ അധിപൻ) യോഗിയായോ ചിത്രീകരിക്കുന്നില്ല. മറ്റൊരർഥത്തിൽ ഈ ചിത്രീകരണം *ഋഗ്വേദ*ത്തിലെ രുദ്രന്റെ ചിത്രീകരണത്തോട് ചേർച്ചയുള്ളതല്ല. അങ്ങനെയാണെങ്കിൽ ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടതുപോലെ ഇതൊരു മന്ത്രവാദിയാണോ?

ശിവന്റെ പ്രതിരൂപമായി ആരാധിക്കപ്പെട്ടിരുന്ന മിനുസപ്പെടുത്തിയ ശിലയാണ് *ലിംഗം*.

മാന്ത്രികശക്തികളും രോഗശമന ശക്തികളും ഉണ്ടെന്നും പരലോകവുമായി ആശയവിനിമയം നടത്താൻ കഴിവുണ്ടെന്നും അവകാശപ്പെടുന്ന സ്ത്രീ പുരുഷന്മാരാണ് *ഷാമനുകൾ* (shamans).



*ചിത്രം 1.28*
*കരുക്കളോ* ലിംഗങ്ങളോ?

ഈ കല്ലുകളെക്കുറിച്ച് ഏറ്റവും ആദ്യകാലത്തെ ഗവേഷകരിൽ ഒരാളായ മക്കേയ്ക്ക് പറയാനുള്ളത് ഇതാണ് : ഇന്ദ്രനീലക്കല്ല്, സൂര്യകാന്തക്കല്ല്, സ്ഫടികക്കല്ല്, മറ്റു കല്ലുകൾ എന്നിവയാൽ അതി മനോഹരമായി നിർമ്മിച്ച് മിനുസപ്പെടുത്തിയവയും രണ്ട് ഇഞ്ചിൽ താഴെ മാത്രം ഉയരം വരുന്നതുമായ കോണാകൃതിയിലുള്ള വസ്തുക്കൾ *ലിംഗങ്ങളാണെന്ന്* കരുതപ്പെടുന്നു. എന്നാൽ അതേസമയം അവ പലകയിലെ കരുനീക്കി കളിക്കായി ഉപയോഗിച്ചിരിക്കാനും സാധ്യത ഉണ്ട്.

എണസ്റ്റ് മക്കേ, *ഏർലി ഇൻഡസ് സിവിലൈസേഷൻ*, 1948.

അനേക പതിറ്റാണ്ടുകളുടെ പുരാവസ്തുഗവേഷണങ്ങളുടെ ഫലമായി എന്താണ് നേടിയത്? ഹരപ്പൻ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് നമുക്ക് നല്ലൊരു ചിത്രം ലഭിച്ചിട്ടുണ്ട്. സാമൂഹിക വ്യത്യാസങ്ങൾ വേർതിരിച്ചറിയാനും ഹരപ്പൻ സംസ്കാരം എങ്ങനെയാണ് പ്രവർത്തിച്ചിരുന്നതെന്നുള്ള ഒരു ധാരണ രൂപീകരിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഹരപ്പൻ ലിപി വായിച്ചെടുക്കാൻ കഴിയുകയാണെങ്കിൽ എത്രത്തോളം കൂടുതൽ അറിവുനേടാൻ കഴിയും എന്ന് വ്യക്തമല്ല. ഒരു ദ്വിഭാഷാലിഖിതം കണ്ടെത്തുകയാണെങ്കിൽ ഹരപ്പൻ ജനത സംസാരിച്ചിരുന്ന ഭാഷകളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് വിരാമമിടാമായിരുന്നു.

ഹരപ്പൻ സംസ്കാരത്തിന്റെ പല പുനർനിർമ്മിതികളും ഇപ്പോഴും ഊഹങ്ങളായിത്തന്നെ തുടരുന്നു. വലിയ കുളം അനുഷ്ഠാനപരമായ നിർമ്മിതി ആയിരുന്നോ? സാക്ഷരത എത്രമാത്രം വ്യാപകമായിരുന്നു? എന്തുകൊണ്ടാണ് ഹരപ്പൻ സെമിത്തേരികൾ സാമൂഹികാന്തരങ്ങൾ കാണിക്കാത്തത്? കൂടാതെ ലിംഗപരമായ ചില ചോദ്യങ്ങൾക്കും ഉത്തരം കിട്ടാതെ അവശേഷിക്കുന്നു. സ്ത്രീകൾ മൺപാത്രങ്ങൾ നിർമ്മിച്ചിരുന്നോ? അതോ (ഇപ്പോഴത്തെപ്പോലെ) അവർ പാത്രങ്ങളിൽ ചായം പൂശുക മാത്രമേ ചെയ്തിരുന്നുള്ളുവോ? മറ്റ് കൈത്തൊഴിലുകാരുടെ കാര്യമോ? കളിമണ്ണുകൊണ്ടുള്ള സ്ത്രീ രൂപങ്ങൾ എന്തിനു വേണ്ടിയാണ് ഉപയോഗിച്ചിരുന്നത്? ഹരപ്പൻ സംസ്കാരത്തിന്റെ കാര്യത്തിൽ ലിംഗപരമായ പ്രശ്നങ്ങൾ വളരെക്കുറച്ച് പണ്ഡിതർ മാത്രമേ അന്വേഷണ വിധേയമാക്കിയിട്ടുള്ളൂ. ഇത് ഭാവിയിൽ പൂർണമായും പഠനവിധേയമാക്കാവുന്ന ഒരു മേഖലയാണ്.



*ചിത്രം 1.29*
*ഒരു ടെറാക്കോട്ട വണ്ടി*

➲ ചർച്ച ചെയ്യുക...

പുരാവസ്തു തെളിവുകളുടെ അടിസ്ഥാനത്തിൽ പുനർനിർമ്മിക്കപ്പെട്ട ഹരപ്പൻ സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾ ഏതെല്ലാം?

## കാലരേഖ - 1 (TIMELINE 1)
### ആദ്യകാല ഇന്ത്യൻ പുരാവസ്തു ശാസ്ത്രത്തിലെ പ്രധാന കാലഘട്ടങ്ങൾ
### (MAJOR PERIODS IN EARLY INDIAN ARCHAEOLOGY)

| | |
|---|---|
| 2 ദശലക്ഷം ബി.പി. (വർത്തമാനകാലത്തിന് മുമ്പ്) | പൂർവ പുരാതന ശിലായുഗം |
| 80,000 | മധ്യപുരാതന ശിലായുഗം |
| 35,000 | ഉത്തരപുരാതന ശിലായുഗം |
| 12,000 | മെസോലിത്തിക് (ഉത്തരപുരാതന ശിലായുഗത്തിനും നവീനശിലായുഗത്തിനുമിടയിലുള്ള കാലം) |
| 10,000 | നവീനശിലായുഗം (ആദ്യകാല കർഷകരും ഇടയരും) |
| 6,000 | താമ്രശിലായുഗം(ആദ്യമായി ചെമ്പിന്റെ ഉപയോഗം) |
| 2600 ബി.സി.ഇ | ഹരപ്പൻ സംസ്കാരം |
| 1000 ബി.സി.ഇ | ആദ്യകാല ഇരുമ്പ്, മഹാശിലാ ശവകുടീരങ്ങൾ |
| 600 ബി.സി.ഇ മുതൽ 400 സി.ഇ വരെ | ആദിമ ചരിത്രകാലം |

*(കുറിപ്പ് : എല്ലാം ഏകദേശ തീയതികളാണ്. കൂടാതെ ഉപഭൂഖണ്ഡത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായ വികാസങ്ങളിൽ വലിയ അന്തരങ്ങളുണ്ട്. ഓരോ ഘട്ടത്തിനെക്കുറിച്ച് ലഭ്യമായ ഏറ്റവും പഴയ തെളിവിനെ ആധാരമാക്കിയാണ് തീയതികൾ നൽകിയിട്ടുള്ളത്.)*

## കാലരേഖ - 2 (TIMELINE 2)
### ഹരപ്പൻ പുരാവസ്തു ശാസ്ത്രത്തിലുണ്ടായ പ്രധാന വികാസങ്ങൾ
### (MAJOR DEVELOPMENTS IN HARAPPAN ARCHAEOLOGY)

| | |
|---|---|
| **പത്തൊൻപതാം നൂറ്റാണ്ട്** | |
| 1875 | ഹരപ്പൻ മുദ്രയെക്കുറിച്ചുള്ള അലക്സാണ്ടർ കണ്ണിങ്ഹാമിന്റെ റിപ്പോർട്ട് |
| **ഇരുപതാം നൂറ്റാണ്ട്** | |
| 1921 | എം.എസ്. വാട്ട്സ് ഹരപ്പയിൽ ഉൽഖനനം ആരംഭിക്കുന്നു |
| 1925 | മോഹൻജൊദാരൊയിൽ ഉൽഖനനങ്ങൾ ആരംഭിക്കുന്നു |
| 1946 | ആർ.ഇ.എം.വീലർ ഹരപ്പയിൽ ഉൽഖനനം നടത്തുന്നു |
| 1955 | എസ്.ആർ.റാവു ലോഥലിൽ ഉൽഖനനങ്ങൾ ആരംഭിക്കുന്നു |
| 1960 | ബി.ബി.ലാലും, ബി.കെ.ഥാപ്പറും കാളിബംഗാനിൽ ഉൽഖനനങ്ങൾ ആരംഭിക്കുന്നു |
| 1974 | എം.ആർ. മുഗൾ ബഹവൽപൂരിൽ പര്യവേഷണങ്ങൾ തുടങ്ങുന്നു |
| 1980 | ജർമ്മൻ, ഇറ്റാലിയൻ പുരാവസ്തു ഗവേഷകരുടെ ഒരു സംഘം മോഹൻജൊദാരൊയിൽ ഉപരിതല പര്യവേഷണങ്ങൾ ആരംഭിക്കുന്നു |
| 1986 | അമേരിക്കൻ സംഘം ഹരപ്പയിൽ ഉൽഖനനങ്ങൾ ആരംഭിക്കുന്നു |
| 1990 | ആർ.എസ്. ബിഷ്ത് ധോളാവീരയിൽ ഉൽഖനനങ്ങൾ ആരംഭിക്കുന്നു |



ചിത്രം 1.30
ഒരു ഹരപ്പൻ ശവക്കുഴി

## 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക
## (Answer in 100-150 Words)

1. ഹരപ്പൻ നഗരങ്ങളിലെ ജനങ്ങൾക്ക് ലഭ്യമായിരുന്ന ഭക്ഷണ ഇനങ്ങൾ പട്ടികയാക്കുക. ഇവ നൽകിയിരിക്കാവുന്ന സംഘങ്ങളെ കണ്ടു പിടിക്കുക

2. എങ്ങനെയാണ് പുരാവസ്തു ഗവേഷകർ ഹരപ്പൻ സമൂഹത്തിലെ സാമൂഹിക – സാമ്പത്തിക വ്യത്യാസങ്ങൾ കണ്ടെത്തുന്നത്? എന്തൊക്കെ വ്യത്യാസങ്ങളാണ് അവർ ശ്രദ്ധിക്കുന്നത്.

3. ഹരപ്പൻ നഗരങ്ങളിലെ അഴുക്കുചാൽ സംവിധാനം നഗരാസൂത്രണത്തെ സൂചിപ്പിക്കുന്നു എന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തിനുള്ള കാരണങ്ങൾ എഴുതുക.

4. ഹരപ്പൻ സംസ്കാരത്തിൽ മുത്തുകളുടെ നിർമ്മാണത്തിനായി ഉപയോഗിച്ചിരുന്ന വസ്തുക്കൾ പട്ടികപ്പെടുത്തുക. ഏതെങ്കിലും ഒരു തരം മുത്തിന്റെ നിർമ്മാണ പ്രക്രിയ വിവരിക്കുക.

5. ചിത്രം 1.30 വീക്ഷിച്ച് നിങ്ങൾ കാണുന്നത് വിവരിക്കുക. എങ്ങനെയാണ് ശരീരം കിടത്തിയിരിക്കുന്നത്? അതിന് സമീപം വച്ചിരിക്കുന്ന വസ്തുക്കൾ എന്തെല്ലാമാണ്? ശരീരത്തിൽ എന്തെങ്കിലും മനുഷ്യനിർമ്മിത വസ്തുക്കൾ ഉണ്ടോ? ഇവ അസ്ഥികൂടത്തിന്റെ ലിംഗപദവി സൂചിപ്പിക്കുന്നുണ്ടോ?

## താഴെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം എഴുതുക (ഏകദേശം 500 വാക്കുകൾ) (WRITE A SHORT ESSAY (ABOUT 500 WORDS) ON THE FOLLOWING)

6. മോഹൻജൊദാരൊയുടെ സവിശേഷമായ ചില പ്രത്യേകതകൾ വിവരിക്കുക.
7. ഹരപ്പൻ സംസ്കാരത്തിൽ കരകൗശല ഉൽപ്പാദനത്തിന് വേണ്ടിവന്നിരിക്കാവുന്ന അസംസ്കൃത വസ്തുക്കളുടെ പട്ടിക തയാറാക്കുകയും, അവ അവർക്ക് ലഭ്യമായത് എങ്ങനെയായിരുന്നിരിക്കാം എന്ന് ചർച്ച നടത്തുകയും ചെയ്യുക.
8. പുരാവസ്തു ഗവേഷകർ ഭൂതകാലത്തെ പുനർനിർമ്മിക്കുന്നതെങ്ങനെ എന്ന് ചർച്ച ചെയ്യുക.
9. ഹരപ്പൻ സമൂഹത്തിലെ ഭരണാധികാരികൾ നിർവഹിച്ചിരിക്കാൻ സാധ്യതയുള്ള പ്രവൃത്തികൾ ചർച്ച ചെയ്യുക.

## ഭൂപട പ്രവർത്തനം (MAP WORK)

10. ഒന്നാമത്തെ ഭൂപടത്തിൽ കൃഷിയുടെ തെളിവുകൾ കണ്ടെത്തിയ കേന്ദ്രങ്ങൾ ഒരു പെൻസിൽ ഉപയോഗിച്ച് വൃത്തം വരച്ച് അടയാളപ്പെടുത്തുക. കരകൗശല ഉൽപാദനത്തിന്റെ തെളിവ് ലഭിച്ച കേന്ദ്രത്തിന് നേരെ "X" എന്നും അസംസ്കൃത വസ്തുക്കൾ കണ്ടെത്തിയ സ്ഥലത്തിന് നേരെ "R" എന്നും അടയാളപ്പെടുത്തുക.

## പ്രോജക്ട് (ഏതെങ്കിലും ഒന്ന്) (PROJECT (ANY ONE))

11. നിങ്ങളുടെ പട്ടണത്തിൽ ഏതെങ്കിലും മ്യൂസിയങ്ങൾ ഉണ്ടോ എന്ന് കണ്ടെത്തുക. അവയിൽ ഒന്ന് സന്ദർശിച്ച് അവിടെയുള്ള ഏതെങ്കിലും പത്ത് ഇനങ്ങളെക്കുറിച്ച്, അവയ്ക്ക് എന്ത് പഴക്കമുണ്ട്, എവിടെ നിന്നാണ് അവ കണ്ടെത്തിയത്, അവ പ്രദർശിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടായിരിക്കുമെന്നാണ് നിങ്ങൾ കരുതുന്നത് തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് തയാറാക്കുക.

12. കല്ല്, ലോഹം, കളിമണ്ണ് എന്നിവ കൊണ്ട് നിലവിൽ നിർമ്മിച്ചുപയോഗിക്കുന്ന പത്തു സാധനങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുക. ഇവയെ ഈ അധ്യായത്തിൽ നൽകിയിട്ടുള്ള ഹരപ്പൻ സംസ്കാരത്തിന്റെ ചിത്രങ്ങളുമായി താരതമ്യം ചെയ്യുകയും അതിൽ നിങ്ങൾ കണ്ടെത്തിയ സാമ്യങ്ങളും വ്യത്യാസങ്ങളും ചർച്ച നടത്തുകയും ചെയ്യുക.

**നിങ്ങൾ കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ വായിക്കുക :**


റെയ്മണ്ട് ആന്റ്ബ്രിഡ്ജറ്റ് ആൾച്ചിൻ. 1997. *റൈജിൻസ് ഓഫ് എ സിവിലൈസേഷൻ*, വൈക്കിങ്, ന്യൂഡൽഹി.

ജി. എൽ. പൊഷേൽ. 2003. *ദി ഇൻഡസ് സിവിലൈസേഷൻ*, വിസ്താർ, ന്യൂഡൽഹി.

ഷെറീൻ രത്നാകർ. 2001. *അണ്ടർസ്റ്റാന്റിങ് ഹരപ്പ*, തൂലിക, ന്യൂഡൽഹി.


**കൂടുതൽ വിവരങ്ങൾക്ക് നിങ്ങൾക്ക് സന്ദർശിക്കാം**

http://www.harappa.com/har/harres0.html

പ്രമേയം
രണ്ട്

# രാജാക്കന്മാർ, കർഷകർ, പട്ടണങ്ങൾ
## (Kings, Farmers and Towns)

### ആദ്യകാല രാഷ്ട്രങ്ങളും സമ്പദ്‌വ്യവസ്ഥകളും
### (Early States and Economies)

**(ഏകദേശം ബി.സി.ഇ 600 മുതൽ സി.ഇ. 600 വരെ)**

(*c*. 600 BCE-600 CE)

E1C9Y3

ഹരപ്പൻ സംസ്കാരത്തിന്റെ അധഃപ്പതനത്തെ തുടർന്നുള്ള 1500 വർഷത്തെ ദീർഘകാലയളവിൽ ഉപഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി സംഭവവികാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ കാലയളവിൽ തന്നെയാണ് സിന്ധുവിന്റെയും അതിന്റെ പോഷക നദികളുടെയും പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ജനങ്ങൾ *ഋഗ്വേദം* രചിച്ചത്. വടക്കേ ഇന്ത്യ, ഡക്കാൻ പീഠഭൂമി, കർണാടകയിലെ ചിലപ്രദേശങ്ങൾ എന്നിവ ഉൾപ്പടെ ഉപഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ കാർഷിക അധിവാസങ്ങൾ ഉദയം ചെയ്തു. കൂടാതെ, ഡക്കാനിലും അതിനു തെക്കോട്ടും ഇടയജനതയെക്കുറിച്ചുള്ള തെളിവുകളും ലഭിച്ചിട്ടുണ്ട്. മെഗാലിത്തുകൾ എന്നറിയപ്പെടുന്ന മഹാശിലാനിർമ്മിതികൾ ഉൾപ്പെടെയുള്ള പുതിയ രീതിയിലുള്ള ശവസംസ്കാരരീതികൾ ബി.സി.ഇ. ഒന്നാം സഹസ്രാബ്ദം മുതൽ മധ്യ, ദക്ഷിണ ഇന്ത്യയിൽ ഉദയംചെയ്തു. പലപ്പോഴും, വ്യത്യസ്ത രീതിയിലുള്ള ഇരുമ്പ് ഉപകരണങ്ങളും ആയുധങ്ങളും ശവശരീരങ്ങളോടൊപ്പം സംസ്കരിച്ചിരുന്നു.



ചിത്രം 2.1
സാഞ്ചിയിലെ (മധ്യപ്രദേശ്) ഒരു പുരാലിഖിതം,
ഏകദേശം ബി.സി.ഇ. രണ്ടാം നൂറ്റാണ്ട്

ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ട് മുതൽ മറ്റ് പ്രവണതകളും നിലവിലുണ്ടായിരുന്നതായി തെളിവുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ പ്രകടമാകുന്നത് ആദ്യകാല രാഷ്ട്രങ്ങളുടെയും സാമ്രാജ്യങ്ങളുടെയും രാജഭരണപ്രദേശങ്ങളുടെയും ആവിർഭാവമായിരുന്നു. ഈ രാഷ്ട്രീയ പ്രക്രിയകൾക്ക് അടിസ്ഥാനമായത് മറ്റ് മാറ്റങ്ങളായിരുന്നുവെന്ന് കാർഷിക ഉൽപ്പാദനം സംഘടിപ്പിച്ച രീതികളിൽനിന്ന് വ്യക്തമാകുന്നുണ്ട്. ഇതോടൊപ്പംതന്നെ, ഉപഭൂഖണ്ഡത്തിലാകമാനം പുതിയ നഗരങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു.

ഈ വികാസങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി വ്യത്യസ്തമായ സ്രോതസ്സുകളെ (ലിഖിതങ്ങൾ, ഗ്രന്ഥങ്ങൾ, നാണയങ്ങൾ, ദൃശ്യസാമഗ്രികൾ) ആശ്രയിക്കുവാൻ ചരിത്രകാരർ ശ്രമിച്ചു. നാം കാണാൻ പോകുന്നതുപോലെ, ഇത് ഒരു സങ്കീർണപ്രക്രിയയാണ്. ഈ സ്രോതസ്സുകൾക്ക് സംഭവങ്ങളെ പൂർണമായി വിവരിക്കാനാകില്ലെന്നതും നിങ്ങളുടെ ശ്രദ്ധയിൽപ്പെടും.

## 1. പ്രിൻസപ്പും പിയദസ്സിയും (Prinsep and Piyadassi)

1830 കളിലാണ് ഇന്ത്യൻ പുരാലേഖാശാസ്ത്ര (epigraphy) ത്തിൽ ഏറ്റവും ശ്രദ്ധേയമായ ചില സംഭവവികാസങ്ങൾ ഉണ്ടായത്. ഈസ്റ്റ് ഇന്ത്യാകമ്പനിയിലെ കമ്മട്ടത്തിലെ (നാണയനിർമ്മാണശാലയിലെ) ഉദ്യോഗസ്ഥനായിരുന്ന ജെയിംസ് പ്രിൻസപ് ഏറ്റവും പഴയ ശാസനങ്ങളിലും നാണയങ്ങളിലും ഉപയോഗിച്ചിരുന്ന ബ്രാഹ്മി, ഖരോഷ്ഠി എന്നീ അക്ഷരമാലകൾ വായിച്ചെടുത്തതോടെയാണ് ഇതുണ്ടായത്. ഇവയിൽ ഭൂരിഭാഗവും പിയദസ്സി (ഇതിനർഥം "ദർശിക്കുവാൻ പ്രിയപ്പെട്ടവൻ" എന്നാണ്) എന്ന ഒരു രാജാവിനെ പരാമർശിക്കുന്നതായി അദ്ദേഹം കണ്ടെത്തി. ചുരുക്കംചില ശാസനങ്ങളിൽ ഈ രാജാവിനെ അശോകൻ (ബുദ്ധമതഗ്രന്ഥങ്ങളിൽ നിന്ന് അറിയപ്പെട്ട ഏറ്റവും പ്രശസ്തരായ ഭരണാധികാരിളിൽ ഒരാളായ അശോകൻ) എന്ന് പരാമർശിക്കുന്നു.

ലിഖിതങ്ങളെക്കുറിച്ചുള്ള പഠനമാണ് പുരാലേഖാശാസ്ത്രം (epigraphy)

ഇത്, ആദ്യകാല ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് ഒരു പുതിയ ദിശ നൽകി. യൂറോപ്യൻ-ഇന്ത്യൻ പണ്ഡിതർ, ഉപഭൂഖണ്ഡം ഭരിച്ചിരുന്ന പ്രധാന രാജവംശങ്ങളുടെ വംശാവലികളെ പുനർനിർമ്മിക്കുവാൻ, വിവിധതരം ഭാഷകളിൽ എഴുതപ്പെട്ട ശാസനങ്ങളും ഗ്രന്ഥങ്ങളും ഉപയോഗിച്ചു. തൽഫലമായി ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളോടുകൂടി രാഷ്ട്രീയചരിത്രത്തിന്റെ വിശാലമായ അതിർവരമ്പുകൾ സ്ഥിരീകരിക്കപ്പെട്ടു.

തുടർന്ന്, രാഷ്ട്രീയമാറ്റങ്ങളും സാമ്പത്തിക സാമൂഹിക വികാസങ്ങളും തമ്മിൽ ഏതെങ്കിലും രീതിയിൽ ബന്ധമുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ട് പണ്ഡിതർ രാഷ്ട്രീയചരിത്രത്തിന്റെ പശ്ചാത്തലത്തിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചുതുടങ്ങി. പരസ്പരബന്ധം ഉണ്ടെങ്കിലും അവ എല്ലായ്പ്പോഴും ലളിതമോ പ്രത്യക്ഷമോ ആയിരുന്നില്ല എന്ന് വളരെവേഗം തിരിച്ചറിയപ്പെട്ടു.

## 2. ഏറ്റവും ആദ്യത്തെ രാഷ്ട്രങ്ങൾ (THE EARLIEST STATES)

### 2.1 പതിനാറ് *മഹാജനപദങ്ങൾ* (The sixteen *mahajanapadas*)

ബി.സി.ഇ. ആറാം നൂറ്റാണ്ട് പലപ്പോഴും ആദ്യകാല ഇന്ത്യൻ ചരിത്രത്തിന്റെ ഒരു പ്രധാനവഴിത്തിരിവായി കണക്കാക്കപ്പെടുന്നു. ആദ്യകാല രാഷ്ട്രങ്ങൾ, നഗരങ്ങൾ, ഇരുമ്പിന്റെ വർധിച്ചുവരുന്ന ഉപയോഗം, നാണയവ്യവസ്ഥയുടെ പുരോഗതി തുടങ്ങിയവയുമായി ബന്ധപ്പെട്ട ഒരു യുഗമായിരുന്നു ഇത്. ബുദ്ധമതം, ജൈനമതം എന്നിവ ഉൾപ്പെടെയുള്ള വിഭിന്നചിന്താധാരകളുടെ വളർച്ചയ്ക്കും ഇത് സാക്ഷ്യം വഹിച്ചു. ആദ്യകാല ബൗദ്ധ-ജൈനഗ്രന്ഥങ്ങൾ *(അധ്യായം 4 കാണുക)*, മറ്റു കാര്യങ്ങളോടൊപ്പം, *മഹാജനപദങ്ങൾ* എന്നറിയപ്പെടുന്ന പതിനാറ് രാഷ്ട്രങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. പട്ടികകളിൽ രൂപഭേദങ്ങൾ ഉണ്ടെങ്കിലും വജ്ജി, മഗധ, കോസല, കുരു, പാഞ്ചാല, ഗാന്ധാര, അവന്തി തുടങ്ങിയ ചില പേരുകൾ പലപ്പോഴും കടന്നുവരുന്നുണ്ട്. വ്യക്തമായും ഇവ *മഹാജനപദങ്ങളിൽ* ഏറ്റവും പ്രധാനപ്പെട്ടവയായിരുന്നു.

മിക്ക *മഹാജനപദങ്ങളും* രാജാക്കന്മാർ ഭരിച്ചിരുന്നപ്പോൾ, *ഗണങ്ങൾ* അഥവാ *സംഘങ്ങൾ* എന്ന് അറിയപ്പെട്ടിരുന്ന അവയിൽ ധാരാളം പേർ ഒരുമിച്ച് അധികാരം പങ്കിടുന്ന ഒളിഗാർക്കി (പേജ് 30) ആയിരുന്നു നിലനിന്നിരുന്നത്. ഇവരെ പലപ്പോഴും *രാജാക്കന്മാർ* എന്ന് കൂട്ടമായി വിളിച്ചിരുന്നു. ബുദ്ധനും മഹാവീരനും (അധ്യായം 4) ഇത്തരം *ഗണങ്ങളിൽ* ഉൾപ്പെട്ടവരാണ്. ചില സന്ദർഭങ്ങളിൽ, വജ്ജി *സംഘത്തിന്റെ* കാര്യത്തിലെന്നപോലെ, *രാജാക്കന്മാർ* ഒരു പക്ഷേ, ഭൂമി പോലുള്ള വിഭവങ്ങളെ ഒരുമിച്ച് നിയന്ത്രിച്ചിട്ടുണ്ട്. സ്രോതസ്സുകളുടെ അഭാവത്താൽ ഇവയുടെ ചരിത്രങ്ങൾ പുനർനിർമ്മിക്കാൻ പലപ്പോഴും പ്രയാസമാണെങ്കിലും ഇവയിൽ ചില രാഷ്ട്രങ്ങൾ ഏകദേശം ആയിരം വർഷത്തോളം നീണ്ടുനിന്നതായി കാണുന്നു.

**ലിഖിതങ്ങൾ (Inscription)**

ശില, ലോഹം അല്ലെങ്കിൽ മൺപാത്രങ്ങൾ മുതലായ ഉറപ്പുള്ള പ്രതലങ്ങളിൽ കൊത്തിവയ്ക്കുന്ന രചനകളാണ് ലിഖിതങ്ങൾ. ഇത് ചെയ്യിച്ച വ്യക്തികളുടെ നേട്ടങ്ങളും പ്രവർത്തനങ്ങളും ആശയങ്ങളും, രാജാക്കന്മാരുടെ സാഹസകൃത്യങ്ങൾ, മതസ്ഥാപനങ്ങൾക്ക് സ്ത്രീകളും പുരുഷന്മാരും നൽകിയ സംഭാവനകൾ എന്നിവയാണ് സാധാരണ ഇവയിൽ രേഖപ്പെടുത്തുന്നത്. ലിഖിതങ്ങൾ ഫലത്തിൽ സ്ഥിരം രേഖകളാണ്, ചിലതിൽ തീയതികളും ഉൾക്കൊള്ളുന്നുണ്ട്. *പുരാലിപിശാസ്ത്ര (Palaeography)* മോ അല്ലെങ്കിൽ പുരാതന എഴുത്തു ശൈലികളോ ആണ് മറ്റുള്ളവയുടെ തീയതി നിർണയത്തിൽ അടിസ്ഥാനമാകുന്നത്. ഇവ മിക്കവാറും കൃത്യമായിരിക്കും. ഉദാഹരണത്തിന്, ഏകദേശം 250 ബി.സി.ഇ.യിൽ "a" (അ) എന്ന അക്ഷരം 𑀅 ഇങ്ങനെ എഴുതി. ഏകദേശം 500 സി.ഇ.യോടുകൂടി ഇത് 𑀅 ഇതുപോലെ എഴുതി.

ഏറ്റവും ആദ്യത്തെ ലിഖിതങ്ങൾ പ്രാകൃത് ഭാഷയിൽ ആയിരുന്നു. ഇത് സാധാരണ ജനങ്ങൾ ഉപയോഗിച്ചിരുന്ന ഭാഷയുടെ പേരാണ്. പ്രാചീന ഗ്രന്ഥങ്ങളിൽനിന്നും ലിഖിതങ്ങളിൽനിന്നും അറിയുന്ന അജാതശത്രുവിനെയും അശോകനെയും പോലുള്ള ഭരണാധികാരികളുടെ പേരുകൾ അവയുടെ പ്രാകൃത് ഭാഷാരൂപത്തിൽ തന്നെ ഈ അധ്യായത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ലിഖിതങ്ങളും ഗ്രന്ഥങ്ങളും എഴുതുവാൻ ഉപയോഗിച്ചിരുന്ന പാലി, തമിഴ്, സംസ്കൃതം മുതലായ ഭാഷകളിലെ പദങ്ങളും നിങ്ങൾക്ക് കാണാം. മറ്റുഭാഷകളിലും ജനങ്ങൾ സംസാരിച്ചിരുന്നിരിക്കാം, എന്നാൽ അവ എഴുതുവാൻ ഉപയോഗിച്ചിട്ടുണ്ടാവില്ല.

*ഒരു ജനത (ജനം, വർഗം അഥവാ ഗോത്രം) പ്രവേശിക്കുകയോ അല്ലെങ്കിൽ സ്ഥിരവാസമാക്കുകയോ ചെയ്യുന്ന പ്രദേശത്തെയാണ് ജനപദം കൊണ്ട് സൂചിപ്പിക്കുന്നത്. ഈ വാക്ക് പ്രാകൃത് ഭാഷയിലും സംസ്കൃതത്തിലും ഉപയോഗിക്കുന്നു.*




*ഭൂപടം 1*
*ആദ്യകാല രാഷ്ട്രങ്ങളും അവയുടെ തലസ്ഥാനങ്ങളും*

➲ ഏറ്റവുമധികം തിങ്ങി കൂട്ടമായി പാർക്കുന്ന രാഷ്ട്രങ്ങളിലെയും നഗരങ്ങളിലെയും പ്രദേശങ്ങൾ ഏവ?

*ഒളിഗാർക്കി* എന്നത് ഒരു കൂട്ടം വ്യക്തികൾ അധികാരം പ്രയോഗിക്കുന്ന ഗവൺമെന്റിനെ സൂചിപ്പിക്കുന്നു. നിങ്ങൾ കഴിഞ്ഞ വർഷം പഠിച്ച റോമാ റിപ്പബ്ലിക് പേരുകൊണ്ട് അങ്ങനെയായിരുന്നെങ്കിലും യഥാർഥത്തിൽ ഒളിഗാർക്കി ആയിരുന്നു.

ഓരോ *മഹാജനപദത്തിനും* ഒരു തലസ്ഥാനനഗരം ഉണ്ടായിരുന്നു. ഇവ പലപ്പോഴും കോട്ടകൾ കെട്ടി സുരക്ഷിതമാക്കിയിരുന്നു. ഈ കോട്ടനഗരങ്ങളെ പരിപാലിക്കുന്നതിനും അതുപോലെ രൂപപ്പെട്ടുവരുന്ന സൈന്യത്തെയും ഭരണവർഗത്തെയും നിലനിർത്തുന്നതിനും വിഭവങ്ങൾ ആവശ്യമായിരുന്നു. ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ട് മുതൽ, ബ്രാഹ്മണർ *ധർമസൂത്രങ്ങൾ* എന്നറിയപ്പെടുന്ന സംസ്കൃത ഗ്രന്ഥങ്ങൾ രചിക്കുവാൻ തുടങ്ങി. ഇതിൽ ഭരണാധികാരികൾക്കുവേണ്ടിയുള്ള മാനദണ്ഡങ്ങൾ (അതുപോലെ മറ്റു സാമൂഹിക വിഭാഗർക്കുവേണ്ടിയും) നിർമിക്കുകയും ഈ ഭരണാധികാരികൾ മാതൃകാപരമായി ക്ഷത്രിയർ (അധ്യായം 3 കാണുക) ആയിരിക്കണമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. കർഷകർ, വ്യാപാരികൾ, കൈത്തൊഴിലുകാർ എന്നിവരിൽ നിന്ന് നികുതികളും കപ്പവും ശേഖരിക്കുവാൻ ഭരണാധികാരികളെ ഉപദേശിച്ചു. ഇടയരിൽനിന്നും വനവാസികളിൽനിന്നും വിഭവങ്ങൾ ശേഖരിച്ചിരുന്നോ? യാഥാർഥ്യം നമുക്ക് അറിയില്ല. സമ്പത്ത് ശേഖരിക്കുന്നതിനായി അയൽരാജ്യങ്ങളിൽ മിന്നലാക്രമണം നടത്തുന്നത് നീതികരിക്കാവുന്ന മാർഗമായി കണക്കാക്കപ്പെട്ടിരുന്നു എന്ന് നമുക്ക് ഉറപ്പിച്ചറിയാം. ക്രമേണ, ചില രാജ്യങ്ങൾ സ്ഥിരം സൈന്യങ്ങളെ കെട്ടിപ്പടുക്കുകയും സ്ഥിരമായ ഉദ്യോഗസ്ഥവർഗത്തെ നിലനിർത്തുകയും

ചെയ്തു. എന്നാൽ മറ്റുള്ളവർ, മിക്കപ്പോഴും കർഷകരിൽനിന്നും തിരഞ്ഞെടുക്കുന്ന, സ്ഥിരമല്ലാത്ത സൈന്യത്തെ ആശ്രയിക്കുന്നത് തുടരുകയും ചെയ്തു.

## 2.2 പതിനാറിൽ ആദ്യത്തേത് : മഗധ (First amongst the sixteen: Magadha)

ബി.സി.ഇ. ആറ്, നാല് നൂറ്റാണ്ടുകൾക്കിടയിൽ, മഗധ (ഇന്നത്തെ ബിഹാറിൽ) ഏറ്റവും ശക്തമായ *മഹാജനപദ*മായിത്തീർന്നു. ആധുനികചരിത്രകാരർ ഈ പുരോഗതിയെ വ്യത്യസ്ത രീതികളിൽ വിശദീകരിക്കുന്നു : കാർഷികമായി വളരെയധികം ഉൽപ്പാദനക്ഷമതയുള്ള ഒരു പ്രദേശമായിരുന്നു മഗധ. കൂടാതെ, ഇരുമ്പുഖനി (ഇന്നത്തെ ജാർഖണ്ഡിൽ)കളുടെ സാമീപ്യമുണ്ടായിരുന്നു; അതിനാൽ ഉപകരണങ്ങൾക്കും ആയുധങ്ങൾക്കും ആവശ്യമായ വിഭവങ്ങൾ ഇവിടെനിന്ന് ലഭിക്കുകയും ചെയ്തു. സൈന്യത്തിലെ ഒരു പ്രധാനഘടകമായ ആനകൾ ഇവിടങ്ങളിലെ വനപ്രദേശങ്ങളിൽ ഉണ്ടായിരുന്നു. ഗംഗയും അതിന്റെ പോഷകനദികളും ചെലവുകുറഞ്ഞതും സൗകര്യപ്രദവുമായ ഗതാഗത സൗകര്യം പ്രദാനം ചെയ്തു. എങ്കിലും, മഗധയെക്കുറിച്ച് എഴുതിയ ആദ്യകാല ബുദ്ധ–ജൈന എഴുത്തുകാർ വ്യക്തികളുടെ നയങ്ങളെയാണ് മഗധയുടെ ശക്തിക്കു കാരണമായി ചൂണ്ടിക്കാട്ടിയത്: തങ്ങളുടെ നയങ്ങൾ നടപ്പിലാക്കാൻ സഹായിച്ച മന്ത്രിമാരോടുകൂടിയ, നിർദയരും ഉത്കർഷേച്ഛുക്കളുമായ ബിംബിസാരൻ, അജാതശത്രു, മഹാപത്മനന്ദൻ എന്നീ രാജാക്കന്മാരായിരുന്നു അവരിൽ പ്രസിദ്ധർ.

തുടക്കത്തിൽ, രാജഗഹ (ഇന്നത്തെ ബീഹാറിലെ രാജ്ഗീറിന്റെ പ്രാകൃത് ഭാഷാനാമം) ആയിരുന്നു മഗധയുടെ തലസ്ഥാനം. "രാജാവിന്റെ ഗൃഹം" എന്നാണ് ഈ പഴയ പേര് സൂചിപ്പിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. രാജഗഹം മലനിരകൾക്ക് ഇടയിൽ സ്ഥിതി ചെയ്യുന്ന കോട്ടകളാൽ ചുറ്റപ്പെട്ട ജനവാസകേന്ദ്രമായിരുന്നു. പിൽക്കാലത്ത് ബി.സി.ഇ. നാലാംനൂറ്റാണ്ടിൽ, ഗംഗയിലൂടെയുള്ള ഗതാഗത പാതകളുടെ മാർഗമധ്യേ സ്ഥിതി ചെയ്തിരുന്ന പാടലീപുത്ര (ഇന്നത്തെ പട്ന)യിലേക്ക് തലസ്ഥാനം മാറ്റപ്പെട്ടു.

**➲ ചർച്ച ചെയ്യുക...**

ആദ്യകാല എഴുത്തുകാരും ഇന്നത്തെ ചരിത്രകാരന്മാരും മഗധൻ ശക്തിയുടെ വളർച്ചയ്ക്കു നൽകിയ വ്യത്യസ്ത വിശദീകരണങ്ങൾ എന്തെല്ലാമാണ്?



*ചിത്രം 2.2*

*രാജ്ഗീറിലെ കോട്ടമതിലുകൾ*

➲ ഈ മതിലുകൾ നിർമ്മിച്ചത് എന്തിനായിരുന്നു?

## 3. ഒരു ആദ്യകാല സാമ്രാജ്യം (AN EARLY EMPIRE)

മൗര്യ സാമ്രാജ്യത്തിന്റെ ഉദയത്തോടെ മഗധയുടെ വളർച്ച അതിന്റെ പരമ്യത്തിൽ എത്തിച്ചേർന്നു. ഈ സാമ്രാജ്യം സ്ഥാപിച്ച ചന്ദ്രഗുപ്ത മൗര്യൻ (ഏകദേശം 321 ബി.സി.ഇ) വടക്ക് പടിഞ്ഞാറൻ പ്രദേശങ്ങളായ അഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ എന്നിവവരെ തന്റെ നിയന്ത്രണം വ്യാപിപ്പിച്ചു. ആദ്യകാല ഇന്ത്യയിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരിയായി കരുതപ്പെടുന്ന അദ്ദേഹത്തിന്റെ ചെറുമകനായ അശോകൻ കലിംഗ (ഇന്നത്തെ ഒറീസ്സയുടെ കടലോരപ്രദേശം) പിടിച്ചെടുത്തു.

**ഭാഷകളും ലിപികളും (Languages and scripts)**

ഭൂരിഭാഗം അശോകശാസനങ്ങളും പ്രാകൃത് ഭാഷയിലായിരുന്നു. എന്നാൽ ഉപഭൂഖണ്ഡത്തിന്റെ വടക്ക് പടിഞ്ഞാറൻ ഭാഗങ്ങളിൽ ഇത് അറമായ, ഗ്രീക്ക് ഭാഷകളിലായിരുന്നു. ഭൂരിഭാഗം പ്രാകൃത് ഭാഷാലിഖിതങ്ങളും ബ്രാഹ്മി ലിപിയിലാണ് എഴുതിയിട്ടുള്ളത്. എന്നാൽ വടക്കുപടിഞ്ഞാറുമുള്ള ചിലത് ഖരോഷ്ഠിയിൽ എഴുതിയിട്ടുണ്ട്. അഫ്ഗാനിസ്ഥാനിലെ ലിഖിതങ്ങൾക്കു വേണ്ടി അറമായ, ഗ്രീക്ക് ലിപികൾ ആണ് ഉപയോഗിച്ചിരുന്നത്.

### 3.1 മൗര്യരെക്കുറിച്ചുള്ള കണ്ടെത്തൽ (Finding out about the Mauryas)

മൗര്യസാമ്രാജ്യത്തിന്റെ ചരിത്രത്തെ പുനർനിർമ്മിക്കാൻ ചരിത്രകാരർ വിവിധങ്ങളായ സ്രോതസ്സുകൾ ഉപയോഗിച്ചിട്ടുണ്ട്. പുരാവസ്തു കണ്ടെത്തലുകൾ, വിശിഷ്യാ ശില്പങ്ങൾ ഇതിലുൾപ്പെടുന്നു. മെഗസ്തനീസിന്റെ (ചന്ദ്രഗുപ്തമൗര്യന്റെ രാജസദസിലെ ഒരു ഗ്രീക്ക് രാജപ്രതിനിധി) വിവരണങ്ങൾ പോലുള്ള സമകാലിക കൃതികളും വിലയേറിയതാണ്. പക്ഷേ അതിന്റെ ശകലങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളൂ. പലപ്പോഴും ഉപയോഗിക്കപ്പെടുന്ന മറ്റൊരു സ്രോതസ്സാണ് *അർഥശാസ്ത്രം*. ഇതിന്റെ പല ഭാഗങ്ങളും രചിച്ചതെന്നുകരുതപ്പെടുന്ന കൗടില്യൻ അഥവാ ചാണക്യൻ ചന്ദ്രഗുപ്തന്റെ മന്ത്രിയായിരുന്നു എന്ന് പരമ്പരാഗതമായി വിശ്വസിക്കപ്പെടുന്നു. ഇതിനുപുറമേ, പിൽക്കാല ബുദ്ധ-ജൈന, പുരാണ സാഹിത്യങ്ങളിലും സംസ്കൃതസാഹിത്യഗ്രന്ഥങ്ങളിലും മൗര്യരെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഇവയെല്ലാം ഉപകാരപ്രദമാണെങ്കിലും ശിലകളിലും സ്തംഭങ്ങളിലും കൊത്തിവച്ചിട്ടുള്ള അശോകന്റെ ശാസനങ്ങളെ (ഏകദേശം ബി.സി.ഇ 272/268-231) പലപ്പോഴും ഏറ്റവും വിലയേറിയ സ്രോതസ്സുകളുടെ കൂട്ടത്തിലാണ് പരിഗണിക്കുന്നത്.



*ചിത്രം 2.3*
*സ്തംഭത്തിന്റെ സിംഹശിരസ്ഥാനം (Lion capital)*

പ്രജകൾക്കും ഉദ്യോഗസ്ഥർക്കുമുള്ള തന്റെ സന്ദേശങ്ങൾ ശിലാപ്രതലങ്ങളിൽ കൊത്തിവച്ച ആദ്യത്തെ ഭരണാധികാരിയായിരുന്നു അശോകൻ. ഇവ പ്രകൃതിദത്തമായ ശിലകളിലും മിനുസപ്പെടുത്തിയ സ്തംഭങ്ങളിലും ഉല്ലേഖനം ചെയ്തു. താൻ മനസ്സിലാക്കിയ *ധമ്മ*ത്തെ ഉറക്കെ പ്രഖ്യാപിക്കാൻ അദ്ദേഹം തന്റെ ശാസനങ്ങൾ ഉപയോഗിച്ചു. മുതിർന്നവരോടുള്ള ബഹുമാനം, ബ്രാഹ്മണരോടും ലൗകികജീവിതം ഉപേക്ഷിച്ചവരോടുമുള്ള ഉദാരമനസ്കത, അടിമകളോടും ദാസന്മാരോടും ദയയോടുകൂടിയ പെരുമാറ്റം, തന്റേതല്ലാത്ത മതങ്ങളോടും മറ്റു പാരമ്പര്യങ്ങളോടുമുള്ള ബഹുമാനം എന്നിവ ഇതിൽ ഉൾപ്പെട്ടിരുന്നു.

➲ സ്തംഭത്തിന്റെ സിംഹ ശിരോസ്ഥാനത്തെ ഇന്നും പ്രാധാന്യത്തോടെ കരുതുന്നത് എന്തുകൊണ്ടാണ്?

### 3.2 സാമ്രാജ്യം ഭരിക്കൽ (Administering the empire)

സാമ്രാജ്യത്തിന് അഞ്ചു പ്രധാന രാഷ്ട്രീയകേന്ദ്രങ്ങൾ ഉണ്ടായിരുന്നു–തലസ്ഥാനമായ പാടലീപുത്രയും, തക്ഷശില, ഉജ്ജയിനി, തോശാലി, സുവർണഗിരി തുടങ്ങിയ പ്രവിശ്യാകേന്ദ്രങ്ങളും– ഇവയെല്ലാം അശോകശാസനങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. ഈ ലിഖിതങ്ങളിലെ ഉള്ളടക്കം നാം പരിശോധിക്കുകയാണെങ്കിൽ പാകിസ്താനിലെ ഇന്നത്തെ വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രവിശ്യകൾ മുതൽ ഇന്ത്യയിലെ ആന്ധ്രാപ്രദേശ്, ഒറീസ, ഉത്തരാഖണ്ഡ് എന്നിവിടങ്ങൾവരെ എല്ലായിടത്തും ഒരേ സന്ദേശമാണ് കൊത്തിവച്ചിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഈ വിശാലമായ സാമ്രാജ്യത്തിന് ഏകീകൃതമായ ഒരു ഭരണസംവിധാനമുണ്ടായിരുന്നിരിക്കുമോ? ഇത് ഉണ്ടാവാനിടയില്ലെന്നാണ് ചരി



ഭൂപടം 2
അശോക ശാസനങ്ങളുടെ വ്യാപനം

ത്രകാരർ കൂടുതലായും മനസ്സിലാക്കിയിട്ടുള്ളത്. സാമ്രാജ്യത്തിനുള്ളിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങൾ വളരെയധികം വൈവിധ്യമാർന്നവയായിരുന്നു. അഫ്ഗാനിസ്താനിലെ കുന്നിൻപ്രദേശവും ഒറീസയിലെ തീരപ്രദേശവും തമ്മിലുള്ള അന്തരത്തെക്കുറിച്ച് സങ്കൽപ്പിക്കുക.

➲ ഭരണാധികാരികൾ തങ്ങളുടെ സാമ്രാജ്യത്തിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ ലിഖിതങ്ങൾ കൊത്തിയിട്ടുണ്ടായിരിക്കുമോ?

തലസ്ഥാനത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിലും പ്രവിശ്യാകേന്ദ്രങ്ങളിലും ഭരണപരമായ നിയന്ത്രണം അതിശക്തമായിരുന്നിരിക്കാം. ഈ കേന്ദ്രങ്ങളെ ശ്രദ്ധാപൂർവമാണ് തിരഞ്ഞെടുത്തിരുന്നത്. കാരണം തക്ഷശിലയും ഉജ്ജയിനിയും പ്രധാനപ്പെട്ട വിദൂരവ്യാപാരപാതയിലാണ് സ്ഥിതി ചെയ്തിരുന്നതെങ്കിൽ, സുവർണഗിരിയുടെ (വാച്യാർഥത്തിൽ സ്വർണപർവതം) പ്രാധാന്യം കർണാടകത്തിലെ സ്വർണഖനികളിൽ നിന്നും സ്വർണം കുഴിച്ചെടുക്കുന്നതിന് ആയിരുന്നിരിക്കണം.

*സ്രോതസ്സ് 1*

**രാജാവിന്റെ ഉദ്യോഗസ്ഥർ എന്ത് ചെയ്തു What the King's official did)**

മെഗസ്തനീസിന്റെ വിവരണത്തിൽ നിന്നുള്ള ഉദ്ധരണി :

രാജ്യത്തിന്റെ ഉയർന്ന ഉദ്യോഗസ്ഥരിൽ, ചിലർ... ഈജിപ്തിൽ ചെയ്യുന്നതുപോലെ നദികളുടെ മേൽനോട്ടം വഹിക്കുന്നു, ഭൂമിയെ അളന്നു തിട്ടപ്പെടുത്തുന്നു, പ്രധാന കനാലുകളിൽ നിന്ന് അവയുടെ ശാഖകളിലേക്ക് ജലം ഒഴുക്കിവിടുന്ന നീർച്ചാലുകൾ പരിശോധിക്കുന്നു. അങ്ങനെ ഓരോരുത്തർക്കും തുല്യ അളവിൽ അത് ലഭിക്കുമെന്ന് ഉറപ്പാക്കുന്നു. അതേ വ്യക്തികൾക്ക് വേട്ടക്കാരുടെ ചുമതലയുംകൂടി ഉണ്ട്, ആളുകളുടെ ഗുണഗണത്തിനനുസരിച്ച് പ്രതിഫലമോ ശിക്ഷയോ നൽകുന്നതിലുള്ള അധികാരവും ഇവർക്കാണ്. അവർ നികുതികൾ പിരിക്കുകയും തടിവെട്ടുകാർ, മരപ്പണിക്കാർ, കൊല്ലന്മാർ, ഖനിത്തൊഴിലാളികൾ എന്നിങ്ങനെ ഭൂമിയുമായി ബന്ധപ്പെട്ട തൊഴിലുകളുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

➲ ഈ തൊഴിലാളി വിഭാഗങ്ങളുടെ മേൽനോട്ടം വഹിക്കാൻ ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നത് എന്തുകൊണ്ടായിരുന്നു?

➲ **ചർച്ച ചെയ്യുക...**

മെഗസ്തനീസിൽ നിന്നും *അർഥശാസ്ത്ര* (സ്രോതസ്സുകൾ 1 ഉം 2 ഉം) ത്തിൽ നിന്നുമുള്ള ഉദ്ധരണികൾ വായിക്കുക. മൗര്യ ഭരണത്തിന്റെ ചരിത്രം പുനർനിർമ്മിക്കാൻ ഈ ഗ്രന്ഥങ്ങൾ എത്രത്തോളം ഉപകാരപ്രദമാണ് എന്നാണ് നിങ്ങൾ കരുതുന്നത്?

സാമ്രാജ്യത്തിന്റെ നിലനിൽപ്പിന് കര-നദീതട ഗതാഗതപാതകൾ അത്യന്താപേക്ഷിതമായിരുന്നു. കേന്ദ്രത്തിൽനിന്നു പ്രവിശ്യകളിലേക്കുള്ള യാത്രകൾക്ക് മാസങ്ങൾ എടുത്തില്ലെങ്കിലും ആഴ്ചകൾ എടുത്തിരുന്നിട്ടുണ്ടാവാം. ഇത്തരത്തിൽ സഞ്ചരിക്കുന്നവർക്കായി നിത്യോപയോഗ സാധനങ്ങളും ഒപ്പംതന്നെ സംരക്ഷണവും ഏർപ്പെടുത്തേണ്ടിവന്നിരുന്നു എന്നാണ് ഇത് അർഥമാക്കുന്നത്. സംരക്ഷണം ഉറപ്പാക്കിയത് പ്രധാനമായും സൈന്യമാണെന്നത് വ്യക്തമാണ്. സൈനിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ആറ് ഉപസമിതികളടങ്ങിയ ഒരു സമിതിയെക്കുറിച്ച് മെഗസ്തനീസ് സൂചിപ്പിക്കുന്നുണ്ട്. ഇവയിൽ, ഒന്നാമത്തേത് നാവികസേനയെയും രണ്ടാമത്തേത് ഗതാഗതം, നിത്യോപയോഗ സാധനങ്ങൾ എന്നിവയേയും നോക്കിനടത്തി. മൂന്നാമത്തേതിന് കാലാൾപ്പടയുടെയും നാലാമത്തേതിന് അശ്വങ്ങളുടെയും അഞ്ചാമത്തേതിന് രഥവിഭാഗത്തിന്റെയും ആറാമത്തേതിന് ആനപ്പടയുടെയും ഉത്തരവാദിത്വം നൽകപ്പെട്ടു. രണ്ടാം ഉപസമിതിയുടെ പ്രവർത്തനങ്ങൾ തികച്ചും വ്യത്യസ്തമായിരുന്നു: ഉപകരണങ്ങൾ കടത്തുന്നതിനായി കാളവണ്ടികൾ ഏർപ്പെടുത്തുക, സൈനികർക്കുള്ള ഭക്ഷണവും മൃഗങ്ങൾക്കു വേണ്ട കാലിത്തീറ്റയും സംഭരിക്കുക, സൈനികരെ പരിപാലിക്കുന്നതിനായി ജോലിക്കാരെയും കൈത്തൊഴിലുകാരെയും തിരഞ്ഞെടുക്കുക എന്നിവയായിരുന്നു അവ.

അശോകൻ തന്റെ സാമ്രാജ്യത്തെ ഒന്നിപ്പിച്ചു നിർത്താൻ *ധമ്മ* പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. ഇതിന്റെ തത്ത്വങ്ങൾ, നാം കണ്ടതുപോലെ, ലളിതവും പ്രയോഗത്തിൽ സാർവലൗകികവുമായിരുന്നു. ഇത്, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഇഹലോകത്തും പരലോകത്തും ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നു. *ധമ്മ* സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി *ധമ്മമഹാമാത്ത* എന്നറിയപ്പെടുന്ന പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിച്ചു.

## 3.3 സാമ്രാജ്യം എത്രത്തോളം പ്രധാനപ്പെട്ടതായിരുന്നു? (How important was the empire?)

പത്തൊൻപതാം നൂറ്റാണ്ടിൽ ചരിത്രകാരർ ആദ്യകാല ഇന്ത്യൻ ചരിത്രത്തെ പുനർനിർമ്മിക്കാൻ തുടങ്ങിയപ്പോൾ, മൗര്യസാമ്രാജ്യത്തിന്റെ ഉദയം ഒരു പ്രധാന നാഴികക്കല്ലായി കരുതപ്പെട്ടു. അപ്പോൾ ഇന്ത്യ കൊളോണിയൽ ഭരണത്തിന്റെ കീഴിലും ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ ഭാഗവുമായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്തുമുള്ള ഇന്ത്യൻ ചരിത്രകാരർ, ആദ്യകാല ഇന്ത്യയിൽ വെല്ലുവിളി ഉയർത്തുന്നതും അത്ഭുതപ്പെടുത്തുന്നതുമായ ഒരു സാമ്രാജ്യം നിലനിന്നിരിക്കാനുള്ള സാധ്യതകൾ കണ്ടെത്തി. അതുപോലെ മൗര്യരുമായി ബന്ധപ്പെട്ട ശിലാശില്പങ്ങൾ ഉൾപ്പെടെയുള്ള ചില പുരാവസ്തു കണ്ടെത്തലുകൾ, ഒരു സാമ്രാജ്യത്തിന്റെ തനതും പകിട്ടേറിയതുമായ കലയുടെ ഉദാഹരണമായി കരുതപ്പെട്ടു. അശോക (ലിഖിത) ശാസനങ്ങളിലുള്ള സന്ദേശങ്ങൾ മറ്റുപല ഭരണാധികാരികളുടേതിൽനിന്നും വളരെയധികം വ്യത്യസ്തമാണെന്ന് ഈ ചരിത്രകാരരിൽ പലരും കണ്ടെത്തി. അശോകൻ വളരെയധികം ശക്തനും പ്രയത്നശീലനുമായിരുന്നെന്നും അതുപോലെതന്നെ ആഡംബരസ്ഥാനപ്പേരുകൾ സ്വീകരിച്ച പിൽക്കാല ഭരണാധികാരികളെ അപേക്ഷിച്ച് വിനയമുള്ളവനായിരുന്നെന്നും ഇതു സൂചിപ്പിച്ചു. അതുകൊണ്ടുതന്നെ ഇരുപതാംനൂറ്റാണ്ടിലെ ദേശീയവാദി നേതാക്കൾ അദ്ദേഹത്തെ പ്രചോദനത്തിന്റെ പ്രതിരൂപമായി കരുതിയതിൽ അതിശയപ്പെടാനില്ല.

എന്നിരുന്നാലും, മൗര്യസാമ്രാജ്യം എത്രത്തോളം പ്രധാനപ്പെട്ടതായിരുന്നു? ഇത് 150 വർഷത്തോളമാണ് നീണ്ടുനിന്നത്. ഉപഭൂഖണ്ഡത്തിന്റെ അതിദീർഘമായ ചരിത്രത്തെ സംബന്ധിച്ചിടത്തോളം ഇതൊരു നീണ്ട കാലഘട്ടമൊന്നുമല്ല. കൂടാതെ ഭൂപടം 2 നോക്കിയാൽ ഈ സാമ്രാജ്യം ഉപഭൂഖണ്ഡത്തെ പൂർണമായും ഉൾക്കൊണ്ടിരുന്നില്ല എന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. സാമ്രാജ്യത്തിന്റെ അതിർത്തികൾക്കുള്ളിൽത്തന്നെ നിയന്ത്രണം ഏകീകൃതമായിരുന്നില്ല. ബി.സി.ഇ. രണ്ടാം നൂറ്റാണ്ടോടുകൂടി, പുതിയ നാട്ടുരാജ്യങ്ങളും (Chiefdoms) രാജഭരണപ്രദേശങ്ങളും ഉപഭൂഖണ്ഡത്തിന്റെ വിവിധഭാഗങ്ങളിൽ ഉദയം ചെയ്തു.

## 4. രാജാധികാരത്തെക്കുറിച്ചുള്ള പുതിയ ധാരണകൾ (New Notions of Kingship)

### 4.1 ദക്ഷിണഭാഗത്തെ മുഖ്യന്മാരും രാജാക്കന്മാരും (Chiefs and kings in the south)

തമിഴകത്തെ (പുരാതന തമിഴ്‌രാജ്യത്തിന്റെ പേര്, തമിഴ്‌നാടിനു പുറമേ, ഇന്നത്തെ ആന്ധ്രാപ്രദേശിന്റെയും, കേരളത്തിന്റെ ചില ഭാഗങ്ങളും ചേർന്നത്) ചോളർ, ചേരർ, പാണ്ഡ്യർ എന്നീ നാട്ടുമുഖ്യർ ഉൾപ്പെടെ ഡക്കാനിലും അതിനും തെക്കുമായി ഉദയം ചെയ്ത പുതിയ രാഷ്ട്രങ്ങൾ സ്ഥിരതയുള്ളവയും സമ്പന്നവുമായിരുന്നെന്ന് തെളിഞ്ഞിട്ടുണ്ട്.

**നാട്ടു മുഖ്യന്മാരും നാട്ടുരാജ്യങ്ങളും (Chiefs and chiefdoms)**

ശക്തനായ വ്യക്തിയാണ് *മുഖ്യൻ*. അദ്ദേഹത്തിന്റെ സ്ഥാനം പാരമ്പര്യമോ അല്ലാത്തതോ ആകാമായിരുന്നു. അദ്ദേഹത്തിന് തന്റെ രക്തബന്ധുക്കളിൽ നിന്നുള്ള പിൻതുണ ലഭിച്ചിരുന്നു. പ്രത്യേക അനുഷ്ഠാനങ്ങൾ നിർവഹിക്കുക, യുദ്ധത്തിന് നേതൃത്വം നൽകുക, തർക്കങ്ങളിൽ മധ്യസ്ഥത വഹിക്കുക തുടങ്ങിയവ അദ്ദേഹത്തിന്റെ കാര്യനിർവഹണങ്ങളിൽ ഉൾപ്പെട്ടിരുന്നിരിക്കാം. അദ്ദേഹം തന്റെ ഉപമുഖ്യരിൽ (സാധാരണയായി നികുതികൾ ശേഖരിക്കുന്ന രാജാക്കൻമാരിൽ നിന്നും വ്യത്യസ്തമായി) നിന്ന് പാരിതോഷികങ്ങൾ സ്വീകരിക്കുകയും അവ പലപ്പോഴും തന്റെ അനുയായികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്യുന്നു. പൊതുവെ, നാട്ടുരാജ്യങ്ങളിൽ സ്ഥിരം സൈന്യങ്ങളോ ഉദ്യോഗസ്ഥരോ ഇല്ല.

വിവിധതരം സ്രോതസ്സുകളിൽ നിന്ന് ഈ രാഷ്ട്രങ്ങളെ കുറിച്ച് നാം അറിയുന്നുണ്ട്. ഉദാഹരണത്തിന്, ആദ്യകാല തമിഴ് സംഘം ഗ്രന്ഥങ്ങളിൽ (അധ്യായം 3 കാണുക) കാണപ്പെടുന്ന കവിതകളിൽ പ്രഭുക്കളെയും അവർ സമ്പത്ത് ശേഖരിച്ച് വിതരണം ചെയ്ത രീതികളെയും കുറിച്ച് വിവരിക്കുന്നുണ്ട്.

*സ്രോതസ്സ് 2*

**സൈന്യത്തിനുവേണ്ടി ആനകളെ പിടിക്കുന്നു (Capturing elephants for the army)**

*അർഥശാസ്ത്ര*ത്തിൽ ഭരണ - സൈനിക സംവിധാനത്തിന്റെ ഏറ്റവും സൂക്ഷ്മമായ കാര്യങ്ങൾപോലും വിശദമായി പ്രതിപാദിക്കുന്നു. എങ്ങനെയാണ് ആനകളെ പിടിക്കുന്നതെന്ന് ഇത് വിവരിക്കുന്നതിങ്ങനെയാണ് :

ആനകളുടെ വനത്തിലെ കാവൽക്കാർ, ആനകളെ വളർത്തുന്നവർ, ആനയുടെ കാലുകൾ ചങ്ങലയ്ക്കിടുന്നവർ, അതിർത്തികൾ കാക്കുന്നവർ, വനങ്ങളിൽ വസിക്കുന്നവർ, ആനകളെ ശുശ്രൂഷിക്കുന്നവർ എന്നിവരുടെ പിന്തുണയോടെ കാട്ടാനയെ കയർകൊണ്ട് ബന്ധിക്കുന്നതിൽ സഹായിക്കാനായുള്ള അഞ്ച് അല്ലെങ്കിൽ ഏഴ് പിടിയാനകളെ ഉപയോഗിച്ച് ആനകൾ വിസർജിച്ചുപോകുന്ന മൂത്രവും പിണ്ഡവും പിൻതുടർന്ന് ആനക്കൂട്ടത്തിന്റെ സ്ഥാനം കണ്ടെത്തുന്നു.

ഗ്രീക്ക് സ്രോതസ്സുകൾ അനുസരിച്ച് മൗര്യഭരണാധികാരിക്ക് 600,000 കാലാൾപ്പടയും 30,000 കുതിരപ്പടയും 9,000 ആനപ്പടയും ഉള്ള ഒരു സ്ഥിര സൈന്യം ഉണ്ടായിരുന്നു. ഈ വിവരണങ്ങൾ അതിശയോക്തി കലർന്നതാണെന്ന് ചില ചരിത്രകാരർ കരുതുന്നുണ്ട്.

➲ ഗ്രീക്ക് വിവരണങ്ങൾ സത്യമായിരുന്നുവെങ്കിൽ, മൗര്യഭരണാധികാരിക്ക് ഇത്രയും വലിയ സൈന്യത്തെ നിലനിർത്താനാവശ്യമായ എന്ത് തരം വിഭവങ്ങളാണ് ആവശ്യമായിരുന്നതെന്നാണ് നിങ്ങൾ കരുതുന്നത്?

ശതവാഹനർ (ഏകദേശം ബി.സി.ഇ രണ്ടാം നൂറ്റാണ്ട് മുതൽ സി.ഇ. രണ്ടാം നൂറ്റാണ്ടുവരെ) ഉൾപ്പെടെയുള്ള അനേകം പ്രഭുക്കളും രാജാക്കന്മാരും ഇന്ത്യയുടെ പടിഞ്ഞാറൻ, മധ്യപ്രദേശങ്ങൾ ഭരിച്ചിരുന്നു. ഉപഭൂഖണ്ഡത്തിന്റെ വടക്ക്-പടിഞ്ഞാറും പടിഞ്ഞാറും ഭാഗങ്ങളിൽ രാജ്യങ്ങൾ സ്ഥാപിച്ച മധ്യേഷ്യൻ ജനവിഭാഗമായ ശാകർ ഉൾപ്പെടെയുള്ള ഇക്കൂട്ടർ വിദൂരവ്യാപാരത്തിലൂടെ വരുമാനം നേടിയിരുന്നു. ഇവരുടെ സാമൂഹിക ഉത്ഭവങ്ങൾ പലപ്പോഴും അവ്യക്തമാണ്. എന്നാൽ, ശതവാഹനരുടെ (അധ്യായം 3) കാര്യത്തിൽ അവർ ഒരിക്കൽ അധികാരം നേടിക്കഴിഞ്ഞാൽ പിന്നെ വിവിധ വഴികളിലൂടെ സാമൂഹിക പ്രാമാണിത്തം നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ടെന്ന് കാണാം.

*സ്രോതസ്സ് 3*

**പാണ്ഡ്യത്തലവനായ ശെങ്കുട്ടുവൻ വനം സന്ദർശിക്കുന്നു (The Pandya chief Senguttuvan visits the forest)**

തമിഴിഴ് ഇതിഹാസമായ ചിലപ്പതികാരത്തിൽ നിന്നുള്ള ഉദ്ധരണി:

(അദ്ദേഹം വനം സന്ദർശിച്ചപ്പോൾ) ജനങ്ങൾ പാടുകയും നൃത്തം ചെയ്യുകയും ചെയ്തുകൊണ്ട് പർവതത്തങ്ങളിൽ നിന്ന് താഴെക്ക് ഇറങ്ങിവന്നു... പരാജയപ്പെട്ടവൻ വിജയിച്ച രാജാവിനോട് ബഹുമാനം കാണിക്കുന്നതുപോലെ, അവർ ഉപഹാരങ്ങൾ കൊണ്ടുവന്നു. ആനക്കൊമ്പ്, സുഗന്ധമുള്ള തടി, മാനിന്റെ കേശം കൊണ്ട് നിർമിച്ച വീശറി, തേൻ, ചന്ദനം, കാവി മണ്ണ്, നീലാഞ്ജനം, മഞ്ഞൾ, ഏലം, കുരുമുളക് തുടങ്ങിയവ... നാളികേരങ്ങൾ, മാമ്പഴങ്ങൾ, ഔഷധ സസ്യങ്ങൾ, പഴങ്ങൾ, ഉള്ളി, കരിമ്പ്, പൂക്കൾ, അടയ്ക്ക, വാഴപ്പഴം, കുഞ്ഞ് കടുവകൾ, സിംഹങ്ങൾ, കുരങ്ങന്മാർ, കരടി, മാൻ, കസ്തൂരിമാൻ, കുറുക്കൻ, മയിലുകൾ, പൂച്ച, കാട്ടുകോഴികൾ, സംസാരിക്കുന്ന തത്തകൾ തുടങ്ങിയവും അവർ കൊണ്ടുവന്നു...

➲ ഈ ഉപഹാരങ്ങൾ ജനങ്ങൾ കൊണ്ടുവന്നത് എന്തുകൊണ്ട് ? ഇത് മുഖ്യൻ എന്തിനുവേണ്ടിയാണ് ഉപയോഗിച്ചിട്ടുണ്ടാവുക?

### 4.2 ദൈവിക രാജാക്കന്മാർ (Divine kings)

വിവിധതരം ദൈവങ്ങളായി സ്വയം സമന്വയിക്കുക എന്നതാണ് ഉയർന്ന സ്ഥാനം അവകാശപ്പെടാനുള്ള ഒരു മാർഗം. ഈ തന്ത്രത്തെ ഉദാഹരണംകൊണ്ട് ഏറ്റവും നന്നായി തെളിയിച്ചത് കുഷാണ (ഏകദേശം ബി.സി.ഇ ഒന്നാം നൂറ്റാണ്ട് മുതൽ സി.ഇ. ഒന്നാം നൂറ്റാണ്ട് വരെ) രാണ്. അവർ മധ്യേഷ്യ മുതൽ വടക്ക് പടിഞ്ഞാറൻ ഇന്ത്യ വരെ വ്യാപിച്ചിരുന്ന വിശാലമായ രാജ്യമാണ് ഭരിച്ചിരുന്നത്. ശിലാലിഖിതങ്ങളിൽനിന്നും ലിഖിതപാരമ്പര്യങ്ങളിൽനിന്നുമാണ് അവരുടെ ചരിത്രത്തെ പുനർനിർമിച്ചിരിക്കുന്നത്. അവർ അവതരിപ്പിക്കാൻ ആഗ്രഹിച്ചിരുന്ന രാജത്വത്തെ സംബന്ധിച്ച സങ്കൽപ്പങ്ങൾ അവരുടെ നാണയങ്ങളും വാസ്തുശില്പങ്ങളും മികച്ചരീതിയിൽ തെളിയിക്കുന്നുണ്ട്.

കുഷാണ ഭരണാധികാരികളുടെ ഭീമാകാരമായ പ്രതിമകൾ മഥുര (ഉത്തർപ്രദേശ്)യ്ക്കടുത്തുള്ള മാറ്റിലെ ഒരു ആരാധനാലയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സമാനമായ പ്രതിമകൾ അഫ്ഗാനിസ്ഥാനിലെ ഒരു ആരാധനാലയത്തിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. കുഷാണർ സ്വയം ദൈവങ്ങളെപ്പോലെ കരുതിയതിന്റെ സൂചനയാണിതെന്ന് ചില ചരിത്രകാരർ കരുതുന്നു. ധാരാളം കുഷാണ ഭരണാധികാരികൾ *ദേവപുത്ര* അല്ലെങ്കിൽ "ദൈവപുത്രൻ" എന്ന നാമവും സ്വീകരിച്ചു. സ്വർഗപുത്രന്മാർ എന്ന് സ്വയം വിളിച്ചിരുന്ന ചൈനീസ് ഭരണാധികാരികളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാകാം ഇത്.

നാലാം നൂറ്റാണ്ടോടുകൂടി ഗുപ്ത സാമ്രാജ്യം ഉൾപ്പെടെയുള്ള വലിയ രാഷ്ട്രങ്ങളെക്കുറിച്ചുള്ള തെളിവുകളുണ്ട്. ഇവരിൽ ഭൂരിഭാഗവും *സാമന്തന്മാരെ* ആശ്രയിച്ചിരുന്നു. ഭൂമിക്കുമേലുള്ള നിയന്ത്രണം ഉൾപ്പെടെയുള്ള പ്രാദേശിക വിഭവങ്ങൾക്കൊണ്ടു നിലനിൽക്കുന്നവരായിരുന്നു ഇക്കൂട്ടർ. ഇവർ ഭരണാധികാരികൾക്ക് ആദരവ് അർപ്പിക്കുകയും സൈനിക പിൻതുണ നൽകുകയും ചെയ്തു. ശക്തരായ സാമന്തർ രാജക്കന്മാരായി മാറാനിടയുണ്ടായിരുന്നു; നേരെമറിച്ച് ദുർബലരായ ഭരണാധികാരികൾ പലപ്പോഴും ആജ്ഞാനുവർത്തികളായി താഴ്ത്തപ്പെട്ട അവസ്ഥയിലുമായി.

സാഹിത്യം, നാണയങ്ങൾ, ലിഖിതങ്ങൾ, *പ്രശസ്തികൾ* ഉൾപ്പെടെയുള്ളവയിൽ നിന്നുമാണ് ചരിത്രകാരർ ഗുപ്തഭരണാധികാരികളുടെ ചരിത്രത്തെ പുനർനിർമിച്ചത്. രാജാക്കന്മാരെ, പ്രത്യേകിച്ചും രക്ഷാധികാരികളെ പൊതുവെയും പ്രകീർത്തിച്ചുകൊണ്ട് കവികൾ രചിച്ചവയാണ് *പ്രശസ്തികൾ.* ചരിത്രകാരർ ഇത്തരം രചനകളിൽ നിന്ന് വസ്തുനിഷ്ഠമായ വിവരങ്ങൾ ശേഖരിക്കുവാൻ പല



*ചിത്രം 2.4*
*ഒരു കുഷാണ നാണയം :*
*മുൻഭാഗം : കനിഷ്ക രാജാവ്*
*മറുഭാഗം : ഒരു ദൈവം*

➲ രാജാവിനെ എങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത്?

പ്പോഴും ശ്രമിക്കാറുണ്ടെങ്കിലും അക്ഷരാർഥത്തിൽ സത്യസന്ധമായ വിവരണങ്ങളെന്നതിനേക്കാൾ ഇവയെ കാവ്യരചനകളായിട്ടാണ് ഇവ എഴുതുകയും വായിക്കുകയും ചെയ്തവർ വിലമതിച്ചിരുന്നത്. ഗുപ്ത ഭരണാധികാരി (ഏകദേശം ബി.സി. നാലാം നൂറ്റാണ്ട്) കളിൽ ഏറ്റവും ശക്തനെന്ന് വാദിക്കപ്പെടുന്ന, സമുദ്രഗുപ്തന്റെ രാജസദസ്സിലെ കവിയായ ഹരിസേനൻ സംസ്കൃതത്തിൽ രചിച്ച *പ്രയാഗ പ്രശസ്തി* (അലഹബാദ് സ്തംഭശാസനം എന്നും അറിയപ്പെടുന്നു) ഇതിനൊരുദാഹരണമാണ്.

ചിത്രം 2.5
*ഒരു കുഷാണ രാജാവിന്റെ മണൽക്കല്ല് കൊണ്ടുള്ള ശില്പം.*

➲ ഈ ശില്പത്തിൽ, ഒരു രാജാവിന്റെ രൂപമാണിതെന്ന് സൂചിപ്പിക്കുന്ന എന്തെല്ലാം ഘടകങ്ങൾ ഉണ്ട് ?

*സ്രോതസ്സ് 4*

**സമുദ്രഗുപ്തനെ പ്രശംസിക്കുന്നു**
**(In praise of Samudragupta)**

പ്രയാഗ പ്രശസ്തിയിൽ നിന്നുള്ള ഒരു ഉദ്ധരണി :

ഭൂമിയിൽ അദ്ദേഹത്തിന് ഒരു പ്രതിയോഗിയുണ്ടായിരുന്നില്ല; നൂറു കണക്കിന് സുകൃതങ്ങളാൽ അലങ്കരിക്കപ്പെട്ട ബഹുമുഖമായ സദ്ഗുണങ്ങൾ കവിഞ്ഞൊഴുകുന്നതിനാൽ അദ്ദേഹം തന്റെ പാദാരവിന്ദം കൊണ്ട് മറ്റുരാജാക്കന്മാരുടെ പ്രശസ്തികൾ തുടച്ചുനീക്കി; (അദ്ദേഹം) *'പുരുഷ'* (പരമോന്നതൻ)നാണ്, നന്മയുടെ സമൃദ്ധിക്കു കാരണവും തിന്മയുടെ നാശത്തിനു ഹേതുവും ആകയാൽ അദ്ദേഹം ഗ്രഹിക്കാൻ പറ്റാത്തവനാണ്; ഭക്തിയും വിനയവും കൊണ്ടുമാത്രം പിടിച്ചെടുക്കാൻ കഴിയുന്ന മൃദുല ഹൃദയം ഉള്ളവനാണ്; ദയാവായ്പ് ഉള്ളവനാണ്, നൂറായിരക്കണക്കിന് പശുക്കളെ ദാനം ചെയ്യുന്നവനാണ്; (അദ്ദേഹത്തിന്റെ) മനസ്സിന് ദുഃഖാർത്തരെയും പാവപ്പെട്ടവരെയും നിരാലംബരെയും ദുരിതമനുഭവിക്കുന്നവരെയും ഉയർത്തുവാനായി നിയോഗം കിട്ടിയിട്ടുണ്ട്; (അദ്ദേഹം) തേജസ്വിയും മനുഷ്യരാശിയോടുള്ള ദയാവായ്പിന്റെ നിറകുടവും, (അദ്ദേഹം) കുബേരൻ, (സ്വത്തിന്റെ ദൈവം), വരുണൻ (സമുദ്ര ദൈവം), ഇന്ദ്രൻ (മഴ ദൈവം), യമൻ (മരണത്തിന്റെ ദൈവം) എന്നീ ദൈവങ്ങൾക്ക് സമനും ആണ്...



➲ **ചർച്ച ചെയ്യുക...**

രാജാക്കന്മാർ, ദിവ്യപദവി അവകാശപ്പെട്ടത് എന്തിനാണെന്നാണ് നിങ്ങൾ കരുതുന്നത്?

*സ്രോതസ്സ് 5*

**ഗുജറാത്തിലെ സുദർശന (മനോഹരമായ) തടാകം**

**(The Sudarshana (beautiful) lake in Gujarat)**

ഭൂപടം 2-ൽ ഗിർനാർ കണ്ടുപിടിക്കുക. സുദർശന തടാകം ഒരു കൃത്രിമ ജലസംഭരണിയായിരുന്നു. ശാകഭരണാധികാരിയായിരുന്ന രുദ്രദാമന്റെ നേട്ടങ്ങൾ രേഖപ്പെടുത്താൻ രചിച്ച സംസ്കൃതത്തിലെ ഒരു ശിലാലിഖിത (ഏകദേശം സി.ഇ. രണ്ടാം നൂറ്റാണ്ട്) ത്തിൽ നിന്നാണ് ഇതിനെകുറിച്ച് നാം അറിയുന്നത്.

മൗര്യഭരണകാലത്ത് ഒരു പ്രാദേശിക ഗവർണറാണ് ചിറഭിത്തികളോടും നീർച്ചാലുകളോടും കൂടിയ ഈ തടാകം നിർമിച്ചതെന്ന് ലിഖിതങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ, ഒരു ഭയാനകമായ കൊടുംകാറ്റ് ചിറഭിത്തികളെ പിളർക്കുകയും തടാകത്തിൽ നിന്നും വെള്ളം പുറത്തേക്ക് കുതിച്ച് ഒഴുകുകയും ചെയ്തു. അക്കാലത്ത് ഈ പ്രദേശം ഭരിച്ചിരുന്ന രുദ്രദാമൻ തന്റെ പ്രജകളുടെമേൽ യാതൊരു നികുതിയും ചുമത്താതെ, തന്റെ സ്വന്തം വിഭവങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ട് തടാകത്തിന്റെ കേടുപാടുകൾ തീർത്തതായി അവകാശപ്പെടുന്നു.

ഇതേ ശിലയുടെ പുറത്തുള്ള മറ്റൊരു ലിഖിതം (ഏകദേശം അഞ്ചാം നൂറ്റാണ്ട്) ഗുപ്തരാജവംശത്തിലെ ഭരണാധികാരികളിലൊരാൾ ഒരിക്കൽകൂടി തടാകത്തിന്റെ കേടുപാടുകൾ തീർത്തത് എങ്ങനെയെന്ന് സൂചിപ്പിക്കുന്നുണ്ട്.

➲ ഭരണാധികാരികൾ ജലസേചനത്തിന് ഏർപ്പാടുകൾ ചെയ്തത് എന്തിനുവേണ്ടിയായിരുന്നു?

*ജല സമൃദ്ധമായ പ്രദേശങ്ങളിൽ നെൽകൃഷിയിൽ ഞാറുപറിച്ചുനടൽ രീതി ഉപയോഗിക്കുന്നു. ഇവിടെ ആദ്യം വിത്തുകൾ വിതയ്ക്കുന്നു; തൈകൾ വളരുമ്പോൾ ജലം കെട്ടിനിറച്ച പ്രദേശങ്ങളിലേക്ക് അവയെ പറിച്ച് നടുന്നു. ഇതിലൂടെ തൈകളുടെ ഉയർന്ന അനുപാതത്തിലുള്ള അതിജീവനവും വർധിച്ച വിളവും ഉറപ്പാക്കുന്നു.*

## 5. മാറുന്ന നാട്ടിൻപുറം (A CHANGING COUNTRYSIDE)

### 5.1 രാജാക്കന്മാരെ കുറിച്ചുള്ള ജനവീക്ഷണം (Popular perceptions of kings)

ജനങ്ങൾ തങ്ങളുടെ ഭരണാധികാരികളെക്കുറിച്ച് എന്താണ് വിചാരിച്ചിരുന്നത്? തീർച്ചയായും, ലിഖിതങ്ങൾ സമ്പൂർണമായ ഉത്തരങ്ങൾ നൽകുന്നില്ല. യഥാർഥത്തിൽ, സാധാരണ ജനങ്ങൾ അവരുടെ ചിന്തകളെയും അനുഭവങ്ങളെയും പ്രതിപാദിക്കുന്ന രേഖകൾ അപൂർവമായേ നൽകിയിട്ടുള്ളൂ. എന്നിരുന്നാലും, *ജാതകകഥകൾ, പഞ്ചതന്ത്രം* മുതലായ പദ്യസമാഹാരങ്ങളിൽ അടങ്ങിയിട്ടുള്ള കഥകൾ പരിശോധിച്ചുകൊണ്ട് ചരിത്രകാരർ ഈ പ്രശ്നം പരിഹരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇവയിൽ മിക്ക കഥകളുടെയും ഉറവിടം, പ്രചാരത്തിലിരുന്ന വാമൊഴി കഥകളാണ്. അവ പിൽക്കാലത്താണ് എഴുതപ്പെട്ടത്. ഏകദേശം സി.ഇ ഒന്നാം സഹസ്രാബ്ദത്തിന്റെ മധ്യത്തിലാണ് പാലി ഭാഷയിൽ *ജാതക*കഥകൾ എഴുതപ്പെട്ടത്.

*ഗണ്ടതിണ്ടു ജാതകം* എന്നറിയപ്പെടുന്ന ഒരു കഥ ഒരു ദുഷ്ടരാജാവിന്റെ പ്രജകളുടെ ദുരവസ്ഥ വിവരിക്കുന്നു : മുതിർന്ന സ്ത്രീകൾ, പുരുഷന്മാർ, കൃഷിക്കാർ, മൃഗപാലകർ, ഗ്രാമങ്ങളിലെ കുട്ടികൾ, കൂടാതെ മൃഗങ്ങൾ പോലും ഇതിൽ ഉൾപ്പെടുന്നു. തന്റെ പ്രജകൾ തന്നെക്കുറിച്ച് എന്ത് വിചാരിക്കുന്നു എന്ന് കണ്ടെത്താൻ രാജാവ് വേഷംമാറി ചെന്നപ്പോൾ ഓരോരുത്തരും അവരുടെ ദുരിതകാരണത്തിന് അദ്ദേഹത്തെ ശപിക്കുകയായിരുന്നു. രാത്രിയിൽ കവർച്ചക്കാരാലും പകൽ സമയങ്ങളിൽ നികുതി ശേഖരിക്കുന്നവരാലും ആക്രമിക്കപ്പെടുകയാണെന്ന് അവർ പരാതിപ്പെട്ടു. ഈ സാഹചര്യത്തിൽ നിന്ന് രക്ഷനേടാൻ ജനങ്ങൾ അവരുടെ ഗ്രാമം ഉപേക്ഷിച്ച് വനാന്തരങ്ങളിലേക്ക് പോയി ജീവിച്ചു.

ഈ കഥ സൂചിപ്പിക്കുന്നത് പോലെ, ഒരു രാജാവും അദ്ദേഹത്തിന്റെ പ്രജകളും തമ്മിലുള്ള ബന്ധം, പ്രത്യേകിച്ചും ഗ്രാമീണ ജനങ്ങളുമായുള്ളത്, പലപ്പോഴും വഷളായിട്ടുണ്ടാകാം. രാജാക്കന്മാർ പലപ്പോഴും ഉയർന്ന നികുതികൾ ആവശ്യപ്പെട്ടുകൊണ്ട് അവരുടെ ഖജനാവ് നിറയ്ക്കുവാൻ ശ്രമിച്ചു. കർഷകർ പ്രത്യേകിച്ചും ഇത്തരം ആജ്ഞകൾ മർദനപരമായി കണ്ടു. *ജാതക* കഥകളിൽ പ്രതിഫലിക്കുന്നതുപോലെ വനാന്തരങ്ങളിലേക്ക് രക്ഷപ്പെടുക എന്നതായിരുന്നു അവശേഷിക്കുന്ന ഒരു മാർഗം. ഇതോടൊപ്പം, നികുതിയുടെ വർധിച്ച ആവശ്യം നിറവേറ്റുവാനായി ഉൽപാദനം വർധിപ്പിക്കുവാനുള്ള മറ്റു ഉപായങ്ങളും സ്വീകരിക്കപ്പെട്ടു.

### 5.2 ഉൽപാദനം വർധിപ്പിക്കുന്നതിനുള്ള ഉപായങ്ങൾ (Strategies for increasing production)

കലപ്പ ഉപയോഗിച്ചുള്ള കൃഷിയിലേക്കുള്ള മാറ്റമായിരുന്നു ഒരു ഉപായം. ഗംഗ, കാവേരി തുടങ്ങിയ ഫലഭൂയിഷ്ഠമായ നദീതടങ്ങളിൽ ഏകദേശം ബി.സി.ഇ. ആറാംനൂറ്റാണ്ട് മുതൽ ഇത് വ്യാപിച്ചിരുന്നു. ഉയർന്ന മഴ ലഭിക്കുന്ന പ്രദേശങ്ങളിലെ ഫലഭൂയിഷ്ഠമായ മണ്ണ് ഉഴുന്നതിനായി ഇരുമ്പ് മുനയുള്ള കലപ്പ ഉപയോഗിക്കുകയുണ്ടായി. ഇതുകൂടാതെ, ഗംഗാതാഴ്‌വരയുടെ ചില ഭാഗങ്ങളിൽ ഞാറു പറിച്ചുമാറ്റിനടലിന്റെ ആവിർഭാവത്തോടുകൂടി നെല്ലിന്റെ ഉൽപ്പാദനം ഗണ്യമായി വർധിച്ചു. എന്നാൽ ഇത് ഉൽപ്പാദകന്റെ നട്ടെല്ലൊടിക്കുന്ന ജോലിയായിരുന്നു.

ഇരുമ്പുകൊണ്ടുള്ള കലപ്പ കാർഷികോൽപ്പാദനത്തെ വളർച്ചയിലേക്ക് നയിച്ചപ്പോൾ ഇതിന്റെ ഉപയോഗം ഉപഭൂഖണ്ഡത്തിന്റെ ചിലഭാഗങ്ങളിൽ മാത്രമായി പരിമിതപ്പെട്ടു. ഭാഗികമായി വരണ്ട പഞ്ചാബിലെയും രാജസ്ഥാനിലെയും ചിലഭാഗങ്ങളിലെ കൃഷിക്കാർ ഇരുപതാം നൂറ്റാണ്ട് വരെ ഈ സമ്പ്രദായം സ്വീകരിച്ചില്ല. അതുപോലെ ഉപഭൂഖണ്ഡത്തിന്റെ വടക്കുകിഴക്കൻ പ്രദേശങ്ങളിലും മധ്യഭാഗങ്ങളിലുമുള്ള കുന്നിൻ പ്രദേശങ്ങളിൽ വസിച്ചിരുന്നവർ കൈക്കോട്ട് കൊണ്ടുള്ള കൃഷിതന്നെ പിൻതുടർന്നു. എന്തെന്നാൽ ഇതായിരുന്നു ഈ ഭൂപ്രദേശത്തിന് ഏറെ അനുയോജ്യമായിരുന്നത്.

കാർഷികോൽപ്പാദനം വർധിപ്പിക്കുവാൻ സ്വീകരിച്ച മറ്റൊരു തന്ത്രം ജലസേചനത്തിന്റെ ഉപയോഗമായിരുന്നു. കിണറുകൾ, കുളങ്ങൾ, ചിലപ്പോൾ കനാലുകൾ എന്നിവയിലൂടെയാണ് ഇതു നടപ്പിലാക്കിയത്. സമുദായങ്ങളും അതുപോലെതന്നെ വ്യക്തികളും ജലസേചനപദ്ധതികളുടെ നിർമ്മാണം സംഘടിപ്പിച്ചിരുന്നു. രാജക്കന്മാർ ഉൾപ്പെടെയുള്ള ശക്തരായ വ്യക്തികൾ പലപ്പോഴും അത്തരം പ്രവർത്തനങ്ങൾ ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിരുന്നു.

### 5.3 ഗ്രാമീണ സമൂഹത്തിലെ ഭിന്നതകൾ (Differences in rural society)

ഈ സാങ്കേതിക വിദ്യകൾ പലപ്പോഴും ഉൽപ്പാദനം വർധിപ്പിക്കുന്നതിലേക്ക് നയിച്ചപ്പോൾ അതിന്റെ നേട്ടങ്ങൾ എല്ലാവർക്കും ഒരുപോലെ ലഭ്യമായിരുന്നില്ല. കൃഷിയിൽ ഏർപ്പെട്ടിരുന്ന ആളുകൾക്കിടയിൽ വേർതിരിവുകൾ വർധിച്ചുവന്നു എന്ന് വ്യക്തമാണ്. കഥകളിൽ പ്രത്യേകിച്ചും ബുദ്ധമത പാരമ്പര്യകഥകളിൽ, ഭൂരഹിതരായ കർഷകത്തൊഴിലാളികളെയും ചെറുകിടകർഷകരെയും അതുപോലെ വൻകിട ഭൂവുടമകളെയും കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. രണ്ടാമത്തെയും മൂന്നാമത്തെയും വിഭാഗങ്ങളെ സൂചിപ്പിക്കുന്നതിനായി *ഗഹപതി* എന്ന പദമാണ് പലപ്പോഴും പാലി ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിരുന്നത്. വൻകിട ഭൂവുടമകളും അതുപോലെ ഗ്രാമത്തലവന്മാരും (അവരുടെ സ്ഥാനം പലപ്പോഴും പാരമ്പരാഗതമായിരുന്നു) ശക്തരായ പ്രതിരൂപങ്ങളായി ഉദയം ചെയ്യുകയും പലപ്പോഴും മറ്റു കർഷകരുടെമേൽ നിയന്ത്രണം പ്രയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യകാല തമിഴ്സാഹിത്യം (സംഘം കൃതികൾ) ഗ്രാമങ്ങളിൽ വസിക്കുന്ന വ്യത്യസ്ത ജനവിഭാഗങ്ങളായ വൻകിട ഭൂവുടമകൾ അഥവാ *വെള്ളാളർ*, ഉഴവുന്നവർ അഥവാ *ഉഴവർ*, അടിമകൾ അഥവാ *അടിമൈ* എന്നിവരെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഈ വ്യത്യാസങ്ങൾ ഭൂമിയുടെ ഉടമസ്ഥതയുടെയും തൊഴിലിന്റെയും ചില പുതിയ സാങ്കേതികവിദ്യകളുടെയും പ്രാപ്യതയുടെ അടിസ്ഥാനത്തിലായിരുന്നിരിക്കാൻ സാധ്യതയുണ്ട്. അത്തരമൊരു സാഹചര്യത്തിൽ, ഭൂമിയുടെ മേലുള്ള നിയന്ത്രണം സംബന്ധിച്ച പ്രശ്നങ്ങൾ നിർണായകമായി തീർന്നിട്ടുണ്ടാകാം; കാരണം ഇവയെക്കുറിച്ച് പലപ്പോഴും നിയമഗ്രന്ഥങ്ങളിൽ ചർച്ചചെയ്യപ്പെടുന്നുണ്ട്.

**ഗഹപതി (Gahapati)**

ഒരു പൊതുവസതി പങ്കിടുന്ന സ്ത്രീകൾ, കുട്ടികൾ, അടിമകൾ, തൊഴിലാളികൾ എന്നിവരുടെമേൽ നിയന്ത്രണം ചെലുത്തുന്ന ഉടമസ്ഥനും യജമാനനും അല്ലെങ്കിൽ കുടുംബനാഥനും ആയിരുന്നു ഒരു *ഗഹപതി*. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള സമ്പത്തായ ഭൂമിയുടെയും മൃഗങ്ങളുടെയും മറ്റുവസ്തുക്കളുടെയും ഉടമകൂടിയായിരുന്നു അദ്ദേഹം. ചിലസമയങ്ങളിൽ, ഈ പദം സമ്പന്ന വ്യാപാരികൾ ഉൾപ്പെടെയുള്ള നഗരത്തിലെ വരേണ്യ വർഗത്തിൽപ്പെട്ടവരുടെ പദവിയുടെ അടയാളമായി ഉപയോഗിച്ചിരുന്നു.

സ്രോതസ്സ് 6

**അതിർത്തികളുടെ പ്രാധാന്യം (The importance of boundaries)**

സംസ്കൃതത്തിൽ എഴുതപ്പെടുകയും ഏകദേശം ബി.സി.ഇ. രണ്ടാം നൂറ്റാണ്ടിനും സി.ഇ രണ്ടാം നൂറ്റാണ്ടിനുമിടയിൽ ക്രോഡീകരിക്കപ്പെടുകയും ചെയ്യപ്പെട്ട *മനുസ്മൃതി* , ആദ്യകാല ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ നിയമഗ്രന്ഥങ്ങളിലൊന്നാണ്. ഈ ഗ്രന്ഥം രാജാവിനെ ഉപദേശിക്കുന്നതിങ്ങനെയാണ് :

അതിരുകളെക്കുറിച്ചുള്ള അജ്ഞതമൂലമാണ് ലോകത്ത് തുടർച്ചയായി തർക്കങ്ങൾ ആവിർഭവിക്കുന്നതെന്ന് കണ്ട്, അദ്ദേഹം (രാജാവ്)... ശിലകൾ, അസ്ഥികൾ, പശുവിന്റെ മുടി, ഉമി, ചാരം, മൺപാത്രക്കഷണങ്ങൾ, ഉണങ്ങിയ ചാണകം, ഇഷ്ടികകൾ, കൽക്കരി, ചരൽക്കല്ല്, മണൽ എന്നിവയെ ഒളിപ്പിച്ച അതിർത്തി അടയാളങ്ങളായി കുഴിച്ചിടണമായിരുന്നു. കൂടാതെ അതിർത്തികൾ മുറിച്ചു കടക്കുന്നിടത്ത്, മറയ്ക്കപ്പെട്ട അടയാളങ്ങൾക്കായി, മണ്ണിൽ നശിച്ചുപോകാത്തതും അതുപോലുള്ള മറ്റുവസ്തുക്കളും ഉപയോഗിക്കേണ്ടതാണ്.

➲ തർക്കങ്ങളുടെ പരിഹാരത്തിനായി ഈ അടയാളങ്ങൾ പര്യാപ്തമാകുമായിരുന്നോ?

സ്രോതസ്സ് 7

**ഒരു ചെറിയ ഗ്രാമത്തിലെ ജീവിതം (Life in a small village)**

കനൗജിലെ (ഭൂപടം 3 കാണുക) ഭരണാധികാരിയായ ഹർഷവർധനന്റെ ജീവചരിത്രമാണ് *ഹർഷചരിതം*. അദ്ദേഹത്തിന്റെ ആസ്ഥാനകവിയായ ബാണഭട്ടനാണ് (ഏകദേശം സി.ഇ. ഏഴാം നൂറ്റാണ്ട്) സംസ്കൃതത്തിൽ ഇത് രചിച്ചത്. ഈ ഗ്രന്ഥത്തിൽ നിന്നുള്ള ഒരു ഉദ്ധരണിയാണിത്. വിന്ധ്യനിലെ ഒരു വനത്തിന്റെ പ്രാന്തപ്രദേശത്തുള്ള ഒരു അധിവാസകേന്ദ്രത്തിന്റെ അത്യന്തം അപൂർവമായ അവതരണമാണിത്:

പ്രാന്തപ്രദേശത്തിന്റെ ഭൂരിഭാഗവും വനമായതിനാൽ ചെറിയ നെൽവയലേലകളും മേതിസ്ഥലങ്ങളും കൃഷിക്കുപയുക്തമായ ഭൂമിയും ചെറുകിടകൃഷിക്കാർ വീതിച്ചെടുത്തിരുന്നു... ഇത് പ്രധാനമായും തൂമ്പ കൊണ്ടുള്ള കൃഷി സംസ്കാരമായിരുന്നു... കാരണം പുല്ലുകൊണ്ട് മൂടി അങ്ങിങ്ങായി ചിതറിക്കിടക്കുന്ന കൃഷിയിടങ്ങളും, കുറച്ചുമാത്രം വെളിമ്പ്രദേശങ്ങളും പിന്നെ കറുത്ത ഇരുമ്പിനെ പോലെ വഴങ്ങാത്ത കറുത്ത മണ്ണും... ഉഴുവാൻ ബുദ്ധിമുട്ടായിരുന്നു.

മരത്തോൽക്കെട്ടുകളും... പറിച്ചെടുത്ത പൂവുകളുടെ എണ്ണമറ്റ ചാക്കുകളും... ചണനാരുകളുടെയും ചണനൂലുകളുടെയും ചുമടുകളും, വലിയ അളവിൽ തേനും മയിലുകളുടെ വാൽതൂവലുകളും മെഴുകിന്റെ ചുരുളുകളും, വിറകും പുല്ലുമായി ആളുകൾ നീങ്ങുന്നുണ്ടായിരുന്നു. ശേഖരിച്ച പല തരത്തിലുള്ള കാട്ടുപഴവർഗങ്ങൾ നിറച്ച കൂടകൾ തലയിലേറ്റി അവ വിറ്റഴിക്കുക എന്ന ചിന്തകളിൽ മുഴുകി, വഴിമധ്യേ ധൃതികൂട്ടിക്കൊണ്ട് ഗ്രാമത്തിലെ കുടുംബിനികൾ അയൽ ഗ്രാമങ്ങളിലേക്ക് നടന്നു നീങ്ങുന്നുണ്ടായിരുന്നു.

➲ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്ന ജനങ്ങളെ അവരുടെ തൊഴിലുകളുടെ അടിസ്ഥാനത്തിൽ നിങ്ങൾ എങ്ങനെ തരംതിരിക്കും?

## 5.4 ഭൂദാനവും പുതിയ ഗ്രാമീണ വരേണ്യവർഗങ്ങളും (Land grants and new rural elites)

പൊതുവർഷത്തിന്റെ ആദ്യനൂറ്റാണ്ടുകൾ മുതൽ, ഭൂമി ദാനമായി നൽകപ്പെട്ടതായി നാം കാണുന്നു; അവയിൽ പലതും ലിഖിതങ്ങളിൽ രേഖപ്പെടുത്തിയതായും കാണുന്നു. ഈ ലിഖിതങ്ങളിൽ ചിലത് ശിലകളിലായിരുന്നു. എന്നാൽ ഭൂരിഭാഗവും ചെപ്പേടു (*copper plates*) കളിലാണ് (ചിത്രം 2.13). അവ മിക്കവയും ഇടപാടുകളുടെ രേഖയായി ഭൂമി കിട്ടിയവർക്ക് നൽകി. നാശത്തെ അതിജീവിച്ച ഇത്തരം രേഖകളിൽ പൊതുവെ കാണുന്നത് മതസ്ഥാപനങ്ങൾക്കോ അല്ലെങ്കിൽ ബ്രാഹ്മണർക്കോ നൽകിയ ദാനങ്ങളെ കുറിച്ചാണ്. ഭൂരിഭാഗം ലിഖിതങ്ങളും സംസ്കൃതത്തിലാണ്. ചില സന്ദർഭങ്ങളിൽ, പ്രത്യേകിച്ചും ഏഴാംനൂറ്റാണ്ട് മുതൽ, ലിഖിതത്തിന്റെ ചില ഭാഗം സംസ്കൃതത്തിലും ബാക്കിയുള്ള ഭാഗം തമിഴോ തെലുങ്കോ പോലുള്ള പ്രാദേശിക ഭാഷകളിലുമായിരുന്നു. അത്തരത്തിലുള്ള ഒരു ലിഖിതത്തെ നമുക്കു കുടുതൽ അടുത്തു പരിശോധിക്കാം.

ആദ്യകാല ഇന്ത്യാചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭരണാധികാരികളിലൊരാളായ ചന്ദ്രഗുപ്തൻ രണ്ടാമ (ഏകദേശം 375–415 സി.ഇ) ന്റെ മകളായിരുന്നു പ്രഭാവതി ഗുപ്ത. അവർ മറ്റൊരു പ്രധാന രാജകുടുംബമായ വാകാടക വംശത്തിലേത്തിലേക്ക് വിവാഹം ചെയ്യപ്പെട്ടു. ഡക്കാനി (ഭൂപടം 3 കാണുക)ലെ ശക്തരായിരുന്നു ഇവർ. സംസ്കൃത നിയമഗ്രന്ഥങ്ങൾ പ്രകാരം, ഭൂമിപോലുള്ള വിഭവങ്ങളിൽ സ്ത്രീകൾക്ക് സ്വതന്ത്രമായ ഉടമസ്ഥാവകാശം പാടില്ലായിരുന്നു. എന്നാൽ, പ്രഭാവതിക്ക് ഭൂമിയിൽ ഉടമസ്ഥത ഉണ്ടായിരുന്നതായും അത് അവർ ദാനം നൽകിയതായും ലിഖിതം സൂചിപ്പിക്കുന്നു. ഇതിനുള്ള കാരണം, അവർ ഒരു രാജ്ഞി (ആദ്യകാല ഇന്ത്യൻ ചരിത്രത്തിൽ നിന്നും അറിയുന്ന ചുരുക്കം ചിലരിൽ ഒരാൾ) ആയതുകൊണ്ടായിരിക്കാം. അതുകൊണ്ട് അവരുടെ സാഹചര്യം അനിതരസാധാരണമായിരുന്നു. നിയമഗ്രന്ഥങ്ങളിലെ വ്യവസ്ഥകൾ ഏകീകൃതമായി നടപ്പാക്കാതിരുന്നതാവാനും സാധ്യതയുണ്ട്.

ഈ ലിഖിതം ഗ്രാമീണ ജനവിഭാഗങ്ങളെക്കുറിച്ചും നമുക്ക് വിവരം നൽകുന്നുണ്ട് –ഇതിൽ ബ്രാഹ്മണരും കർഷകരും ഉൾപ്പെട്ടിരുന്നു, അതുപോലെ മറ്റുള്ളവരും. ഇവർ രാജാവിനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധികൾക്കോ വിവിധ ഉൽപ്പന്നങ്ങൾ നൽകണമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. ലിഖിതമനുസരിച്ച്, ഇവർ പുതിയ ഗ്രാമത്തിലെ മുഖ്യനെ അനുസരിക്കുകയും എല്ലാ വിഹിതങ്ങളും ഇയാൾക്ക് നൽകുകയും വേണമായിരുന്നു.

ഇതുപോലുള്ള ഭൂദാനങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ചെറിയ തുണ്ടുഭൂമി മുതൽ വിശാലമായ തരിശുഭൂമി വരെ ദാനംചെയ്യുന്ന ഭൂമിയുടെ വലുപ്പത്തിന്റെ കാര്യത്തിലും ദാനം സ്വീകരിക്കുന്നവർക്ക് നൽകപ്പെടുന്ന അവകാശങ്ങളുടെ കാര്യത്തിലും ഏറെ പ്രാദേശിക വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. ഭൂദാനങ്ങളുടെ സ്വാധീനം ചരിത്രകാരരുടെ ഇടയിൽ ചൂടേറിയ സംവാദ വിഷയമാണ്. പുതിയ പ്രദേശങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുവാൻ ഭരണവംശങ്ങൾ സ്വീകരിച്ച ഒരു തന്ത്രത്തിന്റെ ഭാഗമാണ് ഭൂദാനമെന്ന് ചിലർ കരുതുന്നു. രാഷ്ട്രീയശക്തി ദുർബലപ്പെടുന്നതിന്റെ സൂചനയാണ് ഭൂദാനങ്ങളെന്ന് മറ്റുള്ളവർ അഭിപ്രായപ്പെടുന്നു: കാരണം, *സാമന്തന്മാ*

രുടെമേലുള്ള നിയന്ത്രണം രാജാവിന് നഷ്ടപ്പെടുമ്പോൾ അവർ ഭൂദാനങ്ങൾ നൽകികൊണ്ട് സഖ്യങ്ങൾ നേടുവാൻ ശ്രമിച്ചു. രാജാക്കന്മാർ തങ്ങളെ സ്വയം അമാനുഷികരായി (മുൻഭാഗങ്ങളിൽ നാം കണ്ടതുപോലെ) അവതരിപ്പിക്കുവാൻ ശ്രമിച്ചു, കാരണം അവർക്ക് നിയന്ത്രണം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നതായി അനുഭവപ്പെട്ടു; കുറഞ്ഞത് അധികാരത്തിന്റെ മുഖംമൂടിയെങ്കിലും അവതരിപ്പിക്കുവാൻ അവർ ശ്രമിച്ചു.

*സ്രോതസ്സ് 8*

### പ്രഭാവതി ഗുപ്തയും ദാൻഗുണ ഗ്രാമവും (Prabhavati Gupta and the village of Danguna)

പ്രഭാവതി ഗുപ്ത അവരുടെ ശാസനത്തിൽ പ്രഖ്യാപിക്കുന്നത് ഇതാണ്:

പ്രഭാവതി ഗുപ്ത...*ഗ്രാമകുടുംബിനികൾ* (ഗൃഹസ്ഥർ/ഗ്രാമത്തിൽ വസിക്കുന്ന കർഷകർ), ബ്രാഹ്മണർ, ദാൻഗുണ ഗ്രാമത്തിൽ വസിക്കുന്ന മറ്റുള്ളവർ എന്നിവരോട് ആജ്ഞാപിക്കുന്നു....

"കാർത്തികയിലെ വെളുത്തപക്ഷത്തിന്റെ (രണ്ടാഴ്ച) പന്ത്രണ്ടാം ചാന്ദ്രദിനത്തിൽ നമ്മുടെ മതപരമായ നേട്ടങ്ങളെ വർധിപ്പിക്കുന്നതിനായി ഈ ഗ്രാമത്തെ പുണ്യജലം ഒഴുക്കിക്കൊണ്ട് ആചാര്യനായ (ഗുരുവായ) ചനലസ്വാമിക്ക് ദാനം ചെയ്തതായി നിങ്ങൾ അറിയുക... നിങ്ങൾ അദ്ദേഹത്തിന്റെ എല്ലാ കല്പനകളും അനുസരിക്കണം...

ഒരു *അഗ്രഹാര*ത്തിനുള്ള താഴെ പറയുന്ന ആനുകൂല്യങ്ങൾ നാം അദ്ദേഹത്തിന് നൽകുന്നു..... സൈനികരും പോലീസുകാരും ഈ ഗ്രാമത്തിൽ കടക്കരുത്; അവിടം സന്ദർശിക്കുന്ന കൊട്ടാരം ഉദ്യോഗസ്ഥർക്ക് പുല്ല്, ഇരിപ്പിടങ്ങൾക്കായി മൃഗത്തോലുകൾ, കരി എന്നിവ നൽകുന്ന ഉത്തരവാദിത്വത്തിൽ നിന്ന്, അതിനെ (ഗ്രാമത്തിനെ) ഒഴിവാക്കിയിരുന്നു; ലഹരി പാനീയങ്ങൾ വാങ്ങുക, ഉപ്പ് കുഴിക്കുക എന്നീ രാജകീയ വിശേഷാധികാരത്തിൽനിന്നും, ഖനികളുടെയും, ഖാദരിയ വൃക്ഷങ്ങളുടെയും മേലുള്ള അധികാരത്തിൽനിന്നും പൂക്കളും പാലും എത്തിക്കുന്ന ചുമതലയിൽനിന്നും, അതിനെ (ഗ്രാമത്തിനെ) ഒഴിവാക്കിയിരുന്നു; മറഞ്ഞിരിക്കുന്ന നിധി ശേഖരങ്ങൾ എന്നിവയുടെ മേലുള്ള അധികാരത്തോടെയും, വലുതും ചെറുതുമായ നികുതികളുടെ അധികാരത്തോടെയുമാണ്, അത് (ഗ്രാമം) ദാനം ചെയ്തിരിക്കുന്നത്..."

ഈ അവകാശപത്രം പതിമൂന്നാം ഭരണവർഷത്തിലാണ് എഴുതപ്പെട്ടത്. ചന്ദ്രദാസനാണ് (ഇത്) കൊത്തിവച്ചത്.

➲ ഗ്രാമങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ എന്തെല്ലാമായിരുന്നു?

ഒരു ബ്രാഹ്മണന് നൽകിയ ഭൂമിയായിരുന്നു *അഗ്രഹാരം*. സാധാരണയായി അവരെ ഭൂനികുതികളിൽ നിന്നും രാജാവിന് നൽകുന്ന മറ്റു നികുതികളിൽ നിന്നും ഒഴിവാക്കുകയും ഈ വിഹിതങ്ങൾ പ്രാദേശിക ജനങ്ങളിൽ നിന്നും ശേഖരിക്കാനുള്ള അവകാശം പലപ്പോഴും നൽകുകയും ചെയ്തിരുന്നു.

ഭൂദാനങ്ങൾ കൃഷിക്കാരും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചില ഉൾക്കാഴ്ചകൾ നൽകുന്നു. എന്നാൽ, പലപ്പോഴും, ഉദ്യോഗസ്ഥർക്കോ *സാമന്തർക്കോ* ബന്ധപ്പെടാൻ കഴിയാത്ത ജനങ്ങളും അവിടെയുണ്ടായിരുന്നു: ഇടയരും മീൻപിടുത്തക്കാരും വേട്ടക്കാരും വിഭവങ്ങൾ ശേഖരിച്ചു കഴിയുന്നവരും അലഞ്ഞ്നടക്കുന്നവരും അർദ്ധസ്ഥിരവാസികളുമായ കൈത്തൊഴിലുകാരും, മാറ്റക്കൃഷിക്കാരും എന്നിങ്ങനെ വിവിധ ജനവിഭാഗങ്ങളും അവിടെയുണ്ടായിരുന്നു. പൊതുവെ, ഇത്തരം ജനവിഭാഗങ്ങൾ തങ്ങളുടെ ജീവിതത്തെയോ ഇടപാടുകളെയൊ കുറിച്ചുള്ള വിശദമായ രേഖകൾ സൂക്ഷിച്ചിരുന്നില്ല.

**➲ ചർച്ച ചെയ്യുക...**

നിങ്ങളുടെ സംസ്ഥാനത്ത് ഉഴവുകൃഷി, ജലസേചനം, ഞാറുപറിച്ചുനടൽ എന്നിവ നിലനിൽക്കുന്നുണ്ടോ എന്ന് കണ്ടെത്തുക. ഇല്ലെങ്കിൽ ഏതെങ്കിലും ഇതര സമ്പ്രദായങ്ങളാണോ ഉപയോഗിക്കുന്നത് ?

## 6. നഗരങ്ങളും വ്യാപാരവും (Towns and Trade)

### 6.1 പുതിയ നഗരങ്ങൾ (New cities)

ഏകദേശം ബി.സി.ഇ. ആറാംനൂറ്റാണ്ടുമുതൽ ഉപഭൂഖണ്ഡത്തിന്റെ വിവിധഭാഗങ്ങളിൽ ഉദയംചെയ്ത നഗരകേന്ദ്രങ്ങളിലേക്ക് നമുക്ക് Xrcrf vt\ m mw\ mwl - X pt] mse, C h b nÂ ] e X pw മഹാജനപദങ്ങളുടെ തലസ്ഥാനങ്ങളായിരുന്നു. യഥാർഥത്തിൽ എല്ലാ പ്രധാന നഗരങ്ങളും ഗതാഗതപാതകളിലാണ് സ്ഥിതി ചെയ്തിരുന്നത്. പാടലീപുത്രംപോലുള്ള ചിലത് നദീതടങ്ങളിലായിരുന്നുവെങ്കിൽ ഉജ്ജയിനിപോലുള്ള മറ്റുചിലത്, കരപാതകളിലായിരുന്നു. പുഹാർപോലുള്ള മറ്റുള്ളവ കടൽത്തീരത്ത് സമുദ്രപാതകൾ തുടങ്ങുന്നിടത്തായിരുന്നു. മഥുരയെപോലുള്ള നിരവധിനഗരങ്ങൾ വാണിജ്യ-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തനത്തിന്റെ തിരക്കേറിയ കേന്ദ്രങ്ങളായി.

> **പാടലീപുത്രത്തിന്റെ ചരിത്രം**
> **(The history of Pataliputra)**
>
> ഓരോ നഗരത്തിനും അതിന്റേതായ സ്വന്തം ചരിത്രം ഉണ്ടായിരുന്നു. ഉദാഹരണത്തിന്, പാടലീപുത്രം, പാടലീഗ്രാമമെന്ന് അറിയപ്പെട്ട ഒരു ഗ്രാമത്തിലാണ് തുടങ്ങിയത്. അതിനുശേഷം, ബി.സി.ഇ. അഞ്ചാം നൂറ്റാണ്ടിൽ മഗധയുടെ ഭരണാധികാരികൾ അവരുടെ തലസ്ഥാനം രാജഗൃഹത്തിൽ നിന്നും ഈ ജനവാസ കേന്ദ്രത്തിലേക്ക് മാറ്റുവാൻ തീരുമാനിക്കുകയും അതിനെ പുനർനാമകരണം ചെയ്യുകയുംചെയ്തു. ബി.സി.ഇ. നാലാംനൂറ്റാണ്ടോടുകൂടി അത് മൗര്യസാമ്രാജ്യത്തിന്റെ തലസ്ഥാനമാവുകയും ഏഷ്യയിലെ ഏറ്റവുംവലിയ നഗരങ്ങളിലൊന്നായിത്തീരുകയും ചെയ്തു. തുടർന്ന്, അതിന്റെ പ്രാധാന്യം നശിച്ചിരിക്കാം. ബി.സി.ഇ. ഏഴാംനൂറ്റാണ്ടിൽ ചൈനീസ് തീർഥാടകനായ സുവൻസാങ് (Xuan Xang) ഈ നഗരം സന്ദർശിച്ചപ്പോൾ അതിനെ നശിച്ചുപോയ അവസ്ഥയിൽ വളരെച്ചെറിയ ജനസംഖ്യയോടെ മാത്രമാണ് കണ്ടത്.

### 6.2 നഗരജനവിഭാഗങ്ങൾ: വരേണ്യരും കൈത്തൊഴിലുകാരും (Urban populations: Elites and craftspersons)

കോട്ടകെട്ടി സുരക്ഷിതമാക്കപ്പെട്ട നഗരങ്ങളിലാണ് രാജാക്കന്മാരും ഭരണവരേണ്യവർഗങ്ങളും ജീവിച്ചിരുന്നതെന്ന് നാം കണ്ടു. ഹരപ്പൻ നഗരങ്ങളിൽനിന്നു വ്യത്യസ്തമായി ഭൂരിഭാഗം പ്രദേശങ്ങളിലും ഇപ്പോഴും ജനങ്ങൾ വസിക്കുന്നതിനാൽ ഇവിടങ്ങളിൽ വ്യാപകമായ ഉത്ഖനനം നടത്തുവാൻ പ്രയാസമാണ്. എന്നിരുന്നാലും ഇവിടങ്ങളിൽ നിന്നു നിരവധി മനുഷ്യനിർമിതികൾ വീണ്ടെടുത്തിട്ടുണ്ട്. നന്നായി മിനുസപ്പെടുത്തിയ നോർത്തേൺ ബ്ലാക്ക് പോളിഷ്ഡ്‌വെയർ (Northern Black Polished Ware - മിനുസപ്പെടുത്തിയ കറുത്ത വടക്കൻ പാത്രങ്ങൾ) എന്നറിയപ്പെടുന്ന മനോഹരമായ കളിമൺകോപ്പകളും ഭക്ഷണത്തളികകളും ഇതിൽ ഉൾപ്പെടുന്നു. ധനികരായിരിക്കാം ഇവ മിക്കവാറും ഉപയോഗിച്ചിരുന്നത്. ആഭരണങ്ങൾ, ഉപകരണങ്ങൾ, ആയുധങ്ങൾ, പാത്രങ്ങൾ, ചെറുപ്രതിമകൾ എന്നിവ സ്വർണം, വെള്ളി, ചെമ്പ്, വെങ്കലം, ആനക്കൊമ്പ്, ഗ്ലാസ്, ചിപ്പി, കളിമണ്ണ് തുടങ്ങിയ വിവിധതരം വസ്തുക്കൾകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്.

ബി.സി.ഇ രണ്ടാം നൂറ്റാണ്ടോടെ, ചെറുവഴിപാടുകൾ (Votive) രേഖപ്പെടുത്തിയ ലിഖിതങ്ങൾ ഒട്ടനവധി നഗരങ്ങളിൽ നമുക്ക് കാണാൻ കഴിയും. ഇവയിൽ ദാതാവിന്റെ പേര് സൂചിപ്പിക്കുകയും ചിലപ്പോൾ അദ്ദേഹത്തിന്റെയോ/അവളുടേയോ തൊഴിൽ വ്യക്തമാക്കുകയും ചെയ്യുന്നു. നഗരങ്ങളിൽ വസിക്കുന്ന ജനങ്ങളായ അലക്കുകാർ, നെയ്ത്തു

*ചിത്രം 2.6*

*അനുസ്മരണീയമായ ഒരു രൂപം*

മഥുരയിൽ നിന്നുള്ള ഒരു രൂപത്തിന്റെ ഭാഗമാണിത്. ധർമ്മക എന്ന സ്വർണപ്പണിക്കാരന്റെ ഭാര്യയായ നാഗവിയ എന്ന്പേരുള്ള ഒരു സ്ത്രീയാണ് ഈ രൂപം ഒരു ആരാധനാലയത്തിൽ പ്രതിഷ്ഠിച്ചതെന്ന് പ്രാകൃത് ഭാഷയിൽ എഴുതിയ ഒരു ശാസനം പീഠത്തിന്മേലുണ്ട്.






ഭൂപടം 3
ചില പ്രധാന രാജ്യങ്ങളും നഗരങ്ങളും

കാർ, പകർത്തെഴുത്തുകാർ, മരപ്പണിക്കാർ, കുശവർ, സ്വർണപ്പണിക്കാർ, കൊല്ലന്മാർ, ഉദ്യോഗസ്ഥർ, മതപണ്ഡിതർ, കച്ചവടക്കാർ, രാജാക്കന്മാർ തുടങ്ങിയവരെക്കുറിച്ച് ഇവ നമ്മോടു പറയുന്നു.

ചിലപ്പോൾ, കരകൗശലവസ്തു നിർമാതാക്കളുടെയും കച്ചവടക്കാരുടെയും സംഘടനകളായ *ഗിൽഡുകളെ (ശ്രേണികൾ)* ക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. ഈ ഗിൽഡുകൾ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുകയും ഉൽപ്പാദനത്തെ നിയന്ത്രിക്കുകയും ഉൽപ്പന്നത്തെ വിപണിയിൽ എത്തിക്കുകയും ചെയ്തിരുന്നിരിക്കാം. നഗരങ്ങളിലെ ഉന്നതവർഗങ്ങളുടെ വർധിച്ചുവരുന്ന ആവശ്യങ്ങൾ നേരിടുന്നതിനായി കൈത്തൊഴിലുകാർ വ്യത്യസ്തരീതിയിലുള്ള ഇരുമ്പ് ഉപകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ടാവാം.

➲ ബി.സി.ഇ. മൂന്നാം സഹസ്രാബ്ദത്തിൽ ഹരപ്പൻ സംസ്കാരം വ്യാപിച്ചിരുന്ന പ്രദേശത്ത് ഏതെങ്കിലും നഗരങ്ങൾ നിലനിന്നിരുന്നോ?

മതപരമായ സ്ഥാപനങ്ങൾക്ക് നൽകുന്ന പാരിതോഷികങ്ങളെ രേഖപ്പെടുത്തുന്നതാണ് വഴിപാട് (Votive) ശാസനങ്ങൾ

*സ്രോതസ്സ് 6*

**മലബാർ തീരം**
**(ഇന്നത്തെ കേരളം)**
**The Malabar coast**
**(present-day Kerala)**

അജ്ഞാതനായ ഗ്രീക്ക് നാവികൻ (ഏകദേശം സി.ഇ. ഒന്നാം നൂറ്റാണ്ടിൽ) രചിച്ച *പെരിപ്ലസ് ഓഫ് ദി എറിത്രിയൻ സീ*യിൽ നിന്നുള്ള ഉദ്ധരണി:

കുരുമുളകും മലബാത്ത്റവും (ഈ പ്രദേശങ്ങളിൽ ഉൽപാദിപ്പിക്കുന്ന കറുവപ്പട്ട ആകാനാണ് സാധ്യത) വലിയ അളവിലും മൊത്തമായും ലഭിക്കുന്നതുകൊണ്ട് ഈ വിപണി നഗരങ്ങളിലേക്ക് അവർ (അതായത് വിദേശത്ത് നിന്നുള്ള വ്യാപാരികൾ) വലിയ കപ്പലുകൾ അയയ്ക്കുന്നു. വലിയ അളവിൽ നാണയം, പുഷ്യരാഗം... നീലാഞ്ജനം (പദാർഥങ്ങൾക്ക് നിറത്തിന് ഉപയോഗിക്കുന്ന ഒരു ധാതു), പവിഴപ്പുറ്റ്, പരുക്കൻഗ്ലാസ്, ചെമ്പ്, ഈയം, വെള്ളീയം... എന്നിവ പ്രധാനമായും ഇവിടെ ഇറക്കുമതി ചെയ്യുന്നു. ഈ വിപണിക്കടുത്തുള്ള ഒരേ ഒരു മേഖലയിൽ മാത്രം വളരെയധികം ഉൽപ്പാദിക്കുന്ന കുരുമുളകിനെ കയറ്റുമതി ചെയ്യുന്നു... ഇതു കൂടാതെ വലിയ അളവുകളിൽ മനോഹരമായ പവിഴ മുത്തുകൾ, ആനക്കൊമ്പ്, സിൽക്ക് തുണി... എല്ലാത്തരത്തിലുമുള്ള സുതാര്യമായ കല്ലുകൾ, വജ്രങ്ങൾ, ഇന്ദ്രനീലക്കല്ല്, ആമയുടെ തോട് എന്നിവ ഇവിടെ നിന്നും കയറ്റുമതി ചെയ്യുന്നു.

വിലകൂടിയതും അല്പം വിലകുറഞ്ഞതുമായ കല്ലുകൾ ഉപയോഗിക്കുന്ന ഒരു മുത്തു നിർമാണ വ്യവസായത്തിന്റെ പുരാവസ്തുതെളിവുകൾ കൊടുമണലിൽ (തമിഴ്നാട്) നിന്നും കണ്ടെത്തിയിട്ടുണ്ട്. *പെരിപ്ലസിൽ* സൂചിപ്പിച്ച കല്ലുകൾ പ്രാദേശിക കച്ചവടക്കാർ ഇതുപോലുള്ള പ്രദേശങ്ങളിൽ നിന്നും തീരദേശ തുറമുഖങ്ങളിലേക്ക് കൊണ്ടുവന്നിരിക്കാൻ സാധ്യതയുണ്ട്.

➲ ഇതെഴുതിയ ആൾ എന്തിനാണ് ഈ പട്ടിക സമാഹരിച്ചത്?

"*പെരിപ്ലസ്*" എന്നത് ഗ്രീക്ക് പദമാണ്; സമുദ്രസഞ്ചാരം എന്നർഥം; ചെങ്കടലിന്റെ ഗ്രീക്ക് നാമമാണ് "*എറിത്രിയൻ*"

## 6.3 ഉപഭൂഖണ്ഡത്തിലും അതിനപ്പുറത്തേക്കുമുള്ള വ്യാപാരം (Trade in the subcontinent and beyond)

ബി.സി.ഇ. ആറാം നൂറ്റാണ്ട് മുതൽ, ഉപഭൂഖണ്ഡത്തിൽ കര-നദീ പാതകൾ പരസ്പരം ഖണ്ഡിക്കുകയും വിവിധ ദിശകളിലേക്ക്-കരമാർഗം മധ്യേഷ്യയിലേക്കും അതിനപ്പുറത്തേക്കും, കടൽ മാർഗം, തീരപ്രദേശത്തെ തൊട്ടുനിന്നിരുന്ന തുറമുഖങ്ങളിൽ നിന്നും അറബിക്കടൽവഴി കിഴക്ക്, വടക്കേ ആഫ്രിക്ക, പശ്ചിമേഷ്യ എന്നിവിടങ്ങളിലേക്കും, ബംഗാൾ ഉൾക്കടലിലൂടെ തെക്കുകിഴക്കൻ ഏഷ്യയിലേക്കും ചൈനയിലേക്കും-വ്യാപിച്ച് കിടന്നു. ഭരണാധികാരികൾ പലപ്പോഴും പ്രതിഫലം സ്വീകരിച്ച് സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് ഈ പാതകളെ നിയന്ത്രിക്കാൻ ശ്രമിച്ചിട്ടുണ്ടാകാം.

കാൽനടയായി യാത്രചെയ്തിരുന്നവരും സാർഥവാഹസംഘങ്ങളായി കാളവണ്ടികളിലും ചുമട്ടുമൃഗങ്ങളുമായി യാത്ര ചെയ്തിരുന്ന കച്ചവടക്കാരും ഈ പാതകളിലൂടെ കടന്നുപോയവരിൽ ഉൾപ്പെടുന്നു. കൂടാതെ, സമുദ്രസഞ്ചാരികളും ഉണ്ടായിരുന്നു. അവരുടെ സംരംഭങ്ങൾ അപകടസാധ്യതയുള്ളതായിരുന്നെങ്കിലും വളരെ ലാഭകരമായിരുന്നു. തമിഴിൽ *മസത്തുവൻ* എന്നും പ്രാകൃത ഭാഷയിൽ *സേത്ത്, സത്ഥവാഹകർ* എന്നും വിളിക്കപ്പെട്ടിരുന്ന മികച്ച കച്ചവടക്കാർക്ക് അതിസമ്പന്നരായിത്തീരാൻ കഴിയുമായിരുന്നു. വ്യത്യസ്തമായ ഒട്ടനവധി ഉൽപന്നങ്ങൾ ഒരുസ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോയിരുന്നു-ഉപ്പ്, ധാന്യം, വസ്ത്രം, ലോഹ അയിരുകൾ, പൂർണമായ ഉൽപ്പന്നങ്ങൾ, കല്ല്, തടി, ഔഷധസസ്യങ്ങൾ എന്നിവ അവയിൽ ചിലതുമാത്രമാണ്. സുഗന്ധവ്യഞ്ജനങ്ങൾക്ക്, പ്രത്യേകിച്ച് കുരുമുളകിന്, റോമാസാമ്രാജ്യത്തിൽ വളരെ ആവശ്യക്കാരുണ്ടായിരുന്നു. തുണിത്തരങ്ങളും ഔഷധസസ്യങ്ങളും അവർ വാങ്ങിയിരുന്നു. ഇവയെല്ലാം അറബിക്കടലിലൂടെ മെഡിറ്ററേനിയനിലേക്ക് കൊണ്ടുപോയിരുന്നു.

## 6.4 നാണയങ്ങളും രാജാക്കന്മാരും (Coins and kings)

ഒരു പരിധിവരെ, നാണയത്തിന്റെ കടന്നുവരവാണ് വിനിമയത്തെ സുഗമമാക്കിയത്. വെള്ളിയിലും ചെമ്പിലും ഉണ്ടാക്കിയ മുദ്രാങ്കിത നാണയ (Punchmarked coins) ങ്ങളാണ് (ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ട് മുതൽ) ഏറ്റവും ആദ്യകാലത്ത് കമ്മട്ടങ്ങളിൽ നിർമ്മിച്ചതും ഉപയോഗിച്ചതുമായ നാണയങ്ങൾ. ഇവ ഉപഭൂഖണ്ഡത്തിലുടനീളം നിരവധി പ്രദേശങ്ങളിൽ നിന്ന് ഉത്ഖനനത്തിലൂടെ വീണ്ടെടുത്തിട്ടുണ്ട്. അന്ന് നിലവിലുണ്ടായിരിക്കാവുന്ന വാണിജ്യ ശൃംഖലകളെ പുനർനിർമ്മിക്കാൻ നാണയശാസ്ത്രജ്ഞർ (Numismatists) ഇവയെക്കുറിച്ചും മറ്റുനാണയങ്ങളെക്കുറിച്ചും പഠിച്ചിട്ടുണ്ട്.

മൗര്യർ ഉൾപ്പടെയുള്ള പ്രത്യേക ഭരണ രാജവംശങ്ങളുമായി, മുദ്രാങ്കിതനാണയങ്ങളിലെ ചിഹ്നങ്ങളെ ബന്ധപ്പെടുത്താൻ നടത്തിയ ശ്രമങ്ങൾ സൂചിപ്പിക്കുന്നത് രാജാക്കന്മാരാണ് ഈ നാണയങ്ങൾ പുറത്തിറക്കിയതെന്നാണ്. ഈ നാണയങ്ങളിൽ ചിലത് കച്ചവടക്കാർ, പണമിടപാടു സ്ഥാപനക്കാർ, നഗരങ്ങളിലെ ജനങ്ങൾ എന്നിവർ നിർമ്മിച്ചിരിക്കുവാനും സാധ്യതയുണ്ട്. ഭരണാധികാരികളുടെ പേരുകളും ചിത്രങ്ങളും വഹിച്ച ആദ്യനാണയങ്ങൾ വിതരണംചെയ്തത് ഇൻഡോ-ഗ്രീക്ക് ഭരണാധികാരികളായിരുന്നു.

അവർ ഏകദേശം ബി.സി.ഇ. രണ്ടാംനൂറ്റാണ്ടിൽ ഉപഭൂഖണ്ഡത്തിന്റെ വടക്ക്പടിഞ്ഞാറൻ ഭാഗത്ത് നിയന്ത്രണം സ്ഥാപിച്ചവരായിരുന്നു.

ഏകദേശം സി.ഇ. ഒന്നാംനൂറ്റാണ്ടിൽ കുഷാണരാണ് ആദ്യ സ്വർണ്ണനാണയങ്ങൾ വിതരണം ചെയ്തത്. സമകാലീനരായ റോമൻ ചക്രവർത്തിമാരും ഇറാനിലെ പാർഥിയൻ ഭരണാധികാരികളും നടപ്പിലാക്കിയ സ്വർണനായണങ്ങളുമായി ഇവയ്ക്ക് തൂക്കത്തിൽ തുല്യത ഉണ്ടായിരുന്നു. ഇവ വടക്കേ ഇന്ത്യ, മധ്യേഷ്യ എന്നിവിടങ്ങളിലെ വിവിധപ്രദേശങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. സ്വർണ്ണനാണയങ്ങളുടെ വ്യാപകമായ ഉപയോഗം വളരെ ഭീമമായ മൂല്യമുള്ള ഇടപാടുകൾ നടന്നുകൊണ്ടിരുന്നതായാണ് സൂചിപ്പിക്കുന്നത്. ഇതുകൂടാതെ, റോമൻ നാണയങ്ങളുടെ ശേഖരങ്ങൾ ദക്ഷിണേന്ത്യയിലെ പുരാവസ്തുകേന്ദ്രങ്ങളിൽ നിന്നു കണ്ടെടുത്തിട്ടുമുണ്ട്. വ്യാപാരശൃംഖലകൾ രാഷ്ട്രീയ അതിർത്തികൾക്കുള്ളിൽ ഒതുങ്ങിനിന്നിരുന്നില്ലെന്നു വ്യക്തമാണ്. ദക്ഷിണേന്ത്യ റോമാസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നില്ല; എന്നിരുന്നാലും വ്യാപാരത്തിലൂടെ ഇവർതമ്മിൽ അടുത്തബന്ധങ്ങൾ ഉണ്ടായിരുന്നു.

പഞ്ചാബിലെയും ഹരിയാനയിലെയും (ഏകദേശം ബി.സി.ഇ. ഒന്നാം നൂറ്റാണ്ട്) യൗധേയരെപോലുള്ള ഗോത്രറിപ്പബ്ലിക്കുകളും നാണയങ്ങൾ അടിച്ചിറക്കിയിട്ടുണ്ട്. യൗധേയർ നടപ്പിലാക്കിയ ആയിരക്കണക്കിന് ചെമ്പുനാണയങ്ങൾ പുരാവസ്തു ഗവേഷകർ കുഴിച്ചെടുത്തിട്ടുണ്ട്. സാമ്പത്തിക വിനിമയങ്ങളിലെ അവരുടെ താൽപ്പര്യത്തെയും പങ്കാളിത്തത്തെയുമാണ് ഇതു സൂചിപ്പിക്കുന്നത്.

ഏറ്റവും മികച്ചതരത്തിലുള്ള ചില സ്വർണ്ണനാണയങ്ങൾ നടപ്പിലാക്കിയത് ഗുപ്തഭരണാധികാരികളാണ്. ഇവയിൽ ആദ്യം ഇറക്കിയവ അവയുടെ പരിശുദ്ധികൊണ്ട് ശ്രദ്ധേയമാണ്. ഈ നാണയങ്ങൾ ദീർഘദൂര ഇടപാടുകൾ സുഗമമാക്കുകയും അതുമൂലം രാജക്കന്മാർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു.

ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ടുമുതൽ, സ്വർണനാണയങ്ങളുടെ കണ്ടെത്തലുകൾ കുറഞ്ഞു വന്നു. ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയെ ഇത് സൂചിപ്പിക്കുന്നുണ്ടോ? ഈ വിഷയത്തിൽ ചരിത്രകാരർ ഭിന്നിക്കുന്നു. പടിഞ്ഞാറൻ റോമാസാമ്രാജ്യത്തിന്റെ തകർച്ചയോടുകൂടി ദീർഘദൂരവ്യാപാരം കുറഞ്ഞുവെന്നും അത് ഇതിൽ നിന്നും നേട്ടമുണ്ടാക്കിയിരുന്ന രാഷ്ട്രങ്ങൾ, സമുദായങ്ങൾ, പ്രദേശങ്ങൾ എന്നിവയുടെ അഭിവൃദ്ധിയെ ബാധിച്ചുവെന്നും ചിലർ കരുതുന്നു. പുതിയ നഗരങ്ങളും വ്യാപാര ശൃംഖലകളും ഏകദേശം ഇതേ സമയത്തുതന്നെ ഉദയം ചെയ്തുവെന്ന് മറ്റുചിലർ വാദിക്കുന്നു. ആ കാലയളവിൽ കണ്ടെത്തിയ നാണയങ്ങൾ കുറവായിരുന്നുവെങ്കിലും ലിഖിതങ്ങളിലും ഗ്രന്ഥങ്ങളിലും നാണയങ്ങളെക്കുറിച്ച് തുടർന്നും സൂചിപ്പിക്കുന്നതായി അവർ ചൂണ്ടികാണിക്കുന്നു. നാണയങ്ങൾ പൂഴ്ത്തി വയ്ക്കുന്നതിനെക്കാൾ വിനിമയം ചെയ്തതുകൊണ്ടാണോ ഇവയുടെ കണ്ടെത്തലുകൾ കുറയുവാൻ കാരണമായത്?



ചിത്രം 2.9
ഗുപ്ത നാണയം

നാണയങ്ങളെക്കുറിച്ചുള്ള പഠനമാണ് *നാണയശാസ്ത്രം (ന്യൂമിസ്മാറ്റിക്സ്)*. അതിലെ എഴുത്തുകളും രൂപങ്ങളും പോലുള്ള ദൃശ്യമായ ഘടകങ്ങളും ലോഹസംസ്കരണ വിശകലനവും അവ കണ്ടെത്തിയ സാഹചര്യവും ഈ പഠനത്തിൽ ഉൾപ്പെടുന്നു.



*ചിത്രം 2.7*
*ഇതൊരു മുദ്രാങ്കിതനാണയമാണ്, ചിഹ്നങ്ങൾ ലോഹത്തിന്റെ പ്രതലത്തിൽ കുത്തുകയോ അല്ലെങ്കിൽ മുദ്രകൾ പതിപ്പിക്കുകയോ ചെയ്യുന്നതാണ് ഈ പേരിനുള്ള കാരണം.*



*ചിത്രം 2.8*
*ഒരു യൗധേയനാണയം*

### ചർച്ച ചെയ്യുക....

വ്യാപാരത്തിൽ ഉൾപ്പെടുന്ന ഇടപാടുകൾ എന്തെല്ലാമാണ്? സൂചിപ്പിച്ചിരിക്കുന്ന സ്രോതസ്സുകളിൽനിന്നും വ്യക്തമാകുന്ന ഇടപാടുകൾ ഏതെല്ലാമാണ്? സ്രോതസ്സുകളിൽനിന്നും വ്യക്തമാകാത്ത ഏതെങ്കിലും ഉണ്ടോ?



ചിത്രം 2.10
അശോകശാസനം (ഗിർനാർ)

## 7. അടിസ്ഥാനങ്ങളിലേക്കുള്ള മടക്കം (BACK TO BASICS) ലിഖിതങ്ങൾ വായിച്ചെടുക്കുന്നത് എങ്ങനെയാണ്?

### (HOW ARE INSCRIPTIONS DECIPHERED?)

ഇതുവരെ, മറ്റുകാര്യങ്ങളോടൊപ്പം ലിഖിതങ്ങളിൽനിന്ന് ചില ശകലങ്ങൾ നാം പഠിക്കുകയായിരുന്നു. എന്നാൽ അവയിൽ എന്താണ് എഴുതിയിരിക്കുന്നത് എന്ന് ചരിത്രകാരർ കണ്ടെത്തുന്നത് എങ്ങനെയാണ്?

### 7.1 ബ്രാഹ്മി വായിച്ചെടുക്കൽ (Deciphering Brahmi)

ആധുനിക ഇന്ത്യൻഭാഷകൾ എഴുതാൻ ഉപയോഗിക്കുന്ന മിക്കവാറും ലിപികൾ ബ്രാഹ്മിയിൽ നിന്നാണ് ഉടലെടുത്തത്. അശോകന്റെ ഭൂരിഭാഗം ലിഖിതങ്ങളിലും ഉപയോഗിച്ചിരുന്ന ലിപിയാണിത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനംമുതൽ യൂറോപ്യൻപണ്ഡിതർ ഇന്ത്യൻപണ്ഡിറ്റുകളുടെ സഹായത്തോടെ സമകാലിക ബംഗാളി, ദേവനാഗരി (ഹിന്ദി എഴുതുവാൻ ഉപയോഗിക്കുന്ന ലിപി) കൈയെഴുത്തുപ്രതികളുടെ പിന്നിലേക്ക് അന്വേഷിച്ചു ചെല്ലുകയും അവയുടെ അക്ഷരങ്ങളെ പഴയമാതൃകകളുമായി താരതമ്യം ചെയ്യുകയുംചെയ്തു.




ചിത്രം 2.11
അശോകന്റെ ബ്രാഹ്മി അക്ഷരങ്ങളും തത്തുല്യമായ ദേവനാഗരി അക്ഷരങ്ങളും

ആദ്യകാലലിഖിതങ്ങൾ പഠിച്ച പണ്ഡിതർ ഇതുചിലപ്പോൾ സംസ്കൃതമാണെന്ന് ഊഹിച്ചു. എന്നാൽ ഏറ്റവുംപഴയ ലിഖിതങ്ങൾ യഥാർഥത്തിൽ പ്രാകൃതഭാഷയിലായിരുന്നു. നിരവധി പുരാലേഖാശാസ്ത്രജ്ഞർ (എപ്പിഗ്രാഫിസ്റ്റുകൾ) ദശാബ്ദങ്ങളോളം കഷ്ടപ്പെട്ടുനടത്തിയ അന്വേഷണങ്ങൾക്ക് ശേഷമായിരുന്നു 1838ൽ ജയിംസ് പ്രിൻസെപ്പിന് ബ്രാഹ്മി യിലെഴുതിയ അശോകശാസനം വായിച്ചെടുക്കാൻ സാധിച്ചത്.

> ➲ ചില ദേവനാഗരി അക്ഷരങ്ങൾ ബ്രാഹ്മിയെപ്പോലെയാണോ? അവയിൽ വ്യത്യസ്തമെന്നു തോന്നിക്കുന്ന ഏതെങ്കിലുമുണ്ടോ?

### 7.2 ഖരോഷ്ഠി എങ്ങനെ വായിക്കപ്പെട്ടു (How Kharosthi was read)

വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിലെ ലിഖിതങ്ങളിൽ ഉപയോഗിച്ചിരുന്ന ഖരോഷ്ഠിലിപി വായിച്ചെടുത്തതിന്റെ കഥ വ്യത്യസ്തമാണ്. ഈ പ്രദേശം ഭരിച്ചിരുന്ന ഇൻഡോ-ഗ്രീക്ക് രാജാക്കന്മാ (ഏകദേശം ബി.സി.ഇ രണ്ട് ഒന്ന് നൂറ്റാണ്ടുകൾ)രുടെ നാണയങ്ങളുടെ കണ്ടെത്തലുകൾ കാര്യങ്ങൾ സുഗമമാക്കുകയുണ്ടായി. ഈ നാണയങ്ങളിലെ രാജാക്കന്മാരുടെ പേരു

കൾ ഗ്രീക്ക്, ഖരോഷ്ഠി ലിപികളിലായിരുന്നു. ഗ്രീക്ക് വായിക്കുവാൻ കഴിയുന്ന യൂറോപ്പിലെ പണ്ഡിതർ അക്ഷരങ്ങളെ താരതമ്യംചെയ്തു. ഉദാഹരണമായി, അപ്പോളോഡോട്ടസ് പോലുള്ള പേരുകൾ എഴുതുവാൻ 'അ' (a) ക്കു പകരമുള്ള ചിഹ്നം രണ്ടു ലിപികളിലും കാണാൻ കഴിഞ്ഞു. ഖരോഷ്ഠി ലിഖിതങ്ങളുടെ ഭാഷ പ്രാകൃത് ആണെന്ന് പ്രിൻസെപ് തിരിച്ചറിഞ്ഞതോടെ ദൈർഘ്യമേറിയ ലിഖിതങ്ങളും വായിച്ചെടുക്കാൻ സാധിച്ചു.

## 7.3 ലിഖിതങ്ങളിൽ നിന്നുള്ള ചരിത്രപരമായ തെളിവുകൾ (Historical evidence from inscriptions)

പുരാലേഖാശാസ്ത്രജ്ഞരും (എപ്പിഗ്രാഫിസ്റ്റുകൾ) ചരിത്രകാരരും പ്രവർത്തിക്കുന്നത് എങ്ങനെയാണെന്ന് കണ്ടെത്താൻ, രണ്ടു അശോകലിഖിതകങ്ങളെ വളരെ സൂക്ഷ്മമായി നമുക്ക് നോക്കാം.

അശോക എന്ന ഭരണാധികാരിയുടെ പേര് ലിഖിതങ്ങളിൽ (സ്രോതസ്സ് 10) സൂചിപ്പിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധിക്കുക. ഭരണാധികാരി സ്വയം സ്വീകരിച്ച പേരുകളാണ് പകരം ഉപയോഗിച്ചിരിക്കുന്നത്– *ദേവാനാംപിയ* അഥവാ "ദേവന്മാർക്ക് പ്രിയപ്പെട്ടവൻ" എന്നും *പിയദസ്സി* അല്ലെങ്കിൽ "ദർശിക്കുവാൻ പ്രിയപ്പെട്ടവൻ" എന്നും പലപ്പോഴും പരിഭാഷപ്പെടുത്തിയിരിക്കുന്നു. അശോകന്റെ പേര് ചില ലിഖിതങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. അവയിൽ ഈ ബഹുമതിപ്പേരുകളുമുണ്ട്. ഈ ലിഖിതങ്ങളെല്ലാം പരിശോധിച്ചശേഷം, അവയിലെ ഉള്ളടക്കം, ശൈലി, ഭാഷ, പുരാലിപിശാസ്ത്രം (പാലിയോഗ്രാഫി) എന്നിവ തമ്മിൽ പൊരുത്തപ്പെട്ടതാണെന്ന് കണ്ടെത്തിയതോടെ ഇവയെല്ലാം ഒരേ ഭരണാധികാരിയാണ് പുറപ്പെടുവിച്ചത് എന്ന നിഗമനത്തിൽ പുരാലേഖാശാസ്ത്രജ്ഞർ എത്തിച്ചേർന്നു.

മുൻഭരണാധികാരികൾ അറിയിപ്പുകൾ സ്വീകരിക്കുന്നതിനായി യാതൊരു ക്രമീകരണങ്ങളും ഉണ്ടാക്കിയിരുന്നില്ലായെന്ന് അശോകൻ അവകാശപ്പെട്ടിരുന്നതായി നിങ്ങൾ ശ്രദ്ധിച്ചിരിക്കാം. അശോകനു മുമ്പുള്ള ഉപഭൂഖണ്ഡത്തിന്റെ രാഷ്ട്രീയചരിത്രം നിങ്ങൾ പരിഗണിക്കുകയാണെങ്കിൽ, ഈ പ്രസ്താവന ശരിയാണെന്നു നിങ്ങൾ കരുതുന്നുണ്ടോ? ലിഖിതങ്ങളിൽ പറയുന്ന പ്രസ്താവനകൾ സത്യമാണോ, യഥാർഥമാണോ അതിശയോക്തി കലർന്നവയാണോ എന്ന് തീരുമാനിക്കാൻ ചരിത്രകാരർ അവയെ നിരന്തരമായി വിലയിരുത്തണം.

ബ്രാക്കറ്റുകൾക്കുള്ളിൽ പദങ്ങളുണ്ടെന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? വാക്യങ്ങളുടെ അർഥം വ്യക്തമാക്കുന്നതിനാണ് *പുരാലേഖാശാസ്ത്രജ്ഞർ* (എപ്പിഗ്രാഫിസ്റ്റുകൾ) ഇത് ചെയ്യുന്നത്. ഇത് ശ്രദ്ധാപൂർവം ചെയ്യേണ്ടതാണ്, കാരണം രചയിതാവ് ഉദ്ദേശിച്ച അർഥത്തിൽ മാറ്റം വന്നില്ല എന്ന് ഉറപ്പ് വരുത്തിയിരിക്കണം.

*സ്രോതസ്സ് 10*

### രാജാവിന്റെ ഉത്തരവുകൾ (The orders of the king)

ദേവാനാംപിയ പിയദസ്സി സംസാരിക്കുന്നു :

മുൻകാലങ്ങളിൽ, കാര്യങ്ങൾ പരിഹരിച്ചുകൊടുക്കുന്നതിനും കൃത്യമായി വിവരങ്ങൾ ലഭിക്കുന്നതിനും ഒരു ക്രമീകരണവും ഉണ്ടായിരുന്നില്ല. പക്ഷേ, ഞാൻ താഴെപ്പറയുന്നവ (ക്രമീകരണം) നടത്തിയിട്ടുണ്ട്. ജനങ്ങളുടെ കാര്യങ്ങളെക്കുറിച്ച് എല്ലാ സമയങ്ങളിലും എവിടെയായാലും, ഞാൻ ആഹാരം കഴിക്കുകയാണെങ്കിലും അന്തപുരത്തിലായാലും കിടപ്പറയിലായാലും പശുവിന്റെ ആലയത്തിലായിരുന്നാലും എന്നെ കൊണ്ടുപോകുമ്പോഴും (ഒരുപക്ഷേ പല്ലക്കിൽ) അല്ലെങ്കിൽ പൂന്തോപ്പിലായാലും *പതിവേദകർ* എനിക്ക് വിവരം നൽകിയിരിക്കണം. എല്ലായിടത്തുവച്ചും ഞാൻ ജനങ്ങളുടെ കാര്യങ്ങളിൽ തീർപ്പുകല്പിക്കും.

➲ പുരാലേഖശാസ്ത്രജ്ഞർ *(എപ്പിഗ്രാഫിസ്റ്റുകൾ) പതിവേദകർ* എന്ന പദത്തെ വിവരമറിയിക്കുന്നവൻ (റിപ്പോർട്ടർ) എന്ന് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. *പതിവേദകന്റെ* പ്രവർത്തനങ്ങൾ ഇന്നത്തെ (വിവരമറിയിക്കുന്നവർ) റിപ്പോർട്ടറന്മാരുടേതിൽ നിന്നും ഏതെല്ലാം രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?



*ചിത്രം 2.12*
*ഇൻഡോ-ഗ്രീക്ക് രാജാവായ മെനാൻഡറിന്റെ ഒരു നാണയം*

*സ്രോതസ്സ് 11*

**രാജാവിന്റെ മനോവേദന**
**(The anguish of the king)**

രാജാവായ ദേവാനം പിയദസ്സി തന്റെ എട്ടു വർഷത്തെ ഭരണം നടത്തിക്കഴിയവെ കലിംഗരെ (രാജ്യം) (ഇന്നത്തെ ഒറീസ തീരദേശം) അദ്ദേഹം ആക്രമിച്ചു കീഴടക്കി.

ഒരുലക്ഷത്തിയമ്പതിനായിരം പേർ നാടുകടത്തപ്പെടുകയും ഒരുലക്ഷം പേർ കൊല്ലപ്പെടുകയും അതിലും കൂടുതൽ പേർ മരണപ്പെടുകയും ചെയ്തു.

അതിനുശേഷം, കലിംഗരെ (രാജ്യത്തെ) പിടിച്ചടക്കിയശേഷം, ദേവാനംപിയ തീവ്രമായ ധമ്മപഠനത്തിലും ധമ്മത്തെ സ്നേഹിക്കുന്നതിലും ധമ്മത്തെ (ജനങ്ങൾക്ക്) പഠിപ്പിക്കുന്നതിലും മുഴുകി.

കലിംഗ (രാജ്യത്തെ)രെ കീഴടക്കിയതിലുള്ള ദേവാനംപിയയുടെ പശ്ചാത്താപമായിരുന്നു ഇത്.

ഇതുവളരെ വേദനാജനകവും പരിതാപകരവുമായി ദേവാനംപിയ കരുതുന്നു; കാരണം ഒരാൾ കീഴടക്കാത്ത (രാജ്യത്തെ) കീഴടക്കുമ്പോൾ അവിടെ കൂട്ടക്കൊലയും മരണവും ജനങ്ങളുടെ നാടുകടത്തലും (നടക്കും)...

ചരിത്രകാരർ മറ്റു വിലയിരുത്തലുകൾ കൂടി നടത്തേണ്ടതുണ്ട്. നഗരങ്ങൾക്കടുത്തോ അല്ലെങ്കിൽ പ്രധാനവാണിജ്യ പാതകളിലോ ഉള്ള പ്രകൃതിദത്തമായ ശിലകളിലാണ് രാജാവിന്റെ ഉത്തരവുകൾ ആലേഖനം ചെയ്തിരുന്നതെങ്കിൽ, വഴിപോക്കർ ഇവ വായിക്കുവാനായി, നിന്നിരിക്കുമോ? ഭൂരിഭാഗം ജനങ്ങളും മിക്കവാറും നിരക്ഷരരായിരുന്നിരിക്കാം. പാടലീപുത്രത്തിൽ ഉപയോഗിച്ചിരുന്ന പ്രാകൃത് ഭാഷ ഉപഭൂഖണ്ഡത്തിലാകമാനമുള്ള എല്ലാവർക്കും അറിയുമായിരുന്നോ? രാജാവിന്റെ കൽപ്പനകൾ പിൻതുടർന്നിരുന്നോ? ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടെത്തുക എപ്പോഴും എളുപ്പമല്ല.

ഈ പ്രശ്നങ്ങളിൽ ചിലത് നാം ഒരു അശോകലിഖിതം (സ്രോതസ്സ് 11) നോക്കിയാൽ വ്യക്തമാണ്. ഇത്, ഭരണാധികാരിയുടെ മനോവേദന പ്രതിഫലിപ്പിക്കുന്നതായും അതുപോലെ യുദ്ധത്തോടുള്ള അദ്ദേഹത്തിന്റെ മനോഭാവത്തിൽ വന്ന മാറ്റം രേഖപ്പെടുത്തുന്നതായും പലപ്പോഴും വ്യാഖ്യാനിക്കപ്പെട്ടു. ലിഖിതങ്ങളുടെ വായന അവയുടെ മുഖവിലക്കപ്പുറത്തേക്ക് കടക്കുമ്പോൾ, സാഹചര്യങ്ങൾ കൂടുതൽ സങ്കീർണമാകുന്നു എന്നുനമുക്ക് കാണാം.

ഇന്നത്തെ ഒറീസയിൽ അശോകന്റെ ലിഖിതങ്ങൾ കണ്ടെത്തിയെങ്കിലും അദ്ദേഹത്തിന്റെ വേദന ചിത്രീകരിക്കുന്ന ഒന്ന് അവിടെ കാണാനില്ല. മറ്റൊരുരീതിയിൽ പറഞ്ഞാൽ, കീഴടക്കിയ പ്രദേശത്ത് ആ ലിഖിതം കാണപ്പെട്ടിട്ടില്ല. അതിൽനിന്നു നാം എന്താണ് അനുമാനിക്കുക? സമീപകാലത്തുണ്ടായ ആക്രമണത്തിന്റെ വേദന ഈ പ്രദേശത്ത് അതിതീവ്രമായ രീതിയിൽ വേദനാജനകമായിരുന്നോ? അതുകൊണ്ട് ഭരണാധികാരിക്ക് ഈ പ്രശ്നത്തെ അഭിസംബോധനചെയ്യാൻ കഴിയാതെപോയതാണോ?

## 8. ലിഖിത തെളിവുകളുടെ പരിമിതികൾ

### (The Limitations of Inscriptional Evidence)

പുരാലേഖശാസ്ത്രങ്ങൾക്ക് (എപ്പിഗ്രാഫിക്ക്) വെളിപ്പെടുത്താൻ കഴിയുന്ന കാര്യങ്ങൾക്ക് പരിമിതികളുണ്ടെന്ന് ഇപ്പോൾ ഏകദേശം വ്യക്തമാണ്, ചില സമയങ്ങളിൽ, സാങ്കേതിക പരിമിതികൾ ഉണ്ടാകാറുണ്ട്: അക്ഷരങ്ങൾ വളരെ മങ്ങിയ രീതിയിലാണ് കൊത്തി വെച്ചിരിക്കുന്നത്, അതുകൊണ്ട് പുനർനിർമാണത്തിൽ അനിശ്ചിതത്വമുണ്ട്. കൂടാതെ, ലിഖിതങ്ങൾ കേടുവന്നിരിക്കാം അല്ലെങ്കിൽ അക്ഷരങ്ങൾ നഷ്ടപ്പെട്ടിരിക്കാം. ഇതിനുപുറമെ, ലിഖിതങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളുടെ കൃത്യമായ അർഥത്തെക്കുറിച്ച് ഉറപ്പായി പറയാൻ എല്ലായ്പ്പോഴും അത്ര എളുപ്പമല്ല; കാരണം അവയിൽ ചിലത് ഒരുപ്രത്യേക സ്ഥലത്തിനോ അല്ലെങ്കിൽ സമയത്തിനോ മാത്രം സവിശേഷമായതാകാം. നിങ്ങൾ ഒരു എപ്പിഗ്രാഫിക്കൽ ജേണലി (ചിലത് കാലരേഖ-2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)ലൂടെ കടന്നു പോകുകയാണെങ്കിൽ പണ്ഡിതർ ലിപികളെ വായിച്ചറിയുവാനുള്ള വ്യത്യസ്തമായ രീതികളെക്കുറിച്ച് നിരന്തരമായ സംവാദങ്ങളിലും ചർച്ചകളിലും ഏർപ്പെട്ടിരിക്കുകയാണെന്ന് നിങ്ങൾക്ക് മനസ്സിലാകും.

➲ **ചർച്ച ചെയ്യുക...**

ഭൂപടം 2 നോക്കി അശോക ശാസനങ്ങളുടെ (ലിഖിതങ്ങൾ) സ്ഥാനങ്ങളെ കുറിച്ച് ചർച്ച ചെയ്യുക: നിങ്ങൾ ഏതെങ്കിലും രീതികൾ കാണുന്നുണ്ടോ?

ആയിരക്കണക്കിന് ലിഖിതങ്ങൾ കണ്ടെടുക്കപ്പെട്ടെങ്കിലും, എല്ലാം വായിച്ചെടുക്കുകയോ, പ്രസിദ്ധീകരിക്കുകയോ, വിവർത്തനം നടത്തുകയോ ചെയ്തിട്ടില്ല. കൂടാതെ, നിരവധി ലിഖിതങ്ങൾ നിലവിലുണ്ടായിരിക്കാമെങ്കിലും അവയ്ക്ക് കാലത്തിന്റെ സംഹാരത്തെ അതിജീവിക്കുവാൻ കഴിഞ്ഞിരിക്കില്ല. അതിനാൽ, ഒരു പക്ഷേ കൊത്തിവയ്ക്കപ്പെട്ടതിന്റെ ചെറിയ അംശം മാത്രമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്.

കൂടുതൽ അടിസ്ഥാനപരമായ മറ്റൊരു പ്രശ്നമുണ്ട്: രാഷ്ട്രീയവും അല്ലെങ്കിൽ സാമ്പത്തികവുമായി പ്രാധാന്യമുണ്ടെന്ന് നാം കരുതുന്നതെല്ലാം തന്നെ ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടാവണമെന്നില്ല. ഉദാഹരണമായി, പതിവു കാർഷികരീതികളും ദൈനംദിന ജീവിതത്തിന്റെ സന്തോഷങ്ങളും ദുഃഖങ്ങളും ലിഖിതങ്ങളിൽ സൂചിപ്പിച്ചിട്ടേയില്ല. പലപ്പോഴും വലുതും അനന്യവുമായ സംഭവങ്ങളിലാണ് ഇതു ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്. കൂടാതെ, ലിഖിതങ്ങളുടെ ഉള്ളടക്കം, തീർച്ചയായും, അതു നടപ്പിലാക്കുന്ന വ്യക്തി (വ്യക്തികൾ)യുടെ വീക്ഷണത്തെയാണ് വരച്ചുകാട്ടുന്നത്. അങ്ങനെയെങ്കിൽ, ഭൂതകാലത്തെ കൂടുതൽ മനസ്സിലാക്കണമെങ്കിൽ ഇവയെ മറ്റു കാഴ്ചപ്പാടുകളുമായി തട്ടിച്ചുനോക്കേണ്ടതുണ്ട്.

ഈവിധത്തിൽ രാഷ്ട്രീയ സാമ്പത്തിക ചരിത്രത്തെക്കുറിച്ചുള്ള ഒരു പൂർണമായ ധാരണ നൽകുവാൻ പുരാലേഖപഠനത്തിന് മാത്രമായി കഴിയുന്നില്ല. കൂടാതെ, ചരിത്രകാരർ പലപ്പോഴും പഴയതും പുതിയതുമായ തെളിവുകളെ ചോദ്യം ചെയ്യുന്നുമുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനകാലത്തെയും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്തെയും പണ്ഡിതർക്ക് രാജാക്കന്മാരുടെ ചരിത്രങ്ങളിലാണ് പ്രധാനമായും താൽപ്പര്യം ഉണ്ടായിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലം മുതൽ, സാമ്പത്തിക മാറ്റങ്ങൾ പോലുള്ള വിഷയങ്ങളും വ്യത്യസ്ത സാമൂഹിക വിഭാഗങ്ങൾ ഉദയം ചെയ്ത രീതികളും കൂടുതൽ പ്രാധാന്യം നേടിയെടുത്തു. ഈ അടുത്ത ദശാബ്ദങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ചരിത്രങ്ങൾ കൂടുതൽ ശ്രദ്ധനേടിയതായി കാണുന്നു. ഇത് ഒരുപക്ഷേ പഴയസ്രോതസ്സുകളുടെ പുതിയ അന്വേഷണങ്ങളിലേക്കും പുതിയ വിശകലന തന്ത്രങ്ങളുടെ ഉദയത്തിലേക്കും നയിച്ചേക്കാം.



ചിത്രം 2.13
കർണാടകയിൽ നിന്നുള്ള ഒരു ചെമ്പ് ലിഖിതം, ഏകദേശം സി.ഇ. ആറാം നൂറ്റാണ്ട്

### കാലരേഖ I (TIMELINE 1)
### മുഖ്യ രാഷ്ട്രീയ സാമ്പത്തിക പുരോഗതികൾ
### (MAJOR POLITICAL AND ECONOMIC DEVELOPMENTS)

| | |
|---|---|
| ഏകദേശം 600 മുതൽ 500 ബിസിഇ വരെ | നെല്ല് പറിച്ചുനടൽ; ഗംഗാതാഴ്‌വരയിലെ നഗരവൽക്കരണം; *മഹാജനപദങ്ങൾ* ; മുദ്രാങ്കിത നാണയങ്ങൾ |
| ഏകദേശം 500 മുതൽ 400 ബിസിഇ വരെ | മഗധയിലെ ഭരണാധികാരികൾ അധികാരം ഉറപ്പിക്കുന്നു |
| ഏകദേശം 327 മുതൽ 325 ബിസിഇ വരെ | മാസിഡോൺകാരനായ അലക്സാണ്ടറിന്റെ ആക്രമണം |
| ഏകദേശം 321 ബിസിഇ | ചന്ദ്രഗുപ്തമൗര്യന്റെ സ്ഥാനാരോഹണം |
| ഏകദേശം 272/268–231 ബിസിഇ | അശോകന്റെ ഭരണകാലം |
| ഏകദേശം 185 ബിസിഇ | മൗര്യസാമ്രാജ്യത്തിന്റെ അന്ത്യം |
| ഏകദേശം 200 മുതൽ100 ബിസിഇ വരെ | വടക്കുപടിഞ്ഞാറിൽ ഇൻഡോ-ഗ്രീക്കുകാർ; ദക്ഷിണേന്ത്യയിൽ ചോളർ; ചേരർ, പാണ്ഡ്യർ; ഡക്കാനിൽ ശതവാഹനർ എന്നിവരുടെ ഭരണം |
| ഏകദേശം 100 ബിസിഇ മുതൽ 200 സിഇ വരെ | വടക്കു പടിഞ്ഞാറ് ഭാഗത്ത് ശാക (മധ്യേഷ്യയിൽ നിന്നുള്ള ജനങ്ങൾ) ഭരണാധികാരികൾ; റോമൻ വ്യാപാരം; സ്വർണ നാണയ വ്യവസ്ഥ |
| ഏകദേശം 78 സിഇ? | കനിഷ്കന്റെ സ്ഥാനാരോഹണം |
| ഏകദേശം 100 മുതൽ 200 സിഇ വരെ | ശതവാഹന, ശാക ഭരണാധികാരികളുടെ ഭൂദാനങ്ങളുടെ ഏറ്റവുമാദ്യത്തെ ലിഖിതത്തെളിവുകൾ |
| ഏകദേശം 320 സിഇ | ഗുപ്തഭരണാരംഭം |
| ഏകദേശം 335 മുതൽ 375 സിഇ വരെ | സമുദ്രഗുപ്തൻ |
| ഏകദേശം 375 മുതൽ 415 സിഇ വരെ | ചന്ദ്രഗുപ്തൻ രണ്ടാമൻ : ഡക്കാനിൽ വാകാടകർ |
| ഏകദേശം 500 മുതൽ 600 സിഇ വരെ | കർണാടകത്തിൽ ചാലുക്യരുടെയും തമിഴ്നാട്ടിൽ പല്ലവരുടെയും ഉദയം |
| ഏകദേശം 600 മുതൽ 647 സിഇ വരെ | ഹർഷവർധനൻ കനൗജിലെ രാജാവ്; ബുദ്ധഗ്രന്ഥങ്ങളെ അന്വേഷിച്ച് ചൈനീസ് തീർഥാടകനായ സു ആൻ സാങ് (ഹുയാങ്ങ് സാങ്) വരുന്നു |
| ഏകദേശം 712 | അറബികൾ സിന്ധ് ആക്രമിച്ച് കീഴ്പ്പെടുത്തുന്നു |

*(കുറിപ്പ് : സാമ്പത്തിക സംഭവഗതികളുടെ നിശ്ചിതകാലം കൃത്യമായി തിട്ടപ്പെടുത്തുക പ്രയാസമാണ്. കൂടാതെ ഉപഭൂഖണ്ഡത്തിൽ മുഴുവനായി അനേകം വ്യത്യാസങ്ങളുണ്ട്. അവയെല്ലാം കാലരേഖയിൽ സൂചിപ്പിച്ചിട്ടില്ല. പ്രത്യേകസംഭവഗതികളുടെ ഏറ്റവുമാദ്യത്തെ തീയതികൾ മാത്രമേ നൽകിയിട്ടുള്ളൂ. കനിഷ്കന്റെ സ്ഥാനാരോഹണത്തീയതി വ്യക്തമല്ല. അതുകൊണ്ട് അതിനെ '?' എന്ന് അടയാളപ്പെടുത്തിയിട്ടുണ്ട്)*

## കാലരേഖ 2 (TIMELINE 2)
## പുരാലേഖശാസ്ത്ര (എപ്പിഗ്രാഫിയിലെ) ത്തിലെ പ്രധാന മുന്നേറ്റങ്ങൾ
## (MAJOR ADVANCES IN EPIGRAPHY)

**പതിനെട്ടാംനൂറ്റാണ്ട്**

| | |
|---|---|
| 1784 | ഏഷ്യാറ്റിക് സൊസൈറ്റി (ബംഗാൾ) സ്ഥാപിക്കുന്നു |

**പത്തൊൻപതാംനൂറ്റാണ്ട്**

| | |
|---|---|
| 1810 കളിൽ | കോളിൻമെക്കൻസി സംസ്കൃതത്തിലും ദ്രാവിഡഭാഷകളിലുമുള്ള 8000ൽ കൂടുതൽ പുരാലേഖകൾ ശേഖരിക്കുന്നു |
| 1838 | ജയിംസ് പ്രിൻസെപ്പ് അശോകന്റെ ബ്രാഹ്മി വായിച്ചെടുക്കുന്നു |
| 1877 | അശോകശാസന (ലിഖിത)ങ്ങളുടെ ഒരുശേഖരം അലക്സാണ്ടർ കണ്ണിംഗ് ഹാം പ്രസിദ്ധീകരിക്കുന്നു |
| 1886 | ദക്ഷിണേന്ത്യൻ പുരാലേഖങ്ങളുടെ ഒരു ഡയറിക്കുറിപ്പായ *എപ്പിഗ്രാഫിയാ കർണാട്ടിക്ക* യുടെ ആദ്യപതിപ്പ് |
| 1888 | *എപ്പിഗ്രാഫിയാ ഇൻഡിക്കാ*യുടെ ആദ്യപതിപ്പ് പുറത്തുവരുന്നു |

**ഇരുപതാംനൂറ്റാണ്ട്**

| | |
|---|---|
| 1965–66 | *ഇന്ത്യൻ എപ്പിഗ്രാഫി* ആന്റ് *ഇന്ത്യൻ എപ്പിഗ്രാഫിക്കൽ ഗ്ലോസ്സറി* എന്നിവ ഡി.സി.സർക്കാർ പ്രസിദ്ധീകരിക്കുന്നു |

### 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100-150 WORDS)

1. ചരിത്രത്തിലെ ആദ്യകാല നഗരങ്ങളിലെ കരകൗശല ഉൽപ്പന്നത്തിന്റെ തെളിവുകൾ ചർച്ചചെയ്യുക. ഹരപ്പൻ നഗരങ്ങളിലെ തെളിവുകളിൽനിന്ന് ഏതു രീതികളിലാണ് ഇതുവ്യത്യാസപ്പെട്ടിരിക്കുന്നത്?
2. *മഹാജനപദങ്ങളുടെ* പ്രധാനസവിശേഷതകൾ വിവരിക്കുക.
3. സാധാരണജനങ്ങളുടെ ജീവിതങ്ങൾ ചരിത്രകാരർ പുനർനിർമ്മിക്കുന്നത് എങ്ങനെ?
4. പാണ്ഡ്യത്തലവന് (സ്രോതസ് 3) നൽകിയ ഉൽപ്പന്നങ്ങളുടെ പട്ടികയും ദാൻഗുണ (സ്രോതസ് 8) ഗ്രാമത്തിൽ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങളും തമ്മിൽ താരതമ്യം ചെയ്തു വ്യത്യാസം കണ്ടെത്തുക. നിങ്ങൾ എന്തെങ്കിലും സമാനതകളോ അല്ലെങ്കിൽ വ്യത്യാസങ്ങളോ കാണുന്നുണ്ടോ?
5. പുരാലേഖാശാസ്ത്രജ്ഞർ (എപ്പിഗ്രാഫിസ്റ്റുകൾ) നേരിടുന്ന ഏതാനും പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക.

**നിങ്ങൾക്ക് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ, വായിക്കുക:**

ഡി.എൻ.ഝാ. 2004
*ഏർലി ഇന്ത്യ : എ കൺസൈസ് ഹിസ്റ്ററി.*
മനോഹർ, ന്യൂഡൽഹി.

ആർ.സാലോമോൻ. 1998.
*ഇന്ത്യൻ എപ്പിഗ്രഫി.* മുൻഷിറാം
മനോഹർലാൽ പബ്ലിഷേഴ്സ് പ്രൈവറ്റ്
ലിമിറ്റഡ്, ന്യൂഡൽഹി.

ആർ.എസ്.ശർമ. 1983.
*മെറ്റീരിയൽ കൾച്ചർ ആന്റ് സോഷ്യൽ ഫോർമേഷൻ ഇൻ ഏർലി ഇന്ത്യ.*
മാക്മില്ലൻ, ന്യൂഡൽഹി.

ഡി.സി.സർക്കാർ. 1975.
*ഇൻസ്ക്രിപ്ഷൻസ് ഓഫ് അശോക.*
പബ്ലിക്കേഷൻസ് ഡിവിഷൻ, മിനിസ്റ്ററി
ഓഫ് ഇൻഫർമേഷൻ ആന്റ്
ബ്രോഡ്കാസ്റ്റിംഗ്,
ഗവൺമെന്റ് ഓഫ് ഇന്ത്യ ന്യൂഡൽഹി.

റോമില ഥാപ്പർ. 1997.
*അശോക ആന്റ് ദി ഡിക്ലൈൻ ഓഫ് ദി മൗര്യാസ്.* ഓക്സ്ഫഡ് യൂണിവേഴ്സിറ്റി
പ്രസ്, ന്യൂഡൽഹി.

**കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക**
http://projectsouthasia.sdstate.edu/Docs/index.html

## ചുവടെ നൽകിയിരിക്കുന്നവയെക്കുറിച്ച് ലഘു ഉപന്യാസം (500 വാക്കുകളിൽ) എഴുതുക : (WRITE A SHORT ESSAY (ABOUT 500 WORDS) ON THE FOLLOWING

6. മൗര്യഭരണത്തിന്റെ പ്രധാനസവിശേഷതകൾ ചർച്ചചെയ്യുക. ഇവയിൽ ഏതൊക്കെയാണ് നിങ്ങൾ പഠിച്ച അശോകൻ ലിഖിതങ്ങളിൽ കാണുന്നത്?
7. ഇരുപതാംനൂറ്റാണ്ടിലെ പുരാലേഖശാസ്ത്രജ്ഞരിൽ (എപ്പിഗ്രാഫിസ്റ്റുകളിൽ) പ്രശസ്തനായ ഡി.സി.സർക്കാർ നടത്തിയ ഒരു പ്രസ്താവനയാണിത് : "ലിഖിതങ്ങളിൽ പ്രതിഫലിക്കാത്ത ഇന്ത്യക്കാരുടെ ജീവിത ഘടകങ്ങളോ, സംസ്കാരമോ, പ്രവർത്തനങ്ങളോ ഇല്ല". ചർച്ചചെയ്യുക.
8. മൗര്യാനന്തര കാലഘട്ടത്തിൽ വികസിച്ച രാജത്വം സംബന്ധിച്ച സങ്കൽപ്പത്തെക്കുറിച്ച് ചർച്ച ചെയ്യുക.
9. പരിഗണനാകാലയളവിൽ കാർഷികപ്രവർത്തനങ്ങൾക്ക് എത്രത്തോളം മാറ്റമുണ്ടായി?

## ഭൂപട പ്രവർത്തനം (MAP WORK)

10. ഭൂപടം 1 ഉം 2 ഉം താരതമ്യംചെയ്യുക. മൗര്യസാമ്രാജ്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടാകാവുന്ന *മഹാജനപദങ്ങളെ* പട്ടികപ്പെടുത്തുക. ഈപ്രദേശങ്ങളിൽ ഏതെങ്കിലും അശോകശാസനങ്ങൾ കാണപ്പെടുന്നുണ്ടോ?

## പ്രോജക്ട് (ഏതെങ്കിലും ഒന്ന്) (PROJECT (ANY ONE))

11. ഒരു മാസത്തെ പത്രങ്ങൾ ശേഖരിക്കുക. പൊതുമരാമത്ത് പണികളെക്കുറിച്ച് ഗവൺമെന്റ് ഉദ്യോഗസ്ഥർ നടത്തിയ എല്ലാ പ്രസ്താവനകളും വെട്ടി ഒട്ടിക്കുക. ഇത്തരം പദ്ധതികൾക്ക് ആവശ്യമായ വിഭവങ്ങളെക്കുറിച്ചും വിഭവങ്ങൾ എങ്ങനെ സമാഹരിക്കാമെന്നതിനെക്കുറിച്ചും പദ്ധതിയുടെ ലക്ഷ്യങ്ങളെക്കുറിച്ചും റിപ്പോർട്ടുകൾ എന്താണ് പറയുന്നത് എന്ന് പരിശോധിക്കുക. ഈ പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത് ആരാണ്? ഇത് അറിയിക്കുന്നത് എങ്ങനെ? എന്തിന്? ഈ അധ്യായത്തിൽ ചർച്ച ചെയ്ത പുരാലേഖശാസ്ത്രങ്ങളിൽനിന്നുള്ള തെളിവുകളുമായി ഇവയെ താരതമ്യംചെയ്ത് വ്യത്യാസം കണ്ടെത്തുക. ഇവയിലെ സമാനതകളും വ്യത്യാസങ്ങളും എന്തൊക്കെയാണെന്ന് പരിശോധിക്കുക.
12. ഇന്നു പ്രചാരത്തിലുള്ള അഞ്ചു വ്യത്യസ്ത നാണയങ്ങളും രൂപാനോട്ടുകളും ശേഖരിക്കുക. ഇവ ഓരോന്നിന്റെയും മുൻഭാഗത്തും പിൻഭാഗത്തും നിങ്ങൾ എന്താണ് കണ്ടതെന്ന് നിരീക്ഷിക്കുക. ഇവയുടെ പൊതുവായ സവിശേഷതകളെക്കുറിച്ചും അതുപോലെ ഇവയിലെ ചിത്രങ്ങൾ, ലിപികൾ, ഭാഷകൾ, വലുപ്പം, ആകൃതി എന്നിവയിലുള്ള വ്യത്യാസങ്ങളെക്കുറിച്ചും നിങ്ങൾക്ക് കാണാൻ കഴിയുന്ന പ്രാധാന്യമർഹിക്കുന്ന മറ്റേതെങ്കിലും ഘടകങ്ങളെക്കുറിച്ചും ഒരു റിപ്പോർട്ട് തയാറാക്കുക. ഈ അധ്യായത്തിൽ കാണിച്ചിരിക്കുന്ന നാണയങ്ങളുമായി താരതമ്യംചെയ്യുക. നാണയനിർമ്മാണത്തിന് ഉപയോഗിച്ച വസ്തുക്കൾ, സാങ്കേതികവിദ്യ, ദൃശ്യമായ അടയാളങ്ങൾ അവയുടെ പ്രാധാന്യം, നാണയങ്ങൾ എന്തിനായി ഉപയോഗിക്കപ്പെട്ടു എന്നിവ ചർച്ചചെയ്യുക.

പ്രമേയം മൂന്ന്

# ബന്ധുത്വം, ജാതി, വർഗം
# (KINSHIP, CASTE AND CLASS)
## ആദ്യകാല സമൂഹങ്ങൾ
## (EARLY SOCIETIES)
### ഏകദേശം 600 ബി.സി.ഇ. മുതൽ 600 സി.ഇ. വരെ
### (*c.* 600 BCE-600 CE)

600 ബി.സി.ഇയ്ക്കും 600 സി.ഇയ്ക്കും ഇടയ്ക്കുള്ള കാലഘട്ടത്തിൽ സാമ്പത്തിക, രാഷ്ട്രീയ ജീവിതമേഖലകളിൽ ഒട്ടേറെ മാറ്റങ്ങളുണ്ടായെന്ന് മുൻ അധ്യായത്തിൽ നാംകണ്ടു. ഇതിൽ ചിലമാറ്റങ്ങൾ സമൂഹങ്ങളെയും സ്വാധീനിച്ചിരുന്നു. ഉദാഹരണമായി, വനമേഖലകളിലേക്ക് കൃഷി വ്യാപിപ്പിച്ചത് വനവാസികളുടെ ജീവിതത്തെ മാറ്റിമറിച്ചു. കരകൗശലവിദഗ്ധർ മിക്കപ്പോഴും പ്രത്യേക സാമൂഹികവിഭാഗങ്ങളായി ഉയർന്നുവന്നു. കൂടാതെ സമ്പത്തിന്റെ അസന്തുലിതമായ വിതരണം സാമൂഹികമായ അന്തരങ്ങൾക്ക് മൂർച്ചകൂട്ടി.



ചിത്രം - 3.1
മഹാഭാരതത്തിലെ ഒരു ദൃശ്യം ചിത്രീകരിക്കുന്ന കളിമൺ ശിൽപം (പശ്ചിമബംഗാൾ) ഏകദേശം പതിനേഴാം നൂറ്റാണ്ട്.

ഇത്തരം പ്രക്രിയകളെ മനസ്സിലാക്കുവാൻ ചരിത്രകാരർ മിക്കപ്പോഴും ഗ്രന്ഥപാരമ്പര്യങ്ങളെയാണ് ആശ്രയിക്കുന്നത്. ചില ഗ്രന്ഥങ്ങളിൽ സാമൂഹ്യപെരുമാറ്റ നിയമങ്ങളാണ് സൂചിപ്പിച്ചിരിക്കുന്നത്. മറ്റ് ചിലതിൽ വ്യത്യസ്ത തരത്തിലുള്ള സാമൂഹ്യസാഹചര്യങ്ങളെയും ആചാരങ്ങളെയുംകുറിച്ചു വിവരിക്കുകയും, ചിലപ്പോൾ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്നു. ലിഖിതങ്ങളിൽനിന്നു ചില സാമൂഹിക പ്രവർത്തകരെക്കുറിച്ചുള്ള സൂചനകളും നമുക്കു ലഭിക്കുന്നുണ്ട്. നമ്മൾ കാണാൻപോകുന്നതുപോലെ പ്രത്യേക സാമൂഹ്യവിഭാഗങ്ങളുടെ വീക്ഷണങ്ങളിലൂടെയാണ് ഓരോ ഗ്രന്ഥവും (ലിഖിതവും) രചിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ, ഇവയെല്ലാം ആര്, എന്ത്, ആർക്കുവേണ്ടി രചിച്ചു എന്നു നാം ഓർക്കേണ്ടതുണ്ട്. ഇതിലുപയോഗിച്ചിരിക്കുന്ന ഭാഷയും, ഗ്രന്ഥം പ്രചരിച്ച വഴികളും നാം പരിഗണിക്കണം. സാമൂഹ്യ ചരിത്രത്തെ രൂപപ്പെടുത്തിയ മനോഭാവങ്ങളെയും, അനുഷ്ഠാനങ്ങളെയും കുറിച്ചറിയുവാൻ ഇത്തരം കൃതികൾ ശ്രദ്ധാപൂർവം ഉപയോഗിക്കുന്നതിലൂടെ നമുക്കു കഴിയും.

വ്യത്യസ്ത തലങ്ങളിലെ സാമൂഹ്യവിഭാഗങ്ങളെയും സാഹചര്യങ്ങളെയും ചിത്രീകരിക്കുന്നതും ഇന്നത്തെ രൂപത്തിൽ ഒരുലക്ഷത്തിലേറെ ശ്ലോകങ്ങൾ ഉള്ളതുമായ ബൃഹത്തായ ഇതിഹാസഗ്രന്ഥമായ മഹാഭാരതം നോക്കുമ്പോൾ ഉപഭൂഖണ്ഡത്തിലെ ഏറ്റവുംസമ്പന്നമായ കൃതികളിൽ ഒന്നിലാണ് നാം എത്തിച്ചേരുന്നത്. ആയിരത്തോളം വർഷങ്ങൾകൊണ്ടാണ് ഇതു രചിക്കപ്പെട്ടത്. (500 ബി.സി.ഇ.മുതൽ). കൂടാതെ ഇതിൽ വിവരിക്കുന്ന ചിലകഥകൾ അതിനുമുൻപുള്ള കാലത്തുതന്നെ പ്രചാരത്തിലുണ്ടായിരുന്നിരിക്കാം. ഇതിലെ കേന്ദ്രകഥ പരസ്പരം സംഘർഷത്തിലേർപ്പെടുന്ന രണ്ടുകൂട്ടം സഹോദരപുത്രരെക്കുറിച്ചാണ്. വിവിധ സാമൂഹ്യവിഭാഗങ്ങൾക്കായുള്ള പെരുമാറ്റച്ചട്ടങ്ങൾ ഉൾക്കൊള്ളുന്ന ഭാഗങ്ങളും ഈ കൃതിയിലുണ്ട്. ഇടയ്ക്ക് (എല്ലായ്പ്പോഴുമില്ലെങ്കിലും) ഇതിലെ മുഖ്യകഥാപാത്രങ്ങൾ ഈ നിയമാവലികൾ പിന്തുടർന്നിരുന്നതായി കാണാം. ഈ നിയമങ്ങളോടുള്ള അനുസരണയും അവയിൽ നിന്നുള്ള വ്യതിചലനവും എന്തിനെയാണ് സൂചിപ്പിക്കുന്നത്.?

A7E8R4


भापर्व [2. 19. 19

मागधानां सुरुचिरं चैत्यकान्तं समाद्रवन् ।
शिरसीव जिघांसन्तो जरासंधजिघांसवः ॥ १७
स्थिरं सुविपुलं शृङ्गं सुमहान्तं पुरातनम् ।
अर्चितं माल्यदामैश्च सततं सुप्रतिष्ठितम् ॥ १८
विपुलैर्बाहुभिर्वीरास्तेऽभिहत्याभ्यपातयन् ।
ततस्ते मागधं दृष्ट्वा पुरं प्रविविशुस्तदा ॥ १९

105 ]

ചിത്രം 3.2

*വിമർശനാത്മകപ്പതിപ്പിന്റെ (Critical Edition) ഒരു പുറത്തിൽ നിന്നുള്ള ഭാഗം.*

വലിയതും വീതി കൂടിയതുമായ അക്ഷരങ്ങളിൽ അച്ചടിച്ചിരിക്കുന്നത് മൂലഗ്രന്ഥ ഭാഗമാണ്. വിവിധ കൈയെഴുത്തു പ്രതികളിൽ കാണപ്പെടുന്ന പാഠഭേദങ്ങളെ സംബന്ധിച്ച് ശ്രദ്ധാപൂർവം തയാറാക്കിയ അനുക്രമണികയുടെ പട്ടികയാണ് ചെറിയ അക്ഷരത്തിൽ അച്ചടിച്ചിട്ടുള്ളത്.

## 1. മഹാഭാരതത്തിന്റെ വിമർശനാത്മകപ്പതിപ്പ് (THE CRITICAL EDITION OF THE *MAHABHARATA*)

ഉത്കർഷേച്ഛനിറഞ്ഞ വൈജ്ഞാനികപദ്ധതികളിൽ ഒന്ന് ഇന്ത്യയിലെ പ്രമുഖ സംസ്കൃതപണ്ഡിതനായിരുന്ന വി.എസ്. സുക്തങ്കറുടെ നേതൃത്വത്തിൽ 1919 – ൽ ആരംഭിച്ചു. ഡസൺകണക്കിന് പണ്ഡിതരുടെ ഒരു സംഘം മഹാഭാരതത്തിന്റെ ഒരു വിമർശനാത്മകപ്പതിപ്പ് തയാറാക്കുന്നതിനുള്ള യത്നം തുടങ്ങിവച്ചു. യഥാർഥത്തിൽ എന്താണതിൽ ഉൾപ്പെട്ടിരുന്നത്? രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിവിധ ലിപികളിൽ എഴുതപ്പെട്ട, ഗ്രന്ഥത്തിന്റെ സംസ്കൃത ഭാഷയിലുള്ള കൈയെഴുത്ത് പ്രതികൾ ശേഖരിക്കലായിരുന്നു ഇതിന്റെ തുടക്കം.

ഓരോ കൈയെഴുത്ത് പ്രതിയിലെയും ശ്ലോകങ്ങൾ തമ്മിൽ താരതമ്യംചെയ്യാനായി ഒരുപഠനരീതി ഇവർ തയാറാക്കി. അവസാനം, ഭൂരിഭാഗം വിവരണങ്ങളിലും പൊതുവായി കണ്ടെത്തിയ ശ്ലോകങ്ങളെ തിരഞ്ഞെടുക്കുകയും അവ പതിമൂവായിരത്തിലധികം പുറങ്ങളിൽ നിരവധി വാല്യങ്ങളായി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ സംരംഭം പൂർത്തീകരിക്കാൻ 47 വർഷങ്ങളെടുത്തു. രണ്ടുകാര്യങ്ങൾ ഇതിൽ പ്രകടമായി: കഥയുടെ സംസ്കൃത പാഠഭേദങ്ങളിൽ നിരവധി പൊതുഘടകങ്ങൾ ഉണ്ടായിരുന്നു. ഇത് വടക്ക് കാശ്മീരും നേപ്പാളും മുതൽ തെക്ക് കേരളവും തമിഴ്നാടും ഉൾക്കൊള്ളുന്ന ഉപഭൂഖണ്ഡത്തിന്റെ മുഴുവൻ ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയ കൈയെഴുത്ത് പ്രതികളിൽ പ്രകടമായിരുന്നു. ഈ കൃതി നൂറ്റാണ്ടുകളിലൂടെ സംപ്രേഷണം (എത്തിക്കൽ) ചെയ്യപ്പെട്ട രീതികളിൽ ഉണ്ടായിട്ടുള്ള അത്യധികമായ പ്രാദേശിക മാറ്റങ്ങളും പ്രകടമായിരുന്നു. ഈ വ്യത്യാസങ്ങളെല്ലാം മുഖ്യഗ്രന്ഥത്തിന്റെ അടിക്കുറിപ്പുകളും അനുബന്ധങ്ങളുമായി രേഖപ്പെടുത്തപ്പെട്ടു. ആകെയുള്ള 13000 പുറങ്ങളിൽ പകുതിയിലധികവും ഇത്തരം മാറ്റങ്ങൾക്കായി നീക്കിവച്ചിരിക്കുകയാണ്.

ഒരർഥത്തിൽ ഈ മാറ്റങ്ങൾ ആദ്യകാല (പിൽക്കാലത്തെയും) സാമൂഹികചരിത്രങ്ങളെ രൂപപ്പെടുത്തിയ സങ്കീർണപ്രക്രിയകളെ പ്രതിഫലിപ്പിക്കുന്നു. മേധാവിത്വപാരമ്പര്യങ്ങളും പിൻവലിയുന്ന പ്രാദേശികമായ ആശയങ്ങളും ആചാരങ്ങളും തമ്മിലുള്ള സംവാദങ്ങളിലൂടെയാണ് ഈ രൂപപ്പെടൽ സംഭവിച്ചത്. സംഘർഷത്തിന്റെയും സമവായത്തിന്റെയും മുഹൂർത്തങ്ങൾ ഈ സംവാദങ്ങളുടെ സവിശേഷതയാണ്.

ഈ പ്രക്രിയകളെക്കുറിച്ചുള്ള നമ്മുടെ ധാരണ പ്രാഥമികമായും രൂപപ്പെട്ടിട്ടുള്ളത് ബ്രാഹ്മണർ അവർക്കായി രചിച്ച സംസ്കൃത ഗ്രന്ഥങ്ങളിൽ നിന്നുമാണ്. സാമൂഹിക ചരിത്രവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ആദ്യമായി അന്വേഷിച്ച പത്തൊൻപത്, ഇരുപത് നൂറ്റാണ്ടുകളിലെ ചരിത്രകാരർ ഈ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ളവയെല്ലാം യഥാർഥത്തിൽ സംഭവിച്ച കാര്യങ്ങളാണെന്ന് വിശ്വസിച്ച് അവയെ മുഖവിലയ്ക്കെടുത്തു. പിന്നീട് പാലി, പ്രാകൃത്, തമിഴ് കൃതികളിൽ നിന്ന് ഇതര പാരമ്പര്യങ്ങളെക്കുറിച്ചും പണ്ഡിതർ പഠിക്കാൻ തുടങ്ങി. വ്യവസ്ഥാപിതമായ സംസ്കൃത ഗ്രന്ഥങ്ങളിലെ ആശയങ്ങൾ പൊതുവെ ആധികാരിമായി അംഗീകരിക്കപ്പെട്ടിരുന്നുവെന്ന് ഈ പഠനങ്ങൾ സൂചിപ്പിച്ചു: അവയും ചോദ്യം ചെയ്യപ്പെടുകയോ ചിലപ്പോഴൊക്കെ നിരാകരിക്കപ്പെടുകയോപോലും ചെയ്തിട്ടുണ്ട്. ചരിത്രകാരർ സാമൂഹ്യചരിത്രത്തെ പുനർനിർമിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുമ്പോൾ ഇതുകൂടി നമ്മൾ മനസ്സിലുറപ്പിക്കേണ്ടതുണ്ട്.

## 2. ബന്ധുത്വവും വിവാഹവും: പല നിയമങ്ങളും വൈവിധ്യമാർന്ന ആചാരങ്ങളും (Kinship and Marriage Many Rules and Varied Practices)

### 2.1 കുടുംബങ്ങളെക്കുറിച്ചുള്ള കണ്ടെത്തൽ

കുടുംബജീവിതത്തെ നാം പലപ്പോഴും നിസ്സാരവത്കരിക്കുന്നു. എന്നിരുന്നാലും എല്ലാ കുടുംബങ്ങളും ഒരുപോലെയല്ല എന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. അംഗങ്ങളുടെ എണ്ണം, അവരുടെ പരസ്പരബന്ധം, പങ്കുവയ്ക്കുന്ന വിവിധ പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു. മിക്കവാറും ഒരേകുടുംബത്തിൽപ്പെട്ട അംഗങ്ങൾ ഭക്ഷണവും മറ്റുവിഭവങ്ങളും പങ്കുവയ്ക്കുകയും ഒരുമിച്ചുജീവിക്കുകയും, ജോലി ചെയ്യുകയും ആചാരങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. "ബന്ധുക്കൾ" അല്ലെങ്കിൽ കുടുതൽ സാങ്കേതികാർഥത്തിൽ പറഞ്ഞാൽ ബന്ധുവിഭാഗം (kinfolk) എന്നു വിശേഷിപ്പിക്കാവുന്ന ബൃഹത്തായ ഒരു ശൃംഖലയുടെ ഭാഗമാണ് കുടുംബങ്ങൾ. മിക്കപ്പോഴും സ്വാഭാവികവും രക്തബന്ധാധിഷ്ഠിതവുമായ ഒന്നായാണ് കുടുംബബന്ധങ്ങളെ കണക്കാക്കുന്നത്; എന്നാൽ അവ പല വ്യത്യസ്തരീതികളിൽ നിർവചിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, ചില സമൂഹങ്ങൾ സഹോദരപുത്രൻമാരെ രക്തബന്ധമുള്ളവരായി കണക്കാക്കുമ്പോൾ മറ്റ് ചിലർ അങ്ങനെ കാണുന്നില്ല.

ആദ്യകാല സമൂഹങ്ങളിലെ വരേണ്യവർഗ കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വീണ്ടെടുക്കാൻ ചരിത്രകാരർക്ക് വളരെ എളുപ്പത്തിൽ കഴിയും; എന്നാൽ, സാധാരണക്കാരുടെ കുടുംബബന്ധങ്ങളെക്കുറിച്ചുള്ള വിവരങ്ങളെ പുനസൃഷ്ടിക്കാൻ ഏറെ പ്രയാസവുമാണ്. കുടുംബം, ബന്ധുത്വം എന്നിവയോടുള്ള മനോഭാവവും ചരിത്രകാരർ അന്വേഷിക്കുകയും വിശകലനം നടത്തുകയും ചെയ്യുന്നു. ജനങ്ങളുടെ ചിന്താഗതികളെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകുന്നതിനാൽ ഇവ വളരെപ്രധാനമാണ്. പ്രവർത്തനങ്ങൾ മനോഭാവങ്ങളിൽ മാറ്റം വരുത്തിയേക്കാവുന്നതുപോലെ ഈ ആശയങ്ങളിൽ ചിലത് അവരുടെ പ്രവർത്തനങ്ങളെ രൂപപ്പെടുത്തിയിരിക്കാൻ സാധ്യതയുണ്ട്.

**കുടുംബത്തെയും ബന്ധുക്കളെയും സൂചിപ്പിക്കുന്ന പദങ്ങൾ (Terms for family and kin)**

സംസ്കൃത ഗ്രന്ഥങ്ങൾ കുടുംബങ്ങളെ സൂചിപ്പിക്കുവാൻ *കുലം* എന്ന പദം ഉപയോഗിക്കുമ്പോൾ രക്തബന്ധുക്കളുടെ വിശാല ശൃംഖലയെ *ജ്ഞാതി* എന്ന് വിളിക്കുന്നു. വംശപാരമ്പര്യങ്ങളെ സൂചിപ്പിക്കുവാൻ *വംശം* എന്ന പദമാണുപയോഗിക്കുന്നത്.

### 2.2 പിതൃദായക്രമമെന്ന ആശയം (The ideal of patriliny)

രക്തബന്ധുത്വപരമായ ബന്ധങ്ങൾ മാറിയത് ഏത് സന്ദർഭങ്ങളിലാണ് എന്ന് തിരിച്ചറിയാൻ നമുക്ക് കഴിയുമോ? ഒരു തരത്തിൽ, ഇതിനെക്കുറിച്ചുള്ള കഥയാണ് *മഹാഭാരതം*. ഭൂമിക്കും അധികാരത്തിനുംവേണ്ടി രണ്ടു സഹോദരന്മാരുടെ മക്കളായ കൗരവരും പാണ്ഡവരും തമ്മിലുണ്ടായ തർക്കത്തെക്കുറിച്ചാണ് ഇതിൽ വിവരിക്കുന്നത്. *ജനപദങ്ങളിൽ* (അധ്യായം 2 ഭൂപടം 1) ഒന്നിന്റെ ആധിപത്യം വഹിച്ച ഒരു രാജകുടുംബമായ കുരുവംശത്തിൽ പെട്ടവരായിരുന്ന ഇവർ. ഒടുവിൽ ഈ സംഘർഷം ഒരുയുദ്ധത്തിൽ അവസാനിക്കുകയും അതിൽ പാണ്ഡവന്മാർ വിജയിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് പിതൃദായക്രമമനുസരിച്ചുള്ള പിന്തുടർച്ച പ്രഖ്യാപിക്കപ്പെട്ടു. ഈ ഇതിഹാസത്തിന്റെ രചനയ്ക്ക് മുമ്പുതന്നെ പിതൃദായക്രമം നിലനിന്നിരുന്നുവെങ്കിലും *മഹാഭാരതത്തിന്റെ* കേന്ദ്രകഥ ഈ ആശയത്തെ ഒരു അമൂല്യവ്യവസ്ഥയായി ഊട്ടിയുറപ്പിച്ചു. പിതൃദായക്രമമനുസരിച്ച് പിതാവ് മരിക്കുമ്പോൾ ആൺമക്കൾക്ക് പിതാവിന്റെ വിഭവസമ്പത്ത് (രാജാക്കന്മാരാണെങ്കിൽ സിംഹാസനം ഉൾപ്പെടെ) അവകാശപ്പെടാൻ സാധിക്കുന്നു.

പിതാവിൽ നിന്ന് പുത്രനിലേക്കും പൗത്രനിലേക്കും പാരമ്പര്യം തുടരുന്നതാണ് *പിതൃദായക്രമം*. മാതാവിലൂടെ തുടരുന്ന പാരമ്പര്യത്തെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന പദമാണ് *മാതൃദായക്രമം*.




ഫലത്തിൽ ചില വ്യത്യാസങ്ങളുണ്ടായിരുന്നെങ്കിലും ഭൂരിഭാഗം രാജവംശങ്ങളും (ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ട് മുതൽ) ഈ വ്യവസ്ഥിതിയായിരുന്നു പിന്തുടർന്നിരുന്നത് : ആൺമക്കളില്ലാതെ വന്ന ചിലസന്ദർഭങ്ങളിൽ സഹോദരർ പിന്തുടർച്ചക്കാരായി, ചിലപ്പോൾ മറ്റു ബന്ധുക്കൾ സിംഹാസനത്തിനായി അവകാശവാദം ഉന്നയിച്ചു, അത്യപൂർവമായ ചില സന്ദർഭങ്ങളിൽ പ്രഭാവതി ഗുപ്തയെപ്പോലുള്ള സ്ത്രീകളും അധികാരപദവി വഹിച്ചു. (അധ്യായം 2)

പിതൃദായക്രമം ഭരണകുടുംബങ്ങളിൽമാത്രം ഒതുങ്ങിനിന്നതായിരുന്നില്ല. *ഋഗ്വേദം* പോലെയുള്ള അനുഷ്ഠാനഗ്രന്ഥങ്ങളിലെ മന്ത്രങ്ങളിലും ഇതുവ്യക്തമാകുന്നുണ്ട്. ബ്രാഹ്മണരടക്കമുള്ള സമ്പന്നവിഭാഗങ്ങളും ഉന്നതപദവി അവകാശപ്പെടുന്നവരും ഈ മനോഭാവം പങ്കുവച്ചിരുന്നിരിക്കാം.

*സ്രോതസ്സ് 1*

## "നല്ല ആൺമക്ക"ളെ സൃഷ്ടിക്കൽ (Producing "fine sons")

ഋഗ്വേദത്തിലെ ഒരു മന്ത്രത്തിന്റെ ഉദ്ധരണിയാണ് ഇവിടെ നല്കുന്നത്, ഏകദേശം 1000 ബി.സി.ഇ. യോടടുത്തായിരിക്കാം ഇത് കൂട്ടിച്ചേർക്കപ്പെട്ടത്. വിവാഹച്ചടങ്ങ് നടത്തുമ്പോൾ പുരോഹിതൻ ഉരുവിടേണ്ട മന്ത്രമാണിത്. ഇക്കാലത്തും പല ഹിന്ദുവിവാഹങ്ങളിലും ഇതുപയോഗിക്കപ്പെടുന്നു :

ഞാൻ ഇവിടെ നിന്ന് അവളെ സ്വതന്ത്രയാക്കുന്നു, എന്നാൽ അവിടെ നിന്നല്ല. ഇന്ദ്രന്റെ അനുഗ്രഹത്താൽ അവൾക്ക് സൽപുത്രരെ ലഭിക്കുന്നതിനും, ഭർത്താവിന്റെ സ്നേഹത്താൽ അവൾ സൗഭാഗ്യവതിയാകുന്നതിനും ഞാൻ അവളെ അവിടെ ദൃഢമായി ചേർത്തു നിർത്തുന്നു.

ശൗര്യത്തിന്റെയും യുദ്ധത്തിന്റെയും മഴയുടെയും ദേവനായ ഇന്ദ്രൻ മുഖ്യദൈവങ്ങളിലൊന്നായിരുന്നു. യഥാക്രമം പിതാവിന്റെയും ഭർത്താവിന്റെയും വീടിനെ സൂചിപ്പിക്കുവാനാണ് "ഇവിടെ", "അവിടെ" എന്നീ പദങ്ങളുപയോഗിച്ചിരിക്കുന്നത്.

➲ ഈ മന്ത്രത്തിന്റെ പശ്ചാത്തലത്തിൽ, വധുവിന്റെയും വരന്റെയും വീക്ഷണത്തിൽ വിവാഹത്തെക്കുറിച്ചുള്ള സൂചകങ്ങൾ ചർച്ചചെയ്യുക. ഈ സൂചനകൾ സമാനമായിരുന്നോ അതോ വിഭിന്നങ്ങളായിരുന്നോ?

*സ്രോതസ്സ് 2*

### ബന്ധുജനങ്ങൾ തമ്മിൽ കലഹിച്ചതെന്തിന്
### Why kinfolk quarrelled

കൗരവർക്കും പാണ്ഡവർക്കുമിടയിൽ സംഘർഷങ്ങൾ ഉരുത്തിരിഞ്ഞത് എന്തുകൊണ്ടെന്ന് വിവരിക്കുന്ന, സംസ്കൃത മഹാഭാരതത്തിലെ ആദിപർവ്വ (ആദ്യഭാഗം എന്നർഥം) ത്തിൽ നിന്നുള്ള ഒരുദ്ധരണിയാണിത്:

കൗരവർ ധൃതരാഷ്ട്രരുടെ മക്കളായിരുന്നു, ... പാണ്ഡവർ, അവരുടെ സഹോദര പുത്രൻമാരായിരുന്നു. ധൃതരാഷ്ട്രർ അന്ധനായിരുന്നതിനാൽ അദ്ദേഹത്തിന്റെ ഇളയ സഹോദരനായ പാണ്ഡു ഹസ്തിനപുരിയിൽ സിംഹാസനാരോഹണം ചെയ്തു (ഭൂപടം 1 കാണുക)....... എന്നാൽ പാണ്ഡുവിന്റെ അകാല വിയോഗത്തെത്തുടർന്ന്, രാജകുമാരന്മാർ നന്നെ പ്രായം കുറഞ്ഞവരായിരുന്നതിനാൽ ധൃതരാഷ്ട്രർ രാജാവായി. രാജകുമാരൻമാർ ഒരുമിച്ച് വളർന്ന് വലുതായപ്പോൾ കൗരവരെക്കാൾ കഴിവും സദ്ഗുണങ്ങളുമുള്ള പാണ്ഡവരോട് ഹസ്തിനപുരിയിലെ ജനങ്ങൾ കൂടുതൽ താൽപര്യം കാണിച്ചുതുടങ്ങി. ഇത് കൗരവരിൽ മൂത്തവനായ ദുര്യോധനനെ അസൂയാലുവാക്കി. തന്റെ പിതാവിനെ സമീപിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു. അങ്ങയുടെ വൈകല്യംനിമിത്തം അങ്ങേയ്ക്ക് ഈ സിംഹാസനം ലഭ്യമായില്ലെങ്കിലും, ഇപ്പോഴിത് അങ്ങയുടെമേൽ വന്നുചേർന്നിരിക്കുന്നു. പാണ്ഡുവിൽ നിന്ന് പൈതൃകാധികാരം പാണ്ഡവർക്ക് ലഭിച്ചാൽ സുനിശ്ചിതമായും അദ്ദേഹത്തിന്റെ മകൻ അടുത്ത രാജാവാകും. അവന്റെ മകൻ അടുത്തതും; അങ്ങനെ ആ പാരമ്പര്യം തുടരും. ഭൂമിനാഥാ, ഞങ്ങളും ഞങ്ങളുടെ പുത്രന്മാരും രാജകീയ പിന്തുടർച്ചയിൽ നിന്ന് നിഷ്ക്കാസിതരാകുകയും ലോക ദൃഷ്ടിയിൽ യാതൊരു പരിഗണനയുമില്ലാത്തവരായി മാറുകയും ചെയ്യും!"

ഇത്തരം വിവരണങ്ങൾ അക്ഷരാർഥത്തിൽ ശരിയാകണമെന്നില്ലെങ്കിലും ഗ്രന്ഥകർത്താക്കളുടെ ചിന്ത എന്താണെന്നതു സംബന്ധിച്ച് ഇവ നമുക്കൊരുൾക്കാഴ്ച നൽകുന്നു. ചിലപ്പോഴൊക്കെ, ഇക്കാര്യത്തിലെന്നപോലെ, അവയിൽ വിരുദ്ധാശയങ്ങൾ നിലനിൽക്കുന്നുണ്ട്.

➲ ഈ ഖണ്ഡിക വായിച്ച്, രാജാവാകുന്നതിന് നിർദേശിക്കപ്പെട്ടിട്ടുള്ള വ്യത്യസ്ത മാനദണ്ഡങ്ങൾ പട്ടികപ്പെടുത്തുക. ഇവയിൽ ഒരു പ്രത്യേക കുടുംബത്തിലെ ജനനം എത്രത്തോളം പ്രാധാന്യമേറിയതായിരുന്നു? ഈ മാനദണ്ഡങ്ങളിൽ ഏതാണ് നീതീകരിക്കപ്പെട്ടതായി തോന്നുന്നത്? ഇവയിലേതെങ്കിലും നീതിയുക്തമല്ലാത്തതായി നിങ്ങൾക്ക് തോന്നുന്നുണ്ടോ?

## 2.3 വിവാഹനിയമങ്ങൾ (Rules of marriage)

പിതൃദായകക്രമത്തിന്റെ തുടർച്ചയ്ക്ക് ആൺമക്കൾ വളരെ പ്രധാനമായപ്പോൾ പെൺമക്കളെ ഈ ചട്ടക്കൂടിൽ വ്യത്യസ്തമായാണ് വീക്ഷിച്ചത്. കുടുംബസ്വത്തിൽ അവർക്ക് യാതൊരു അവകാശവും ലഭിച്ചിരുന്നില്ല. അതേസമയം ഇവരെ രക്തബന്ധമില്ലാത്ത അന്യകുടുംബങ്ങളിലേക്ക് വിവാഹം കഴിപ്പിച്ചയയ്ക്കുക എന്നതാണ് അഭികാമ്യമെന്ന് കരുതപ്പെട്ടു. എക്സോഗമി (പുറത്ത് നിന്ന് വിവാഹം കഴിക്കുക എന്ന് വാച്യാർത്ഥം) എന്നറിയപ്പെട്ടിരുന്ന ഈ സമ്പ്രദായത്തിൽ ഉന്നതസ്ഥാനം അവകാശപ്പെടുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെയും യുവതികളുടെയും ജീവിതം, അവരെ "ശരിയായ സമയത്ത്" "ശരിയായ ആളെക്കൊണ്ട്" വിവാഹം കഴിപ്പിക്കുക എന്നതാണ്. തൽഫലമായി, കന്യാദാനം അഥവാ മകളെ വിവാഹം ചെയ്തയയ്ക്കൽ പിതാവിന്റെ ധർമനിഷ്ഠമായ ഒരുപ്രധാന ഉത്തരവാദിത്വമാണ് എന്ന വിശ്വാസം വളർന്നുവന്നു.

### വിവാഹ രീതികൾ

*ഒരു ഘടകത്തിനകത്തു നിന്നുള്ള വിവാഹത്തെ എൻഡോഗമി എന്നു വിളിക്കുന്നു – ഈ ഘടകം ഒരു ബന്ധുസംഘമോ ജാതിയോ ഒരേ പ്രദേശത്ത് ജീവിക്കുന്നവരോ ആകാം. ഘടകത്തിന് പുറത്തു നിന്നുള്ള വിവാഹത്തെ എക്സോഗമി എന്ന് വിളിക്കുന്നു.*

*ഒരു പുരുഷന് ഒന്നിലേറെ ഭാര്യമാരുള്ള സമ്പ്രദായമാണ് ബഹുഭാര്യാത്വം (polygamy).*

*ഒരു സ്ത്രീക്ക് ഒന്നിലേറെ ഭർത്താക്കൻമാരുണ്ടായിരിക്കുന്നതാണ് ബഹുഭർതൃത്വം (polyandry).*

*സോഴ്സ് 3*

**എട്ടു വിവാഹ സമ്പ്രദായങ്ങൾ (Eight forms of marriage)**

മനുസ്മൃതിയിൽ വിവരിക്കുന്ന ഒന്നും, നാലും അഞ്ചും ആറും വിവാഹസമ്പ്രദായങ്ങളാണ് ചുവടെ സൂചിപ്പിക്കുന്നത്:

ഒന്നാമത്തേത് : പിതാവു ക്ഷണിക്കുന്ന വേദജ്ഞാനിയായ പുരുഷനു വിലയേറിയ ആടയാഭരണങ്ങളണിയിച്ചൊരുക്കിയ പുത്രിയെ സമ്മാനിക്കുന്ന രീതി.

നാലാമത്തേത് : "നിങ്ങൾക്കിരുവർക്കും ഒരുമിച്ച് നിങ്ങളുടെ കർത്തവ്യങ്ങൾ നിർവഹിക്കുവാൻ കഴിയട്ടെ" എന്നു ദമ്പതികളെ അഭിസംബോധന ചെയ്യുകയും വരനെ ആദരിക്കുകയും ചെയ്തശേഷം പിതാവ് മകളെ സമ്മാനമായി നൽകുന്ന രീതി.

അഞ്ചാമത്തേത് : വരൻ, സ്വന്തം ഇഷ്ടപ്രകാരം വധുവിനും അവരുടെ ബന്ധുജനത്തിനും തന്റെ കഴിവിനൊത്തു ധനം നൽകി കന്യകയെ സ്വീകരിക്കുന്ന രീതി.

ആറാമത്തേത് : ആഗ്രഹസാക്ഷാത്ക്കാരത്തിനായി കന്യകയും അവളുടെ പ്രണയിതാവും സ്വമേധയാ ഒന്നാകുന്നത്.

➲ ഓരോ വിവാഹ സമ്പ്രദായത്തിലും വിവാഹത്തെക്കുറിച്ചുള്ള തീരുമാനമെടുത്തിരുന്നത് ആരെന്ന് വിശദീകരിക്കുക.

a. വധു
b. വരൻ
c. വധുവിന്റെ പിതാവ്
d. വരന്റെ പിതാവ്
e. മറ്റേതെങ്കിലും വ്യക്തി

പുതിയ നഗരങ്ങളുടെ ആവിർഭാവത്തോടെ (അധ്യായം 2) സാമൂഹ്യജീവിതം കൂടുതൽ സങ്കീർണമായി മാറി. സമീപസ്ഥരും വിദൂരസ്ഥരും സാധനങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും അവരുടെ ആശയങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതിനുമായി നഗരാന്തരീക്ഷത്തിൽ സംഗമിച്ചു. ഇത് മുൻവിശ്വാസങ്ങളെയും ആചാരങ്ങളെയും ചോദ്യം ചെയ്യുന്നതിലേക്ക് ജനങ്ങളെ നയിച്ചിരിക്കാം. (അധ്യായം 4 കൂടി കാണുക). ഈ വെല്ലുവിളി അഭിമുഖീകരിച്ച ബ്രാഹ്മണർ അതിവിപുലമായ ഒരു പൊതുസാമൂഹ്യപ്പെരുമാറ്റസംഹിതയ്ക്ക് രൂപം നൽകിക്കൊണ്ടാണ് പ്രതികരിച്ചത്. ഇവ ബ്രാഹ്മണർ പ്രത്യേകിച്ചും, മറ്റുവിഭാഗത്തിൽപ്പെട്ടവർ പൊതുവായും പിൻതുടരുവാനുദ്ദേശിച്ചുള്ളവയായിരുന്നു. ഏകദേശം 500 ബി.സിക്ക് ശേഷം ഈ നിയമാവലികൾ സംസ്കൃതഗ്രന്ഥങ്ങളായി ക്രോഡീകരിക്കുകയും അവ ധർമ്മസൂത്രങ്ങൾ, ധർമ്മശാസ്ത്രങ്ങൾ എന്നീ പേരുകളിൽ അറിയപ്പെടുകയും ചെയ്തു. ഇത്തരം കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടതായ മനുസ്മൃതി 200 ബി.സി. ഇയ്ക്കും 200 സി.ഇ.യ്ക്കും ഇടയ്ക്കാണ് ക്രോഡീകരിക്കപ്പെട്ടത്.

തങ്ങളുടെ വീക്ഷണങ്ങൾക്ക് സാർവത്രിക സാധുതയുണ്ടെന്നും തങ്ങൾ നിർദേശിച്ച കാര്യങ്ങൾ എല്ലാവരും അനുസരിക്കേണ്ടതാണെന്നും ഈ കൃതികളുടെ കർത്താക്കളായ ബ്രാഹ്മണർ അവകാശപ്പെട്ടപ്പോൾ യഥാർഥ സാമൂഹ്യബന്ധങ്ങൾ കൂടുതൽ സങ്കീർണമായിരുന്നിരിക്കണം. കൂടാതെ, ഉപഭൂഖണ്ഡത്തിലെ പ്രാദേശിക വൈവിധ്യങ്ങളും, ആശയവിനിമയത്തിലെ ബുദ്ധിമുട്ടുകളും കണക്കിലെടുത്താൽ ബ്രാഹ്മണസ്വാധീനം സർവവ്യാപിയായിരുന്നില്ല എന്നു വ്യക്തമാകും.

ശ്രദ്ധേയമായ ഒരുവസ്തുത *ധർമ്മസൂത്രങ്ങളും ധർമ്മശാസ്ത്രങ്ങളും* എട്ടുതരം വിവാഹസമ്പ്രദായങ്ങളെ അംഗീകരിച്ചിരുന്നു എന്നതാണ്. ഇവയിൽ ആദ്യത്തെ നാലെണ്ണം ഉത്തമമായി കണക്കാക്കപ്പെട്ടപ്പോൾ ബാക്കി നാലെണ്ണവും അപലപിക്കപ്പെട്ടു. ബ്രാഹ്മണരുടെ നിയമാവലികളെ സ്വീകരിക്കാത്തവരായിരിക്കാം നിരാകരിക്കപ്പെട്ട വിവാഹസമ്പ്രദായങ്ങൾ അനുഷ്ഠിച്ചിരുന്നത്.

### 2.4 സ്ത്രീകളുടെ ഗോത്രം (The *gotra* of women)

ബി.സി.ഇ 1000 മുതൽതന്നെ കാണപ്പെട്ട ഒരു ബ്രാഹ്മണസമ്പ്രദായം ജനങ്ങളെ (പ്രത്യേകിച്ച് ബ്രാഹ്മണർ) ഗോത്രങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുക എന്നതായിരുന്നു. ഒരു വൈദികാചാര്യന്റെ പേരാണ് ഓരോ ഗോത്രത്തിനും നൽകിയിരുന്നത്. ആ ഗോത്രത്തിൽ ഉൾപ്പെട്ടിരുന്നവരെല്ലാം അദ്ദേഹത്തിന്റെ പിൻഗാമികളായി കണക്കാക്കപ്പെട്ടു. ഗോത്രങ്ങളെക്കുറിച്ചുള്ള രണ്ടുനിയമങ്ങൾ വളരെ പ്രധാനമായിരുന്നു. വിവാഹശേഷം സ്ത്രീകൾ അവരുടെ പിതാവിന്റെ ഗോത്രം ഉപേക്ഷിക്കുകയും ഭർത്താവിന്റെ ഗോത്രം സ്വീകരിക്കുകയും ചെയ്യണം; ഒരേ ഗോത്രത്തിലെ അംഗങ്ങൾ തമ്മിലുള്ള വിവാഹം അനുവദനീയമായിരുന്നില്ല.

ഇതു പൊതുവായി പിൻതുടർന്നിരുന്ന രീതിയാണോ എന്നു കണ്ടുപിടിക്കാനുള്ള ഒരു മാർഗം ചിലപ്പോഴെങ്കിലും ഗോത്രനാമങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന സ്ത്രീ–പുരുഷന്മാരുടെ പേരു

കൾ പരിശോധിക്കലാണ്. ഡക്കാനും പശ്ചിമേന്ത്യയുടെ ഭാഗങ്ങളും ഭരിച്ചിരുന്ന ശതവാഹനരെപ്പോലുള്ള ശക്തരായ ഭരണവംശങ്ങൾ (ബി.സി.ഇ. രണ്ടാംനൂറ്റാണ്ടിനും സി.ഇ. രണ്ടാംനൂറ്റാണ്ടിനും ഇടയിൽ) ഈ ഗോത്രനാമങ്ങൾ സ്വീകരിച്ചിരുന്നു. ഇവരുടെ ലിഖിതങ്ങൾ പലതും കണ്ടെത്തിയതിലൂടെ വിവാഹങ്ങളുൾപ്പെടെ കുടുംബബന്ധങ്ങളെക്കുറിച്ചറിയുവാൻ ചരിത്രകാരർക്ക് കഴിഞ്ഞിട്ടുണ്ട്.

ശതവാഹന ഭരണാധികാരികളിൽ ചിലർ ബഹുഭാര്യാത്വം (ഒന്നിൽക്കൂടുതൽ ഭാര്യമാർ ഉണ്ടായിരുന്നു) പിൻതുടർന്നവരായിരുന്നു.

*സ്രോതസ്സ് 4*

## ശിലാലിഖിതങ്ങളിൽ നിന്നുള്ള ശതവാഹന രാജാക്കന്മാരുടെ പേരുകൾ (Names of Satavahana kings from inscriptions)

ശിലാലിഖിതങ്ങളിൽ നിന്ന് കണ്ടെടുത്തിട്ടുള്ള അനേകം തലമുറകളിൽപ്പെട്ട ശതവാഹന ഭരണാധികാരികളുടെ പേരുകളാണിവ. പൊതു സ്ഥാനപ്പേരായ 'രാജ' ശ്രദ്ധിക്കുക. 'പുത' എന്നവസാനിക്കുന്ന തുടർന്നുള്ള പദവും ശ്രദ്ധിക്കുക. പ്രാകൃത് പദമായ 'പുത' യുടെ അർഥം 'പുത്രൻ' എന്നാണ്. 'ഗോതമി - പുത' എന്ന വാക്കിന് 'ഗോതമിയുടെ പുത്രൻ' എന്നാണർഥം. ഗോതമി, വസിഥി മുതലായവ പേരുകൾ ഗോതമ, വസിഷ്ഠ എന്നീ പേരുകളുടെ സ്ത്രീലിംഗരൂപങ്ങളാണ്. വേദാചാര്യരുടെ പേരുകളിലാണ് പൊതുവെ ഗോത്രങ്ങൾ നാമകരണം ചെയ്യപ്പെട്ടിരുന്നത്.

രാജാഗോതമി - പുതസിരി - ശതകനി
രാജാവസിഥി - പുത (സമി-) സിരി - പുലുമായി
രാജാഗോതമി - പുതസമി-സിരി-യാന-ശതകനി
രാജാമാധരി-പുത സ്വാമി-ശകസേന
രാജാവസഥി - പുത ചതരപാണ-ശതകനി
രാജ ഹരിതി - പുത വിൻഹുകദ ചുതുകുലനന്ദ-ശതകാംനി
രാജ ഗോതമി-പുത-സിരി-വിജയ-ശതകനി



➲ എത്ര ഗോതമി-പുതൻമാരും, എത്ര വസിഥി (ഇതര അക്ഷരവിന്യാസം 'വസഥി') പുതൻമാരും ഉണ്ട് ?

*ചിത്രം 3.3*
*ഒരു ശതവാഹന ഭരണാധികാരിയും* അദ്ദേഹത്തിന്റെ പത്നിയും. ബൗദ്ധസന്യാസിമാർക്ക് ദാനമായി നൽകിയ ഗുഹയുടെ ഭിത്തിയിൽ ചിത്രീകരിച്ചിട്ടുള്ള ഒരു ഭരണാധികാരിയുടെ അപൂർവം ശില്പകലാ ചിത്രീകരണങ്ങളിലൊന്നാണിത്. ഏകദേശം രണ്ടാം നൂറ്റാണ്ട് ബി.സി.ഇ. ആണ് ഈ ശില്പത്തിന്റെ കാലം

### പുത്രന്മാരെ അമ്മയുടെ പേരിൽ നാമകരണം ചെയ്യൽ ഉപനിഷത്തുക്കളിൽ (Metronymics in the Upanishads)

ആദ്യകാല ഉപനിഷത്തുകളിലൊന്നായ *ബൃഹദാരണ്യകോപനിഷത്ത്* (അധ്യായം 4 കൂടി കാണുക) അമ്മയുടെ പേരിൽ നാമകരണം ചെയ്യപ്പെട്ടവരുൾപ്പെടെ തുടർതലമുറകളിൽപ്പെട്ട ഗുരുക്കന്മാരുടെയും ശിഷ്യരുടെയും ഒരുപട്ടിക ഉൾക്കൊള്ളുന്നു.

സ്രോതസ്സ് 5

**ഒരു അമ്മയുടെ ഉപദേശം**
**(A mother's advice)**

കൗരവ - പാണ്ഡവയുദ്ധം അനിവാര്യമായ ഘട്ടത്തിൽ തന്റെ മൂത്ത പുത്രനായ ദുര്യോധനനോട് ഗാന്ധാരി ഒരു അവസാന അഭ്യർഥന നടത്തുന്നതെങ്ങനെയെന്ന് മഹാഭാരതത്തിൽ വിവരിക്കുന്നുണ്ട് :

സമാധാനമുണ്ടാക്കുക വഴി നീ നിന്റെ പിതാവിനെയും എന്നെയും നിന്റെ അഭ്യുദയകാംക്ഷികളെയും ആദരിക്കുകയായിരിക്കും ചെയ്യുന്നത്... തന്റെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുവാൻ കഴിവുള്ള ഒരു വിവേകിയാണ് തന്റെ രാജ്യത്തെ സംരക്ഷിക്കുന്നത്. അത്യാർത്തിയും, കോപവും ഒരു മനുഷ്യനെ തന്റെ നേട്ടങ്ങളിൽനിന്ന് അകറ്റുന്നു. ഈ രണ്ടു ശത്രുക്കളെയും തോൽപ്പിക്കുന്നതിലൂടെ ഒരു രാജാവ് ഈ ഭൂമിയെത്തന്നെ കീഴടക്കുന്നു... അതിനാൽ എന്റെ മകനേ, നീ വിവേകികളും വീരന്മാരുമായ പാണ്ഡവരോടൊപ്പം സന്തോഷത്തോടെ ഈ ഭൂമിയെ ആസ്വദിക്കൂ. ഒരു യുദ്ധത്തിൽ നന്മയില്ല, നിയമമില്ല (ധർമ്മം), ലാഭവുമില്ല (അർഥം); സന്തോഷം അന്യമാണ്; ഒടുവിൽ വിജയവുമില്ല (അനിവാര്യമായി) - യുദ്ധത്തിനായി നിന്റെ മനസ്സിനെ തയാറാക്കരുത്...

ദുര്യോധനൻ ഈ ഉപദേശം ചെവിക്കൊള്ളാതെ യുദ്ധം ചെയ്യുകയും പരാജയപ്പെടുകയും ചെയ്തു.

➲ ആദ്യകാല സമൂഹങ്ങളിലെ അമ്മമാരോടുള്ള കാഴ്ചപ്പാടിനെക്കുറിച്ച് ഈ കഥ നിങ്ങൾക്ക് എന്തെങ്കിലുമൊരു അറിവ് നൽകുന്നുണ്ടോ?

➲ **ചർച്ച ചെയ്യുക...**

ഇന്ന് കുട്ടികൾക്ക് പേരിടുന്നതെങ്ങനെയാണ്? ഈ പേരിടൽ രീതികൾ ഈ ഭാഗത്തു വിവരിച്ചിരിക്കുന്ന പേരിടൽ രീതികൾക്കു സമാനമാണോ, അവയിൽ നിന്നു വ്യത്യസ്തമാണോ?

ശതവാഹന ഭരണാധികാരികളുമായി വിവാഹബന്ധത്തിലേർപ്പെട്ട സ്ത്രീകളുടെ പേരുകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത് അവരിൽ പലർക്കും തങ്ങളുടെ പിതാക്കന്മാരുടെ ഗോത്രനാമങ്ങളായ ഗോതമ, വസിഷ്ഠ മുതലായവയിൽനിന്നുത്ഭവിച്ച പേരുകളാണ് ഉണ്ടായിരുന്നത് എന്നാണ്. ബ്രാഹ്മണ നിയമാവലിക്കനുസൃതമായി വിവാഹശേഷം ഭർത്താവിന്റെ ഗോത്രം സ്വീകരിക്കാതെ, അവർ പിതാവിന്റെ ഗോത്രനാമം നിലനിർത്തി എന്നുള്ളത് വ്യക്തമാണ്. ഇതിൽ ചില സ്ത്രീകൾ ഒരേ ഗോത്രത്തിൽപ്പെട്ടവരായിരുന്നുവെന്നും വ്യക്തമാണ്. ബ്രാഹ്മണഗ്രന്ഥങ്ങളിൽ നിർദേശിക്കപ്പെട്ട അന്യഗണവിവാഹത്തിനെതിരാണ് ഇതെന്നും നിശ്ചയമാണ്. ദക്ഷിണേന്ത്യയിൽ പല സമുദായങ്ങളിലും നിലവിലുണ്ടായിരുന്ന (ഇപ്പോഴും നിലവിലുള്ള), ബന്ധുസംഘത്തിൽ നിന്നു തന്നെയുള്ള വിവാഹമായ എൻഡോഗാമി (Endogamy) എന്ന മറ്റൊരു സമ്പ്രദായത്തിന്റെ ഉത്തമദൃഷ്ടാന്തമാണ് ഇവിടെ കാണുന്നത്. ബന്ധുക്കൾ തമ്മിലുള്ള, (സഹോദരരുടെ മക്കൾപോലെ) ഇത്തരം വിവാഹങ്ങൾ സമുദായത്തിന്റെ കെട്ടുറപ്പ് സുനിശ്ചിതമാക്കി.

ഉപഭൂഖണ്ഡത്തിന്റെ മറ്റുപ്രദേശങ്ങളിലും വ്യത്യാസങ്ങൾ നിലനിന്നിരിക്കാമെങ്കിലും സൂക്ഷ്മമായ വിശദാംശങ്ങൾ പുനർസൃഷ്ടിക്കുക ഇപ്പോൾ അസാധ്യമാണ്.

### 2.5 അമ്മമാർക്ക് പ്രധാന്യമുണ്ടായിരുന്നോ? (Were mothers important?)

ശതവാഹന ഭരണാധികാരികൾ മെട്രോണിമിക്സിലൂടെയാണ് (അമ്മമാരുടെ പേരുകളിൽ നിന്ന് രൂപപ്പെടുന്ന പേരുകൾ) അറിയപ്പെട്ടിരുന്നത് എന്ന് നമ്മൾ കണ്ടുകഴിഞ്ഞു. അമ്മമാർക്ക് പ്രാധാന്യമുണ്ടായിരുന്നതായി ഇത് സൂചിപ്പിക്കുന്നുവെങ്കിലും ഒരു നിഗമനത്തിലെത്തുന്നതിനുമുമ്പ് നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. ശതവാഹനരുടെ കാര്യത്തിൽ സിംഹാസനത്തിലേക്കുള്ള പിന്തുടർച്ചാവകാശം പൊതുവെ പിതൃദായക്രമപ്രകാരമായിരുന്നുവെന്നു നമുക്കറിയാവുന്നതാണ്.



ചിത്രം 3.4
ഒരു യുദ്ധരംഗം

മഹാഭാരതത്തിലെ ഒരു രംഗത്തിനെക്കുറിച്ചുള്ള ഏറ്റവുമാദ്യത്തെ ശില്പചിത്രീകരണങ്ങളിലൊന്നാണിത്; അഹിച്ഛത്ര (ഉത്തർപ്രദേശ്) യിലെ ഒരു ക്ഷേത്രഭിത്തിയിലുള്ള ഒരു കളിമൺശില്പം. ഏകദേശം സി.ഇ 5-ാം നൂറ്റാണ്ട്.

## 3. സാമൂഹിക വ്യത്യാസങ്ങൾ : ജാതിയുടെ ചട്ടക്കൂടിനകത്തും പുറത്തും (Social Differences : Within and Beyond the Framework of Caste)

ജാതി എന്ന പദം നിങ്ങൾക്ക് മിക്കവാറും സുപരിചിതമാണല്ലോ. ശ്രേണീരൂപത്തിൽ ക്രമപ്പെടുത്തിയിട്ടുള്ള സാമൂഹ്യവിഭാഗങ്ങളുടെ കൂട്ടമാണ് ജാതി. ഇതിന്റെ മാതൃകാപരമായഘടന ധർമ്മസൂത്രങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും എഴുതിവച്ചിട്ടുണ്ട്. ഈ ഘടനയിൽ ഒന്നാമത് നിലകൊള്ളുന്ന ബ്രാഹ്മണർ ഇത് ദൈവദത്തനിയമമാണെന്ന് അവകാശപ്പെട്ടു. ശൂദ്രരും, തൊട്ടുകൂടാത്തവരുമായി തരംതിരിക്കപ്പെട്ട വിഭാഗങ്ങളെ ഇവർ സാമൂഹ്യ ഘടനയുടെ ഏറ്റവും താഴെത്തട്ടിലാണ് പ്രതിഷ്ഠിച്ചത്. ശ്രേണിയിലെ സ്ഥാനം തീരുമാനിക്കപ്പെട്ടത് ജനനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു.

### 3.1 "ശരിയായ" തൊഴിൽ (The "right" occupation)

നാല് വിഭാഗങ്ങളുടെ അല്ലെങ്കിൽ വർണ്ണങ്ങളുടെ മാതൃകാതൊഴിലുകളെക്കുറിച്ചുള്ള നിയമങ്ങൾ ധർമ്മസൂത്രങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും ഉണ്ട്. വേദങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക, യാഗങ്ങൾ നടത്തുകയും നടത്തിക്കുകയും ചെയ്യുക, ഉപഹാരങ്ങൾ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുക തുടങ്ങിയവയായിരുന്നു ബ്രാഹ്മണരുടെ കർത്തവ്യങ്ങൾ. ക്ഷത്രിയർ യുദ്ധങ്ങളിൽ പങ്കെടുക്കുകയും ജനങ്ങളെ സംരക്ഷിക്കുകയും നീതി നടപ്പാക്കുകയും വേദങ്ങൾ പഠിക്കുകയും യാഗങ്ങൾ നടത്തുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്യണം. മുകളിൽ അവസാനം പറഞ്ഞ മൂന്ന് തൊഴിലുകൾ വൈശ്യർക്കും നൽകപ്പെട്ടിരുന്നു. ഇവക്കു പുറമെ കൃഷി, കാലിമേയ്ക്കൽ, വ്യാപാരം എന്നിവയിലും അവർക്ക് ഏർപ്പെടാം. മൂന്ന് മേൽവർണ്ണങ്ങളെയും സേവിക്കുക എന്നത് മാത്രമായിരുന്നു ശൂദ്രർക്ക് നൽകിയിരുന്ന തൊഴിൽ.

ഈ നിയമങ്ങൾ നടപ്പിലാക്കുവാൻ ബ്രാഹ്മണർ രണ്ടുമൂന്നു തന്ത്രങ്ങൾ വികസിപ്പിച്ചെടുത്തിരുന്നു. നമ്മൾ ഇപ്പോൾ കണ്ടതുപോലെ വർണഘടന ദൈവദത്തമാണെന്ന് സമർഥിക്കുകയായിരുന്നു അതിലൊന്ന്. രണ്ടാമതായി തങ്ങളുടെ രാജ്യപരിധിക്കുള്ളിൽ ഈ നിയമങ്ങൾ പിന്തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ അവർ രാജാക്കന്മാരെ ഉപദേശിച്ചു. മൂന്നാമതായി ജനനത്തിലൂടെയാണ് ഒരാളിന്റെ സ്ഥാനം നിർണയിക്കപ്പെടുന്നതെന്ന് തീർച്ചയാക്കാൻ ജനങ്ങളെ അവർ പ്രേരിപ്പിച്ചു. എന്നാൽ ഇത് എല്ലായ്പ്പോഴും എളുപ്പമായിരുന്നില്ല. അതിനാൽ പലപ്പോഴും മഹാഭാരതത്തിലും മറ്റ് ഗ്രന്ഥങ്ങളിലുമുള്ള കഥകളിലൂടെ ഈ നിർദേശങ്ങളെ അവർ ബലപ്പെടുത്തി.

സ്രോതസ്സ് 6

**ഒരു ദൈവിക ക്രമം? (A divine order?)**

തങ്ങളുടെ വാദമുഖങ്ങളെ ന്യായീകരിക്കാൻ ബ്രാഹ്മണർ പലപ്പോഴും ഋഗ്വേദത്തിലെ പുരുഷ സൂക്തത്തിൽ നിന്ന് ഒരു സ്തുതിഗീതം ഉദ്ധരിച്ചിരുന്നു. ആദിമനുഷ്യനായ 'പുരുഷന്റെ' യാഗത്തെക്കുറിച്ച് വിവരിക്കുന്ന ഭാഗമാണിത്. നാല് സാമൂഹികവിഭാഗങ്ങളുൾപ്പെടെ പ്രപഞ്ചത്തിലെ എല്ലാ ഘടകങ്ങളും ഉത്ഭവിച്ചത് അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നാണെന്ന് ഇതു പറയുന്നു.

ബ്രാഹ്മണർ അദ്ദേഹത്തിന്റെ വായിൽ നിന്നും; ക്ഷത്രിയർ അദ്ദേഹത്തിന്റെ കൈകളിൽ നിന്നുമുണ്ടായി.

അദ്ദേഹത്തിന്റെ തുടകളിൽ നിന്ന് വൈശ്യരും പാദങ്ങളിൽ നിന്ന് ശൂദ്രരും ജനിച്ചു.

➲ ബ്രാഹ്മണർ ഈ ശ്ലോകം ഇടയ്ക്കിടെ ഉദ്ധരിക്കാനുള്ള കാരണം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്?

സോഴ്സ് 7

**"ശരിയായ" സാമൂഹിക കടമകൾ ("Proper" social roles)**

മഹാഭാരതം ആദിപർവത്തിൽ നിന്നുള്ള ഒരു കഥയാണിത്.

കുരുവംശത്തിലെ രാജാകുമാരന്മാരെ അസ്ത്രവിദ്യ അഭ്യസിപ്പിക്കുന്ന ബ്രാഹ്മണനായ ദ്രോണരെ ഒരിക്കൽ നിഷാദവംശത്തിൽപ്പെട്ട (ഒരു നായാടി സമൂഹം) വനവാസിയായ ഏകലവ്യൻ സമീപിച്ചു. എന്നാൽ ധർമ്മം അറിയാവുന്ന ദ്രോണർ അയാളെ തന്റെ ശിഷ്യനാക്കാൻ വിസമ്മതിച്ചു. അപ്പോൾ വനത്തിലേക്ക് മടങ്ങിയ ഏകലവ്യൻ, ദ്രോണരുടെ ഒരു കളിമൺ ശില്പമുണ്ടാക്കി അതിനെ ഗുരുവായി കണക്കാക്കി സ്വയം പരിശീലനം ആരംഭിച്ചു. കാലക്രമേണ അയാൾ അമ്പെയ്ത്തിൽ വലിയ പ്രാവീണ്യം നേടി. ഒരിക്കൽ കുരുരാജകുമാരന്മാർ വേട്ടയാടിക്കൊണ്ടിരിക്കുമ്പോൾ വനത്തിലൂടെ അലഞ്ഞുനടന്ന അവരുടെ നായ ഏകലവ്യനെ കാണാനിടയായി. കറുത്ത മാൻതോലുടുത്ത് ദേഹമാസകലം അഴുക്കുപുരണ്ട് ഇരുണ്ട നിഷാദനെ മണത്തറിഞ്ഞ നായ കുരയ്ക്കാൻതുടങ്ങി. അസഹ്യനായ ഏകലവ്യൻ അതിന്റെ വായിലേക്ക് ഏഴ് അമ്പുകൾ എയ്ത് വിട്ടു. നായ പാണ്ഡവരുടെ അടുത്തേക്ക് മടങ്ങിയെത്തിയപ്പോൾ, അമ്പെയ്ത്തിന്റെ ഈ ഉത്കൃഷ്ടമായ പ്രകടനം അവരെ അദ്ഭുതപ്പെടുത്തി. ഏകലവ്യനെ അന്വേഷിച്ച് കണ്ടെത്തിയ അവരോട് താൻ ദ്രോണരുടെ ശിഷ്യനാണ് എന്ന് അയാൾ സ്വയം പരിചയപ്പെടുത്തി.

ദ്രോണർ ഒരിക്കൽ തന്റെ പ്രിയ ശിഷ്യനായ അർജ്ജുനനോട് അവനെ പരാജയപ്പെടുത്താൻ തന്റെ ശിഷ്യരിലാർക്കും കഴിയില്ലെന്ന് അഭിപ്രായപ്പെട്ടിരുന്നു. അർജ്ജുനൻ ഇപ്പോൾ ഇക്കാര്യം ദ്രോണരെ ഓർമ്മിപ്പിച്ചു. ഏകലവ്യനെ സമീപിച്ച ദ്രോണരെ അയാൾ തികഞ്ഞ ആദരവോടെ തന്റെ ഗുരുവായി സ്വീകരിച്ചു. ഗുരുദക്ഷിണയായി ദ്രോണർ ഏകലവ്യന്റെ വലതു കൈയിലെ പെരുവിരൽ ആവശ്യപ്പെട്ടപ്പോൾ ഒട്ടും മടിക്കാതെ തന്നെ അയാൾ അത് മുറിച്ച് നൽകി. എന്നാൽ അതിനുശേഷം തന്റെ ബാക്കി വിരലുകളുമായി അമ്പെയ്ത്ത് തുടർന്ന ഏകലവ്യന് പഴയ വേഗത വീണ്ടെടുക്കാനായില്ല. അങ്ങനെ അർജ്ജുനനെക്കാൾ കേമനായി ആരുമുണ്ടാകില്ലെന്ന തന്റെ വാക്കു പാലിക്കുവാൻ ദ്രോണർക്ക് കഴിഞ്ഞു.

➲ ഈ കഥ നിഷാദർക്ക് എന്തു സന്ദേശം കൈമാറാനാണ് ഉദ്ദേശിക്കുന്നത്? ക്ഷത്രിയർക്ക് ഈ കഥ എന്തു സന്ദേശമാണ് നൽകുക ?
ഒരു ബ്രാഹ്മണനായ ദ്രോണർ അസ്ത്രവിദ്യ പഠിപ്പിച്ചത് ധർമ്മശാസ്ത്രാനുസൃതമായിരുന്നുവെന്നു നിങ്ങൾ കരുതുന്നുണ്ടോ?

### 3.2 ക്ഷത്രിയേതര രാജാക്കന്മാർ (Non-Kshatriya kings)

ശാസ്ത്രപ്രകാരം ക്ഷത്രിയർക്കു മാത്രമേ രാജാവാകാൻ കഴിയുമായിരുന്നുള്ളൂ. എങ്കിലും പ്രധാനപ്പെട്ട പല ഭരണവംശങ്ങളുടെയും ഉത്ഭവം മിക്കവാറും ക്ഷത്രിയേതരമായിരുന്നു. വളരെ വിശാലമായ ഒരു സാമ്രാജ്യം ഭരിച്ചിരുന്ന മൗര്യരുടെ സാമൂഹ്യപശ്ചാത്തലം ചൂടേറിയ വാദപ്രതിവാദങ്ങൾക്കു വിഷയമായിട്ടുണ്ട്. പിൽക്കാല ബുദ്ധമതഗ്രന്ഥങ്ങൾ അവരെ ക്ഷത്രിയരായി ചൂണ്ടിക്കാട്ടിയപ്പോൾ ബ്രാഹ്മണഗ്രന്ഥങ്ങൾ അവരെ "താഴ്ന്ന" വിഭാഗത്തിൽ ജനിച്ചവരായാണ് കണക്കാക്കിയത്. മൗര്യരുടെ തൊട്ടടുത്ത പിൻഗാമികളായി വന്ന സുംഗൻമാരും കണ്വൻമാരും ബ്രാഹ്മണരായിരുന്നു. വാസ്തവത്തിൽ രാഷ്ട്രീയാധികാരത്തിന്റെ അടിസ്ഥാനം ക്ഷത്രിയജന്മമായിരുന്നില്ല, മറിച്ച് സമ്പത്തും പിന്തുണയും നേടാൻ കഴിഞ്ഞ ആർക്കും സാധ്യമാകുന്ന ഒന്നായിരുന്നു അത്.

ശാകരെപ്പോലെ മധ്യേഷ്യയിൽ നിന്നുവന്ന മറ്റുഭരണാധികാരികളെ മ്ലേച്ഛർ, അപരിഷ്കൃതർ അല്ലെങ്കിൽ അന്യർ എന്നീ പേരുകളിലാണ് ബ്രാഹ്മണർ വിശേഷിപ്പിച്ചിരുന്നത്. എങ്കിലും, ശാകഭരണാധികാരികളിൽ ഏറ്റവും പ്രശസ്തനായ രുദ്രദാമൻ, (ഏകദേശം രണ്ടാംനൂറ്റാണ്ട് സി.ഇ) സുദർശന തടാകം (അധ്യായം 2) പുനർനിർമിച്ചതെങ്ങനെയെന്ന് സംസ്കൃതത്തിലെ ആദ്യകാല ലിഖിതങ്ങളിലൊന്ന് വിവരിക്കുന്നുണ്ട്. ഇതു സൂചിപ്പിക്കുന്നത് ശക്തരായ മ്ലേച്ഛവിഭാഗക്കാർക്ക് സംസ്കൃത പാരമ്പര്യം പരിചിതമായിരുന്നു എന്നാണ്.

ശതവാഹന രാജവംശത്തിൽ ഏറ്റവുംപ്രശസ്ത ഭരണാധികാരിയായിരുന്ന ഗോതമി-പുത സിരി-ശതകാനി, താനൊരു വിശിഷ്ട ബ്രാഹ്മണനും (ഏക ബ്രാഹ്മണ) ക്ഷത്രിയരുടെ അഹന്ത നശിപ്പിച്ചവനുമാണെന്ന് അവകാശപ്പെട്ടത് തികച്ചും ശ്രദ്ധാർഹമാണ്. ചാതുർവർണ്യ വിഭാഗങ്ങൾ തമ്മിൽ വിജാതീയ വിവാഹത്തിൽ ഏർപ്പെടുന്നില്ല എന്ന് താൻ ഉറപ്പുവരുത്തിയിരുന്നുവെന്നും അദ്ദേഹം അവകാശപ്പെടുന്നു. അതേസമയം രുദ്രദാമന്റെ കുടുംബവുമായി അദ്ദേഹം വിവാഹ ബന്ധത്തിലേർപ്പെട്ടിരുന്നു.

ഈ ഉദാഹരണത്തിൽനിന്ന് നിങ്ങൾക്കു കാണാൻ കഴിയുന്നതുപോലെ ജാതിയുടെ ചട്ടക്കൂടിനകത്തുള്ള സമന്വയം തികച്ചും സങ്കീർണമായൊരു പ്രക്രിയയായിരുന്നു. തങ്ങൾ ബ്രാഹ്മണരാണെന്ന് ശതവാഹനർ അവകാശപ്പെട്ടപ്പോൾ, രാജാക്കന്മാർ ക്ഷത്രിയരായിരിക്കണം എന്നാണ് ബ്രാഹ്മണരുടെ പക്ഷം. ശതവാഹനർ ചാതുർവർണ്യവ്യവസ്ഥ ഉയർത്തിപ്പിടിച്ചിരുന്നുവെന്ന് അവകാശപ്പെടുമ്പോഴും അതിൽ നിന്നും ഒഴിവാക്കപ്പെട്ടവരുമായി അവർ വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നു. കൂടാതെ നമ്മൾ കണ്ടതുപോലെ, ബ്രാഹ്മണ ഗ്രന്ഥങ്ങൾ നിഷ്കർഷിക്കുന്ന എക്സോഗമി (ഗണത്തിനു പുറത്ത് നിന്നുള്ള വിവാഹം) ക്ക് പകരമായി എൻഡോഗമി (ഗണത്തിനുള്ളിൽ നിന്നുള്ള വിവാഹ) യാണ് അവർ പിന്തുടർന്നിരുന്നത്.



ചിത്രം 3.5
ഒരു ശാക ഭരണാധികാരിയെ ചിത്രീകരിക്കുന്ന വെള്ളി നാണയം. ഏകദേശം സി.ഇ. നാലാം നൂറ്റാണ്ട്.

### 3.3 ജാതികളും സാമൂഹികചലനാത്മകതയും (Jatis and social mobility)

സാമൂഹിക വിഭാഗങ്ങളെ പരാമർശിക്കാൻ ഗ്രന്ഥങ്ങളിൽ ഉപയോഗിച്ച മറ്റൊരു വാക്കായ "ജാതി" എന്ന പദത്തിൽ ഈ സങ്കീർണതകൾ പ്രതിഫലിപ്പിക്കുന്നുണ്ട്. ബ്രാഹ്മണ സിദ്ധാന്തമനുസരിച്ച് വർണത്തെപ്പോലെതന്നെ ജാതിയുടെയും അടിസ്ഥാനം ജനനമാണ്. എന്നാൽ വർണങ്ങളുടെ എണ്ണം നാലായി നിശ്ചയിച്ചപ്പോൾ ജാതികളുടെ എണ്ണത്തിന് യാതൊരു നിയന്ത്രണവുമില്ലായിരുന്നു. ഉദാഹരണത്തിന് നിഷാദരെപ്പോലെ വനങ്ങളിൽ വസിക്കുന്ന പുതിയ വിഭാഗങ്ങളെ കണ്ടുമുട്ടുമ്പോഴോ "സുവർണകാര" അഥവാ സ്വർണപ്പണിക്കാരെപ്പോലുള്ള പുതിയ തൊഴിൽവിഭാഗങ്ങൾക്ക് പേരിടേണ്ടി വരുമ്പോഴോ ഇവരൊന്നും ചാതുർവർണ്യസമ്പ്രദായത്തിൽ അനായാസമായി ചേരാത്തതിനാൽ, ബ്രാഹ്മണമേധാവികൾ അവരെ പുതിയ ജാതിയായി തരംതിരിച്ചു. ഒരേതൊഴിൽ ചെയ്തിരുന്ന ജാതിവിഭാഗങ്ങൾ ചിലപ്പോഴെല്ലാം ശ്രേണികളായി (തൊഴിൽ സമാജങ്ങൾ അഥവാ ഗിൽഡുകൾ) സംഘടിക്കപ്പെട്ടിരുന്നു.

ഇത്തരം വിഭാഗങ്ങളെക്കുറിച്ചുള്ള ചരിത്രരേഖകൾ വളരെ അപൂർവമാണ്. എങ്കിലും ഇതിനുവിരുദ്ധമായത് ചിലതുണ്ട്. മധ്യപ്രദേശിലെ മാൻഡസോറിൽ നിന്നും കണ്ടുകിട്ടിയ ശ്രദ്ധേയമായ ഒരു ശിലാലിഖിതം (ഏകദേശം അഞ്ചാം നൂറ്റാണ്ടാണ് സി.ഇ) പട്ടുനൂൽപ്പുകാരുടെ ഒരു ഗിൽഡിന്റെ ചരിത്രം രേഖപ്പെടുത്തുന്നു. തുടക്കത്തിൽ ഗുജറാത്തിലെ ലാടത്തിൽ ജീവി

ച്ചിരുന്ന അവർ മാൻഡസോറിലേക്ക് കുടിയേറി. അന്നു മാൻഡസോർ അറിയപ്പെട്ടിരുന്നത് "ദശപുര" എന്ന പേരിലാണ്. തങ്ങളുടെ ബന്ധുക്കളോടും കുട്ടികളോടുമൊപ്പം വളരെ ദുസ്സഹമായി യാത്ര ചെയ്താണ് ഇവർ ഇവിടെ എത്തിയതെന്ന് ലിഖിതം സൂചിപ്പിക്കുന്നു. പ്രാദേശിക രാജാവിന്റെ മഹത്വത്തെക്കുറിച്ച് അറിഞ്ഞ ഇവർ അവിടെ അധിവസിക്കുവാൻ താൽപ്പര്യപ്പെട്ടു വരികയായിരുന്നു.

സങ്കീർണമായ സാമൂഹികപ്രക്രിയകളുടെ ഒരു ആകർഷകദൃശ്യം നൽകുന്നതും ശ്രേണികളുടെ (ഗിൽഡുകൾ) സ്വഭാവത്തെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്നതുമാണ് ഈ ലിഖിതം. ഓരോ പ്രത്യേക തൊഴിലിലെയും വൈദഗ്ധ്യമാണ് ഒരു ശ്രേണിയിലെ അംഗത്വത്തിന്റെ അടിസ്ഥാനമെങ്കിലും അതിലെ ചില അംഗങ്ങൾ മറ്റുതൊഴിലുകൾ സ്വീകരിച്ചിരുന്നു. ഇതുകാണിക്കുന്നത് ശ്രേണിയിലെ അംഗങ്ങൾ പൊതുവായ ഒരു തൊഴിലിനപ്പുറം ചിലത് പങ്കുവച്ചിരുന്നു എന്നാണ്. സൂര്യദേവനെ ആദരിക്കാനായി ഒരു ക്ഷേത്രം പണിയുവാൻ അവർ തങ്ങളുടെ തൊഴിലിലൂടെ നേടിയ സമ്പത്ത് നിക്ഷേപിക്കുവാൻ ഒരുമിച്ച് തീരുമാനമെടുത്തു.

### വ്യാപാരികളുടെ കാര്യം (The case of the merchants)

സംസ്കൃത ഗ്രന്ഥങ്ങളും ലിഖിതങ്ങളും വ്യാപാരികളെ സൂചിപ്പിക്കുവാനായി 'വണിക്' എന്ന പദമാണുപയോഗിച്ചത്. ശാസ്ത്രങ്ങളിൽ വൈശ്യരുടെ മുഖ്യതൊഴിലായി വ്യാപാരത്തെ നിർവചിച്ചപ്പോൾ ശൂദ്രകൻ രചിച്ച മൃച്ഛകടികം (ഏകദേശം നാലാം നൂറ്റാണ്ട് സി.ഇ) പോലുള്ള നാടകങ്ങളിൽ കൂടുതൽ സങ്കീർണമായ സാഹചര്യങ്ങൾ ദൃശ്യമാണ്. ഇതിലെ നായകനായ ചാരുദത്തനെ ഒരു ബ്രാഹ്മണനായും അതോടൊപ്പം ഒരു സാർഥവാഹകൻ അഥവാ കച്ചവടക്കാരനായും ചിത്രീകരിച്ചിട്ടുണ്ട്. ക്ഷത്രിയ-വണിക്കുകൾ എന്ന നിലയിൽ ഒരു ക്ഷേത്രനിർമാണത്തിന് സംഭാവന നൽകിയ രണ്ടുസഹോദരന്മാരെക്കുറിച്ച് അഞ്ചാം നൂറ്റാണ്ടിലെ ഒരു ലിഖിതത്തിൽ വിവരിക്കുന്നുണ്ട്.

സ്രോതസ്സ് 8

### എന്താണ് പട്ടുനെയ്ത്തുകാർ ചെയ്തിരുന്നത് What the silk weavers did

സംസ്കൃതത്തിലുള്ള ഒരു ശിലാലിഖിതത്തിന്റെ ഒരു ഭാഗമാണിത് :

ചിലർ കാതിന് ഇമ്പമാർന്ന സംഗീതത്തിൽ ഗാഢമായി മുഴുകുന്നു; മറ്റു ചിലർ വിശിഷ്ടമായ നൂറ് ജീവചരിത്രങ്ങളുടെ കർതൃത്വത്തിൽ അഭിമാനിച്ചു കൊണ്ട് അതിശയകരമായ കഥകൾ കഥിക്കുന്നവരാകുന്നു; മറ്റുള്ളവർ, വിനയപൂർവം അതിവിശിഷ്ടമായ മതപ്രഭാഷണങ്ങളിൽ മുഴുകുന്നു. ചിലർ അവരുടേതായ മതാചാരാനുഷ്ഠാനങ്ങളിൽ അഗ്രഗണ്യരാണ്; അതുപോലെയുള്ള മറ്റു ചിലർ (വൈദിക) ജ്യോതിശാസ്ത്രം വശഗതമാക്കി; പിന്നെയുള്ളവർ, യുദ്ധവീരന്മാരായി ഇന്നും ശത്രുനാശം വരുത്തിക്കൊണ്ടിരിക്കുന്നു.

➲ ശാസ്ത്രവിധിപ്രകാരം അവർക്കായി പറഞ്ഞിരുന്ന തൊഴിലായിരുന്നു പട്ടുനെയ്ത്തുകാർ പിന്തുടർന്നിരുന്നതെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

### 3.4 നാലു*വർണങ്ങൾ*ക്കപ്പുറം : ഏകീകരണം (Beyond the four *varnas*: Integration)

ഉപഭൂഖണ്ഡത്തിലെ വൈവിധ്യം നിമിത്തം ബ്രാഹ്മണാശയങ്ങളാൽ സ്വാധീനിക്കപ്പെടാത്ത ജനവിഭാഗങ്ങൾ ഇവിടെ എല്ലാക്കാലത്തും ഉണ്ടായിരുന്നു. വിചിത്രരും അപരിഷ്കൃതരും മൃഗതുല്യരുമായാണ് ഇവരെ സംസ്കൃത ഗ്രന്ഥങ്ങൾ വിശേഷിപ്പിക്കുന്നത്. വേട്ടയാടലും ആഹാരശേഖരണവും മുഖ്യ ജീവിതമാർഗങ്ങളായിരുന്ന വനവാസികളും ചിലപ്പോൾ ഇക്കൂട്ടത്തിൽ പെട്ടിരുന്നു. ഏകലവ്യൻ ഉൾപ്പെട്ടിരുന്നതായി കരുതപ്പെടുന്ന *നിഷാദ*വിഭാഗം പോലുള്ളവ ഇതിനുദാഹരണങ്ങളാണ്.

സ്ഥിരവാസികളായ കൃഷിക്കാരുടെ ചട്ടക്കൂടിനുള്ളിൽ ഉൾപ്പെടുത്താൻ എളുപ്പമല്ലാത്ത നാടോടികളായ മൃഗപരിപാലകരെപ്പോലെയുള്ള ജനവിഭാഗങ്ങളെയും അവർ സംശയദൃഷ്ടിയോടെയായിരുന്നു വീക്ഷി

ച്ചിരുന്നത്. സംസ്കൃതേതരഭാഷ സംസാരിച്ചിരുന്നവരെ മ്ലേച്ഛരും താഴ്ന്ന വിഭാഗക്കാരുമായാണ് കണ്ടിരുന്നത്. എന്നിരുന്നാലും ഇവർ ഇവരുടെ ആശയങ്ങളും വിശ്വാസങ്ങളും പരസ്പരം പങ്കുവച്ചിരുന്നു. *മഹാഭാരതത്തിലെ* ചില കഥകളിൽ ഇവരുടെ ബന്ധങ്ങളുടെ സ്വഭാവം വ്യക്തമാകുന്നുണ്ട്.

*സ്രോതസ്സ് 7*

**കടുവയെപ്പോലുള്ള ഭർത്താവ്**
**(A tiger-like husband )**

*മഹാഭാരതത്തി*ലെ ആദിപർവത്തിൽ നിന്നുള്ള ഒരു കഥയുടെ സംഗ്രഹമാണിത് :

പാണ്ഡവർ കാട്ടിലേക്ക് പലായനം ചെയ്തു കഴിഞ്ഞു. ക്ഷീണിതരായ അവർ ഉറങ്ങിപ്പോയി. പാണ്ഡവരിൽ രണ്ടാമനും കൈക്കരുത്തിനു പ്രസിദ്ധനുമായ ഭീമൻ മാത്രം അവർക്ക് കാവലിരിക്കുകയായിരുന്നു. പാണ്ഡവരുടെ ഗന്ധമറിഞ്ഞ ഒരു നരഭോജി രാക്ഷസൻ തന്റെ സഹോദരിയായ ഹിഡിംബയെ അവരെ പിടികൂടാൻ അയച്ചു. ഭീമനിൽ അനുരക്തയായ അവൾ സുന്ദരിയായ ഒരു കന്യകയുടെ രൂപം സ്വീകരിച്ച് അദ്ദേഹത്തോട് പ്രണയാഭ്യർത്ഥന നടത്തി. എന്നാൽ ഭീമൻ ഇത് നിരസിച്ചു. ഇതിനിടെ രാക്ഷസൻ അവിടെ എത്തിച്ചേരുകയും ഭീമനെ മല്ലയുദ്ധത്തിന് വെല്ലുവിളിക്കുകയും ചെയ്തു. വെല്ലുവിളി സ്വീകരിച്ച ഭീമൻ രാക്ഷസനെ കൊന്നു. ശബ്ദം കേട്ട് മറ്റുള്ളവർ ഉണർന്നു. സ്വയം പരിചയപ്പെടുത്തിയ ഹിഡിംബ ഭീമനോടുള്ള തന്റെ പ്രേമം തുറന്നു പറഞ്ഞു. അവൾ കുന്തിയോട് പറഞ്ഞു: "ഞാൻ എന്റെ സുഹൃത്തുക്കളെയും ധർമ്മത്തെയും രക്തബന്ധങ്ങളെയും പരിത്യജിച്ചിരിക്കുന്നു; കുലാംഗനയായ നിങ്ങളുടെ, കടുവയെപ്പോലെ ശൂരനായ മകനെ ഞാൻ എന്റെ പുരുഷനായി വരിച്ചിരിക്കുന്നു...... ഒരു വിഡ്ഢിയായോ താങ്കളോട് അർപ്പണബോധമുള്ള ദാസിയായോ നിങ്ങൾ എന്നെ കരുതിയാലും, മഹതിയായ നിങ്ങൾ നിങ്ങളുടെ മകനെ എനിക്ക് ഭർത്താവായി നൽകി നിങ്ങളോടൊപ്പം ചേരുവാൻ എന്നെ അനുവദിക്കൂ".

ഒടുവിൽ, പകൽ ഒന്നിച്ചുചെലവിട്ടശേഷം ഓരോരാത്രിയിലും ഭീമൻ തിരിച്ചെത്തണമെന്ന ഉപാധിയോടെ യുധിഷ്ഠിരൻ അവരുടെ വിവാഹത്തിനു സമ്മതിച്ചു. ദമ്പതികൾ പകൽ മുഴുവൻ ലോകമാകെ ചുറ്റി നടന്നു. കാലം കഴിഞ്ഞപ്പോൾ ഹിഡിംബ, രാക്ഷസ സന്തതിയായ ഘടോത്കചന് ജന്മം നൽകി. പിന്നീട് അമ്മയും മകനും പാണ്ഡവരിൽ നിന്നും വേർപിരിഞ്ഞു. എപ്പോഴാണോ അവർക്ക് തന്നെ ആവശ്യമായി വരിക അപ്പോൾ താൻ തിരികെയെത്തുമെന്ന് ഘടോത്കചൻ പാണ്ഡവർക്ക് ഉറപ്പു നൽകി.

ബ്രാഹ്മണഗ്രന്ഥങ്ങളിൽ എഴുതിവയ്ക്കപ്പെട്ട ആചാരങ്ങളിൽ നിന്നും വിഭിന്നമായ രീതികൾ സ്വീകരിച്ചവരെയാണ് *രാക്ഷസർ* എന്നു വിളിച്ചിരുന്നതെന്ന് ചില ചരിത്രകാരർ ചൂണ്ടിക്കാട്ടുന്നു.

➲ ഈ കഥയിൽ വിവരിക്കുന്ന, ബ്രാഹ്മണേതരമെന്ന് തോന്നുന്ന ആചാരങ്ങൾ കണ്ടെത്തുക.

## 3.5 നാലുവർണങ്ങൾക്കപ്പുറം : കീഴടങ്ങലും സംഘർഷവും

## (Beyond the four *varnas* : Subordination and conflict)

ചില വിഭാഗങ്ങളെ ബ്രാഹ്മണർ വ്യവസ്ഥിതിക്ക് പുറത്തുള്ളവരായി കണക്കാക്കിയപ്പോൾ ചില സാമൂഹിക വിഭാഗങ്ങളെ "തൊട്ടു കൂടാത്തവർ" എന്ന വിഭാഗത്തിൽപ്പെടുത്തി കൂടുതൽ ശക്തമായ ഒരു സാമൂഹികവിഭജനവും അവർ വികസിപ്പിച്ചു. ചില പ്രവൃത്തികൾ, പ്രത്യേകിച്ച് ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ടവ, ദൈവികവും പരിശുദ്ധവുമാണെന്ന

ധാരണയാണ് ഈ വിഭജനത്തിന്റെ അടിസ്ഥാനം. ശുദ്ധിയുള്ളവരാണെന്ന് സ്വയം കണക്കാക്കിയവർ "തൊട്ടുകൂടാത്തവർ" എന്ന് തങ്ങൾ മുദ്രകുത്തിയവരിൽനിന്ന് ഭക്ഷണം വാങ്ങിക്കഴിക്കുന്നതൊഴിവാക്കി. ശുദ്ധിവാദത്തിന് കടകവിരുദ്ധമായി ചില പ്രവൃത്തികൾ പ്രത്യേകിച്ചും അശുദ്ധമാണെന്ന് ഇവർ കണക്കാക്കി. ചത്ത മൃഗങ്ങളെയും മൃതശരീരത്തെയും കൈകാര്യം ചെയ്യുന്നത് ഇവയിൽപ്പെടുന്നു. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ചണ്ഡാലരെന്ന് മുദ്രകുത്തപ്പെട്ടു. ശ്രേണിയുടെ ഏറ്റവും താഴെത്തട്ടിലായിരുന്നു ഇവരുടെ സ്ഥാനം. സാമൂഹിക ഘടനയുടെ മേൽത്തട്ടിലാണെന്ന് അവകാശപ്പെട്ടവർ ഇവരെ സ്പർശിക്കുന്നതും ചില സന്ദർഭങ്ങളിൽ, അവരെ കാണുന്നതുപോലും "അശുദ്ധ"മായി കണക്കാക്കി.

ചണ്ഡാലരുടെ "കർത്തവ്യ"ങ്ങളെക്കുറിച്ച് *മനുസ്മൃതിയിൽ* വിവരിക്കുന്നുണ്ട്. അവർ ഗ്രാമത്തിന് പുറത്ത് അധിവസിക്കണം; ഉപേക്ഷിക്കപ്പെട്ട പാത്രങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ; മരിച്ചവരുടെ വസ്ത്രങ്ങളും ഇരുമ്പുകൊണ്ട് നിർമ്മിച്ച ആഭരണങ്ങളുമാണ് ഇവർ ധരിക്കേണ്ടത്. രാത്രികാലങ്ങളിൽ നഗരങ്ങളിലും ഗ്രാമങ്ങളിലും അവർ നടക്കുവാൻ പാടില്ല; ബന്ധുക്കളാരുമില്ലാത്തവരുടെ മൃതശരീരം നീക്കം ചെയ്യുകയും ആരാച്ചാർമാരായി സേവനം അനുഷ്ഠിക്കുകയും വേണം. തൊട്ടുകൂടാത്തവർ തെരുവിൽ നടക്കുമ്പോൾ ഒരു മണിശബ്ദം പുറപ്പെടുവിക്കണമെന്നും ഇത് കേൾക്കുമ്പോൾ മറ്റുള്ളവർക്ക് അവരെ കാണാതെ മാറിപ്പോകാൻ കഴിയുമെന്നും ചൈനീസ് ബുദ്ധമത സന്ന്യാസിയായ ഫഹിയാൻ (ഏകദേശം സി.ഇ. അഞ്ചാം നൂറ്റാണ്ട്) പിൽക്കാലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ആരാച്ചാർമാരും, തോട്ടിപ്പണിക്കാരും നഗരത്തിനു പുറത്ത് ജീവിക്കുവാൻ നിർബന്ധിതരായിരുന്നുവെന്ന് മറ്റൊരു ചൈനീസ് സഞ്ചാരിയായ സുയാൻ സാങ് (ഏകദേശം ഏഴാം നൂറ്റാണ്ട്) പ്രസ്താവിച്ചിട്ടുണ്ട്.

**ചിത്രം 3.6**
*ഭിക്ഷയാചിക്കുന്ന ഒരു ചണ്ഡാലന്റെ ചിത്രം, ശിലാശില്പം (ഗാന്ധാരം), ഏകദേശം സി.ഇ. മൂന്നാം നൂറ്റാണ്ട്*



ചണ്ഡാലരുടെ ജീവിതത്തെക്കുറിച്ച് വിവരിക്കുന്ന ബ്രാഹ്മണേതരഗ്രന്ഥങ്ങൾ പരിശോധിച്ചുകൊണ്ട്, ശാസ്ത്രവിധിപ്രകാരമുള്ള ഈ അപമാനകരമായ ജീവിതം *ചണ്ഡാലർ* സ്വീകരിച്ചിരുന്നോ എന്നു കണ്ടെത്തുവാൻ ചരിത്രകാരർ പരിശ്രമിച്ചിട്ടുണ്ട്. ചിലപ്പോഴെല്ലാം ഇത്തരം ചിത്രീകരണങ്ങൾ ബ്രാഹ്മണ ഗ്രന്ഥങ്ങളിലേതുമായി ചേർന്നുപോകുന്നവയാണ്. എന്നാൽ ചിലപ്പോഴെല്ലാം വ്യത്യസ്ത സാമൂഹികയാഥാർഥ്യങ്ങളുടെ സൂചനകളുമുണ്ട്.

സ്രോതസ്സ് 10

## ബോധിസത്തൻ *ചണ്ഡാള* രൂപത്തിൽ
## The Bodhisatta as a *Chandala*

സാമൂഹിക വ്യവസ്ഥയുടെ അടിത്തട്ടിലേക്ക് തള്ളിയിടാനുള്ള പരിശ്രമങ്ങളെ *ചണ്ഡാളർ* എതിർത്തിരുന്നോ? ബോധിസത്തനെ (ബുദ്ധന്റെ മുൻജന്മം) ചണ്ഡാളനായി കരുതുന്ന, പാലി ഗ്രന്ഥമായ *മാതംഗ ജാതക*ത്തിൽ നിന്നുള്ള ഈ കഥ വായിക്കുക.

ഒരിക്കൽ, ബനാറസ് നഗരത്തിന് പുറത്ത് ഒരു ചണ്ഡാളന്റെ മകനായി മാതംഗൻ എന്ന പേരിൽ ബോധിസത്തൻ ജനിച്ചു. ഒരു ദിവസം ജോലിക്കായി നഗരത്തിലെത്തിയ മാതംഗൻ ഒരു കച്ചവടക്കാരന്റെ മകളായ ദിത്ത മംഗാലികയെ യാദൃശ്ചികമായി കണ്ടുമുട്ടി. അയാളെക്കണ്ട് അവൾ ആശ്ചര്യത്തോടെ വിളിച്ചു പറഞ്ഞു. "അശുഭകരമായ എന്തോ ഒന്ന് ഞാൻ കണ്ടു". അതുകഴിഞ്ഞ് അവൾ തന്റെ കണ്ണുകൾ കഴുകി. ഇതറിഞ്ഞ് കുപിതരായ കിങ്കരൻമാർ അയാളെ മർദ്ദിച്ചു. ഇതിൽ പ്രതിഷേധിച്ച മാതംഗൻ അവളുടെ പിതാവിന്റെ വീടിന്റെ വാതിൽക്കൽ പോയി കിടന്നു. ഏഴാം ദിവസം അവർ ആ പെൺകുട്ടിയെ പുറത്തേക്ക് കൊണ്ടുവരുകയും അയാൾക്ക് നൽകുകയും ചെയ്തു. പട്ടിണി കിടന്ന് വിവശനായ മാതംഗനെ അവൾ ചണ്ഡാളരുടെ വാസസ്ഥലത്തേക്ക് കൊണ്ടു പോയി. വീട്ടിൽ തിരിച്ചെത്തിയ മാതംഗൻ ലൗകികജീവിതം ഉപേക്ഷിക്കാൻ തീരുമാനിച്ചു. ആത്മീയശക്തി നേടിയശേഷം ബനാറസിൽ തിരിച്ചെത്തി അയാൾ അവളെ വിവാഹം കഴിച്ചു. മാണ്ഡവ്യകുമാരൻ എന്നു പേരുള്ള പുത്രൻ അവർക്ക് ജനിച്ചു. വളർന്നുവലുതായപ്പോൾ അവൻ മൂന്ന് വേദങ്ങളും ഹൃദിസ്ഥമാക്കി. അതിനുശേഷം അയാൾ ദിവസംതോറും 16,000 ബ്രാഹ്മണർക്ക് അന്നദാനം നൽകിത്തുടങ്ങി.

ഒരു ദിവസം മാതംഗൻ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച് കയ്യിൽ ഒരു മൺഭിക്ഷാപാത്രവുമായി തന്റെ പുത്രന്റെ വീട്ടുപടിക്കലെത്തി ആഹാരത്തിനായി യാചിച്ചു. നിങ്ങൾ ഒരു അയിത്തജാതിക്കാരനെപ്പോലെയിരിക്കുന്നുവെന്നും അതിനാൽ ഭിക്ഷയ്ക്കർഹതയില്ലെന്നും ഭക്ഷണം ബ്രാഹ്മണർക്ക് മാത്രമുള്ളതാണെന്നും മാണ്ഡവ്യൻ പറഞ്ഞു. അപ്പോൾ മാതംഗൻ പറഞ്ഞു: "തന്റെ ജനനത്തെക്കുറിച്ചഹങ്കരിക്കുന്ന അജ്ഞാനികളായവർ ദാനത്തിനർഹരല്ല. മറിച്ച് ദുർഗുണങ്ങൾ ഇല്ലാത്തവർ ദാനധർമ്മാദികൾക്കർഹരാണ്". കുപിതനായ മാണ്ഡവ്യൻ തന്റെ ഭൃത്യന്മാരോട് അയാളെ പുറത്താക്കാൻ ആവശ്യപ്പെട്ടു. എന്നാൽ വായുവിലേക്കുയർന്ന മാതംഗൻ പെട്ടെന്ന് അപ്രത്യക്ഷനായി. ഈ സംഭവമറിഞ്ഞ ദിത്ത മംഗാലിക മാതംഗനെ പിന്തുടർന്ന് ചെന്ന് പുത്രനുവേണ്ടി മാപ്പ് ചോദിച്ചു. തന്റെ ഭിക്ഷാപാത്രത്തിൽ ശേഷിച്ച ഭക്ഷണത്തിൽ നിന്ന് അൽപമെടുത്ത് മാണ്ഡവ്യനും ബ്രാഹ്മണർക്കും നൽകാൻ അയാൾ അവളോടാവശ്യപ്പെട്ടു.

➲ മാതംഗന്റെ കാഴ്ചപ്പാടിലൂടെയാണ് ഈ കഥ എഴുതപ്പെട്ടിരിക്കുന്നത് എന്നു സൂചിപ്പിക്കുന്ന ഘടകങ്ങൾ കണ്ടെത്തുക.

### ➲ ചർച്ച ചെയ്യുക...

ബ്രാഹ്മണർ നിർദേശിക്കുന്ന തൊഴിലുകളാണ് ജനങ്ങൾ പിന്തുടർന്നിരുന്നതെന്ന് ഈ ഭാഗത്ത് പരാമർശിച്ചിട്ടുള്ളവയിൽ ഏത് സ്രോതസ്സിലാണ് സൂചിപ്പിച്ചിട്ടുള്ളത്? മറ്റ് സാധ്യതകൾ നിർദേശിക്കുന്ന സ്രോതസ്സുകൾ ഏവ?

## 4. ജനനത്തിനപ്പുറം: വിഭവങ്ങളും പദവിയും (BEYOND BIRTH RESOURCES AND STATUS)

അധ്യായം രണ്ടിൽ സാമ്പത്തിക ബന്ധങ്ങളെക്കുറിച്ചു ചർച്ചചെയ്ത കാര്യം ഓർത്താൽ അടിമകൾ, ഭൂരഹിത കർഷകത്തൊഴിലാളികൾ, വേട്ടക്കാർ, മീൻപിടുത്തക്കാർ, ഇടയർ, കർഷകർ, ഗ്രാമമുഖ്യർ, കരകൗശല വിദഗ്ധർ, കച്ചവടക്കാർ, രാജാക്കൻമാർ എന്നിവർ ഉപഭൂഖണ്ഡത്തിന്റെ വിവിധഭാഗങ്ങളിൽ സാമൂഹികപ്രവർത്തകരായി ഉദയം ചെയ്തുവെന്ന് നിങ്ങൾക്കു മനസ്സിലാകുന്നതാണ്. സാമ്പത്തിക വിഭവശേഷിയുടെ അടിസ്ഥാനത്തിലായിരുന്നു അവരുടെ സാമൂഹിക പദവികൾ രൂപപ്പെട്ടിരുന്നത്. ഇവിടെ ചില പ്രത്യേക സാഹചര്യങ്ങളിൽ വിഭവങ്ങളിൻമേലുള്ള പ്രാപ്യതയുടെ സാമൂഹിക വിവക്ഷകൾ നമുക്ക് പരിശോധിക്കാം.

### 4.1 സ്വത്തവകാശത്തിലെ ലിംഗഭേദം (Gendered access to property)

ആദ്യം നമുക്ക് *മഹാഭാരത*ത്തിലെ ഒരു നിർണായകസംഭവം പരിശോധിക്കാം. കൗരവരും പാണ്ഡവരും തമ്മിൽ കാലങ്ങളായുള്ള മാത്സര്യം നിലവിലിരിക്കെ ദുര്യോധനൻ യുധിഷ്ഠിരനെ ചൂതുകളിക്കായി ക്ഷണിച്ചു. എതിരാളിയാൽ വഞ്ചിക്കപ്പെട്ട യുധിഷ്ഠിരൻ തന്റെ സ്വർണം, ആനകൾ, രഥങ്ങൾ, അടിമകൾ, സൈന്യം, ഖജനാവ്, രാജ്യം, പ്രജകളുടെ സ്വത്തുക്കൾ, തന്റെ സഹോദരർ എന്നിവയും ഒടുവിൽ തന്നെത്തന്നെയും വാതുവയ്ക്കുകയും സർവവും നഷ്ടപ്പെടുകയും ചെയ്തു. അപ്പോൾ അയാൾ, തങ്ങളുടെ പൊതുഭാര്യയായ ദ്രൗപദിയെ പണയപ്പെടുത്തുകയും അവരെയുംകൂടി നഷ്ടപ്പെടുത്തുകയും ചെയ്തു.

ഇത്തരംകഥകളിൽ പ്രാധാന്യം കല്പിച്ചിരുന്ന സ്വത്തവകാശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ (സ്രോതസ്സ് 11) ധർമ്മശാസ്ത്രങ്ങളിലും ധർമ്മസൂത്രങ്ങളിലും കാണാം. മാതാപിതാക്കളുടെ മരണശേഷം പിതാവിന്റെ സ്വത്ത്, മൂത്തപുത്രന് ഒരു പ്രത്യേകപങ്ക് നൽകിക്കൊണ്ട് ആൺമക്കൾക്ക് തുല്യമായി വീതിച്ച് നൽകണമെന്ന് *മനുസ്മൃതി* വ്യക്തമാക്കുന്നു. ഈ സമ്പത്തിൽ അവകാശമുന്നയിക്കാൻ സ്ത്രീകൾക്ക് കഴിയുമായിരുന്നില്ല.

എന്നിരുന്നാലും, വിവാഹസമയം "സ്ത്രീധനമായി" ("സ്ത്രീയുടെ സ്വത്ത്" എന്നർഥം) ലഭിച്ച സമ്മാനങ്ങൾ കൈവശം വയ്ക്കാൻ സ്ത്രീകളെ അനുവദിച്ചിരുന്നു. ഇതിന്റെ പിൻതുടർച്ചാവകാശം അവരുടെ മക്കൾക്കായിരുന്നു. ഭർത്താക്കൻമാർക്ക് ഇതിൻമേൽ ഒരവകാശവുമുണ്ടായിരുന്നില്ല. അതേസമയം കുടുംബസ്വത്തോ വിലപിടിപ്പുള്ള സ്വന്തം വസ്തുക്കൾ തന്നെയോ ഭർത്താക്കൻമാരറിയാതെ പൂഴ്ത്തിവയ്ക്കുന്നതിനെതിരെ *മനുസ്മൃതി* സ്ത്രീകൾക്ക് മുന്നറിയിപ്പ് നൽകുന്നു.

വാകാടക രാജ്ഞിയായിരുന്ന പ്രഭാവതി ഗുപ്തയെ (അധ്യായം 2) പോലുള്ള സമ്പന്നരായ സ്ത്രീകളെക്കുറിച്ച് നിങ്ങൾ വായിച്ചിട്ടുണ്ടല്ലോ. ഉന്നതവിഭാഗത്തിലെ സ്ത്രീകൾക്ക് വിഭവപ്രാപ്യത ഉണ്ടായിരുന്നിരിക്കാമെങ്കിലും പൊതുവേ പുരുഷന്മാർക്കാണ് ഭൂമി, കന്നുകാലി വിഭവങ്ങൾ, പണം എന്നിവയുടെ നിയന്ത്രണം ഉണ്ടായി

*സ്രോതസ്സ് 11*

**ദ്രൗപദിയുടെ ചോദ്യം (Draupadi's question)**

തന്നെ പണയം വയ്ക്കുന്നതിനു മുമ്പ് യുധിഷ്ഠിരൻ സ്വയം നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നോ എന്ന് യുധിഷ്ഠിരനോട് ദ്രൗപദി ചോദിച്ചു എന്നു കരുതപ്പെടുന്നു. ഈ ചോദ്യത്തിനുള്ള പ്രതികരണമായി രണ്ടു വിരുദ്ധാഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്.

ഒന്നാമത്തെ അഭിപ്രായപ്രകാരം, നേരത്തേ തന്നെ യുധിഷ്ഠിരൻ സ്വയം നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നുവെങ്കിൽ പോലും അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ തന്നെയായിരുന്നു, അതിനാൽ അയാൾക്ക് അവളെ പണയം വയ്ക്കുവാനും സാധിക്കുമായിരുന്നു.

രണ്ടാമത്തെ അഭിപ്രായപ്രകാരം, ഒരു അസ്വതന്ത്രന് (സ്വയം നഷ്ടപ്പെടുത്തിയ യുധിഷ്ഠിരൻ അസ്വതന്ത്രനായിരുന്നതുപോലെ) മറ്റൊരു വ്യക്തിയെ പണയം വയ്ക്കാൻ സാധിക്കുമായിരുന്നില്ല.

ഈ പ്രശ്നം അപരിഹാര്യമായി അവശേഷിച്ചു : അവസാനം പാണ്ഡവർക്കും ദ്രൗപദിക്കും അവരുടെ വ്യക്തിപരമായ സ്വാതന്ത്ര്യം ധൃതരാഷ്ട്രർ മടക്കി നൽകി.

➲ ഭർത്താക്കൻമാരുടെ സ്വത്തായാണ് ഭാര്യമാരെ കണക്കാക്കിയിരുന്നതെന്ന് ഈ കഥാഭാഗം സൂചിപ്പിക്കുന്നതായി നിങ്ങൾ കരുതുന്നുണ്ടോ?

*ഉദ്ധരണി 12*

### സ്ത്രീ പുരുഷന്മാർ ധനസമ്പാദനം നടത്തിയതെങ്ങനെ? (How could men and women acquire wealth?)

പുരുഷൻമാർക്ക് ധനം സമ്പാദിക്കാൻ ഏഴ് മാർഗങ്ങളുണ്ടെന്ന് മനുസ്മൃതി പ്രഖ്യാപിക്കുന്നു : അനന്തരാവകാശം, കണ്ടെത്തൽ, വിലയ്ക്ക് വാങ്ങൽ, കീഴടക്കൽ, നിക്ഷേപം, അധ്വാനം, സജ്ജനങ്ങളിൽ നിന്നുള്ള പാരിതോഷികങ്ങൾ സ്വീകരിക്കൽ.

സ്ത്രീകൾക്ക് ആറ് ധനസമ്പാദന മാർഗങ്ങളാണുള്ളത് : വിവാഹാഗ്നിക്ക് മുമ്പിൽ വച്ച് നൽകപ്പെടുന്നവ; വധൂഘോഷയാത്രയിൽ നൽകപ്പെടുന്നവ; സ്നേഹപ്രതീകമായി നൽകപ്പെടുന്നവ; അച്ഛൻ, അമ്മ, സഹോദരൻ എന്നിവരാൽ നൽകപ്പെടുന്നവ; പിന്നീട് ലഭിക്കുന്ന സമ്മാനങ്ങൾ, ഭർത്താവ് "സ്നേഹപൂർവ്വം" നൽകപ്പെടുന്നവ.

➲ സ്ത്രീ പുരുഷന്മാർ ധനസമ്പാദനം നടത്തുന്ന രീതികൾ താരതമ്യം ചെയ്യുകയും വ്യത്യാസങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുക.

രുന്നതെന്നാണ് ശിലാലിഖിതങ്ങളിലെയും ഗ്രന്ഥങ്ങളിലെയും തെളിവുകൾ ആവർത്തിച്ചു വ്യക്തമാക്കുന്നത്. മറ്റൊരർഥത്തിൽ പറഞ്ഞാൽ സ്വത്തവകാശങ്ങളിലുള്ള അന്തരം സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള സാമൂഹികവ്യത്യാസങ്ങൾക്ക് ആക്കംകൂട്ടി.

## 4.2 വർണവും സ്വത്താവകാശവും (*Varna* and access to property)

ബ്രാഹ്മണഗ്രന്ഥങ്ങൾപ്രകാരം സ്വത്തവകാശത്തെ നിയന്ത്രിച്ചിരുന്ന മറ്റൊരു മാനദണ്ഡമായിരുന്നു (ലിംഗ പരിഗണനക്ക് പുറമെ) വർണം. നേരത്തേ നമ്മൾ കണ്ടതുപോലെ ശൂദ്രർക്കായി നിഷ്കർഷിച്ചിരുന്ന ഒരേ ഒരു തൊഴിൽ ദാസ്യവൃത്തി മാത്രമായിരുന്നു. എന്നാൽ ആദ്യ മൂന്നുവർണങ്ങളിലെ പുരുഷന്മാർക്കായി അനേകം തൊഴിലുകൾ പട്ടികപ്പെടുത്തിയിരുന്നു. ഈ നിബന്ധനകൾ യഥാർഥത്തിൽ നടപ്പിലാക്കപ്പെട്ടെങ്കിൽ ബ്രാഹ്മണ, ക്ഷത്രിയ വിഭാഗങ്ങളിലെ പുരുഷൻമാരായിരുന്നിരിക്കണം ഏറ്റവുംവലിയ ധനികർ. മറ്റുഗ്രന്ഥപാരമ്പര്യങ്ങൾ പുരോഹിതരെയും രാജാക്കൻമാരെയും കുറിച്ചുനൽകുന്ന വിവരണങ്ങളിൽനിന്നും ഇത് ഒരളവുവരെ സാമൂഹികയാഥാർഥ്യത്തോടു ചേർന്നുനിൽക്കുന്നു എന്നു സ്പഷ്ടമാണ്. രാജാക്കന്മാരെ നിശ്ചയമായും ധനികരായാണ് ചിത്രീകരിച്ചിട്ടുള്ളത്. പുരോഹിതരെ പൊതുവെ സമ്പന്നരായാണ് കാണുന്നതെങ്കിലും ദരിദ്രരായ ബ്രാഹ്മണരെക്കുറിച്ചുള്ള വിവരണങ്ങളും കാണാം.

സമൂഹത്തെക്കുറിച്ചുള്ള ബ്രാഹ്മണവീക്ഷണം ധർമ്മസൂത്രങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും ക്രോഡീകരിക്കപ്പെടുമ്പോൾത്തന്നെ വർണസമ്പ്രദായത്തെ വിമർശിച്ചിരുന്ന മറ്റുപാരമ്പര്യങ്ങളും ഇക്കാലത്ത് ഉദയം ചെയ്തിരുന്നു. ഇതിൽ ഏറ്റവും പ്രശസ്തമായവയാണ് ആദ്യകാല ബുദ്ധമതത്തിനുള്ളിൽ വികസിച്ചുവന്നവ. (ഏകദേശം ബി.സി.ഇ. 6–ാം നൂറ്റാണ്ടു മുതൽ; അധ്യായം 4 കൂടി കാണുക) സമൂഹത്തിൽ വ്യത്യാസങ്ങൾ നിലവിലിരുന്നു എന്നത് ബുദ്ധമതക്കാർ തിരിച്ചറിഞ്ഞിരുന്നു. എന്നാൽ അവയെ സ്വാഭാവികമായുണ്ടായവയെന്നോ, മാറ്റാൻ കഴിയാത്തതെന്നോ അവർ കണക്കാക്കിയില്ല. ജനനത്തിന്റെ അടിസ്ഥാനത്തിലാണ് ഒരാളുടെ സാമൂഹികപദവി നിർണയിക്കുന്നതെന്ന ആശയത്തെ അവർ നിരാകരിക്കുകയും ചെയ്തു.

സ്രോതസ്സ് 13

**സമ്പന്നനായ ശൂദ്രൻ**
**(The wealthy Shudra)**

പാലി ഭാഷയിൽ രചിച്ച ബുദ്ധമത ഗ്രന്ഥമായ 'മജ്ജിമ നികായ' യെ അടിസ്ഥാനമാക്കിയുള്ള ഈ കഥ അവന്തിപുത്ത രാജാവും, ബുദ്ധന്റെ ശിഷ്യനായ കച്ചനനും തമ്മിലുള്ള സംഭാഷണത്തിന്റെ ഒരു ഭാഗമാണ്. അക്ഷരാർഥത്തിൽ സത്യമായി എടുക്കാൻ കഴിയില്ലെങ്കിലും വർണവ്യവസ്ഥയോടുള്ള ബൗദ്ധമനോഭാവത്തെ ഈ കഥ സ്പഷ്ടമാക്കുന്നുണ്ട്.

തങ്ങളാണ് ഏറ്റവും മികച്ച ജാതിയെന്നും ഇതര ജാതികളെല്ലാം തങ്ങളിൽ താഴ്ന്നവരാണെന്നും കരുതുന്ന; ബ്രാഹ്മണർമാത്രം വെണ്മയുള്ള ജാതിയാണെന്നും ഇതര ജാതിക്കാരൊക്കെ ഇരുണ്ടവരാണെന്നും കരുതുന്ന; ബ്രാഹ്മണർമാത്രം ശുദ്ധരാണെന്നും അബ്രാഹ്മണർ അങ്ങനെയല്ലെന്നും കരുതുന്ന; ബ്രാഹ്മണർ, ബ്രഹ്മന്റെ മക്കളായി, അദ്ദേഹത്തിന്റെ മുഖത്തു നിന്നു ജനിച്ച, ബ്രഹ്മനാൽ രൂപപ്പെടുത്തപ്പെട്ട, ബ്രഹ്മാവിന്റെ പിന്മുറക്കാരാണ് തങ്ങളെന്നും കരുതുന്ന, ബ്രാഹ്മണരെക്കുറിച്ച് താങ്കൾ എന്താണ് ചിന്തിക്കുന്നതെന്ന് കച്ചനനോട് അവന്തിപുത്ത ചോദിച്ചു.

കച്ചനൻ ഇങ്ങനെ മറുപടി നൽകി "ഒരു ശൂദ്രൻ സമ്പന്നനാണെങ്കിൽത്തന്നെ മറ്റൊരു ശൂദ്രനോ അല്ലെങ്കിൽ ഒരു ക്ഷത്രിയനോ, ഒരു ബ്രാഹ്മണനോ, ഒരു വൈശ്യനോ അവനോട് ആദരവോടെ സംസാരിക്കുമോ?"

അവന്തിപുത്തന്റെ മറുപടി ഇതായിരുന്നു :

ഒരു ശൂദ്രന് സമ്പത്തോ, ധാന്യമോ, സ്വർണമോ, വെള്ളിയോ ഉണ്ടായിരുന്നെങ്കിൽ, അവന് തന്നെക്കാൾ നേരത്തേ ഉണരാനും, തന്നെക്കാൾ വൈകി വിശ്രമിക്കാൻ പോകാനും, തന്റെ ഉത്തരവുകൾ നടപ്പാക്കാനും, തന്നോട് ആദരപൂർവം സംസാരിക്കാനും അനുസരണയുള്ള സേവകനായി മറ്റൊരു ശൂദ്രനെ ലഭിക്കുമായിരുന്നു; അയാൾക്ക് വേണമെങ്കിൽ ഒരു ക്ഷത്രിയനെയോ ബ്രാഹ്മണനെയോ വൈശ്യനെയോ തന്നെ തന്റെ അനുസരണയുള്ള സേവകനായി ലഭിക്കുമായിരുന്നല്ലോ.

കച്ചനൻ ചോദിച്ചു "അങ്ങനെയെങ്കിൽ ഈ നാലു വർണങ്ങളും ശരിക്കും ഒന്നല്ലേ?"

ഈ അർഥത്തിൽ വർണങ്ങൾ തമ്മിൽ വ്യത്യാസങ്ങളില്ലെന്ന് അവന്തിപുത്ത സമ്മതിച്ചു.

➲ അവന്തിപുത്തയുടെ ആദ്യത്തെ പ്രസ്താവന ഒന്നുകൂടി വായിക്കുക. ബ്രാഹ്മണ ഗ്രന്ഥങ്ങളിലോ പാരമ്പര്യങ്ങളിലോ നിന്നു രൂപപ്പെട്ട എന്തെല്ലാം ആശയങ്ങളാണതിലുള്ളത്? ഇതിൽ ഏതിന്റെയെങ്കിലും സ്രോതസ്സുകളെ കണ്ടെത്തുവാൻ നിങ്ങൾക്ക് കഴിയുമോ?
ഈ ഗ്രന്ഥപ്രകാരം സാമൂഹിക വ്യത്യാസങ്ങളെ വിശദീകരിക്കുന്നത് എന്താണ്?

## 4.3 ഒരു ബദൽ സാമൂഹികചിത്രം : സമ്പത്ത് പങ്കുവയ്ക്കൽ (An alternative social scenario : Sharing wealth)

സമ്പത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ പദവി അവകാശപ്പെടുകയോ അവർക്ക് പദവി ചാർത്തപ്പെടുകയോ ചെയ്ത സാഹചര്യങ്ങളെക്കുറിച്ചാണ് നാം ഇതുവരെ പരിശോധിച്ചത്. എന്നാൽ മറ്റുചില സാധ്യതകളുമുണ്ടായിരുന്നു. ചിലസാഹചര്യങ്ങളിൽ വ്യക്തികളെ അവരുടെ ഉദാരമനസ്കതയുടെ അടിസ്ഥാനത്തിൽ ആദരിച്ചിരുന്നു. പിശുക്കൻമാരും സ്വാർഥമായി ധനം സമ്പാദിച്ചുകൂട്ടിയവരും വെറുക്കപ്പെട്ടവരായി. ഇത്തരം മൂല്യങ്ങൾക്കു വിലകല്പിച്ചിരുന്ന ഒരു പ്രദേശമായിരുന്നു പ്രാചീന തമിഴകം. അവിടെ നേരത്തെ നമ്മൾ കണ്ടതുപോലെ (അധ്യായം – 2) ഏകദേശം 2000 വർഷങ്ങൾക്കുമുമ്പ് ധാരാളം നാട്ടുരാജ്യങ്ങളുണ്ടായിരുന്നു. മറ്റുകാര്യങ്ങൾക്കൊപ്പം തങ്ങളെ വാഴ്ത്തിപ്പാടിയ കവികളുടെയും ഗായകരുടെയും രക്ഷാധികാരികളായിരുന്നു ഈ നാട്ടുമുഖ്യർ. തമിഴ് സംഘ കാവ്യസമാഹാരങ്ങളിലെ സാമ്പത്തിക-സാമൂഹിക ബന്ധങ്ങൾ ചിത്രീ

കരിക്കുന്ന കാവ്യങ്ങൾ സൂചിപ്പിക്കുന്നത് സമ്പന്നനും ദരിദ്രനും തമ്മിൽ വ്യത്യാസങ്ങൾ നിലനിന്നിരുന്നുവെങ്കിലും സമ്പത്ത് കൈവശം വച്ചിരുന്നവർ അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു എന്നാണ്.

*സ്രോതസ്സ് 14*

### ഉദാരമനസ്കനായ ദരിദ്രമുഖ്യൻ (The poor generous chief)

തമിഴ് സംഘസാഹിത്യത്തിലെ കവിതാസമാഹാരങ്ങളിലൊന്നായ പുറനാനൂറിൽ (ഏകദേശം സി.ഇ. ഒന്നാം നൂറ്റാണ്ട്) ഒരു കഥാഗായകൻ തന്റെ രക്ഷാധികാരിയെക്കുറിച്ച് ഇതര കവികളോട് വിവരിക്കുകയാണ് :

അനുദിനം അന്യർക്കായി ധൂർത്തടിക്കാനുള്ള സ്വത്തൊന്നും അദ്ദേഹ (രക്ഷാധികാരി) ത്തിനില്ല!

താൻ നിസ്വനാണെന്ന് പറഞ്ഞ് അവരെ നിരസിക്കാനുള്ള അല്പത്തവും അദ്ദേഹത്തിനില്ല !

ഇരൈത്തെ (ഒരു സ്ഥലം) യിൽ വസിക്കുന്ന അദ്ദേഹം മഹാമനസ്കനാണ്. അദ്ദേഹം കഥാഗായകരുടെ വിശപ്പിന്റെ ശത്രുവാണ്!

വിദഗ്ധാധരങ്ങളുള്ള പാട്ടുകാരേ, നിങ്ങൾക്ക് നിങ്ങളുടെ ദാരിദ്ര്യം ശമിപ്പിക്കണമെങ്കിൽ വരൂ എന്നോടൊപ്പം!

പട്ടിണിയാൽ മെലിഞ്ഞ നമ്മുടെ അസ്ഥികൾ കാട്ടി അദ്ദേഹത്തോടു നാം അപേക്ഷിച്ചാൽ അദ്ദേഹം തന്റെ ഗ്രാമത്തിലെ കൊല്ലന്റെയടുത്തേക്കു പോയി കരുത്തുറ്റ കരങ്ങളുള്ള ഒരു മനുഷ്യനോട് ഇങ്ങനെ പറയും :

"എനിക്കു യുദ്ധം ചെയ്യാൻ ഒരു നെടുങ്കൻ കുന്തം പണിയൂ, നേർത്ത് മൂർച്ചയുള്ള ഒന്ന്"

➲ മുഖ്യനെ ഉദാരമനസ്കനാകാൻ പ്രേരിപ്പിക്കുന്നതിന് കഥാഗായകൻ ഉപയോഗിക്കുന്ന തന്ത്രങ്ങൾ എന്തെല്ലാം? ഗായകർക്ക് നൽകാൻ വേണ്ടി ധനം ആർജ്ജിക്കാൻ മുഖ്യൻ എന്തു ചെയ്യുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്?

*ചിത്രം 3.7*
*ഒരു മുഖ്യനും അയാളുടെ അനുയായിയും; ആന്ധ്രാപ്രദേശിലെ അമരാവതിയിൽ നിന്നുള്ള ശിലാശില്പം. ഏകദേശം സി.ഇ. ഒന്നാം നൂറ്റാണ്ട്.*

➲ മുഖ്യനും അയാളുടെ അനുയായിയും തമ്മിലുള്ള വ്യത്യാസത്തെ ശില്പി എപ്രകാരമാണ് കാട്ടിത്തരുന്നത്?



### ➲ ചർച്ച ചെയ്യുക...

സമകാലിക സമൂഹത്തിൽ സാമൂഹികബന്ധങ്ങൾ പ്രവർത്തിക്കുന്നത് എങ്ങനെയാണ്? ഭൂതകാല മാതൃകകളുമായി ഇതിന് എന്തെങ്കിലും സമാനതകളോ, വ്യത്യാസങ്ങളോ ഉണ്ടോ?

## 5. സാമൂഹികവ്യത്യാസങ്ങളുടെ വിശദീകരണം : ഒരു സാമൂഹക്കരാർ (Explaining Social Differences: A Social Contract)

സാമുഹിക അസമത്വങ്ങളെക്കുറിച്ച് ബുദ്ധമതക്കാരും ഒരു ബദൽധാരണ വികസിപ്പിച്ചിരുന്നു. സാമൂഹ്യസംഘർഷങ്ങൾ നിയന്ത്രിക്കാനാവശ്യമായ സ്ഥാപനങ്ങളെക്കുറിച്ച് അവർ മനസ്സിലാക്കി. *സുത്ത പിടക* എന്നറിയപ്പെടുന്ന ഗ്രന്ഥത്തിൽ ഒരു ഐതിഹ്യമുണ്ട്. തുടക്കത്തിൽ മനുഷ്യന് പൂർണമായി വികാസം പ്രാപിച്ച ശരീരരൂപമുണ്ടായിരുന്നില്ലെന്ന് ഇതിൽ പറയുന്നു. സസ്യലോകവും പൂർണരൂപത്തിൽ വികസിച്ചിരുന്നില്ല. ഓരോ നേരത്തെ ആഹാരത്തിനാവശ്യമായത് മാത്രം പ്രകൃതിയിൽ നിന്നെടുത്ത് എല്ലാ ജീവജാലങ്ങളും സമാധാനത്തോടെ ജീവിച്ചിരുന്നു.

എന്നാൽ മനുഷ്യർ കൂടുതൽകൂടുതൽ അത്യാഗ്രഹികളും, വഞ്ചകരും ചതിയരുമായിത്തീർന്നപ്പോൾ ഇത്തരം സാഹചര്യങ്ങൾ ക്രമേണ തകർച്ചയെ നേരിട്ടു. അവർ ഇങ്ങനെ ചിന്തിച്ചു: "ധാർമ്മികരോഷം ആവശ്യമുള്ളപ്പോൾ രോഷാകുലനാകുകയും ശരിക്കും തടയേണ്ടതിനെ തടയുകയും നിഷ്കാസനം ചെയ്യപ്പെടേണ്ടവനെ നിഷ്കാസനം ചെയ്യുകയും ചെയ്യുന്ന ഒരാളെയാണ് നാം തിരഞ്ഞെടുക്കേണ്ടിയിരുന്നതെങ്കിലോ? അതിനു പകരമായി അരിയുടെ ഒരു പങ്ക് നാം അദ്ദേഹത്തിനു നൽകും. മുഴുവൻ ജനതയാലും തിരഞ്ഞെടുക്കപ്പെടുന്ന അദ്ദേഹം "മഹാസമ്മത" അഥവാ "തിരഞ്ഞെടുക്കപ്പെട്ട മഹാൻ" എന്ന് അറിയപ്പെടും."

മനുഷ്യന്റെ ആഗ്രഹാനുസരണം രൂപീകരിച്ച ഒന്നാണ് രാജത്വമെന്ന് ഇത് സൂചിപ്പിക്കുന്നു. രാജാവ് നൽകുന്ന സേവനങ്ങൾക്ക് പ്രതിഫലമായി ജനങ്ങൾ നികുതി നൽകുന്നു. അതേസമയം സാമ്പത്തിക സാമൂഹിക ബന്ധങ്ങൾ രൂപീകരിക്കുന്നതിലും സ്ഥാപനവൽക്കരിക്കുന്നതിനുമുള്ള മനുഷ്യന്റെ പങ്കാളിത്തത്തെ അംഗീകരിക്കുകയാണിവിടെ. ഇതിന് മറ്റർഥങ്ങളുമുണ്ട്. ഉദാഹരണമായി, ഈ വ്യവസ്ഥയുടെ സൃഷ്ടിക്ക് മനുഷ്യർ ഉത്തരവാദികളാണെങ്കിൽ ഭാവിയിൽ അതിന് മാറ്റം വരുത്താനും അവർക്ക് കഴിയും.

## 6 ഗ്രന്ഥങ്ങളെ കൈകാര്യം ചെയ്യുമ്പോൾ (Handling Texts) ചരിത്രകാരരും *മഹാഭാരതവും* (Historians and the *Mahabharata*)

ഗ്രന്ഥങ്ങളെ വിശകലനം ചെയ്യുമ്പോൾ ചരിത്രകാരർ നിരവധി ഘടകങ്ങൾ പരിഗണിക്കാറുണ്ടെന്ന് ഈ പാഠഭാഗത്തിലെ സ്രോതസ്സുകൾ ഒരിക്കൽ കൂടി പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും. സാധാരണക്കാർ മിക്കവാറും ഉപയോഗിച്ചിരുന്ന ഭാഷകളായ പ്രാകൃത്, പാലി, തമിഴ് എന്നിവയിലാണോ അതോ പുരോഹിതന്മാരുടെയും കുലീനരുടെയും ഭാഷയായ സംസ്കൃതത്തിലാണോ ഈ ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടുള്ളതെന്ന് അവർ പരിശോധിക്കുന്നു. ഗ്രന്ഥങ്ങൾ ഏതുതരത്തിൽപ്പെട്ടവയാണെന്നും അവർ പരിശോധിക്കും. അനുഷ്ഠാനവിദഗ്ധർ പഠിക്കുകയും ഉരുവിടുകയും ചെയ്ത മന്ത്രങ്ങളായിരുന്നോ ഇവ? ആളുകൾ വായിക്കുകയോ കേൾക്കുകയോ ചെയ്യുകയും ഇഷ്ടമായാൽ മറ്റുള്ളവരോട് പറയുകയും ചെയ്തിരിക്കാവുന്ന കഥകളായിരുന്നോ? കൂടാതെ ഗ്രന്ഥങ്ങളിലെ ആശയങ്ങളും വീക്ഷണങ്ങളും രൂപപ്പെടുത്തിയ ഗ്രന്ഥകർത്താവിനെ (ഗ്രന്ഥകർത്താക്കളെ) ക്കുറിച്ചും അറി

യാൻ അവർ ശ്രമിക്കുന്നു. രചയിതാക്കൾ വായനക്കാരുടെയും ശ്രോതാക്കളുടേയും താൽപര്യംകൂടി പരിഗണിച്ചാണ് രചന നിർവഹിക്കുന്നത് എന്നതിനാൽ ഏതുതരം ആസ്വാദകർക്കായാണ് രചന നിർവഹിച്ചിരിക്കുന്നത് എന്നതും കണക്കിലെടുക്കപ്പെടും. ഗ്രന്ഥം രചിക്കപ്പെടാൻ അഥവാ ക്രോഡീകരിക്കപ്പെടാൻ സാധ്യമായ കാലവും, സ്ഥലവും കണ്ടെത്താനും ഇവർ പരിശ്രമിക്കുന്നു. ഈ വിലയിരുത്തലുകൾക്കുശേഷം മാത്രമേ അവർ ഗ്രന്ഥത്തിന്റെ ഉള്ളടക്കം പരിശോധിച്ച് അതിന്റെ ചരിത്രപ്രാധാന്യം മനസ്സിലാക്കാൻ ശ്രമിക്കുകയുള്ളു. *മഹാഭാരതം*പോലെ സങ്കീർണമായൊരു ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം ഇതു പ്രത്യേകിച്ചും വിഷമംപിടിച്ച ഒരു പ്രവൃത്തിയാണെന്ന് നിങ്ങൾക്കു മനസ്സിലാക്കാവുന്നതാണ്.

### 6.1 ഭാഷയും ഉള്ളടക്കവും (Language and content)

ഇനി നമുക്കു മഹാഭാരതത്തിന്റെ ഭാഷ പരിശോധിക്കാം. *മഹാഭാരത*ത്തിന്റെ സംസ്കൃതത്തിലുള്ള പതിപ്പാണ് നമ്മൾ പരിഗണിച്ചിരിക്കുന്നത് (മറ്റ് ഭാഷകളിലുള്ള പതിപ്പുകൾ ഉണ്ടെങ്കിലും). എന്തായാലും, വേദങ്ങളിലെയും, അധ്യായം രണ്ടിൽ ചർച്ചചെയ്ത പ്രശസ്തികളിലെയും ഭാഷയെ അപേക്ഷിച്ചു *മഹാഭാരതത്തിൽ* ഉപയോഗിച്ചിട്ടുള്ള സംസ്കൃതം വളരെ ലളിതമാണ്. (അതിനാൽത്തന്നെ അത് കൂടുതൽപേർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടാകാം).

ഇപ്പോഴുള്ള മഹാഭാരതഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ ചരിത്രകാരർ സാധാരണയായി രണ്ടു വിശാല വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. കഥകളുള്ള ഭാഗം ആഖ്യാനം എന്നറിയപ്പെടുന്നു. സാമൂഹികനിയമങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങളടങ്ങിയ ഭാഗത്തെ അനുശാസകങ്ങൾ എന്നും വിളിക്കുന്നു. ഇത് കർശനമായ ഒരു വിഭജനമായി കാണാൻ കഴിയില്ല. അനുശാസക വിഭാഗങ്ങളിൽ കഥകളും, ആഖ്യാന വിഭാഗത്തിൽ പലപ്പോഴും സമൂഹത്തിന് നൽകുന്ന സന്ദേശങ്ങളും ഉൾക്കൊള്ളുന്നു. എന്തായാലും മഹാഭാരതം നാടകീയവും ഹൃദയസ്പൃക്കുമായ ഒരു കഥയായി രചിക്കപ്പെട്ടതായിരുന്നുവെന്നും അനുശാസക വിഭാഗങ്ങൾ പിൽക്കാലങ്ങളിൽ കൂട്ടിച്ചേർത്തതാകാമെന്നും ചരിത്രകാരർ പൊതുവേ സമ്മതിക്കുന്നു.

ബോധനോദ്ദേശ്യത്തോടെ ചെയ്യുന്നതിലത് എന്നാണ് *ഡിഡാക്റ്റിക്* എന്ന വാക്കിന്റെ സൂചന.



*ചിത്രം 3.6*
*യുദ്ധക്കളത്തിൽ വച്ച് കൃഷ്ണൻ അർജ്ജുനനെ ഉപദേശിക്കുന്നു.*
പതിനെട്ടാം നൂറ്റാണ്ടിൽ നിന്നുള്ള ചിത്രമാണിത്. *മഹാഭാരത*ത്തിലെ ഏറ്റവും പ്രധാനപ്പെട്ട ബോധനാർഥഭാഗം ഒരു പക്ഷെ ശ്രീകൃഷ്ണൻ അർജുനന് നൽകുന്ന ഉപദേശമടങ്ങുന്ന *ഭഗവദ്ഗീത* തന്നെയായിരിക്കും. ഈ രംഗം ചിത്രകലയിലെയും കൊത്തുപണികളിലെയും പതിവ് പ്രമേയമാണ്.

രസകരമായ ഒരു കാര്യം, ആദിമ സംസ്കൃത പാരമ്പര്യങ്ങൾക്കുള്ളിൽ ഈ ഗ്രന്ഥം *ഇതിഹാസം* എന്ന പേരിലാണറിയപ്പെടുന്നത്. 'അത് ഇപ്രകാരമായിരുന്നു' എന്നാണ് ആവാക്കിന്റെ വ്യാഖ്യാനം. അതുകൊണ്ടാണ് അതിനെ ചരിത്രം എന്ന് പൊതുവായി തർജമ ചെയ്യുന്നത്. ഈ ഇതിഹാസത്തിൽ ഓർമ്മിക്കപ്പെടുന്ന യുദ്ധം യഥാർഥത്തിൽ ഉണ്ടായിട്ടുണ്ടോ? നമുക്ക് തീർച്ചയില്ല. ബന്ധുജനങ്ങൾ തമ്മിലുള്ള ഒരു യഥാർഥ സംഘർഷത്തിന്റെ ഓർമ്മകൾ ഈ വിവരണങ്ങളിൽ നിലനിൽക്കുന്നതായി ചില ചരിത്രകാരർ അഭിപ്രായപ്പെടുന്നു. യുദ്ധത്തെ ദൃഢീകരിക്കുന്ന മറ്റൊരു തെളിവുമില്ലെന്ന് ചിലർ ചൂണ്ടിക്കാട്ടുന്നു.

## 6.2 ഗ്രന്ഥകർത്താവ് (കർത്താക്കൾ), തീയതികൾ (Author(s) and dates)

ഗ്രന്ഥം ആരെഴുതി? നിരവധി ഉത്തരങ്ങൾ ലഭിക്കുന്ന ഒരു ചോദ്യമാണിത്. സൂതർ എന്നപേരിലറിയപ്പെട്ട തേരുപാട്ടുകാർ ആയിരുന്നു ഇതിന്റെ മൂലകഥ മിക്കവാറും രചിച്ചിട്ടുള്ളത്. സാധാരണയായി യുദ്ധസ്ഥലങ്ങളിൽ ക്ഷത്രിയയോദ്ധാക്കളെ ഇവർ അനുഗമിച്ചിരുന്നു. അവരുടെ വിജയങ്ങളെയും നേട്ടങ്ങളെയും കുറിച്ച് ഇവർ കവിതകൾ രചിച്ചു. ഈ രചനകൾ വാമൊഴിരൂപത്തിൽ പ്രചരിച്ചു. പിന്നീട് ബി.സി.ഇ അഞ്ചാംനൂറ്റാണ്ടുമുതൽ ബ്രാഹ്മണർ ഈ കഥകൾ ഏറ്റെടുക്കുകയും ഇതിന്റെ ആലേഖനത്തിന്

*ചിത്രം 3.3*
*പകർത്തെഴുതുന്ന ഗണേശഭഗവാൻ*
പാരമ്പര്യപ്രകാരം ദേവന് കഥാസാരം ചൊല്ലിക്കൊടുത്തത് വ്യാസനാണ്.
*മഹാഭാരതത്തിന്റെ* പേർഷ്യൻ വിവർത്തനത്തിൽ നിന്നുള്ളതാണ് ഈ ചിത്രം.
ഏകദേശം 1740–50



തുടക്കം കുറിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിലാണ് മുഖ്യ രുടെ നിയന്ത്രണത്തിലുണ്ടായിരുന്ന കുരു, പാഞ്ചാലം തുടങ്ങിയ പ്രദേശങ്ങൾ രാജ്യങ്ങളായിത്തീർന്നത്. ഇതിഹാസകഥ ഇവരെ ചുറ്റിപ്പറ്റിയുള്ളതാണ്. പുതുതായിവന്ന രാജാക്കന്മാർ അവരുടെ "*ഇതിഹാസം*" കൂടുതൽ ക്രമീകൃതമായി രേഖപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുവാൻ ആഗ്രഹിച്ചിട്ടുണ്ടോ? പുതിയ രാഷ്ട്രങ്ങളുടെ രൂപീകരണത്തിന്റെ ഫലമായി പഴയ സാമൂഹിക മൂല്യങ്ങളെ പുതിയ നിയമങ്ങൾ മാറ്റിമറിച്ചപ്പോൾ ഉണ്ടായ കോളി ളക്കങ്ങൾ കഥയുടെ ചിലഭാഗങ്ങളിൽ പ്രതിഫലിക്കുന്നതിനുള്ള സാധ്യതയുണ്ട്.

200 ബി.സി.ഇ. യ്ക്കും 200 സി.ഇ. യ്ക്കും മധ്യേ ഈ ഗ്രന്ഥ ത്തിന്റെ രചനയുടെ മറ്റൊരുഘട്ടം നമുക്കുകാണാം. ഈ കാലഘ ട്ടത്തിലായിരുന്നു വിഷ്ണുവിനെ ആരാധിക്കുന്നതിന് കൂടുതൽ പ്രാധാന്യം കൈവന്നതും ഇതിഹാസത്തിലെ മുഖ്യ കഥാപാത്ര ങ്ങളിലൊന്നായ കൃഷ്ണനെ വിഷ്ണുവുമായി താദാത്മ്യപ്പെടുത്തു ന്നതും. തുടർന്ന് 200 സി.ഇ യ്ക്കും 400 സി.ഇ യ്ക്കും മധ്യേയാണ് സംസ്കൃതത്തിലുള്ള മനുസ്മൃതിക്കു സമാനമായ ബൃഹത്തായ അനുശാസക വിഭാഗങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടത്. ഈ കൂട്ടിച്ചേർക്ക ലുകളോടെ 10,000 ശ്ലോകങ്ങൾക്ക് താഴെയുണ്ടായിരുന്ന മഹാഭാ രതം 100,000 ശ്ലോകങ്ങളിലേക്ക് വളർന്നു. വ്യാസമഹർഷി യെയാണ് പരമ്പരാഗതമായി ഈ ബൃഹദ് ഗ്രന്ഥത്തിന്റെ കർത്താ വായി കണക്കാക്കുന്നത്.

### 6.3 സമന്വയത്തിനുവേണ്ടിയുള്ള അന്വേഷണം (The search for convergence)

മറ്റേതു പ്രധാന ഇതിഹാസത്തെയുംപോലെ യുദ്ധം, വനപ്രദേ ശങ്ങൾ, രാജകൊട്ടാരങ്ങൾ അധിവാസകേന്ദ്രങ്ങൾ എന്നിവയെ ക്കുറിച്ചുള്ള വ്യക്തമായ വിവരണങ്ങളാണ് മഹാഭാരതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 1951-52 ൽ പുരാവസ്തുഗവേഷകനായ ബി.ബി.ലാൽ മീററ്റിലെ ഹസ്തിനപുര (ഉത്തർപ്രദേശ്) ഗ്രാമ ത്തിൽ പര്യവേഷണ പ്രവർത്തനങ്ങൾ നടത്തി. ഇതിഹാസ ത്തിലെ ഹസ്തിനപുരമായിരുന്നോ ഇത്? പേരുകളിലുള്ള സാമ്യം യാദൃശ്ചികമാകാമെങ്കിലും കുരുരാജവംശം സ്ഥിതി ചെയ്തിരുന്ന ഉപരിഗംഗാ ദുവാബ് പ്രദേശത്താണ് ഇതു സ്ഥിതി ചെയ്യുന്നത് എന്നതിനാൽ ഇതു ഗ്രന്ഥത്തിൽ വിവരിക്കുന്ന കുരുക്കളുടെ തലസ്ഥാനമായിരിക്കാൻ സാധ്യതയുണ്ട്.

അഞ്ച് അധിവാസതലങ്ങളെക്കുറിച്ചുള്ള തെളിവുകൾ ലാൽ കണ്ടെത്തി. ഇതിൽ രണ്ടും മൂന്നും നമുക്കു താൽപ്പര്യജനകങ്ങ ളാണ്. രണ്ടാംഘട്ടത്തിലെ വീടുകളെക്കുറിച്ച് ലാൽ രേഖപ്പെടു ത്തിയതിങ്ങനെയാണ്: (ഏകദേശം പന്ത്രണ്ട്-ഏഴ് നൂറ്റാണ്ടുകൾ ബി.സി.ഇ) "പര്യവേഷണം നടത്തിയ പരിമിതമായ പ്രദേശത്ത് വീടുകളെക്കുറിച്ചുള്ള വ്യക്തമായ രൂപരേഖയൊന്നും ലഭിച്ചില്ല. എന്നാൽ ചെളികൊണ്ടു നിർമ്മിച്ച ഭിത്തികളും ചെളികൊണ്ടുള്ള ഇഷ്ടികകളും കൃത്യമായി കണ്ടെത്തിയിട്ടുണ്ട്. ഈറ്റയുടെ വ്യ ക്തമായ അടയാളത്തോടുകൂടിയ ചെളിപൂശലിന്റെ കണ്ടെത്തൽ

സ്രോതസ്സ് 15

## ഹസ്തിനപുരം (Hastinapura)

*മഹാഭാരതത്തിലെ ആദിപർവത്തിൽ* നഗരത്തെ വിവരിക്കുന്നത് ഇങ്ങനെയാണ്:

മേഘാലംകൃതമായ ഇന്ദ്രപുരിയുടെ പ്രൗഢിക്കു തുല്യമായ കവാടങ്ങളും കമാനങ്ങളും ചെറുഗോപുരങ്ങളുംകൊണ്ട് അലംകൃതമായി, നൂറുകണക്കിനു കെട്ടിടങ്ങൾ തിങ്ങിനിറഞ്ഞ്, അലയടിക്കുന്ന മഹാസമുദ്രംപോലെയുള്ള നഗരം.

➲ ഇതിഹാസത്തിലെ ഹസ്തിനപുരത്തിന്റെ വിവരണങ്ങൾ ലാലിന്റെ കണ്ടെത്തലുകളുമായി പൊരുത്തപ്പെടുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

ചിത്രം 3.10
ഹസ്തിനപുരത്തിൽ ഉത്ഖനനം ചെയ്തെടുത്ത മതിൽ



സൂചിപ്പിക്കുന്നത് ചിലവീടുകൾക്ക് പുറത്തുചെളിപൂശിയ ഈറ്റമതിലുകൾ ഉണ്ടായിരുന്നുവെന്നാണ്". മൂന്നാംഘട്ടത്തെക്കുറിച്ച് (ഏകദേശം ബി.സി.ഇ. ആറ്–മൂന്ന് നൂറ്റാണ്ടുകൾ) അദ്ദേഹം രേഖപ്പെടുത്തി; "ഈ ഘട്ടത്തിലെ വീടുകൾ ചെളിക്കട്ടകൊണ്ടും ചുട്ട ഇഷ്ടികകൊണ്ടും നിർമിച്ചിരുന്നു. മലിനജല നിക്ഷേപഭരണികളും ഇഷ്ടിക കെട്ടി നിർമിച്ച ചാലുകളുമാണ് മലിനജലം ഒഴുക്കികളയാൻ ഉപയോഗിച്ചിരുന്നത്. അതേസമയം കളിമൺചുറ്റുകൾ ഇറക്കി നിർമിച്ച കിണറുകളെ കിണറുകളായും അഴുക്കുചാൽക്കുഴികളായും ഉപയോഗിച്ചിട്ടുണ്ട്".

മുഖ്യ ആഖ്യാനം രചിക്കപ്പെട്ടതിനുശേഷം, ബി.സി.ഇ ആറാം നൂറ്റാണ്ടും കഴിഞ്ഞ്, നഗരകേന്ദ്രങ്ങൾ അവിടെ പരിലസിച്ചു തുടങ്ങിയതിനുശേഷം കൂട്ടിച്ചേർത്തതാണോ ഇതിഹാസത്തിലെ നഗരവർണനന? അതോ മറ്റുതരത്തിലുള്ള തെളിവുകളുമായി എപ്പോഴും

സ്രോതസ്സ് 16

## ദ്രൗപദിയുടെ വിവാഹം

പാഞ്ചാല രാജാവായ ദ്രുപദൻ തന്റെ മകളെ വിവാഹം കഴിപ്പിക്കുവാൻ ഒരു മത്സരം സംഘടിപ്പിച്ചു. ഒരു വില്ലുകുലച്ച് അമ്പെയ്ത് ലക്ഷ്യസ്ഥാനത്തെത്തിക്കുന്നയാളെ മകളായ ദ്രൗപദിയുടെ വരനായി തിരഞ്ഞെടുക്കും. ഈ മത്സരത്തിൽ അർജുനൻ വിജയശ്രീലാളിതനാകുകയും ദ്രൗപദി അയാളെ മാലയണിക്കുകയും ചെയ്തു. പാണ്ഡവർ അവളെയും കൂട്ടി മാതാവായ കുന്തിയുടെ അരികിലേക്ക് മടങ്ങിയെത്തി. അവരെ കാണുന്നതിനു മുമ്പുതന്നെ കിട്ടിയ സമ്മാനം എന്തായാലും തുല്യമായി വീതിക്കുവാൻ കുന്തി മക്കളോടാവശ്യപ്പെട്ടു. ദ്രൗപദിയെക്കണ്ട കുന്തി തന്റെ തെറ്റു മനസ്സിലാക്കിയെങ്കിലും അവരുടെ ആജ്ഞ ലംഘിക്കുവാൻ പാണ്ഡവർക്കായില്ല. ദീർഘനേരത്തെ ആലോചനകൾക്കുശേഷം യുധിഷ്ഠിരൻ, ദ്രൗപദി അവരുടെ പൊതുഭാര്യയായിരിക്കും എന്നു നിശ്ചയിച്ചു.

ഇതറിഞ്ഞ ദ്രുപദൻ ഇതിനെതിരെ പ്രതിഷേധിച്ചു. എന്നിരുന്നാലും വ്യാസമഹർഷി ഈ പ്രശ്നത്തിലിടപെടുകയും പാണ്ഡവർ യഥാർഥത്തിൽ ദേവേന്ദ്രന്റെ മനുഷ്യാവതാരങ്ങളാണെന്നും ദ്രൗപദി ഇന്ദ്രന്റെ ഭാര്യയുടെ പുനർജന്മമാണെന്നും അതിനാൽ ദ്രൗപദി അവർക്കെല്ലാമായി വിധിക്കപ്പെട്ടവളാണെന്നും രാജാവിനെ അറിയിച്ചു.

മറ്റൊരുദാഹരണം കൂടി വ്യാസൻ ചൂണ്ടിക്കാട്ടുന്നു. ഒരിക്കൽ ഒരു യുവതി ശിവനോട് നല്ല ഭർത്താവിനെ ലഭിക്കാനായി പ്രാർഥിച്ചു. എന്നാൽ അത്യുത്സാഹത്തിൽ അവൾ ഒന്നിനുപകരം അഞ്ച് പ്രാവശ്യം പ്രാർഥിച്ചു. ആ യുവതിയാണ് ഇപ്പോൾ ദ്രൗപദിയായി പുനർജനിച്ചിരിക്കുന്നത്. ശിവൻ അവളുടെ പ്രാർഥന നിറവേറ്റിക്കൊടുത്തിരിക്കുകയുമാണ്. ഈ കഥകളിൽ വിശ്വാസം വന്ന ദ്രുപദൻ വിവാഹത്തിന് അനുമതി നൽകി.

➲ ഒരൊറ്റ കഥാഭാഗത്തിന് രചയിതാവ് (ക്കൾ) മൂന്ന് വിശദീകരണങ്ങൾ നൽകിയത് എന്തുകൊണ്ടെന്നാണ് നിങ്ങൾ കരുതുന്നത്?

താരതമ്യം ചെയ്ത് ഉറപ്പുവരുത്താനാവാത്ത, കവിഭാവന മാത്രമായിരുന്നോ ഈ വിവരണങ്ങൾ?

മറ്റൊരുദാഹരണം പരിഗണിക്കാം. *മഹാഭാരതത്തിലെ* ഏറ്റവും വെല്ലുവിളി നിറഞ്ഞ ഒരുഭാഗമാണ് പാണ്ഡവരുമായുള്ള ദ്രൗപദിയുടെ വിവാഹം. ആഖ്യാനത്തിലെ കേന്ദ്രബിന്ദുവായ ബഹുഭർതൃത്വത്തിന് ഉദാഹരണമാണിത്. ഈ സംഭവത്തെക്കുറിച്ചു വിവരിക്കുന്ന ഇതിഹാസഭാഗം പരിശോധിച്ചാൽ, ഇതിന്റെ രചയിതാവ് (രചയിതാക്കൾ) ഇതിനെ വിവിധരീതികളിൽ വിശദീകരിക്കാൻ ശ്രമിച്ചതായി വ്യക്തമാകും.

ബഹുഭർതൃത്വത്തെക്കുറിച്ച് ഗ്രന്ഥകർത്താവ് (കർത്താക്കൾ) വിവരിക്കുന്നു എന്നതുതന്നെ, ഒരുകാലഘട്ടത്തിൽ ഭരണവർഗങ്ങൾക്കിടയിൽ ബഹുഭർതൃത്വം നിലവിലുണ്ടായിരുന്നതിനാൽ ആയിരിക്കുമെന്ന് ഇന്നത്തെ ചരിത്രകാരർ അഭിപ്രായപ്പെടുന്നു. അതേസമയം ഈ സംഭവത്തെ (സ്രോതസ്സ് പതിനാറ്) ക്കുറിച്ച് വ്യത്യസ്തങ്ങളായ വിശദീകരണങ്ങൾ നൽകുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത്, നൂറ്റാണ്ടുകളിലൂടെ ഈ ഗ്രന്ഥം പുനരാഖ്യാനം നടത്തുകയും വികസിപ്പിക്കുകയും ചെയ്ത ബ്രാഹ്മണരുടെ ഇടയിൽ ബഹുഭർതൃത്വം ക്രമേണ അനിഷ്ടകരമായി മാറി എന്നാണ്.

ബ്രാഹ്മണ വീക്ഷണത്തിൽ ബഹുഭർതൃത്വം അസാധാരണവും അനിഷ്ടകരവുമായി തോന്നിയിരിക്കാമെങ്കിലും ഹിമാലയൻ പ്രദേശങ്ങളിൽ ഇത് നിലനിന്നിരുന്നു (ഇപ്പോഴും നിലനിൽക്കുന്നു) വെന്ന് ചില ചരിത്രകാരർ ചൂണ്ടിക്കാട്ടുന്നു. മറ്റു ചിലർ പറയുന്നത് യുദ്ധകാലങ്ങളിൽ സ്ത്രീകളുടെ കുറവ് ബഹുഭർതൃത്വത്തിലേക്ക് നയിച്ചിരിക്കാമെന്നാണ്. അതായത്, ഒരു പ്രതിസന്ധി നിറഞ്ഞ സാഹചര്യമാണ് ഈ സമ്പ്രദായത്തിനു കാരണം എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

ചില ആദ്യകാലസ്രോതസ്സുകൾ നിർദേശിക്കുന്നത് ബഹുഭർതൃത്വം ഒരേയൊരു വിവാഹസമ്പ്രദായമോ ഏറ്റവും പ്രചാരത്തിലിരുന്ന വിവാഹ സമ്പ്രദായമോ ആയിരുന്നില്ല എന്നാണ്. പിന്നെ എന്തുകൊണ്ടാണ് മഹാഭാരതത്തിലെ മുഖ്യകഥാപാത്രങ്ങളുമായി ഈ സമ്പ്രദായത്തെ ഇതിന്റെ ഗ്രന്ഥകർത്താവ്/ക്കൾ ബന്ധിപ്പിക്കുന്നത്? നമ്മൾ ഓർത്തിരിക്കേണ്ട കാര്യം സർഗാത്മകസാഹിത്യത്തിന് എപ്പോഴും അതിന്റേതായ വിവരണരീതികളുണ്ടാകും. അത് എല്ലായ്പ്പോഴും അക്ഷരാർഥത്തിൽ സാമൂഹ്യയാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരിക്കില്ല എന്നതാണ്.

## 7. ഒരു ഊർജസ്വലഗ്രന്ഥം (A Dynamic Text)

മഹാഭാരതത്തിന്റെ വളർച്ച സംസ്കൃതത്തിലുള്ള പതിപ്പുകൊണ്ട് അവസാനിച്ചില്ല. നൂറ്റാണ്ടുകളിലൂടെ ഈ ഇതിഹാസത്തിന്റെ പതിപ്പുകൾ വ്യത്യസ്ത ഭാഷകളിൽ രചിക്കപ്പെട്ടു. ജനങ്ങളും, സമുദായങ്ങളും, ഇതിന്റെ രചനകളിലേർപ്പെട്ടവരും തമ്മിലുള്ള തുടർസംവാദങ്ങളിലൂടെയാണ് ഇത് സാധ്യമായത്. ചില പ്രത്യേക പ്രദേശങ്ങളിൽ ഉത്ഭവിച്ചവതും ചില ജനവിഭാഗങ്ങൾക്കിടയിൽ പ്രചരിച്ചിരുന്നതുമായ നിരവധി കഥകൾ ഈ ഇതിഹാസത്തിൽ ഇടംപിടിച്ചു. അതേസമയംതന്നെ ഇതിഹാസത്തിന്റെ കേന്ദ്രകഥ പലപ്പോഴും വ്യത്യസ്ത രീതി

**➲ ചർച്ച ചെയ്യുക...**

ഈ പാഠഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള *മഹാഭാരതവുമായി* ബന്ധപ്പെട്ട ഉദ്ധരണികൾ ഒരിക്കൽകൂടി വായിക്കുക. വാച്യാർഥത്തിൽ ഇവ ഓരോന്നും ശരിയാണോ എന്നു ചർച്ചചെയ്യുക. ഈ ഉദ്ധരണികൾ ഗ്രന്ഥരചന നിർവഹിച്ചവരെക്കുറിച്ച് എന്താണു നമ്മോട് പറയുന്നത്? ഈ ഇതിഹാസം വായിക്കുകയോ ശ്രവിക്കുകയോ ചെയ്തവരെക്കുറിച്ച് എന്താണു പറയുന്നത്?

കളിൽ വീണ്ടുംവീണ്ടും പറയപ്പെട്ടു. ശില്പങ്ങളിലും ചിത്രങ്ങളിലും ഇതിലെ രംഗങ്ങൾ ചിത്രീകരിക്കപ്പെട്ടു. നാടകങ്ങൾ, നൃത്തം തുടങ്ങിയ രംഗകലകൾക്കും മറ്റുതരത്തിലുള്ള ആഖ്യാനങ്ങൾക്കും അവ പ്രമേയങ്ങൾ പ്രദാനം ചെയ്തു.

ഇതിഹാസത്തിന്റെ മിക്ക പുനരാഖ്യാനങ്ങളും പുനരവതരണങ്ങളും പ്രധാന ആഖ്യാനത്തെ സർഗാത്മകമായി ആവിഷ്കരിക്കുന്നവയാണ്. എല്ലാത്തരത്തിലുമുള്ള ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരെ ശബ്ദമുയർത്തിയ സമകാലിക ബംഗാളി എഴുത്തുകാരിയായ മഹാശ്വേതാദേവി മഹാഭാരതത്തിലെ ഒരുഭാഗം രൂപാന്തരപ്പെടുത്തിയത് നമുക്ക് ഉദാഹരണമായെടുക്കാം. ഇവിടെ അവർ *മഹാഭാരത*ത്തിലെ മുഖ്യകഥയ്ക്കുള്ള ചില ബദൽസാധ്യതകൾക്കായി പരിശ്രമിക്കുകയും സംസ്കൃതഗ്രന്ഥം മൗനംപാലിക്കുന്ന ചില ചോദ്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

പാണ്ഡവരെ കൊല്ലാനായി ദുര്യോധനൻ ആസൂത്രണം ചെയ്ത പദ്ധതിയെക്കുറിച്ചു സംസ്കൃതഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. പ്രത്യേകം നിർമ്മിച്ച അരക്കില്ലത്തിൽ അവരെ താമസിക്കാൻ ക്ഷണിച്ച് ഒടുവിൽ അരക്കില്ലത്തിന് തീയിടുവാനായിരുന്നു പദ്ധതി. ഇതു നേരത്തേകൂട്ടി അറിഞ്ഞ പാണ്ഡവർ രക്ഷപ്പെടുന്നത് ഉറപ്പിക്കാൻ അവിടെ ഒരു തുരങ്കം നിർമ്മിച്ചു. അതിനുശേഷം കുന്തി ഒരുസദ്യ ഒരുക്കി. ക്ഷണിക്കപ്പെട്ടവരിൽ ഭൂരിഭാഗവും ബ്രാഹ്മണരായിരുന്നുവെങ്കിലും ഒരു നിഷാദ സ്ത്രീ അവരുടെ അഞ്ചുമക്കളുമായി അവിടെ വന്നു. കുടിച്ചു മത്തരായ അവർ ഉറങ്ങിപ്പോയ തക്കത്തിൽ വീടിനു തീവെച്ച് പാണ്ഡവർ രക്ഷപ്പെട്ടു. സ്ത്രീയുടേയും അഞ്ചു മക്കളുടേയും ശവശരീരങ്ങൾ കണ്ടെടുക്കപ്പെട്ടപ്പോൾ പാണ്ഡവരാണു കൊല്ലപ്പെട്ടതെന്നു ജനങ്ങൾ വിചാരിച്ചു.

മഹാഭാരതം ഈ കഥ പറഞ്ഞവസാനിപ്പിക്കുന്നിടത്തു നിന്നാണ് മഹാശ്വേതാദേവി തന്റെ ചെറുകഥയായ 'കുന്തി ഓ നിഷാദി' യുടെ ആഖ്യാനം ആരംഭിക്കുന്നത്. യുദ്ധാനന്തരം കുന്തി മടങ്ങിയെത്തുന്ന കാട്ടിലാണ് അവർ കഥ ഒരുക്കിയത്. തന്റെ ഭൂതകാലത്തെക്കുറിച്ചു പുനരാലോചിക്കാൻ ഇപ്പോൾ സമയമുള്ള കുന്തി പ്രകൃതിയുടെ പ്രതീകമായ ഭൂമിയോട് സംസാരിച്ചു കൊണ്ട് തന്റെ പരാജയങ്ങൾ എന്നുതോന്നിയവ ഏറ്റുപറയുന്നു. വിറകും തേനും കിഴങ്ങുവർഗങ്ങളും വേരുകളും ശേഖരിക്കാൻ വരുന്ന *നിഷാദ*രെ അവർ ദിവസവും കാണുന്നു. കുന്തി ഭൂമിയോട് സംസാരിക്കുന്നത് ഒരു *നിഷാദി* (*നിഷാദ* സ്ത്രീ) പലപ്പോഴും ശ്രദ്ധിക്കുന്നു.

ഒരുദിവസം പ്രകൃതിയിൽ എന്തൊക്കെയോ സംഭവിക്കാൻ തുടങ്ങി. മൃഗങ്ങൾ വനത്തിൽനിന്നും പലായനംചെയ്യുന്നു. ഒരു *നിഷാദി* തന്നെ ശ്രദ്ധിക്കുന്നതു കുന്തി കണ്ടു. അരക്കില്ലം ഓർമ്മയുണ്ടോ എന്നു നിഷാദി ചോദിച്ചപ്പോൾ അവർ ഞെട്ടിപ്പോയി. ഓർമ്മയുണ്ടെന്നു കുന്തി പറഞ്ഞു. മുതിർന്ന ഒരു നിഷാദ സ്ത്രീയെയും അവരുടെ അഞ്ചു യുവസന്തതികളെയും ഓർക്കുന്നുണ്ടോ ? ബോധരഹിതരാകുന്നതുവരെ അവർക്കു അവൾ വീഞ്ഞ് പകർന്നു കൊടുത്തതും എന്നിട്ടു സ്വന്തംമക്കളേയുംകൊണ്ടു രക്ഷപ്പെട്ടതും ഓർമ്മയുണ്ടോ ? ആ *നിഷാദി*...... "നീ അല്ലല്ലോ!" കുന്തി ആശ്ചര്യപ്പെട്ടു. കൊല്ലപ്പെട്ടത് തന്റെ ഭർത്തൃമാതാവായിരുന്നുവെന്ന് *നിഷാദി* മറുപടി നൽകി. തന്റെ ഭൂതകാലം ഓർക്കുമ്പോൾ, ഒരിക്കൽപ്പോലും, തന്റെയും മക്കളുടെയും ജീവിതം രക്ഷപ്പെടുത്താനുള്ള ശ്രമത്തിൽ നഷ്ടപ്പെട്ട ആറ് നിഷ്കളങ്ക ജീവനുകളെക്കുറിച്ച് കുന്തി ഓർമ്മിച്ചിട്ടില്ലെന്ന് അവൾ കൂട്ടിച്ചേർത്തു. സംസാരിച്ചു കൊണ്ടിരുന്നപ്പോൾ തീജ്വാലകൾ അവരുടെ അടുത്തെത്തിക്കൊണ്ടിരുന്നു. *നിഷാദി* അവിടെനിന്നും രക്ഷപ്പെട്ടു. എന്നാൽ കുന്തി അവിടെത്തന്നെ നിന്നു.

## കാലരേഖ 1 (TIMELINE 1)

### പ്രധാന ഗ്രന്ഥപാരമ്പര്യങ്ങൾ (MAJOR TEXTUAL TRADITIONS )

| | |
|---|---|
| ഏകദേശം 500 ബിസിഇ | ] rñVñ ñb psSA j ¶Bñ ybñp Hcp k vk t/ rX h yñ eVV{KÙ w |
| G I ‡Z w500þ200 _ rk rC | {] [ rñ *ധർമ്മസൂത്രങ്ങൾ* (സംസ്കൃതത്തിൽ) |
| ഏകദേശം 500 - 100 ബിസിഇ | *ത്രിപിടക* (പാലിയിൽ) ഉൾപ്പെടെയുള്ള ആദ്യകാല ബുദ്ധഗ്രന്ഥങ്ങൾ |
| ഏകദേശം 500 ബിസിഇ - 400 സിഇ | *രാമായണവും, മഹാഭാരതവും* (സംസ്കൃതത്തിൽ) |
| ഏകദേശം 200 ബിസിഇ - 200 സിഇ | *മനുസ്മൃതി* (സംസ്കൃതത്തിൽ) ; തമിഴ് സംഘസാഹിത്യത്തിന്റെ രചനയും ക്രോഡീകരണവും |
| ഏകദേശം 100 സിഇ | *ചരക - സുശ്രുത സംഹിതകൾ*, വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ (സംസ്കൃതത്തിൽ) |
| ഏകദേശം 200 സിഇ മുതൽ | *പുരാണങ്ങളുടെ* ക്രോഡീകരണം (സംസ്കൃതത്തിൽ) |
| ഏകദേശം 300 സിഇ | ഭരതന്റെ *നാട്യശാസ്ത്രം*, ഒരു നാടകരചനാശാസ്ത്രഗ്രന്ഥം (സംസ്കൃതത്തിൽ) |
| ഏകദേശം 300 - 600 സിഇ | മറ്റ് ധർമ്മശാസ്ത്രങ്ങൾ (സംസ്കൃതത്തിൽ) |
| ഏകദേശം 400 - 500 സിഇ | കാളിദാസന്റെ കൃതികളുൾപ്പെടെയുള്ള സംസ്കൃതനാടകങ്ങൾ : ആര്യഭട്ടന്റെയും, വരാഹമിഹിരന്റെയും ജ്യോതിശാസ്ത്ര - ഗണിതശാസ്ത്ര കൃതികൾ (സംസ്കൃതത്തിൽ) ; ജൈനകൃതികളുടെ ക്രോഡീകരണം (പ്രാകൃത് ഭാഷയിൽ) |

## കാലരേഖ (TIMELINE 2)

### *മഹാഭാരത*പഠനത്തിലെ പ്രധാനനാഴികക്കല്ലുകൾ

### (MAJOR LANDMARKS IN THE STUDY OF THE *MAHABHARATA*)

| | |
|---|---|
| **ഇരുപതാംനൂറ്റാണ്ട്** | |
| 1919 - 66 | *മഹാഭാരത*ത്തിന്റെ വിമർശനാത്മകപതിപ്പ് തയാറാക്കലും പ്രസിദ്ധീകരിക്കലും |
| 1973 | ജെ.എ.ബി. വാൻ ബ്യൂട്ടെനെൻ വിമർശനാത്മകപതിപ്പിന്റെ ഇംഗ്ലീഷ് പരിഭാഷ തുടങ്ങുന്നു. 1978 ൽ അദ്ദേഹത്തിന്റെ മരണാനന്തരം അത് അപൂർണമായി തുടരുന്നു. |

## 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100-150 WORDS)

1. കുലീനകുടുംബങ്ങളിൽ പിതൃദായക്രമത്തിന് പ്രത്യേകപ്രാധാന്യം ഉണ്ടായിരിക്കുവാനുള്ള കാരണം വിശദീകരിക്കുക.
2. ആദ്യകാല രാഷ്ട്രങ്ങളിലെ രാജാക്കന്മാർ ക്ഷത്രിയർ മാത്രമായിരുന്നോ എന്നു ചർച്ചചെയ്യുക.
3. ദ്രോണർ, ഹിഡിംബൻ, മാതംഗൻ എന്നിവരുടെ കഥകളിൽ വിവരിക്കുന്ന ധർമ്മം അഥവാ നിയമാവലികൾ താരതമ്യംചെയ്ത്, വ്യത്യാസങ്ങൾ രേഖപ്പെടുത്തുക.
4. സാമൂഹിക ഉടമ്പടിയെ സംബന്ധിച്ച ബുദ്ധമതസിദ്ധാന്തം *പുരുഷസൂക്ത*ത്തിൽ ആവിഷ്കരിക്കപ്പെടുന്ന ബ്രാഹ്മണ സാമൂഹികവീക്ഷണത്തിൽ നിന്ന് എപ്രകാരം വ്യത്യസ്തമായിരിക്കുന്നു ?
5. പാണ്ഡവരിൽ ഏറ്റവും മൂത്തയാളായ യുധിഷ്ഠിരൻ സന്ദേശവാഹകനായ സഞ്ജയനോട് സംസാരിക്കുന്ന *മഹാഭാരത*ത്തിൽ നിന്നുള്ള ഒരുദ്ധരണിയാണ് ചുവടെ :

അല്ലയോ സഞ്ജയാ, എന്റെ ആദരപൂർവമായ അഭിവാദനങ്ങൾ ധൃതരാഷ്ട്രരുടെ ഭവനത്തിലെ എല്ലാ ബ്രാഹ്മണരെയും മുഖ്യപുരോഹിതനേയും അറിയിക്കുക. ഞാൻ ദ്രോണാചാര്യരെ ബഹുമാനപുരസ്സരം വണങ്ങുന്നു... ഞങ്ങളുടെ ധർമ്മാചാര്യനായ കൃപരുടെ പാദം മുറുകെ പിടിക്കുന്നു... കൂടാതെ കൗരവ മുഖ്യൻ, മഹാനായ, ഭീഷ്മരുടെയും; ഞാൻ ബഹുമാനപുരസ്സരം വൃദ്ധരാജാവിനെ (ധൃതരാഷ്ട്രരെ) വണങ്ങുന്നു. അദ്ദേഹത്തിന്റെ മകൻ ദുര്യോധനനെയും അദ്ദേഹത്തിന്റെ ഇളയ സഹോദരനെയും അഭിവാദ്യം ചെയ്യുകയും അവരുടെ ആരോഗ്യം അന്വേഷിക്കുകയും ചെയ്യുന്നു... ഒപ്പം നമ്മുടെ സഹോദരരും പുത്രരും ചെറുമക്കളുമായ എല്ലാ കൗരവയോദ്ധാക്കളെയും അഭിവാദ്യം ചെയ്യുന്നു... സർവോപരി അദ്ദേഹത്തെ, ഞങ്ങൾക്കു പിതാവും മാതാവുമായ, ജ്ഞാനിയായ വിദുരരെയും (ഒരു അടിമസ്ത്രീയിൽ ജനിച്ചയാൾ)... ഞങ്ങളുടെ അമ്മമാരായി അറിയപ്പെടുന്ന എല്ലാ മുതിർന്ന സ്ത്രീകളെയും ഞാൻ വന്ദിക്കുന്നു. ഞങ്ങളുടെ ഭാര്യമാരായിട്ടുള്ളവരോട് താങ്കൾ പറയുക: "അവരെല്ലാവരും നന്നായി സംരക്ഷിക്കപ്പെടുന്നു എന്നു ഞാൻ കരുതുന്നു..." ഞങ്ങളുടെ സദ്കുലജാതരായ പുത്രവധുക്കളെയും, കുട്ടികളുടെ അമ്മമാരെയും എനിക്കുവേണ്ടി ആശംസിക്കുക. ഞങ്ങളുടെ പുത്രിമാരായിട്ടുള്ളവരെ എനിക്കുവേണ്ടി ആലിംഗനംചെയ്യുക... സുന്ദരികളും സുരഭികളും കമനീയ വസ്ത്രധാരികളുമായ പരിചാരകരെയും താങ്കൾ അഭിവാദ്യംചെയ്യണം. അടിമസ്ത്രീകളെയും അവരുടെ മക്കളെയും അഭിവാദ്യം ചെയ്യുക, വൃദ്ധരെ ആശംസിക്കുക, അംഗവൈകല്യക്കാരെയും നിസ്സഹായരെയും...

പ്രായം, ലിംഗം, രക്തബന്ധം എന്നിവ കണക്കിലെടുത്ത് ഈ പട്ടിക നിർമ്മിക്കാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ പരിശോധിച്ചു കണ്ടെത്തുക. മറ്റെന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ? ഓരോ വിഭാഗത്തെയും പട്ടികയിൽ ഒരു പ്രത്യേകസ്ഥാനത്തു നിജപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടെന്ന് വിവരിക്കുക.

### ചുവടെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം (ഏകദേശം 500 വാക്കുകൾ) എഴുതുക. WRITE A SHORT ESSAY (ABOUT 500 WORDS) ON THE FOLLOWING:

6. *മഹാഭാരത*ത്തെക്കുറിച്ച് ഇന്ത്യൻ സാഹിത്യത്തിന്റെ ഒരു പ്രശസ്ത ചരിത്രകാരനായ മൗറിസ് വിന്റർനിറ്റ്സ് ഇങ്ങനെ എഴുതി: മഹാഭാരതം ഒരു സമ്പൂർണമായ സാഹിത്യത്തിലെ മിക്കതിനെയും പ്രതിനിധീകരിക്കുന്നതിനാലും... കൂടാതെ അനവധി കാര്യങ്ങൾ അടങ്ങിയിരിക്കുന്നതിനാലും... ഇന്ത്യക്കാരുടെ ആത്മാവിന്റെ ഏറ്റവും അഗാധവും ആഴമേറിയതുമായ ഒരു ഉൾക്കാഴ്ച (ഇത്) നമുക്ക് നൽകുന്നുണ്ട്." ചർച്ച ചെയ്യുക.

7. *മഹാഭാരതം* ഒരൊറ്റ രചയിതാവിന്റെ സൃഷ്ടിയായിരിക്കുവാൻ സാദ്ധ്യതയുണ്ടോ എന്നു ചർച്ചചെയ്യുക.

8. ആദ്യകാലസമൂഹങ്ങളിൽ ലിംഗവ്യത്യാസങ്ങൾ എത്ര പ്രധാനപ്പെട്ടതായിരുന്നു? നിങ്ങളുടെ ഉത്തരത്തിനുള്ള കാരണങ്ങൾ നൽകുക.

9. രക്തബന്ധത്തെയും വിവാഹത്തെയും കുറിച്ചുള്ള ബ്രാഹ്മണ നിർദേശങ്ങൾ സാർവത്രികമായി പിന്തുടരുന്നില്ലെന്ന് സൂചിപ്പിക്കുന്ന തെളിവുകൾ ചർച്ച ചെയ്യുക.

### ഭൂപട പ്രവർത്തനം (MAP WORK)

10. ഈ അധ്യായത്തിലെ ഭൂപടത്തെ അധ്യായം 2 ലെ ഭൂപടം 1 മായി താരതമ്യംചെയ്യുക. കുരുപാഞ്ചാല പ്രദേശങ്ങൾക്ക് സമീപം സ്ഥിതിചെയ്യുന്ന മഹാജനപദങ്ങളെയും നഗരങ്ങളെയും പട്ടികപ്പെടുത്തുക.

### പ്രോജക്ട് (ഏതെങ്കിലും ഒന്ന്) (PROJECT (ANY ONE))

11. *മഹാഭാരത*ത്തിന്റെ മറ്റുഭാഷകളിലെ പുനരാഖ്യാനങ്ങൾ കണ്ടെത്തുക. ഇതിൽ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന ഏതെങ്കിലും സമാനതകളുടെയോ വ്യത്യാസങ്ങളുടെയോ അടിസ്ഥാനത്തിൽ ഈ അധ്യായത്തിൽ വിവരിക്കുന്ന ഏതെങ്കിലും രണ്ട് ഉപകഥാഭാഗങ്ങൾ അവർ എങ്ങനെ കൈകാര്യം ചെയ്തിരിക്കുന്നുവെന്ന് ചർച്ചചെയ്യുക.

12. നിങ്ങൾ ഒരു എഴുത്തുകാരനാണെന്ന് സങ്കൽപ്പിച്ചുകൊണ്ട്, ഏകലവ്യന്റെ കഥയെ നിങ്ങൾക്ക് ഇഷ്ടമുള്ള ഒരുവീക്ഷണത്തിൽ മാറ്റിയെഴുതുക.

**നിങ്ങൾക്ക് കൂടുതൽ അറിയണമെങ്കിൽ, വായിക്കുക :**


ഉമ ചക്രവർത്തി. 2006.
*എവരിഡേ ലൈവ്സ്, എവരിഡേ ഹിസ്റ്ററീസ്,* തൂലിക, ന്യൂഡൽഹി.

ഐരാവതി കാർവെ. 1968.
*കിൻഷിപ് ഓർഗനൈസേഷൻ ഇൻ ഇന്ത്യ.*
ഏഷ്യ പബ്ലിഷിങ് ഹൗസ്, ബോംബെ.

ആർ.എസ്.ശർമ്മ. 1983
*പെഴ്സ്പെക്റ്റീവ്സ് ഇൻ സോഷ്യൽ ആന്റ് ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഏർലി ഇന്ത്യ.*
മുൻഷിറാം മനോഹർലാൽ, ന്യൂഡൽഹി.

വി.എസ്.സുക്തങ്കർ. 1957.
*ഓൺ ദി മീനിങ് ഓഫ് ദി മഹാഭാരത.*
ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബോംബെ, ബോംബെ.

റോമില ഥാപ്പർ. 2000.
*കൾച്ചറൽ പാസ്റ്റ്സ് : എസ്സെയ്സ് ഇൻ ഏർലി ഇന്ത്യൻ ഹിസ്റ്ററി.* ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂഡൽഹി.


**കൂടുതൽ വിവരങ്ങൾക്ക്, നിങ്ങൾക്ക് സന്ദർശിക്കാം.**
http://bombay.indology.info/mahabharata/statement.html

പ്രമേയം നാല്

# ചിന്തകരും വിശ്വാസങ്ങളും നിർമ്മിതികളും

## THINKERS, BELIEFS AND BUILDINGS

## സാംസ്കാരിക വികാസങ്ങൾ

(CULTURAL DEVELOPMENTS)

**ഏകദേശം 600 ബി.സി.ഇ. മുതൽ 600 സി.ഇ.വരെ**

(*c*. 600 BCE-600 CE)



ചിത്രം 4.1
*സാഞ്ചിയിൽ നിന്നുള്ള ഒരു ശില്പം*

ദാർശനികരെക്കുറിച്ചും അവർ ജീവിച്ചിരുന്ന ലോകത്തെ അറിയുവാൻ അവർ നടത്തിയ പരിശ്രമങ്ങളെക്കുറിച്ചും മനസ്സിലാക്കുവാൻ ഈ അധ്യായത്തിൽ നമുക്ക് ഒരായിരം വർഷങ്ങളിലൂടെ ഒരു ദീർഘസഞ്ചാരം നടത്തേണ്ടതുണ്ട്. അവരുടെ ആശയങ്ങൾ വാമൊഴിയായും വരമൊഴിയായും ശേഖരിക്കപ്പെട്ടതെങ്ങനെയെന്നും വാസ്തുവിദ്യയിലൂടെയും ശില്പകലയിലൂടെയും അവ പ്രകടിപ്പിക്കപ്പെട്ടതെങ്ങനെയെന്നും നമുക്ക്കാണാം. ഇവയൊക്കെ ഈ ചിന്തകർക്ക് ജനങ്ങൾക്കിടയിലുള്ള സ്ഥായിയായ സ്വാധീനത്തിന്റെ സൂചകങ്ങളാണ്. നമ്മൾ ബുദ്ധമതത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾത്തന്നെ, ഈ പാരമ്പര്യം ഒറ്റപ്പെട്ടല്ല വികസിച്ചതെന്ന് ഓർത്തിരിക്കേണ്ടത് പ്രധാനമാണ് – മറ്റ് അനേകം പാരമ്പര്യങ്ങളും അവിടെ നിലനിന്നിരുന്നു. ഇവ ഓരോന്നും മറ്റൊന്നിനോട് വാദപ്രതിവാദങ്ങളിലും സംവാദങ്ങളിലും ഏർപ്പെട്ടിരുന്നു.

ആശയങ്ങളുടെയും വിശ്വാസങ്ങളുടെയും ഈ വിസ്മയ ലോകത്തെ പുനസൃഷ്ടിക്കാൻ ചരിത്രകാരർ ഉപയോഗിച്ചിരിക്കുന്ന സ്രോതസ്സുകളിൽ ബുദ്ധ, ജൈന, ബ്രാഹ്മണ ഗ്രന്ഥങ്ങളും സ്മാരകങ്ങൾ, ലിഖിതങ്ങൾ മുതലായ വിശാലവും മതിപ്പുളവാക്കുന്നതുമായ ഭൗതികാവശിഷ്ടങ്ങളും ഉൾപ്പെടുന്നു. അക്കാലഘട്ടത്തിലെ ഏറ്റവും മികച്ച സംരക്ഷിത സ്മാരകങ്ങളിലൊന്നാണ് സാഞ്ചിയിലെ സ്തൂപം. അതിന് പ്രമുഖമായ ഒരുപ്രാധാന്യം ഈ അധ്യായത്തിൽ നൽകുന്നു.

D4Z5M7

### 1. സാഞ്ചിയിലേക്ക് ഒരു നോട്ടം (A GLIMPSE OF SANCHI)



ചിത്രം 4.2 ഷാജഹാൻ ബീഗം

#### പത്തൊമ്പതാംനൂറ്റാണ്ടിലെ സാഞ്ചി

#### (Sanchi in the nineteenth century)

ഭോപ്പാലിന് ഏകദേശം 20 മൈൽ വടക്കുകിഴക്ക് ഞങ്ങൾ ഇന്നലെ സന്ദർശിച്ച ഒരു കുന്നിൻ ചരുവിലുള്ള ചെറുഗ്രാമമായ സാഞ്ചി കനഖേരയിലാണ് ഭോപ്പാൽ രാജ്യത്തെ ഏറ്റവും വിസ്മയകരമായ പുരാതന സൗധങ്ങളുള്ളത്. ഞങ്ങളിവിടെ ബുദ്ധന്റെ കൽപ്രതിമകളും ശില്പങ്ങളും ഒരുപുരാതന പ്രവേശനകവാടവും പരിശോധിച്ചു... ഈ അവശിഷ്ടങ്ങൾ യൂറോപ്പിൽ നിന്നുള്ളവരിൽ അതീവതാൽപര്യം ജനിപ്പിച്ചിരുന്നിരിക്കാം. മേജർ അലക്സാണ്ടർ കണ്ണിങ്ഹാം... ഇതിനുസമീപത്തായി ആഴ്ചകൾ താമസിക്കുകയും ഈ അവശിഷ്ടങ്ങളെ അതീവ ശ്രദ്ധയോടെ പരിശോധിക്കുകയും ചെയ്തു. അദ്ദേഹം ഈ പ്രദേശത്തിന്റെ രേഖാചിത്രങ്ങൾ തയാറാക്കുകയും ലിഖിതങ്ങൾ വായിക്കുകയും താഴികക്കുടങ്ങൾക്കു താഴേക്ക് തുരന്നു പരിശോധിക്കുകയും ചെയ്തു. തന്റെ അന്വേഷണങ്ങളുടെ ഫലങ്ങളെക്കുറിച്ച് ഒരു ഇംഗ്ലീഷ് കൃതിയിൽ അദ്ദേഹം വിവരിച്ചിരുന്നു...

ഭോപ്പാലിലെ നവാബായ ഷാജഹാൻ ബീഗം (ഭരണകാലം (1868 – 1901) രചിച്ചതും 1876 ൽ എച്ച് ഡി ബാർസ്റ്റോവ് പരിഭാഷപ്പെടുത്തിയതുമായ *താജ് - ഉൽ ഇക്ബാൽ താരീഖ് ഭോപ്പാൽ (എ ഹിസ്റ്ററി ഓഫ് ഭോപ്പാൽ)* എന്ന പുസ്തകത്തിൽ നിന്ന്.

പത്തൊമ്പതാം നൂറ്റാണ്ടിലെ യൂറോപ്യർ സാഞ്ചിയിലെ സ്തൂപത്തോട് അതീവതാൽപ്പര്യം കാണിച്ചു. യഥാർഥത്തിൽ, നന്നായി സംരക്ഷിക്കപ്പെട്ടിരുന്ന അതിന്റെ കിഴക്കൻ പ്രവേശനകവാടം, ഫ്രാൻസിലെ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിന് കൊണ്ടുപോകാൻ ഫ്രഞ്ചുകാർ ഷാജഹാൻ ബീഗത്തിന്റെ അനുവാദം തേടിയിരുന്നു. കുറച്ചുകാലത്തേക്ക് ചില ഇംഗ്ലീഷുകാർക്കും അതേ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഭാഗ്യവശാൽ ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും സ്തൂപത്തിന്റെ ശ്രദ്ധാപൂർവം തയാറാക്കിയ പ്ലാസ്റ്റർ ഓഫ് പാരീസ് കൊണ്ടുള്ള പകർപ്പുകൾകൊണ്ട് തൃപ്തിപ്പെടുകയും അങ്ങനെ യഥാർഥസ്തൂപം ഭോപ്പാൽ രാജ്യത്തിന്റെ ഭാഗമായി അതേ സ്ഥലത്തുതന്നെ നിലകൊള്ളുകയും ചെയ്തു.

ഭോപ്പാലിലെ ഭരണാധികാരികളായ ഷാജഹാൻ ബീഗവും അവരുടെ പിൻഗാമിയായിരുന്ന സുൽത്താൻ ജഹാൻ ബീഗവും ഈ പൗരാണികമായ സ്ഥലം സംരക്ഷിക്കാനായി പണം നൽകിയിരുന്നു. അപ്പോൾ സാഞ്ചിയെക്കുറിച്ചെഴുതിയ തന്റെ പ്രധാന വാല്യങ്ങൾ ജോൺമാർഷൽ സുൽത്താൻ ജഹാന് സമർപ്പിച്ചതിൽ അദ്ഭുതമില്ല. അവിടെ നിർമ്മിച്ച മ്യൂസിയത്തിനും അതുപോലെ, അദ്ദേഹം താമസിച്ചു വാല്യങ്ങളുടെ രചന നടത്തിയ അവിടത്തെ അതിഥി മന്ദിരത്തിനും അവരാണ് ധനസഹായം നൽകിയത്. ഇതിനോടൊപ്പം വാല്യങ്ങളുടെ പ്രസിദ്ധീകരണത്തിനും അവർ പണം നൽകി. സാഞ്ചിയിലെ സ്മാരകസമുച്ചയം ഇന്നും നിലനിൽക്കുന്നുവെങ്കിൽ, അത് ഇത്തരം വിവേകപൂർവമായ തീരുമാനങ്ങൾ കൊണ്ടുമാത്രമല്ല, റെയിൽവേ കരാറുകാർ, കെട്ടിട നിർമ്മാതാക്കൾ, യൂറോപ്പിലെ മ്യൂസിയങ്ങളിലേക്ക് വസ്തുക്കൾ കടത്തുവാനായി നോക്കി നടക്കുന്നവർ എന്നിവരുടെ കണ്ണുകളിൽ നിന്ന് രക്ഷപ്പെട്ടതിലെ ഭാഗ്യം നിമിത്തവുമാണ്. ഏറ്റവും പ്രധാനപ്പെട്ട ബുദ്ധമതകേന്ദ്രങ്ങളിൽ ഒന്നായ സാഞ്ചിയുടെ കണ്ടെത്തൽ ആദ്യകാല ബുദ്ധമതത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളെ വലിയ അളവിൽ മാറ്റിമറിച്ചു. ഇന്ന് ഒരുസുപ്രധാന പുരാവസ്തുകേന്ദ്രത്തെ ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ എങ്ങനെ വിജയകരമായി പുനസ്ഥാപിച്ചു സംരക്ഷിക്കുന്നു എന്നതിന്റെ സാക്ഷ്യപത്രമായി ഇന്ന് സാഞ്ചി നിലകൊള്ളുന്നു.

എന്നാൽ എന്താണ് ഈ സ്മാരകത്തിന്റെ പ്രാധാന്യം? ഈ സ്തൂപം നിർമ്മിച്ചതെന്തിനായിരുന്നു? അതിനകത്ത് എന്താണുള്ളത്? അതിനു ചുറ്റും ഒരു കൽവേലി തീർത്തതെന്തിനായിരുന്നു? ആ സമുച്ചയം നിർമ്മിച്ചത്

*ചിത്രം 4.3*
*സാഞ്ചിയിലെ മഹത്തായ സ്തൂപം*
ഡൽഹിയിൽ നിന്ന് ഭോപ്പാലിലേക്ക് തീവണ്ടിമാർഗം യാത്രചെയ്താൽ, ഒരു കുന്നിൻമുകളിൽ, അതിനു കിരീടം ചാർത്തിയതുപോലെ, സ്ഥിതി ചെയ്യുന്ന രാജകീയ പ്രൗഢിയുള്ള സ്തൂപങ്ങളുടെ സമുച്ചയം നിങ്ങൾക്ക് കാണാൻകഴിയും. നിങ്ങൾ ഗാർഡിനോട് അഭ്യർഥിച്ചാൽ സാഞ്ചിയിലെ ഈ ചെറിയ റെയിൽവേസ്റ്റേഷനിൽ അദ്ദേഹം രണ്ടു മിനിറ്റ് ട്രെയിൻ നിർത്തിത്തരും – നിങ്ങൾക്ക് താഴെയിറങ്ങുവാൻ മതിയായത്രസമയം. കുന്നിൻമുകളിലേക്കു കയറിയാൽ അവിടെ നിങ്ങൾക്ക് ഒരു വലിയ മൺകുനയും അഞ്ചാംനൂറ്റാണ്ടിൽ പണികഴിപ്പിച്ച ഒരു ക്ഷേത്രമുൾപ്പെടെയുള്ള മറ്റു സ്മാരകങ്ങളും അടങ്ങുന്ന ഒരു കെട്ടിടസമുച്ചയം കാണാം



അഥവാ അതിന് പണം നൽകിയത് ആരായിരുന്നു? എപ്പോഴാണ് അത് "കണ്ടുപിടിക്കപ്പെട്ടത്"? സാഞ്ചിയുടെ മനംകവരുന്ന ഒരു കഥ നമുക്ക് അനാവരണം ചെയ്യാൻ കഴിയും. പക്ഷേ അതിന് ഗ്രന്ഥങ്ങൾ, ശില്പകല, വാസ്തുവിദ്യ, ലിഖിതങ്ങൾ എന്നിവയിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളെ സമന്വയിപ്പിക്കണം. ആദ്യകാല ബുദ്ധമത പാരമ്പര്യത്തിന്റെ പശ്ചാത്തലം ആരാഞ്ഞുകൊണ്ട് നമുക്ക് ആരംഭിക്കാം.

**➲ ചർച്ച ചെയ്യുക...**
ഷാജഹാൻ ബീഗത്തിന്റെ വിവരണങ്ങളുമായി ചിത്രം 4.3 ൽ നിങ്ങൾ കണ്ട കാര്യങ്ങൾ താരതമ്യം ചെയ്യുക. എന്തൊക്കെ സമാനതകളും വ്യത്യാസങ്ങളുമാണ് നിങ്ങൾ കാണുന്നത്?

## 2. പശ്ചാത്തലം (The Background) :

### യാഗങ്ങളും സംവാദങ്ങളും (Sacrifices and Debates)

ബി.സി.ഇ. ഒന്നാം സഹസ്രാബ്ദത്തിന്റെ മധ്യകാലഘട്ടം ലോകചരിത്രത്തിലെ ഒരു വഴിത്തിരിവായി കണക്കാക്കപ്പെടുന്നു: ഇറാനിലെ സരത്തുസ്ട്ര, ചൈനയിലെ കോങ്‌സി, ഗ്രീസിലെ സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, ഇന്ത്യയിലെ മഹാവീരൻ, ഗൗതമ ബുദ്ധൻ എന്നിവരെപ്പോലുള്ള അനേകം ചിന്തകരുടെ ആവിർഭാവത്തിന് ഈകാലം സാക്ഷ്യം വഹിച്ചു. അവർ അസ്തിത്വത്തിന്റെ നിഗൂഢതകളെയും മനുഷ്യനും പ്രപഞ്ചക്രമവും തമ്മിലുള്ള ബന്ധത്തെയും മനസ്സിലാക്കാൻ ശ്രമിച്ചു. ഗംഗാതടത്തിൽ പുതിയ രാജ്യങ്ങളും നഗരങ്ങളും വികസിക്കുകയും സാമൂഹിക സാമ്പത്തിക ജീവിതം പലവിധത്തിൽ മാറുകയും ചെയ്ത കാലവുമായിരുന്നു ഇത് (അധ്യായം രണ്ടും മൂന്നും). ഈ ചിന്തകർ ഇത്തരം സംഭവവികാസങ്ങളെയും മനസ്സിലാക്കാൻ ശ്രമിച്ചു.

*സ്രോതസ്സ് 1*

**അഗ്നിയോടുള്ള ഒരു പ്രാർഥന (A prayer to Agni)**

മറ്റു ദേവതകൾക്കുള്ള അർച്ചനകൾ സമർപ്പിക്കുന്ന യാഗാഗ്നിയായി മിക്കപ്പോഴും കണക്കാക്കപ്പെടുന്ന തീയുടെ, ദൈവമായ അഗ്നിദേവനോടുള്ള രണ്ടു *ഋഗ്വേദ*പ്രാർഥനാ ശ്ലോകങ്ങൾ:

ഓ, മഹാശക്തനേ, ഞങ്ങളുടെ ഈ യാഗം
ദൈവങ്ങൾക്കു നൽകണമേ

ഓ, മഹാവിജ്ഞാനീ,
ഓ, മഹാപുരോഹിതാ, വർഷിക്കൂ
ഭക്ഷണം ഞങ്ങൾക്കു സമൃദ്ധമായി

ഓ, അഗ്നേ,
അങ്ങയോടപേക്ഷിക്കുന്നവന്
അനവരതമരുളൂ, നിത്യപോഷണത്തെ,
വിശിഷ്ട പശുവിനെ.
വംശത്തുടർച്ചയ്ക്കൊരു മുള,
ഒരു പുത്രൻ ഞങ്ങൾക്കുണ്ടാകട്ടെ...

വൈദിക സംസ്കൃതം എന്നറിയപ്പെടുന്ന ഒരു പ്രത്യേക സംസ്കൃത ഭാഷാ രീതിയിലാണ് ഇത്തരം ശ്ലോകങ്ങൾ രചിക്കപ്പെട്ടിരുന്നത്. പുരോഹിത കുടുംബത്തിൽപ്പെട്ട പുരുഷന്മാരെ ഇവ വാമൊഴിയായി പഠിപ്പിച്ചിരുന്നു.

➲ യാഗോദ്ദേശ്യങ്ങൾ പട്ടികപ്പെടുത്തുക.

### 2.1 യാഗപാരമ്പര്യം (The sacrificial tradition)

ഏകദേശം ബി.സി.ഇ. 1500 നും 1000 നും ഇടയിൽ രചിക്കപ്പെട്ട *ഋഗ്വേദത്തിൽ* കാണപ്പെടുന്ന ആദ്യകാല വേദപാരമ്പര്യങ്ങളുൾപ്പെടെ അനേകം പാരമ്പര്യചിന്താധാരകളും മതവിശ്വാസങ്ങളും ആചാരങ്ങളും മുമ്പേതന്നെ നിലനിന്നിരുന്നു. വിവിധ ആരാധനമൂർത്തികളെ, പ്രത്യേകിച്ച് അഗ്നി, ഇന്ദ്രൻ, സോമൻ എന്നിവരെ സ്തുതിച്ചുകൊണ്ടുള്ള സൂക്തങ്ങളാണ് *ഋഗ്വേദത്തിന്റെ* ഉള്ളടക്കം. കന്നുകാലികൾ, പുത്രൻമാർ, ആരോഗ്യം, ദീർഘായുസ്സ് എന്നിവയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് ജനങ്ങൾ നടത്തിയിരുന്ന യാഗങ്ങളിലാണ് ഇവയിൽ പല സുക്തങ്ങളും ഉരുവിട്ടിരുന്നത്.

തുടക്കത്തിൽ, യാഗങ്ങൾ സമൂഹമായിട്ടായിരുന്നു നടത്തിയിരുന്നത്. പിന്നീട് (ഏകദേശം ബി.സി.ഇ. 1000 – ബി.സി.ഇ. 500 മുതൽ) ഗൃഹനാഥർ കുടുംബക്ഷേമത്തിനായി ഇതിൽ ചില യാഗങ്ങൾ നടത്താൻ ആരംഭിച്ചു. കൂടുതൽ വിപുലമായ യാഗങ്ങളായ *രാജസൂയം, അശ്വമേധം* മുതലായവ നടത്തിയിരുന്നത് മുഖ്യന്മാരും രാജാക്കന്മാരുമായിരുന്നു. ഈ അനുഷ്ഠാനങ്ങൾ നടത്തുന്നതിന് ഇവർ ബ്രാഹ്മണ പുരോഹിതരെയാണ് ആശ്രയിച്ചിരുന്നത്.

### 2.2 നൂതനമായ ചോദ്യങ്ങൾ (New questions)

ഉപനിഷത്തുക്കളിൽ കാണുന്ന പല ആശയങ്ങളിൽനിന്നും (ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ടു മുതൽ) ജീവിതത്തിന്റെ അർഥം, മരണാനന്തര ജീവിതത്തിന്റെ സാധ്യത, പുനർജന്മം തുടങ്ങിയവയെക്കുറിച്ച് ജനങ്ങൾ ജിജ്ഞാസുക്കളായിരുന്നെന്ന് കാണാം. ഭൂതകാല കർമ്മങ്ങളുടെ ഫലമാണോ പുനർജന്മം? ഇത്തരം വിഷയങ്ങൾ ചൂടേറിയ സംവാദങ്ങൾക്ക് വിധേയമായി. പരമമായ സത്യത്തിന്റെ

സ്വഭാവം മനസ്സിലാക്കുന്നതിനും ആവിഷ്ക്കരിക്കുന്നതിനും ചിന്തകർ ഉത്സുകരായിരുന്നു. വേദപാരമ്പര്യത്തിന് പുറത്തുള്ള മറ്റു ചിലർ ഒരു പരമമായ സത്യം നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്നുതന്നെ ആരാഞ്ഞു. യാഗപാരമ്പര്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങൾ സൂക്ഷ്മമായി ചിന്തിക്കാൻ തുടങ്ങി.

## 2.3 സംവാദങ്ങളും ചർച്ചകളും (Debates and discussions)

ബുദ്ധമതഗ്രന്ഥങ്ങളിൽ നിന്ന് അക്കാലത്തെ സജീവ ചർച്ചകളെക്കുറിച്ചും സംവാദങ്ങളെക്കുറിച്ചുമുള്ള സൂചനകൾ നമുക്കുലഭിക്കുന്നു. അറുപത്തിനാലുവിഭാഗങ്ങളെ അഥവാ വീക്ഷണഗതികളെക്കുറിച്ചും ഇവ പരാമർശിക്കുന്നുണ്ട്. ആചാര്യന്മാർ നാടുതോറും യാത്രചെയ്ത്, തങ്ങളുടെ തത്ത്വചിന്തയെ അഥവാ തങ്ങൾ പ്രപഞ്ചത്തെ മനസ്സിലാക്കിയ രീതിയെക്കുറിച്ച് ഇതരഗുരുക്കന്മാരുമായും സാമാന്യജനങ്ങളുമായും സംവദിക്കുകയും അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. ദേശാടനഭിക്ഷുക്കൾ തങ്ങിയിരുന്ന ഉപവനങ്ങളിലോ *കുടഗാരശാലകളിലോ* (സൂചികാഗ്ര മേൽക്കൂരയോടു കൂടിയത് എന്ന് അക്ഷരാർഥം) ആയിരുന്നു ഇത്തരം സംവാദങ്ങൾ നടന്നിരുന്നത്. ഒരു തത്ത്വചിന്തകൻ തന്റെ എതിരാളികളിൽ ഒരാളെ ബോധ്യപ്പെടുത്തുന്നതിൽ വിജയിച്ചാൽ ആ എതിരാളികളുടെ അനുയായികളെല്ലാം അദ്ദേഹത്തിന്റെ ശിഷ്യരായിത്തീരുമായിരുന്നു. അതിനാൽ ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെ പിന്തുണ ഓരോ കാലത്തും ഏറുകയോ കുറയുകയോ ചെയ്തിരുന്നു.

ഈ ആചാര്യരിൽ പലരും മഹാവീരനും ബുദ്ധനുമുൾപ്പെടെ, വേദങ്ങളുടെ ആധികാരികതയെ ചോദ്യം ചെയ്തു. അവർ വ്യക്തിഗത കർതൃത്വത്തിന് ഊന്നൽ നൽകി - ലൗകികജീവിതത്തിന്റെ പരീക്ഷണങ്ങളിൽനിന്നും കഷ്ടപ്പാടുകളിൽനിന്നും മോചനം നേടാൻ സ്ത്രീപുരുഷന്മാർക്കു സാധിക്കുമെന്ന് നിർദേശിച്ചു. ബ്രാഹ്മണിക നിലപാടുകളിൽനിന്നുതികച്ചും വ്യത്യസ്തമായിരുന്നു ഇത്. ബ്രാഹ്മണിക നിലപാടനുസരിച്ച് നമ്മൾ കണ്ടതുപോലെ, ഒരു വ്യക്തിയുടെ നിലനിൽപ്പുനിർണയിക്കുന്നത് അവന്റെ അല്ലെങ്കിൽ അവളുടെ ഒരുപ്രത്യേക ജാതിയിലോ ലിംഗത്തിലോ ഉള്ള ജന്മമാണ്.

*സ്രോതസ്സ് 2*

### ഉപനിഷത്തുക്കളിലെ ശ്ലോകങ്ങൾ (Verses from the Upanishads)

ഏകദേശം ബി.സി.ഇ. ആറാംനൂറ്റാണ്ടിൽ രചിക്കപ്പെട്ട സംസ്കൃതഗ്രന്ഥമായ ഛന്ദോഗ്യ ഉപനിഷത്തിൽ നിന്നുള്ള രണ്ടു ശ്ലോകങ്ങൾ:

**ആത്മന്റെ (അഹം) പ്രകൃതം**

അന്തർഹൃദയത്തിൽ ആത്മാവായി വർത്തിക്കുന്ന എന്റെ ഈ ആത്മാവ് നെന്മണിയെക്കാൾ ചെറുതാണ്; യവത്തെക്കാൾ ചെറുതാണ്; കടുകിനെക്കാൾ ചെറുതാണ്; ചാമയെക്കാൾ ചെറുതാണ്; ചാമയരിയെക്കാൾ ചെറുതാണ്. എന്റെ അന്തർഹൃദയത്തിൽ ആത്മാവായിരിക്കുന്ന ഇത്, അതേസമയം ഭൂലോകത്തെക്കാൾ വളരെ വലുതാണ്; അന്തരീക്ഷ ലോകത്തെക്കാൾ വളരെ വലുതാണ്; സ്വർഗലോകത്തെക്കാൾ വളരെ വലുതാണ്; ഈ ലോകങ്ങളെല്ലാം ചേർന്നതിനെക്കാളും വളരെ വലുതാണ്.

**യഥാർഥ ത്യാഗം**

ഈ വീശുന്ന കാറ്റ്, ഇതു തീർച്ചയായും ഒരു ത്യാഗമാണ്...
വീശുന്ന സമയം, അത് ഇതിനെയെല്ലാം പവിത്രീകരിക്കുന്നു; ആകയാൽ തീർച്ചയായും അതൊരു ത്യാഗമാണ്.

## ബുദ്ധമതഗ്രന്ഥങ്ങൾ തയാറാക്കപ്പെട്ടതും സംരക്ഷിക്കപ്പെട്ടതും എങ്ങനെ
## (How Buddhist texts were prepared and preserved)

ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും വാമൊഴിയായാണ് ബുദ്ധൻ (മറ്റ് ആചാര്യന്മാരും) പഠിപ്പിച്ചിരുന്നത്. പുരുഷന്മാരും സ്ത്രീകളും (ഒരുപക്ഷേ കുട്ടികളും) ഈ പ്രഭാഷണങ്ങളിൽ പങ്കെടുക്കുകയും അവിടെ ശ്രവിച്ച കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തിരുന്നു. ബുദ്ധന്റെ പ്രഭാഷണങ്ങളിൽ ഒന്നുപോലും അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിൽ എഴുതിവയ്ക്കപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ മരണശേഷം (ഏകദേശം ബി.സി.ഇ. അഞ്ച്-നാല് നൂറ്റാണ്ടുകളിൽ) അദ്ദേഹത്തിന്റെ ഉപദേശങ്ങൾ "മുതിർന്നവരുടെ" അഥവാ മുതിർന്ന സന്യാസിമാരുടെ ഒരു സഭയിൽ വെസാലിയിൽ (ഇന്നത്തെ ബിഹാറിലെ വൈശാലിയുടെ പാലി രൂപം) വച്ച് ശിഷ്യന്മാർ സമാഹരിച്ചു ഗ്രന്ഥരൂപത്തിലാക്കി. വ്യത്യസ്തതരം ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന മൂന്നുകുട്ടകൾ എന്നർഥം വരുന്ന *തിപിടക* എന്ന പേരിലാണ് ഈ സമാഹാരം അറിയപ്പെടുന്നത്. തുടക്കത്തിൽ അവ വാമൊഴിയായി പകർന്നെങ്കിലും പിന്നീട് എഴുതപ്പെടുകയും ദൈർഘ്യത്തിന്റെയും വിഷയത്തിന്റെയും അടിസ്ഥാനത്തിൽ തരംതിരിക്കപ്പെടുകയും ചെയ്തു.

*വിനയ പിടക*ത്തിൽ ഉൾപ്പെട്ടിരുന്നത് *സംഘ*ത്തിൽ അഥവാ സന്യാസി മഠങ്ങളിൽ ചേർന്നവർക്ക് വേണ്ടിയുള്ള നിയമങ്ങളും നിയന്ത്രണങ്ങളുമാണ്; ബുദ്ധന്റെ ഉപദേശങ്ങളാണ് *സുത്ത പിടക*ത്തിൽ ഉൾപ്പെട്ടിരുന്നത്; ദാർശനിക കാര്യങ്ങളാണ് *അഭിധമ്മ പിടക* കൈകാര്യം ചെയ്തിരുന്നത്. ഓരോ പിടകത്തിലും ധാരാളം വ്യക്തിഗത ഗ്രന്ഥങ്ങൾ ഉൾപ്പെട്ടിരുന്നു. പിൽക്കാലത്ത്, ഈ ഗ്രന്ഥങ്ങൾക്ക് ബുദ്ധമത പണ്ഡിതന്മാർ വ്യാഖ്യാനങ്ങൾ രചിക്കുകയുണ്ടായി.

ശ്രീലങ്കപോലെയുള്ള പുതിയ പ്രദേശങ്ങളിലേക്ക് ബുദ്ധമതം എത്തിച്ചേർന്നതോടെ, *ദീപവംശ* (അക്ഷരാർഥത്തിൽ, ദ്വീപിന്റെ ദിനവൃത്താന്തം) *മഹാവംശ* (ബൃഹത് ദിനവൃത്താന്തം) എന്നിവപോലുള്ള, ബുദ്ധമതത്തിന്റെ പ്രാദേശിക ചരിത്രങ്ങൾ ഉൾക്കൊള്ളുന്ന, മറ്റു ഗ്രന്ഥങ്ങളും രചിക്കപ്പെട്ടു. ഈ കൃതികളിൽ പലതും ബുദ്ധന്റെ ജീവചരിത്രങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു. ഏറ്റവും പഴയഗ്രന്ഥങ്ങളിൽ ചിലത് പാലിഭാഷയിലാണ്, അതേസമയം പിന്നീടുള്ള രചനകൾ സംസ്കൃതത്തിലായിരുന്നു.

ബുദ്ധമതം കിഴക്കനേഷ്യയിൽ വ്യാപിച്ചപ്പോൾ, ഫാ സിയാൻ, സ്യൂയാൻ സാങ് മുതലായ തീർഥാടകർ കാതങ്ങൾ താണ്ടി ചൈനയിൽനിന്ന് ഇന്ത്യയിലേക്ക് ഗ്രന്ഥങ്ങൾ അന്വേഷിച്ചെത്തി. ഇവയെല്ലാം അവർ സ്വദേശത്തേക്കു മടക്കിക്കൊണ്ടുപോവുകയും അവിടെവച്ച് പണ്ഡിതന്മാർ അവ വിവർത്തനം നടത്തുകയുംചെയ്തു. ബുദ്ധന്റെ ഉപദേശങ്ങളുടെ പ്രചരണാർഥം വിദൂരദേശങ്ങളിലേക്കുപോയ ഭാരതീയബുദ്ധമത ആചാര്യന്മാരും ഗ്രന്ഥങ്ങൾ കൈവശം കൊണ്ടുപോവുകയുണ്ടായി.

ഏഷ്യയിലെ വിവിധ ഭാഗങ്ങളിലുള്ള സന്യാസി മഠങ്ങളിൽ ബുദ്ധമതഗ്രന്ഥങ്ങളുടെ കയ്യെഴുത്തുപ്രതികൾ നിരവധി നൂറ്റാണ്ടുകളായി സംരക്ഷിച്ചു പോന്നിരുന്നു. പാലി, സംസ്കൃതം, ചൈനീസ്, ടിബറ്റൻ ഗ്രന്ഥങ്ങളിൽനിന്ന് ആധുനിക വിവർത്തനങ്ങൾ തയാറാക്കപ്പെട്ടിട്ടുണ്ട്.



*ചിത്രം 4.4 സംസ്കൃതത്തിൽ എഴുതപ്പെട്ട ഒരു ബൗദ്ധ കയ്യെഴുത്തുപ്രതി, ഏകദേശം പന്ത്രണ്ടാം നൂറ്റാണ്ട്*

സ്രോതസ്സ് 3

### വിധിവാദികളും ഭൗതികവാദികളും?
### (Fatalists and materialists?)

*സുത്ത പിടക*ത്തിൽ മഗധയുടെ രാജാവായ അജാതശത്രുവും ബുദ്ധനും തമ്മിൽ നടത്തിയ സംഭാഷണം വിവരിക്കുന്ന ഭാഗമാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്:
ഒരവസരത്തിൽ രാജാവായ അജാതശത്രു ബുദ്ധനെ സന്ദർശിക്കുകയും മറ്റൊരു ഗുരുവായ മക്കാലി ഗോസലൻ തന്നോടുപറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തോട് വിവരിക്കുകയുമുണ്ടായി:
"ഈ നന്മയിലൂടെ... ഈ തപശ്ചര്യയിലൂടെ... ഞാൻ കർമ്മം നേടും... എന്നു ജ്ഞാനി ആഗ്രഹിക്കുന്നു... ഇതേമാർഗം പിന്തുടർന്ന് ക്രമേണ കർമ്മത്തിൽ നിന്നു മോചനം നേടാമെന്ന് മൂഢനും പ്രതീക്ഷിക്കുന്നു, എങ്കിലും ഇരുവർക്കും അതു സാധ്യമല്ല. *സംസാരഗതി*യിൽ അളന്നു ചേർത്ത സുഖദുഖങ്ങൾ മാറ്റി മറിക്കാനാവില്ല. ഇതു കൂട്ടാനും കഴിയില്ല, കുറയ്ക്കാനും കഴിയില്ല... ഒരു നൂലുണ്ട എറിയുമ്പോൾ അതിന്റെ മുഴുവൻ നീളവും അഴിഞ്ഞഴിഞ്ഞു തീരുന്നതുപോലെ, വിഡ്ഢിയും ബുദ്ധിമാനും ഒരുപോലെ, ദുഖം നിറഞ്ഞ അന്ത്യത്തിലേക്കു യാത്ര ചെയ്തുകൊണ്ടേയിരിക്കുന്നു."

അജിത കേശകംബളിൻ എന്നു പേരായ മറ്റൊരു തത്ത്വചിന്തകൻ പഠിപ്പിച്ചത് ഇങ്ങനെയാണ്:
"ഓ രാജാവേ, ദാനധർമ്മം, ത്യാഗം, നേർച്ച എന്നിവയൊന്നുമില്ല... ഇഹലോകം, പരലോകം എന്നിവയുമില്ല...

ഒരു മനുഷ്യൻ നാല് ഘടകങ്ങളാൽ നിർമ്മിതമാണ്. അവൻ മരിക്കുമ്പോൾ അവനിലെ ഖരാംശം ഭൂമിയിൽ ലയിക്കുന്നു, ദ്രവാംശം വെള്ളത്തിലും ചൂട് തീയിലും ശ്വാസം വായുവിലും ഇന്ദ്രിയങ്ങൾ ശൂന്യാന്തരീക്ഷത്തിലും ലയിക്കുന്നു...

വരപ്രസാദം ലഭിക്കുമെന്നത് മൂഢന്മാരുടെ തത്ത്വമാണ്, പൊള്ളയായ നുണയാണത്... മൂഢന്മാരും ജ്ഞാനികളും ഒരുപോലെ മരിക്കുകയും നശിക്കുകയും ചെയ്യും. മരണത്തിന് ശേഷം അവർ ജീവിക്കുന്നില്ല".

ഇതിൽ ആദ്യത്തെ ഗുരു ആജീവിക പാരമ്പര്യത്തിൽപ്പെടുന്ന ആളാണ്. അവർ പലപ്പോഴും വിശേഷിപ്പിക്കപ്പെടുന്നത് വിധിവാദികൾ എന്നാണ്: എല്ലാ കാര്യങ്ങളും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണെന്ന് വിശ്വസിക്കുന്നവരാണിവർ. പൊതുവെ ഭൗതികവാദികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ലോകായത പാരമ്പര്യത്തിൽപ്പെട്ടയാളാണ് രണ്ടാമത്തെ ഗുരു. ഈ പാരമ്പര്യങ്ങളെക്കുറിച്ചുള്ള രചനകൾ ഒന്നുംതന്നെ നിലവിലില്ല. അതിനാൽ മറ്റു പാരമ്പര്യങ്ങളുടെ സൃഷ്ടികളിൽ നിന്നു മാത്രമേ നമുക്ക് അവയെക്കുറിച്ച് അറിയാൻ കഴിയൂ.

➲ **ഈ മനുഷ്യരെ വിധിവാദികളെന്നും ഭൗതികവാദികളെന്നും വിശേഷിപ്പിക്കുന്നത് ഉചിതമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?**

➲ **ചർച്ച ചെയ്യുക...**

ഗ്രന്ഥങ്ങൾ ലഭ്യമല്ലാത്തതോ നഷ്ടപ്പെട്ടതോ ആകുമ്പോൾ ആശയങ്ങളുടേയും വിശ്വാസങ്ങളുടേയും ചരിത്രം പുനർനിർമ്മിക്കുന്നതിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?



ചിത്രം 4.6
മഥുരയിൽ നിന്നുള്ള ഒരു തീർഥങ്കരന്റെ രൂപം. ഏകദേശം സി.ഇ. മൂന്നാം നൂറ്റാണ്ട്

## 3. ലൗകിക സുഖങ്ങൾക്കപ്പുറം (Beyond Worldly Pleasures)

### മഹാവീരന്റെ സന്ദേശം (The Message of Mahavira)

മഹാവീരൻ എന്നറിയപ്പെട്ട വർധമാനന്റെ ജനനത്തിനുമുമ്പേതന്നെ ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ജൈനരുടെ അടിസ്ഥാന തത്ത്വചിന്ത വടക്കേ ഇന്ത്യയിൽ നിലനിന്നിരുന്നു. ജൈനപാരമ്പര്യമനുസരിച്ച്, മഹാവീരനുമുമ്പേ ഇരുപത്തിമൂന്ന് ആചാര്യർ അല്ലെങ്കിൽ *തീർഥങ്കരർ* ഉണ്ടായിരുന്നു. ജീവിതനദി മുറിച്ചുകടക്കാൻ സ്ത്രീപുരുഷന്മാരെ നയിക്കുന്നവർ എന്നാണ് *തീർഥങ്കരൻ* എന്ന വാക്കിന്റെ അർഥം.

ജൈനമതാശയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ലോകം മുഴുവനും സചേതനമാണ് : കല്ലുകൾക്കും പാറകൾക്കും ജലത്തിനുപോലും ജീവനുണ്ട് എന്നതാണ്. ജീവനുള്ള ഒന്നിനെയും പ്രത്യേകിച്ച്, മനുഷ്യരെയും മൃഗങ്ങളെയും സസ്യങ്ങളെയും പ്രാണികളെയും ഉപദ്രവിക്കാതിരിക്കുക എന്നതാണ് ജൈനതത്ത്വചിന്തയുടെ കേന്ദ്രാശയം. വാസ്തവത്തിൽ, ജൈനമതത്തിനുള്ളിൽ ഏറെ ഊന്നൽ നൽകിയ അഹിംസ എന്ന തത്ത്വം ഇന്ത്യൻ തത്ത്വചിന്തയെ മൊത്തത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ജൈനതത്ത്വങ്ങൾ പ്രകാരം, ജനനം, പുനർജന്മം എന്നിവയുടെ ചക്രം രൂപപ്പെട്ടിരിക്കുന്നത് കർമ്മത്തിന്റെ അടിസ്ഥാനത്തിലാണ്. കർമ്മചക്രത്തിൽ നിന്നു സ്വയം സ്വാതന്ത്രമാകണമെങ്കിൽ സന്യാസവും തപസ്സും ആവശ്യമാണ്. ഇതു ഭൗതിക ജീവിതത്തെ പരിത്യജിച്ചുകൊണ്ടു മാത്രമേ നേടാനാവു, അതുകൊണ്ട്, മോക്ഷപ്രാപ്തിക്ക് സന്യാസജീവിതം ഒരു അനിവാര്യ ഉപാധിയാണ്. ജൈനസന്യാസിമാരും സന്യാസിനിമാരും അഞ്ചു വ്രതങ്ങൾ എടുത്തിരുന്നു: ഒന്നിനെയും കൊല്ലരുത്; മോഷ്ടിക്കരുത്; കള്ളം പറയരുത്; ബ്രഹ്മചര്യം അനുഷ്ഠിക്കുക; സ്വത്ത് കൈവശം വയ്ക്കാതിരിക്കുക.

സ്രോതസ്സ് 4

### കൊട്ടാരത്തിനുമപ്പുറമുള്ള ലോകം (The world beyond the palace)

ബുദ്ധന്റെ ഉപദേശങ്ങൾ അദ്ദേഹത്തിന്റെ അനുയായികൾ സംഗ്രഹിച്ചതുപോലെ, മഹാവീരന്റെ ഉപദേശങ്ങളും അദ്ദേഹത്തിന്റെ ശിഷ്യന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ പലപ്പോഴും സാമാന്യജനങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കഥകളുടെ രൂപത്തിലായിരുന്നു. ഉദാഹരണമായി, പ്രാകൃത് ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ള *ഉത്തരാധ്യായന സുത്ത*യിൽ, കമലാവതി എന്ന് പേരുള്ള രാജ്ഞി തന്റെ ഭർത്താവിനെ ലൗകികത പരിത്യജിക്കാൻ പ്രേരിപ്പിക്കുന്നതെങ്ങനെയെന്ന് വിവരിക്കുന്നുണ്ട്:

ഈ മുഴുവൻ ലോകവും അതിലുള്ള സകല സമ്പത്തും നിങ്ങളുടേതായാലും താങ്കൾ സംതൃപ്തനാകില്ല, ഇവയ്ക്കൊന്നിനും താങ്കളെ രക്ഷിക്കാനും കഴിയില്ല. അല്ലയോ രാജാവേ, താങ്കൾ മരിക്കുമ്പോൾ എല്ലാ വസ്തുക്കളും ഇവിടെ ഉപേക്ഷിച്ചു പോകുമ്പോൾ, ധമ്മ മാത്രം, അതല്ലാതെ മറ്റൊന്നും താങ്കളെ രക്ഷിക്കുകയില്ല. ഒരു പറവ ബന്ധനത്തെ വെറുക്കുന്നത് എങ്ങനെയാണോ, അപ്രകാരം ഞാനും വെറുക്കുന്നു (ഈ ലോകത്തെ). സന്താനങ്ങളില്ലാതെ ഒരു ഭിക്ഷുകിയായി ഞാൻ ജീവിക്കും ആഗ്രഹങ്ങളില്ലാതെ, ലാഭനേട്ടങ്ങളോടുള്ള അത്യാർത്തിയില്ലാതെ, വിദ്വേഷം ഇല്ലാതെ...

സുഖഭോഗങ്ങൾ ആസ്വദിച്ചവർ അവ പരിത്യജിക്കുമ്പോൾ, കാറ്റിനെപ്പോലെ സഞ്ചരിക്കുന്നു; അവർക്കിഷ്ടമുള്ള ഇടങ്ങളിലേക്ക് പോകുന്നു, പറക്കുമ്പോൾ ആരാലും തടയപ്പെടാത്ത പക്ഷികളെപ്പോലെ ...

താങ്കളുടെ വിശാലമായ രാജ്യം ഉപേക്ഷിക്കൂ... എന്താണോ ഇന്ദ്രിയങ്ങളെ സന്തോഷിപ്പിക്കുന്നത് അവയെ പരിത്യജിക്കൂ, ബന്ധനങ്ങളിൽ നിന്നും വസ്തുവകകളിൽ നിന്നും മുക്തനാകൂ, എന്നിട്ട് കഠിനമായ തപശ്ചര്യകൾ അനുഷ്ഠിക്കൂ, അടിയുറച്ച് ഊർജത്തോടെ നിലകൊള്ളൂ...

➲ രാജ്ഞി മുന്നോട്ടുവച്ച വാദഗതികളിൽ നിങ്ങൾക്ക് ഏറ്റവും യുക്തിസഹമായി തോന്നുന്നത് ഏതാണ്?

### 3.1 ജൈനമതത്തിന്റെ വ്യാപനം (The spread of Jainism)

ക്രമേണ, ജൈനമതം ഇന്ത്യയുടെ പലഭാഗങ്ങളിലേക്കും വ്യാപിച്ചു. ബുദ്ധമതക്കാരെപോലെ, ജൈന പണ്ഡിതരും മികച്ച സാഹിത്യഗ്രന്ഥങ്ങൾ പ്രാകൃതം, സംസ്കൃതം, തമിഴ് മുതലായ നിരവധി ഭാഷകളിൽ രചിക്കുകയുണ്ടായി. ഈ കൃതികളുടെ കൈയെഴുത്തുപ്രതികൾ ക്ഷേത്രങ്ങളോടു ചേർന്നുള്ള ഗ്രന്ഥശാലകളിൽ നൂറ്റാണ്ടുകളോളം ശ്രദ്ധാപൂർവം സംരക്ഷിക്കപ്പെട്ടിരുന്നു.

ജൈന *തീർഥങ്കരന്മാരുടെ* ഭക്തരാണ് മതപാരമ്പര്യങ്ങളുമായി ബന്ധപ്പെട്ട ഏറ്റവും ആദ്യത്തെ കൽപ്രതിമകളിൽ ചിലത് നിർമ്മിച്ചത്. അവ ഉപഭൂഖണ്ഡത്തിലുടനീളമുള്ള പല സ്ഥലങ്ങളിൽ നിന്നും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

**➲ ചർച്ച ചെയ്യുക...**
അഹിംസ എന്ന ആശയം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പ്രസക്തമാണോ?



*ചിത്രം 4.6*
*പതിനാലാം നൂറ്റാണ്ടിലെ ഒരു ജൈന കയ്യെഴുത്തുപ്രതിയിലെ ഒരു പുറം*

➲ നിങ്ങൾക്ക് ഈ ലിപി തിരിച്ചറിയാനാകുമോ?

## 4. ബുദ്ധനും ജ്ഞാനോദയത്തിനു വേണ്ടിയുള്ള അന്വേഷണവും (The Buddha and the Quest for Enlightenment)

അക്കാലഘട്ടത്തിലെ ഏറ്റവും സ്വാധീനമുള്ള ആചാര്യരിൽ ഒരാളായിരുന്നു ബുദ്ധൻ. നൂറ്റാണ്ടുകളിലൂടെ അദ്ദേഹത്തിന്റെ സന്ദേശം ഉപഭൂഖണ്ഡത്തിലും അതിനപ്പുറത്തേക്കും വ്യാപിച്ചു. മധ്യേഷ്യ വഴി ചൈന, കൊറിയ, ജപ്പാൻ എന്നിവിടങ്ങളിലേയ്ക്കും ശ്രീലങ്ക വഴി, കടലുകൾ കടന്ന് മ്യാൻമാർ, തായ്‌ലാൻഡ്, ഇന്തോനേഷ്യ എന്നിവിടങ്ങളിലേയ്ക്കും വ്യാപിച്ചു.

ബുദ്ധന്റെ ഉപദേശങ്ങളെക്കുറിച്ച് നമുക്ക് എങ്ങനെ അറിയാൻ സാധിക്കുന്നു? മുമ്പേ പരാമർശിക്കപ്പെട്ട ബുദ്ധമതകൃതികളെ ശ്രദ്ധാപൂർവം ചിട്ടപ്പെടുത്തിയും വിവർത്തനം ചെയ്തും വിശകലനം നടത്തിയും ഇവ പുനർനിർമ്മിക്കപ്പെട്ടിട്ടുണ്ട്. ബുദ്ധന്റെ പുണ്യാത്മചരിത്രങ്ങളിൽ (hagiographies) നിന്ന് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വിശദാംശങ്ങൾ പുനർനിർമ്മിക്കാനും ചരിത്രകാരർ ശ്രമിച്ചിട്ടുണ്ട്. ബുദ്ധന്റെ കാലശേഷം ഒരുനൂറ്റാണ്ടെങ്കിലും കഴിഞ്ഞ ശേഷമാണ് ഇവയിൽ പലതും ലിഖിതവൽക്കരിക്കപ്പെട്ടതെന്ന് കരുതുന്നു. തങ്ങളുടെ മഹാനായ ആചാര്യന്റെ സ്മരണ നിലനിർത്തുന്നതിനുള്ള ഒരു ശ്രമമെന്ന നിലയിലാവാം ഇവ രചിക്കപ്പെട്ടിരിക്കുന്നത്.

*ഒരു വിശുദ്ധന്റെയോ മതനേതാവിന്റെയോ ജീവചരിത്രമാണ് ഹാഗിയോഗ്രാഫി. (പുണ്യാത്മചരിത്രം) ഹാഗിയോഗ്രഫികൾ മിക്കപ്പോഴും വിശുദ്ധരുടെ നേട്ടങ്ങളെ സ്തുതിക്കുന്നു; കൂടാതെ അവ എപ്പോഴും അക്ഷരം പ്രതി ശരിയാകണമെന്നുമില്ല. ഒരു പ്രത്യേക പാരമ്പര്യത്തിലെ അനുയായികളുടെ വിശ്വാസങ്ങളെക്കുറിച്ച് നമ്മോട് പറയുന്നതിനാൽ അവ നമുക്ക് പ്രധാനപ്പെട്ടതാണ്.*

ഈ പാരമ്പര്യങ്ങൾ അനുസരിച്ച് ജനനസമയത്ത് സിദ്ധാർഥൻ എന്നു വിളിക്കപ്പെട്ട ബുദ്ധൻ ഒരു ശാക്യവംശത്തലവന്റെ മകനായിരുന്നു. ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യങ്ങളിൽനിന്നും അകറ്റി അദ്ദേഹത്തെ കൊട്ടാരത്തിനുള്ളിൽ തന്നെ പാർപ്പിച്ചിരുന്നു. ഒരുദിവസം തന്നെ നഗരത്തിലേക്ക് കൊണ്ടുപോകാൻ അദ്ദേഹം തന്റെ തേരാളിയെ പ്രേരിപ്പിച്ചു. പുറംലോകത്തിലേക്കുള്ള അദ്ദേഹത്തിന്റെ ആദ്യയാത്ര മാനസികാഘാതം ഉളവാക്കുന്നതായിരുന്നു. ഒരുവൃദ്ധനെയും രോഗിയെയും മൃതശരീരത്തേയും കാണാനിടയായത് അദ്ദേഹത്തിൽ ശക്തമായ മനോവേദന ഉണ്ടാക്കി. മനുഷ്യശരീരത്തിന് അപചയവും തകർച്ചയും അനിവാര്യമാണെന്ന് ആനിമിഷത്തിൽ അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹം അലഞ്ഞുനടക്കുന്ന ഒരു പരിവ്രാജകനെയും കാണുകയുണ്ടായി. അയാൾ വാർധക്യത്തോടും രോഗപീഡകളോടും മരണത്തോടും സമരസപ്പെട്ട് സമാധാനം കണ്ടെത്തിക്കഴിഞ്ഞെന്ന് അദ്ദേഹത്തിനു തോന്നി. താനും അതേപാത പിന്തുടരുമെന്നു സിദ്ധാർഥനും തീരുമാനിച്ചു. തന്റേതായ സത്യം കണ്ടെത്തുന്നതിലേക്കായി അദ്ദേഹം അധികം വൈകാതെ കൊട്ടാരം ഉപേക്ഷിച്ചു യാത്രതിരിച്ചു.

ചിത്രം 4.7
ആന്ധ്രാപ്രദേശിലെ അമരാവതിയിൽ നിന്നുള്ള ഒരു ശില്പം (ഏകദേശം സി.ഇ. 200), കൊട്ടാരം ഉപേക്ഷിച്ച് പോകുന്ന ബുദ്ധനെ ചിത്രീകരിക്കുന്നത്



ആത്മപീഡനം ഉൾപ്പെടെയുള്ള പല മാർഗങ്ങളും സിദ്ധാർഥൻ പരീക്ഷിച്ചു. അത് അദ്ദേഹത്തെ മരണത്തിന്റെ വക്കിൽ വരെ കൊണ്ടെത്തിച്ചു. അങ്ങേയറ്റത്തെ ഈ കഠിന മാർഗങ്ങൾ ഉപേക്ഷിച്ച് അദ്ദേഹം ദിവസങ്ങളോളം ധ്യാനനിരതനാവുകയും അവസാനം ജ്ഞാനോദയം കൈവരിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ബുദ്ധൻ അല്ലെങ്കിൽ അറിവുള്ളവൻ എന്നറിയപ്പെടാൻ തുടങ്ങി. ജീവിതത്തിന്റെ ശിഷ്ടകാലം, അദ്ദേഹം *ധമ്മ*യെക്കുറിച്ച് അഥവാ ശരിയായ ജീവിതമാർഗത്തെക്കുറിച്ചു പഠിപ്പിച്ചു.

**ചർച്ച ചെയ്യുക...**

ബുദ്ധന്റെ ജീവിതത്തെക്കുറിച്ച് നിങ്ങൾക്ക് അറിയില്ലായിരുന്നെങ്കിൽ, ഈ ശില്പത്തിൽ ചിത്രീകരിച്ചിരിക്കുന്നതെന്താണെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമായിരുന്നോ?

## 5. ബുദ്ധന്റെ ഉപദേശങ്ങൾ (THE TEACHINGS OF THE BUDDHA)

പ്രധാനമായും *സുത്ത പിടകത്തിലുള്ള* കഥകളിൽനിന്നാണ് ബുദ്ധന്റെ തത്ത്വങ്ങൾ പുനർനിർമ്മിക്കപ്പെട്ടിരിക്കുന്നത്. ചിലകഥകൾ അദ്ദേഹത്തിന്റെ അത്ഭുതശക്തികളെക്കുറിച്ച് വിവരിക്കുന്നതാണെങ്കിലും പ്രകൃത്യാതീത ശക്തികളുടെ പ്രദർശനങ്ങളിലൂടെയല്ല മറിച്ച്, യുക്തിയും ഉപദേശവും ഉപയോഗിച്ചാണ് ബുദ്ധൻ ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചതെന്ന് മറ്റുകഥകൾ സൂചിപ്പിക്കുന്നു. ഉദാഹരണത്തിന്, കുഞ്ഞു മരിച്ചുപോയ ദുഖാർത്തയായ ഒരു സ്ത്രീ ബുദ്ധനെ സമീപിച്ചപ്പോൾ, അവരുടെ മകനു ജീവൻ തിരിച്ചു നൽകുന്നതിനു പകരം മരണത്തിന്റെ അനിവാര്യതയെക്കുറിച്ച് അവരെ ശാന്തമായി ബോധ്യപ്പെടുത്തുകയാണ് അദ്ദേഹം ചെയ്തത്. സാധാരണ ജനങ്ങളുടെ സംസാരഭാഷയിലായിരുന്നു ഈ കഥകളെല്ലാം വിവരിക്കപ്പെട്ടത് എന്നതുകൊണ്ട് അവ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുമായിരുന്നു.

ബുദ്ധമതദർശനപ്രകാരം, ലോകം ക്ഷണികവും *(അനിച്ച-anicca)* നിരന്തരം മാറിക്കൊണ്ടിരിക്കുന്നതുമാണ്. *ശാശ്വതമോ* സ്ഥിരമോ ആയി ലോകത്തിൽ ഒന്നുമില്ലാത്തതിനാൽ അതിന് ആത്മാവും ഇല്ല *(അനാത്ത-anatta)*. ക്ഷണികമായ ഈ ലോകത്തിൽ ദുഃഖം *(ദുഃഖ-dukkha)* മനുഷ്യന്റെ അസ്തിത്വത്തിൽ അന്തർലീനമാണ്. കഠിനമായ തപസ്സിനും ശക്തമായ ഭോഗാസക്തിക്കും ഇടയിൽ മിതത്വത്തിന്റെ പാത പിന്തുടർന്നാലാണ്, മനുഷ്യർക്ക് ലൗകിക ക്ലേശങ്ങളെ മറികടക്കാൻ സാധിക്കുക. ബുദ്ധമതത്തിന്റെ ആദ്യകാല രൂപങ്ങളിൽ ദൈവം ഉണ്ടോ ഇല്ലയോ എന്നത് അപ്രസക്തമായിരുന്നു.

സ്രോതസ്സ് 5

**ബുദ്ധദർശനം പ്രായോഗികതലത്തിൽ**
**(Buddhism in practice)**

*സുത്ത പിടകത്തിൽ* നിന്നുള്ള ഈ ഭാഗത്തിൽ, ബുദ്ധൻ ഒരു സമ്പന്ന ഗൃഹനാഥനായ സിഗാലയ്ക്ക് നൽകുന്ന ഉപദേശമാണ് ഉദ്ധരിച്ചിരിക്കുന്നത്:

അഞ്ചു വിധത്തിൽ ഒരു യജമാനൻ തന്റെ ഭൃത്യൻമാരെയും ജോലിക്കാരെയും പരിപാലിക്കണം... അവരുടെ കായികശക്തിക്കനുസരിച്ചുള്ള ജോലിക്ക് നിയോഗിച്ചുകൊണ്ട്, അവർക്ക് ഭക്ഷണവും കൂലിയും നൽകിക്കൊണ്ട്, അവരെ രോഗാവസ്ഥയിൽ പരിചരിച്ചുകൊണ്ട്; അവരുടെ വികാരങ്ങളെ ഉൾക്കൊണ്ടുകൊണ്ടും ചിലപ്പോഴൊക്കെ അവധി നൽകിക്കൊണ്ടും...

അഞ്ചുതരത്തിൽ ഗോത്രജനങ്ങൾ *സമനന്മാരുടെയും* (ലോകത്തെ പരിത്യജിച്ചവരുടെ) ബ്രാഹ്മണരുടേയും ആവശ്യങ്ങൾ നിറവേറ്റണം: സ്നേഹത്തോടെയുള്ള പ്രവൃത്തിയിലൂടെയും സംസാരത്തിലൂടെയും ചിന്തയിലൂടെയും അവർക്ക് അഭയം നൽകിയും അവരുടെ ലൗകികാവശ്യങ്ങൾ നിറവേറ്റിയും.

തന്റെ മാതാപിതാക്കളോടും ഗുരുക്കന്മാരോടും ഭാര്യയോടും എങ്ങനെ പെരുമാറണമെന്ന് സിഗാലയ്ക്ക് സമാനമായ നിർദേശങ്ങൾ നൽകുന്നുണ്ട്.

➲ മാതാപിതാക്കൾ, ഗുരുനാഥൻ, ഭാര്യ എന്നിവരെക്കുറിച്ച് നൽകിയ നിർദേശങ്ങൾ എന്തായിരിക്കാം.

**ചർച്ച ചെയ്യുക...**

സിഗാലയോടുള്ള ബുദ്ധന്റെ ഉപദേശങ്ങളെ, പ്രജകളോടുള്ള അശോകന്റെ ഉപദേശങ്ങളുമായി താരതമ്യം ചെയ്യുക (അധ്യായം 2). എന്തെങ്കിലും സാമ്യങ്ങളോ വ്യത്യാസങ്ങളോ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ?

സാമൂഹ്യലോകം ദൈവസൃഷ്ടിയേക്കാൾ മനുഷ്യനിർമ്മിതമാണെന്നാണ് ബുദ്ധൻ കരുതിയത്. അതുകൊണ്ട്, രാജാക്കന്മാരും *ഗഹപതി*മാരും (അധ്യായം 2 കൂടി കാണുക) മനുഷ്യത്വമുള്ളവരും ധാർമ്മികരും ആയിരിക്കണമെന്ന് അദ്ദേഹം ഉപദേശിച്ചു. വ്യക്തിപരമായ പരിശ്രമങ്ങൾ സാമൂഹ്യബന്ധങ്ങളിൽ മാറ്റംവരുത്തുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു.

പുനർജന്മചക്രത്തിൽനിന്നു മോചനം നേടാനും ആത്മസാക്ഷാത്കാരം നേടാനും *നിബ്ബാന (Nibbana)* (അഹന്തയുടെയും ആശയുടെയും ഇല്ലാതാക്കലാണ് *നിബ്ബാന*) സ്വന്തമാക്കുന്നതിനും ഉള്ള മാർഗങ്ങൾ വ്യക്തിഗതമായ കർതൃത്വവും ധാർമ്മികമായ പ്രവൃത്തിയുമാണെന്ന് ബുദ്ധൻ ഊന്നിപ്പറഞ്ഞു. ഈ മാർഗങ്ങളിലൂടെയാണ് ലോകത്തെ ഉപേക്ഷിച്ചവർക്ക് സഹനചക്രത്തിന്റെ അന്ത്യംകുറിക്കാൻ കഴിയുന്നത്. ബുദ്ധപാരമ്പര്യമനുസരിച്ച് ബുദ്ധൻ തന്റെ അനുയായികളോടു പറഞ്ഞ അവസാനവാക്കുകൾ ഇങ്ങനെയായിരുന്നു: "നിങ്ങൾ അവനവന്റെ മോചനം സ്വയം നേടേണ്ടവരായതിനാൽ ഓരോരുത്തരും അവനവന് വിളക്കാകുക."

## 6. ബുദ്ധന്റെ അനുയായികൾ (Followers of the Buddha)

പെട്ടെന്നു തന്നെ ബുദ്ധന്റെ ശിഷ്യരുടെ ഒരുകൂട്ടം വളർന്നുവരുകയും അദ്ദേഹം *ധമ്മ (dhamma)* പഠിപ്പിക്കുന്നവരായിത്തീർന്ന സന്യാസിമാരുടെ കൂട്ടായ്മയായ *സംഘം (Sangha)* സ്ഥാപിക്കുകയും ചെയ്തു. സാമാന്യജനങ്ങളിൽനിന്നു ദിവസേന ഒരുനേരത്തെ ഭക്ഷണം ഭിക്ഷയായി സ്വീകരിക്കുന്നതിനുള്ള ഭിക്ഷാപാത്രംപോലെ അത്യാവശ്യമായ ചിലവസ്തുക്കൾ മാത്രം സ്വന്തമായുണ്ടായിരുന്ന ഈ സന്യാസിമാർ ലളിതജീവിതമാണ് നയിച്ചിരുന്നത്. ഭിക്ഷയെടുത്തു ജീവിച്ചിരുന്നതുകൊണ്ട് ഇവർ *ഭിക്ഷുകൾ (bhikkhus)* എന്നറിയപ്പെട്ടു.

തുടക്കത്തിൽ, പുരുഷന്മാരെ മാത്രമേ *സംഘത്തിൽ* അനുവദിച്ചിരുന്നുള്ളുവെങ്കിലും പിന്നീട് സ്ത്രീകൾക്കും പ്രവേശനം ലഭിച്ചു. ബുദ്ധമതഗ്രന്ഥങ്ങൾ പ്രകാരം, ബുദ്ധന്റെ പ്രിയ ശിഷ്യനായ ആനന്ദന്റെ മധ്യസ്ഥതയിലൂടെയാണ് ഇതു സാധ്യമായത്. അദ്ദേഹത്തിന്റെ പ്രേരണമൂലമാണ് ബുദ്ധൻ സ്ത്രീകളെ *സംഘത്തിലേക്ക്* പ്രവേശിപ്പിക്കാൻ അനുമതി നൽകിയത്. ബുദ്ധന്റെ വളർത്തമ്മയായ മഹാപജാപതി ഗോതമിയായിരുന്നു *ഭിക്ഷുണിയായിത്തീർന്ന* ആദ്യവനിത. *സംഘത്തിൽ* പ്രവേശിച്ച പല സ്ത്രീകളും ധമ്മപ്രചാരകരായി മാറി. ചിലരൊക്കെ വീണ്ടുംവളർന്ന് *ഥേരികൾ (theris)* എന്നറിയപ്പെടുന്ന, മോക്ഷം സിദ്ധിച്ച ബഹുമാന്യ വനിതകളായിത്തീരുകയും ചെയ്തു.

ബുദ്ധന്റെ അനുയായികൾ പല സാമൂഹികവിഭാഗങ്ങളിൽനിന്നു വന്നവരായിരുന്നു. അവരിൽ രാജാക്കന്മാർക്കും ധനവാന്മാർക്കും *ഗഹപതി*കൾക്കുമൊപ്പം തൊഴിലാളികളും അടിമകളും കരകൗശലപ്പണിക്കാരും അടക്കമുള്ള താഴ്ന്ന ജനവിഭാഗങ്ങളും ഉൾപ്പെട്ടിരുന്നു. *സംഘത്തിൽ* അംഗമാകുന്നതോടെ തങ്ങളുടെ മുൻ സാമൂഹികസ്വത്വം ഉപേക്ഷിച്ച് *ഭിക്ഷുവോ ഭിക്ഷുണിയോ* ആയിത്തീരുമെന്നതിനാൽ *സംഘത്തിൽ* എല്ലാവരും തുല്യരായി പരിഗണിക്കപ്പെട്ടു. *സംഘത്തിന്റെ* ആഭ്യന്തരപ്രവർത്തനങ്ങൾ *ഗണങ്ങളുടെയും സംഘങ്ങളുടെയും* കീഴ്‌വഴക്കങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു നടന്നിരുന്നത്. അവിടെ ചർച്ചകളിലൂടെയാണ് സമവായത്തിലെത്തിച്ചേർന്നിരുന്നത്. അതു പരാജയപ്പെട്ടാൽ, തീരുമാനങ്ങൾ എടുത്തിരുന്നത് വിഷയത്തിന്മേലുള്ള വോട്ടെടുപ്പിലൂടെയായിരുന്നു.

*സ്രോതസ്സ് 6*

## തേരീഗാഥ
## (The *Therigatha* )

*സുത്ത പിടകത്തി*ന്റെ ഭാഗമായ ഈ അതുല്യ ബൗദ്ധകൃതി, *ഭിക്കുണിമാർ* രചിച്ച കാവ്യങ്ങളുടെ ഒരു സമാഹാരമാണ്. ഇതു സ്ത്രീകളുടെ സാമൂഹികവും ആത്മീയവുമായ അനുഭവങ്ങളെക്കുറിച്ച് ഒരു ഉൾക്കാഴ്ച നൽകുന്നു. ഒരു *ദാസി* അഥവാ അടിമസ്ത്രീയായ പുന്ന, തന്റെ യജമാനഗൃഹത്തിലേക്ക് വെള്ളം കോരുന്നതിന് ഓരോ പ്രഭാതത്തിലും നദിയിലേക്കു പോകുമായിരുന്നു. അവിടെ അവൾ നിത്യേന ഒരു ബ്രാഹ്മണൻ ആചാരപരമായ സ്നാനം നടത്തുന്നത് കാണാറുണ്ടായിരുന്നു. ഒരു പ്രഭാതത്തിൽ അവൾ അദ്ദേഹത്തോടു സംസാരിച്ചു. ബ്രാഹ്മണനുമായുള്ള തന്റെ സംഭാഷണം രേഖപ്പെടുത്തിക്കൊണ്ട് പുന്ന രചിച്ച ശ്ലോകങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്:

ഞാൻ ഒരു ജലവാഹകയാണ്:
കഠിനമായ ശൈത്യത്തിൽ പോലും
ഞാൻ എല്ലായ്പ്പോഴും ജലത്തിലേക്കിറങ്ങാറുണ്ട്
കഠിനമാം ദണ്ഡനത്തെ ഭയന്നും
വരേണ്യവനിതകൾതൻ ക്രുദ്ധവചനങ്ങളെ ഭയന്നും
അല്ലയോ ബ്രാഹ്മണ, എന്തു ഭയന്നു നീ
ഈ ജലത്തിൽ മുങ്ങി നിവരുന്നു
ഈ കൊടിയതണുപ്പിനാൽ നിന്നംഗങ്ങൾ വിറയ്ക്കുമ്പോഴും?

ബ്രാഹ്മണൻ ഉരചെയ്തു:
തിന്മയെ അകറ്റാൻ ഞാൻ ഈ നന്മ ചെയ്തീടുന്നു;
തിന്മകൾ ചെയ്തവർ ആരാകിലും
ബാലനോ വൃദ്ധനോ ഏതാകിലും
ഈ ജലസ്നാനത്താൽ മുക്തരായീടും

പുന്ന മറുമൊഴി ചൊല്ലീ:
നിന്നോട് ആരുരചെയ്തു
ജല സ്നാനത്തിലൂടെ നീ പാപവിമുക്തനായീടുമെന്ന്? ......
അങ്ങനെയാവുകിൽ, സകല മണ്ഡൂകങ്ങളും കൂർമ്മങ്ങളും ജല ഉരഗങ്ങളും മുതലകളും എന്നേ സ്വർഗത്തെ പുൽകിയേനെ!
അരുത് നീ ചെയ്യരുതിപ്രകാരം
ജലസ്നാനത്തിലേക്ക് നയിക്കുന്ന
തൊന്നും ഭയന്നു നീ,
നിർത്തുക ബ്രാഹ്മണാ ഈ നിമിഷം
ഈ തണുപ്പിൽ നിന്ന് നിന്റെ ചർമ്മം രക്ഷിക്കുക....

➲ ഈ രചനയിലൂടെ ബുദ്ധന്റെ ഏതു ഉപദേശങ്ങളാണ് വെളിവാകുന്നത്?

*ചിത്രം 4.8*
*ഒരു സ്ത്രീ ജലവാഹക, മഥുര, ഏകദേശം സി.ഇ. രണ്ടാം നൂറ്റാണ്ട്*



സ്രോതസ്സ് 7

## സന്യാസിമാർക്കും സന്യാസിനികൾക്കുമുള്ള നിയമങ്ങൾ (Rules for monks and nuns)

*വിനയ പിടക*ത്തിൽ പറഞ്ഞിരിക്കുന്ന ചില നിയമങ്ങളാണിവ :

ഒരു ഭിക്കു ഒരു പുതിയ കമ്പിളിത്തുണി (പുതപ്പ്/വിരിപ്പ്) നെയ്തെടുത്തുകഴിഞ്ഞാൽ, അതു (കുറഞ്ഞത്) ആറുവർഷമെങ്കിലും ഉപയോഗിച്ചിരിക്കണം. ആറു വർഷമാകുന്നതിനുംമുമ്പ് ഒരുസന്യാസി പുതിയൊരു കമ്പിളി (പുതപ്പ്/വിരി) നെയ്തെടുത്താൽ ആദ്യത്തേത് ഉപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും മറ്റു *ഭിക്കുമാർ* അനുവദിച്ചിട്ടില്ലെങ്കിൽ, ഈ പുതിയത് കണ്ടുകെട്ടുകയും അയാളെക്കൊണ്ട് കുറ്റസമ്മതം നടത്തിക്കുകയും വേണം.

ഒരു ഗൃഹത്തിലെത്തുന്ന ഒരു *ഭിക്കു*വിന് മധുരപലഹാരമോ വേവിച്ച ധാന്യഭക്ഷണമോ നൽകിയാൽ, അയാൾ ആഗ്രഹിക്കുന്ന പക്ഷം രണ്ടോ മൂന്നോ കപ്പു ഭക്ഷണം മാത്രം അയാൾക്ക് സ്വീകരിക്കാം. അതിൽക്കൂടുതൽ അയാൾ സ്വീകരിക്കുകയാണെങ്കിൽ അത് ഏറ്റുപറയേണ്ടതാണ്. രണ്ടോ മൂന്നോ പാത്രം ഭക്ഷണം സ്വീകരിക്കുകയും അവിടെനിന്ന് അത് കൊണ്ടുപോവുകയും ചെയ്യുകയാണെങ്കിൽ, അതു മറ്റു *ഭിക്കു*കളുമായി പങ്കുവയ്ക്കേണ്ടതാണ്. ഇതാണ് ഇവിടത്തെ ശരിയായനടപടിക്രമം.

*സംഘത്തിന്റെ* ഉടമസ്ഥതയിലുള്ള ഏതെങ്കിലും താമസസ്ഥലത്ത് തങ്ങാൻ നിശ്ചയിച്ചുകൊണ്ടോ, അങ്ങനെചെയ്യാൻ മുന്നേ നിശ്ചയിച്ചതുകൊണ്ടോ, ഏതെങ്കിലും ഒരു *ഭിക്കു* യാത്ര തിരിക്കുന്നതും അതു മാറ്റി വയ്ക്കാതെയോ മാറ്റിവയ്ക്കപ്പെടാതെയോ പിന്തിരിയുന്നതോ അനുമതിയില്ലാതെ പുറപ്പെടുന്നതും അയാൾ കുറ്റസമ്മതം നടത്തേണ്ട കാര്യമാണ്.

➲ ഈ രചനയിലൂടെ ബുദ്ധന്റെ ഏതു ഉപദേശങ്ങളാണ് വെളിവാകുന്നത്?

ബുദ്ധൻ ജീവിച്ചിരുന്ന കാലത്തും അദ്ദേഹത്തിന്റെ മരണാനന്തരവും ബുദ്ധമതം ദ്രുതഗതിയിൽ വളർന്നു. അന്നു നിലനിന്നിരുന്ന മതപരമായ ആചാരങ്ങളിൽ അസംതൃപ്തി തോന്നുകയും തങ്ങൾക്കു ചുറ്റും ദ്രുതഗതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമൂഹികമാറ്റങ്ങളിൽ ആശയക്കുഴപ്പത്തിലകപ്പെടുകയും ചെയ്ത ധാരാളം ആളുകൾ ബുദ്ധമതത്തിൽ ആകൃഷ്ടരായി. ജനനത്തെ അടിസ്ഥാനമാക്കിയുള്ള സ്ഥാനത്തെക്കാളേറെ പെരുമാറ്റത്തിനും മൂല്യങ്ങൾക്കും നൽകിയ പ്രാധാന്യം, തന്നെക്കാൾ ഇളയവരോടും ബലഹീനരോടുമുള്ള പ്രത്യേകമായ സഹാനുഭൂതി *(മെത്ത/metta)*, *കരുണ (compassion)* എന്നിവ ബുദ്ധമത ഉപദേശങ്ങളിലേക്ക് സ്ത്രീ/പുരുഷന്മാരെ ആകർഷിച്ച ആശയങ്ങളായിരുന്നു.

➲ ചർച്ച ചെയ്യുക...

പുന്നയെപ്പോലെ ഒരു ദാസി, ബുദ്ധ *സംഘത്തിൽ* ചേരാൻ ആഗ്രഹിച്ചത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

## 7. സ്തൂപങ്ങൾ (STUPAS)

ജൈന ബ്രാഹ്മണ പാരമ്പര്യങ്ങളോടും എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ വേറെയും പല പാരമ്പര്യങ്ങളോടുമുള്ള സംവാദങ്ങളിലൂടെയാണ് ബൗദ്ധാശയങ്ങളും ആചാരങ്ങളും ആവിർഭവിച്ചത് എന്നു നാം കണ്ടു. വിശുദ്ധസ്ഥലങ്ങൾ തിരിച്ചറിയപ്പെട്ട രീതികളിൽ, ഈ പറഞ്ഞ ചില പരസ്പര സമ്പർക്കങ്ങൾ കാണുവാൻ സാധിക്കും.

ഏറ്റവും പഴയകാലംമുതൽതന്നെ ജനങ്ങൾ ചില സ്ഥലങ്ങളെ വിശുദ്ധമായി കണക്കാക്കിയിരുന്നു. ഇവയിൽ സവിശേഷമായ വൃക്ഷങ്ങളോ, അസാധാരണമായ ശിലകളോ, വിസ്മയകരമായ പ്രകൃതി സൗന്ദര്യമോ ഉള്ള പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നു. ചെറുക്ഷേത്രങ്ങൾകൂടി നിർമ്മിച്ചു ചേർക്കപ്പെട്ട ഈ സ്ഥലങ്ങൾ, ചിലപ്പോൾ *ചൈത്യങ്ങൾ (chaityas)* എന്നു വിശേഷിപ്പിക്കപ്പെട്ടു.

ശവദാഹത്തിനായുള്ള എന്നർഥമാക്കുന്ന *ചിത* എന്ന വാക്കിന്റെ വിപുലീകരണമായി ശവസംസ്കാരത്തിനുള്ള *ചിതക* എന്ന നിലയ്ക്കുമാവാം *ചൈത്യ* എന്ന വാക്ക് രൂപപ്പെട്ടത്.

ബുദ്ധമത സാഹിത്യകൃതികൾ നിരവധി *ചൈത്യങ്ങളെ* പരാമർശിക്കുന്നു. കൂടാതെ, ബുദ്ധൻ ജനിച്ച ലുംബിനി, ബോധോദയം നേടിയ ബോധ്ഗയ, ആദ്യ ധർമ്മപ്രഭാഷണം നടത്തിയ സാരനാഗ്, *നിബ്ബാന*



(നിർവാണം) നേടിയ കുശിനഗര തുടങ്ങിയ, ബുദ്ധന്റെ ജീവിതവുമായി ബന്ധപ്പെട്ട പ്രധാനസ്ഥലങ്ങളും ഈ പുസ്തകങ്ങളിൽ പരാമർശിക്കുന്നു. ക്രമേണ ഈ സ്ഥലങ്ങളോരോന്നും വിശുദ്ധമായി കണക്കാക്കപ്പെട്ടു. ബുദ്ധന്റെ ജീവിതകാലത്തിനും ഏകദേശം ഇരുന്നൂറുവർഷങ്ങൾക്കുശേഷം, താൻ ആ സ്ഥലം സന്ദർശിച്ചു എന്ന വസ്തുത അടയാളപ്പെടുത്താൻ അശോകൻ ലുംബിനിയിൽ ഒരു സ്തംഭം പണികഴിപ്പിച്ചു എന്നു നമുക്കറിയാം.

## 7.1 സ്തൂപങ്ങൾ നിർമ്മിച്ചത് എന്തിന് (Why were stupas built)

വിശുദ്ധമായി കണക്കാക്കപ്പെട്ട സ്ഥലങ്ങൾ വേറെയുമുണ്ടായിരുന്നു. ഇതിനു കാരണം ബുദ്ധന്റെ ഭൗതിക ശരീരാവശിഷ്ടങ്ങളോ അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്തുക്കളോ ഇവിടങ്ങളിൽ അടക്കം ചെയ്തിരുന്നു എന്നതാണ്. ഈ കുന്നുകളാണ് സ്തൂപങ്ങൾ എന്നറിയപ്പെട്ടിരുന്നത്.

സ്തൂപങ്ങൾ നിർമ്മിക്കുന്ന പാരമ്പര്യം ബുദ്ധമതകാലത്തിന് മുമ്പേതന്നെ ഉണ്ടായിരുന്നിരിക്കാം. എന്നാൽ, പിന്നീട് അതു ബുദ്ധമതവുമായി ബന്ധപ്പെട്ട ഒന്നായി മാറി. അതിലടങ്ങിയിരിക്കുന്ന അവശിഷ്ടങ്ങൾ പവിത്രമായി കണക്കാക്കപ്പെട്ടിരുന്നതിനാൽ, സ്തൂപം മുഴുവനായും ബുദ്ധന്റെയും ബുദ്ധമതത്തിന്റെയും ഒരുചിഹ്നം എന്നനിലയിൽ ആദരിക്കപ്പെടാൻ തുടങ്ങി. *അശോകവദന (Ashokavadana)* എന്നറിയപ്പെടുന്ന ബുദ്ധമത കൃതി പ്രകാരം, അശോകൻ തന്റെ പ്രധാന പട്ടണങ്ങളിലെല്ലാം ബുദ്ധന്റെ ഭൗതികാവശിഷ്ടങ്ങളുടെ ഭാഗങ്ങൾ വീതിച്ചുകൊടുക്കുകയും അവയ്ക്കുമുകളിൽ സ്തൂപങ്ങൾ നിർമ്മിക്കുവാൻ ഉത്തരവിടുകയും ചെയ്തു. ബി.സി.ഇ. രണ്ടാം നൂറ്റാണ്ടോടെ ഭർഹുത്, സാഞ്ചി, സാരനാഥ് (ഭൂപടം 1) എന്നിവിടങ്ങളിൽ ഉൾപ്പെടെ അനേകം സ്തൂപങ്ങൾ നിർമ്മിക്കപ്പെട്ടു.

## 7.2 സ്തൂപങ്ങൾ നിർമ്മിച്ചത് എങ്ങനെ (How were stupas built)

സ്തൂപങ്ങളുടെ അഴികളിലും തൂണുകളിലുമുള്ള ലിഖിതങ്ങളിൽ അവ നിർമ്മിക്കുന്നതിനും അലങ്കരിക്കുന്നതിനുമായി നൽകിയ സംഭാവനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ചില സംഭാവനകൾ നൽകിയത് ശതവാഹനരെപ്പോലെയുള്ള രാജാക്കന്മാരായിരുന്നു; സംഭാവന നൽകിയ മറ്റു ചിലർ വർത്തകസംഘങ്ങൾ (ഗിൽഡുകൾ) ആയിരുന്നു, ഉദാഹരണമായി സാഞ്ചിയിലെ ഒരു പ്രവേശനകവാടം നിർമ്മിക്കുന്നതിന് ധനസഹായം നൽകിയത് ദന്തപ്പണിക്കാരുടെ വർത്തകസംഘമായിരുന്നു. തങ്ങളുടെ പേരുകളും ചില അവസരങ്ങളിൽ തങ്ങളുടെ സ്വദേശം, തൊഴിൽ, എന്നിവയും ബന്ധുക്കളുടെ പേരുകളും പരാമർശിച്ചുകൊണ്ട് നൂറുകണക്കിന് സ്ത്രീ പുരുഷന്മാർ സംഭാവനകൾ നൽകുകയുണ്ടായി. അതിനുപുറമേ *ഭിക്ഷു*കളും *ഭിക്ഷുണി*കളും ഈ സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് സംഭാവനകൾ നൽകിയിട്ടുണ്ട്.

## 7.3 സ്തൂപത്തിന്റെ ഘടന (The structure of the stupa)

തുടക്കത്തിൽ സ്തൂപം (കുന്ന എന്ന അർഥമുള്ള സംസ്കൃത പദം) എന്നത് അർധവൃത്താകൃതിയിലുള്ള ഒരു ലളിതമായ മൺമേട് ആയി

*സ്രോതസ്സ് 8*

**സ്തൂപങ്ങൾ നിർമ്മിക്കപ്പെട്ടതെന്തുകൊണ്ട് (Why were stupas built)**

*സുത്തപിടക*ത്തിന്റെ ഭാഗമായ *മഹാപരിനിബ്ബാണസുത്ത*യിൽ നിന്നെടുത്ത ഭാഗമാണിവിടെ ഉദ്ധരിച്ചിരിക്കുന്നത്:

ബുദ്ധൻ മരണാസന്നനായി കിടക്കുമ്പോൾ, ആനന്ദൻ അദ്ദേഹത്തോട് ചോദിച്ചു:

"പ്രഭോ, തഥാഗത (ബുദ്ധന്റെ മറ്റൊരു പേര്) ന്റെ ഭൗതികാവശിഷ്ടം ഞങ്ങൾ എന്താണു ചെയ്യേണ്ടത്?"

ബുദ്ധൻ മറുപടി നൽകി:

"ആനന്ദാ, തഥാഗതന്റെ ഭൗതിക അവശിഷ്ടങ്ങളെ ആദരിച്ചുകൊണ്ട് നിങ്ങൾ സ്വയം തടസ്സപ്പെടുത്തേണ്ടതില്ല. ശുഷ്കാന്തിയുള്ളവരായിരിക്കുക, സ്വന്തം നന്മയിൽ ബദ്ധശ്രദ്ധരായിരിക്കുക."

എന്നാൽ പിന്നെയും നിർബന്ധിപ്പിച്ചപ്പോൾ ബുദ്ധൻ പറഞ്ഞു:

"നാല് കവലകളിൽ തഥാഗതനായി അവർ *തൂപങ്ങൾ* (സ്തൂപത്തിന്റെ പാലി രൂപം) പടുത്തുയർത്തണം. അവിടെ ആരൊക്കെയാണോ പൂമാലയോ സുഗന്ധദ്രവ്യങ്ങളോ അർപ്പിക്കുന്നത്... അഥവാ അവിടെ ഒരു ഉപചാരം അർപ്പിക്കുന്നത്, അഥവാ ആ സന്നിധിയിൽ ഹൃദയം ശാന്തമാക്കുന്നത്, അത് അവർക്ക് ദീർഘനാൾ നന്മയും സന്തോഷവും പ്രദാനം ചെയ്യും."

➲ ചിത്രം 4.15 നോക്കുകയും ഈ ആചാരങ്ങളിൽ ചിലത് തിരിച്ചറിയാൻ കഴിയുമോയെന്ന് പരിശോധിക്കുകയും ചെയ്യുക.



ചിത്രം 4.3
സാഞ്ചിയിൽ നിന്നുള്ള ഒരു വഴിപാടു ലിഖിതം. സമാനമായ നൂറുകണക്കിന് ലിഖിതങ്ങൾ ഭർഹുത്തിൽ നിന്നും അമരാവതിയിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

രുന്നു. പിന്നീട് ഇത് *അണ്ഡ (anda)* എന്നറിയപ്പെട്ടു. ക്രമേണ വൃത്ത, സമചതുരാകൃതികളെ സന്തുലിതപ്പെടുത്തിക്കൊണ്ട് ഇതുകൂടുതൽ സങ്കീർണമായ ഘടനയായി രൂപാന്തരപ്പെട്ടു. *അണ്ഡ*യ്ക്കു മുകളിലായി, ദൈവങ്ങളുടെ വാസസ്ഥലത്തെ പ്രതിനിധാനം ചെയ്യുന്ന ബാൽക്കണി പോലെയുള്ള നിർമ്മിതിയായ *ഹർമിക (harmika)* ഉണ്ടായിരുന്നു. *ഹർമിക*യിൽ നിന്നുയർന്നുനിന്ന ഒരു കൊടിമരത്തെ *യാഷ്ടി (yashti)* എന്ന് വിളിച്ചിരുന്നു, പലപ്പോഴും ഇതിനു മുകളിലായി ഒരു *ഛത്രി (chhatri)* അഥവാ കുട ഉയർന്നു നിന്നിരുന്നു. മേടിനുചുറ്റുംതീർത്ത വേലികൾ ഈ വിശുദ്ധ ഇടത്തെ ലൗകിക ലോകത്തിൽനിന്നുവേർതിരിച്ചുനിർത്തി.

മുളകൊണ്ടോ തടികൊണ്ടോ തീർത്ത, വേലിപോലെ തോന്നിച്ചിരുന്ന കൽവേലികളും കൊത്തുപണികൾ കൊണ്ടുസമ്പന്നവും നാലുപ്രധാന സ്ഥാനങ്ങളിലായി സ്ഥാപിക്കപ്പെട്ടതുമായ പ്രവേശനകവാടങ്ങളും ഒഴിച്ചുനിർത്തിയാൽ, സാഞ്ചിയിലെയും ഭർഹുത്തിലെയും ആദ്യകാല സ്തൂപങ്ങൾ ലളിതമായിരുന്നു. ഭക്തർ കിഴക്കേ പ്രവേശനകവാടത്തിലൂടെ അകത്തുകടക്കുകയും മേടിനെ വലതുവശത്താക്കിക്കൊണ്ട് ഘടികാരദിശയിൽ വലംവയ്ക്കുകയും ചെയ്തിരുന്നു. ആകാശത്തിലൂടെയുള്ള സൂര്യന്റെ സഞ്ചാരഗതിയെ അനുകരിക്കും വിധമായിരുന്നു ഇത്. പിന്നീട്, അമരാവതിയിലെയും പെഷവാറിലെ (പാകിസ്താൻ) ഷഹ്ജി-കി-ധേരിയിലെയും സ്തൂപങ്ങളിലെ മേടിനെപ്പോലെ വിപുലമായ ശില്പങ്ങളാലും ഭിത്തിമാടങ്ങളാലും അലംകൃതമായി കൊത്തിയെടുക്കപ്പെട്ടു.

**ചർച്ച ചെയ്യുക...**
സാഞ്ചിയിലെ മഹത്തായ സ്തൂപത്തിന്റെ പ്ലാനും (ചിത്രം 4.10എ) ഫോട്ടോഗ്രാഫും (ചിത്രം 4.3) തമ്മിലുള്ള സാദൃശ്യങ്ങളും വ്യത്യാസങ്ങളും എന്താണ്?

പ്ലാനിൽ കെട്ടിടത്തിന്റെ ഏതൊക്കെ സവിശേഷതകളാണ് ഏറ്റവും വ്യക്തമായിട്ടുള്ളത്? എലിവേഷനിൽ ഏറ്റവും നന്നായി ദൃശ്യമാകുന്ന സവിശേഷതകൾ എന്തൊക്കെ?



ചിത്രം 4.10 എ
സാഞ്ചിയിലെ മഹത്തായ സ്തൂപത്തിന്റെ പ്ലാൻ
പ്ലാൻ ഒരു കെട്ടിടത്തിന്റെ തിരശ്ചീന വീക്ഷണം നൽകുന്നു.



ചിത്രം 4.10ബി
സാഞ്ചിയിലെ മഹത്തായ സ്തൂപത്തിന്റെ എലിവേഷൻ
എലിവേഷൻ ഒരു കെട്ടിടത്തിന്റെ ലംബമാനികരണം നൽകുന്നു.

## 8. സ്തൂപങ്ങളെ "കണ്ടെത്തൽ" ("DISCOVERING" STUPAS)

### അമരാവതിയുടെയും സാഞ്ചിയുടെയും വിധി (THE FATE OF AMARAVATI AND SANCHI)

ഓരോ സ്തൂപത്തിനും അതിന്റേതായ ചരിത്രമുണ്ട്. കുറച്ചുമുമ്പ് നമ്മൾ കണ്ടതുപോലെ, അവയിൽ ചിലത് അവ നിർമ്മിക്കപ്പെട്ടതിന്റെ ചരിത്രങ്ങളാണ്. എന്നാൽ അവ കണ്ടെത്തപ്പെട്ടതിന്റെ ചരിത്രങ്ങളുമുണ്ട്. ഇപ്പോൾ നമുക്ക് അവയിൽ ചിലതുപരിശോധിക്കാം. 1796-ൽ ഒരു ക്ഷേത്രം നിർമ്മിക്കാനാഗ്രഹിച്ചിരുന്ന ഒരു പ്രാദേശിക രാജാവ് യാദൃച്ഛികമായി അമരാവതിയിലെ നാശോന്മുഖമായ സ്തൂപം കണ്ടെത്തുകയുണ്ടായി. ആ ശില ഉപയോഗിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഒരുകുന്നായി കാണപ്പെട്ട ആ പ്രദേശത്ത് ഏതെങ്കിലും നിധിശേഖരം അടക്കം ചെയ്തിട്ടുണ്ടാകാം എന്ന് അദ്ദേഹം ചിന്തിച്ചു. കുറച്ചു വർഷങ്ങൾക്കുശേഷം, ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ കോളിൻ മെക്കൻസി (അധ്യായം 7 കൂടി കാണുക) ഈ പ്രദേശം സന്ദർശിച്ചു. അവിടെ അദ്ദേഹം നിരവധി ശില്പങ്ങളുടെ ഭാഗങ്ങൾ കണ്ടെത്തുകയും അവയുടെ വിശദമായ ചിത്രങ്ങൾ വരയ്ക്കുകയും ചെയ്തെങ്കിലും ആ റിപ്പോർട്ടുകൾ ഒരുകാലത്തും പ്രസിദ്ധീകരിക്കപ്പെട്ടില്ല.

1854 ൽ ഗുണ്ടൂരിലെ (ആന്ധ്രാപ്രദേശ്) കമ്മീഷണറായിരുന്ന വാൾട്ടർ എലിയറ്റ് (Walter Elliot) അമരാവതി സന്ദർശിക്കുകയും നിരവധി ശില്പഫലകങ്ങൾ ശേഖരിക്കുകയും അവയെ മദ്രാസിലേക്ക് കൊണ്ടുപോവുകയും ചെയ്തു. (ഇവ അദ്ദേഹത്തിന്റെ പേരിൽ എലിയറ്റ് മാർബിളുകൾ എന്നറിയപ്പെട്ടു.) പടിഞ്ഞാറൻ പ്രവേശനകവാടത്തിന്റെ അവശിഷ്ടങ്ങളും അദ്ദേഹമാണു കണ്ടെത്തിയത്. അതുവരെ നിർമ്മിക്കപ്പെട്ട ബൗദ്ധസ്തൂപങ്ങളിൽ ഏറ്റവുംവലുതും പ്രൗഢവുമായ ഒന്നാണ് അമരാവതിയിലെ സ്തൂപം എന്നനിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു. 1850 കളോടെ, അമരാവതിയിൽ നിന്നുള്ള ചിലഫലകങ്ങൾ കൽക്കട്ടയിലെ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാളിലേക്കും മദ്രാസിലെ ഇന്ത്യാ ഓഫീസിലേക്കും ചിലതു ലണ്ടനിലേക്കു തന്നെയും കൊണ്ടുപോകാൻ ആരംഭിച്ചു. ബ്രിട്ടീഷ് ഭരണാധികാരികളുടെ ഉദ്യാനങ്ങളെ ഈ ശില്പങ്ങൾ അലങ്കരിച്ചിരുന്നു എന്നത് അസാധാരണമായിരുന്നില്ല. സത്യത്തിൽ ഇവിടെയെത്തുന്ന ഓരോ പുതിയ ബ്രിട്ടീഷ് ഉദ്യോഗസ്ഥനും തന്റെ മുൻഗാമികൾ ഇങ്ങനെ ചെയ്തിരുന്നു എന്ന ന്യായത്തിനുമേൽ ഇവിടെ നിന്ന് കൊത്തുപണികൾ മാറ്റിക്കൊണ്ടുപോകുന്നത് തുടർന്നു.

വ്യത്യസ്തകാഴ്ചപ്പാടുണ്ടായിരുന്ന ചുരുക്കം ചിലരിൽ ഒരാളായിരുന്നു പുരാവസ്തു ഗവേഷകനായ എച്ച്.എച്ച്. കോൾ. അദ്ദേഹം എഴുതി: "ഈ രാജ്യത്തെ പുരാതനകലകളുടെ മൂലസൃഷ്ടികളെ കൊള്ളടയിച്ചു കൊണ്ടുപോകാൻ അനുവദിക്കുന്നത് ആത്മഹത്യാപരവും നീതികരിക്കാനാകാത്തതുമായ നയമാണെന്ന് എനിക്കുതോന്നുന്നു." മ്യൂസിയങ്ങളിൽ ശില്പങ്ങളുടെ

ചിത്രം 4.11
സാഞ്ചിയുടെ കിഴക്കൻ പ്രവേശനകവാടം. മിഴിവുറ്റ കൊത്തുപണി ശ്രദ്ധിക്കുക.



പ്ലാസ്റ്റർ ഓഫ് പാരീസ് കൊണ്ടുള്ള തനിപ്പകർപ്പുകൾ പ്രദർശിപ്പിക്കുകയും അതേസമയം മൂലസൃഷ്ടികൾ അതു കണ്ടെത്തിയ സ്ഥലത്തു തന്നെ തുടരുകയും വേണമെന്ന് അദ്ദേഹം വിശ്വസിച്ചു. നിർഭാഗ്യവശാൽ, അമരാവതിയെക്കുറിച്ച് അധികാരികളെ ബോധ്യപ്പെടുത്തുന്നതിൽ കോൾ വിജയിച്ചില്ല; എങ്കിലും സാഞ്ചിയെ തന്നതായ അവസ്ഥയിൽ സംരക്ഷിക്കണമെന്ന അദ്ദേഹത്തിന്റെ അഭ്യർത്ഥന സ്വീകരിക്കപ്പെട്ടു.

സാഞ്ചി അതിജീവിക്കുകയും അമരാവതിക്ക് അതു സാധ്യമാകാതിരിക്കുകയും ചെയ്തത് എന്തുകൊണ്ട്? ഒരുപക്ഷേ, ഇത്തരം പുരാവശിഷ്ടങ്ങളുടെ മൂല്യവും അവ മറ്റൊരിടത്തേക്കു മാറ്റാതെ കണ്ടെത്തിയ ഇടത്തുതന്നെ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയും മനസ്സിലാക്കുന്നതിനുമുമ്പുതന്നെ അമരാവതി കണ്ടുപിടിക്കപ്പെട്ടതായിരിക്കാം ഇതിനു കാരണം. 1818 ൽ സാഞ്ചി "കണ്ടെത്തി"യപ്പോൾ അതിന്റെ നാലുപ്രവേശനകവാടങ്ങളിൽ മൂന്നും അപ്പോഴും നിലനിൽക്കുന്നുണ്ടായിരുന്നു; നാലാമത്തേത് വീണ സ്ഥലത്തു തന്നെ കിടപ്പുണ്ടായിരുന്നു; കൂന യാതൊരു തകരാറുമില്ലാതെ നല്ല അവസ്ഥയിലുമായിരുന്നു. എന്നിട്ടും, ഈ പ്രവേശന കവാടം പാരീസിലേക്കോ ലണ്ടനിലേക്കോ കൊണ്ടുപോകണമെന്ന് നിർദേശിക്കപ്പെട്ടു; അവസാനം സാഞ്ചിയെ അതുപോലെതന്നെ നിലനിർത്താൻ നിരവധി ഘടകങ്ങൾ സഹായിച്ചതുകൊണ്ട്, അതങ്ങനെ നിലനിൽക്കുന്നു. അതേസമയം അമരാവതിയിലെ *മഹാചൈത്യമാകട്ടെ (mahachaitya)* അതിന്റെ പഴയപ്രതാപമെല്ലാം നഷ്ടപ്പെട്ട് ഇന്ന് അപ്രധാനമായ ഒരുചെറിയ കൂനയായി അവശേഷിക്കുന്നു.

➲ ചർച്ച ചെയ്യുക...

ഭാഗം 1 വീണ്ടും വായിക്കുക. സാഞ്ചി, കാലത്തെ അതിജീവിച്ചതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് എഴുതുക.

## 9. ശില്പം (SCULPTURE)

സ്തൂപങ്ങളിൽനിന്നു ശില്പങ്ങൾ നീക്കംചെയ്യുകയും യൂറോപ്പിലേക്ക് കടത്തിക്കൊണ്ടുപോവുകയും ചെയ്തത് എങ്ങനെയെന്നു നമ്മൾ കണ്ടുകഴിഞ്ഞു. ശില്പങ്ങൾ കണ്ടവർ അവ സുന്ദരവും അമൂല്യവുമാണെന്നു കരുതുകയും അവയെ തങ്ങളുടെ സ്വന്തമാക്കാൻ തീരുമാനിക്കുകയും ചെയ്തതുകൊണ്ടാണ് ഭാഗികമായി ഇങ്ങനെ സംഭവിച്ചത്. ഇവയിൽ ചിലതിനെ നമുക്കു സൂക്ഷ്മമായി പരിശോധിക്കാം.

### 9.1 ശിലയിൽ കൊത്തിയ കഥകൾ (Stories in stone)

ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുള്ള തുണി അഥവാ പേപ്പർച്ചുരുളുകൾ *(ചരണചിത്രങ്ങൾ/charanachitras)* വഹിച്ചുകൊണ്ട് അലഞ്ഞുനടക്കുകയും അതിലെ ചിത്രങ്ങൾ ചൂണ്ടിക്കാണിച്ച് കൊണ്ടു കഥപറയുകയും ചെയ്യുന്നവരെ നിങ്ങൾ കണ്ടിട്ടുണ്ടാകാം.

ചിത്രം 4.13 നോക്കുക. ആദ്യകാഴ്ചയിൽ, ശില്പം, പുല്ലുമേഞ്ഞ കുടിലുകളും വൃക്ഷങ്ങളുമുള്ള ഒരു ഗ്രാമീണരംഗത്തെ ചിത്രീകരിക്കുന്നതായി തോന്നും. എന്നാൽ സാഞ്ചിയിലെ ശില്പത്തെ ശ്രദ്ധാപൂർവം പഠനവിധേയമാക്കിയ കലാചരിത്രകാരർ ഇത്



*ചിത്രം 4.12*
*പ്രവേശനകവാടത്തിന്റെ ഒരു ഭാഗം*
സാഞ്ചിയിലെ ശില്പികൾ ഒരു ചുരുൾ നിവർത്തപ്പെടുന്നത് ചിത്രീകരിക്കാൻ ആഗ്രഹിച്ചെന്ന് നിങ്ങൾക്കു *തോന്നുന്നുണ്ടോ?*



ചിത്രം 4.13
വടക്കൻ പ്രവേശനകവാടത്തിന്റെ ഒരുഭാഗം

*വെസ്സന്തര ജാതക*ത്തിലെ (*Vessantara Jataka*) ഒരു രംഗമാണെന്ന് തിരിച്ചറിയുകയുണ്ടായി. തന്റെ സർവവും ഒരു ബ്രാഹ്മണനു നൽകിയശേഷം ഭാര്യയെയും മക്കളെയും കൂട്ടി വനത്തിൽ താമസിക്കാൻപോയ മഹാമനസ്കനായ ഒരു രാജകുമാരന്റെ കഥയാണിത്. ഇതുപോലെ, പലപ്പോഴും ഗ്രന്ഥങ്ങളിലെ തെളിവുകളുമായി താരതമ്യപ്പെടുത്തിയാണ്, ശില്പത്തിന്റെ അർഥം ഗ്രഹിക്കുവാൻ ചരിത്രകാരർ ശ്രമിക്കുന്നത്.

## 9.2 ആരാധനയുടെ പ്രതീകങ്ങൾ (Symbols of worship)

ബൗദ്ധശില്പകലയെക്കുറിച്ച് മനസ്സിലാക്കുന്നതിന് കലാചരിത്രകാരർക്ക് ബുദ്ധന്റെ പുണ്യാത്മചരിത്രങ്ങളുമായി (*ഹഗിയോഗ്രാഫി*) പരിചയം സമ്പാദിക്കേണ്ടതുണ്ട്. പുണ്യാത്മചരിത്രമനുസരിച്ച്, ഒരു വൃക്ഷച്ചുവട്ടിൽ ധ്യാനനിരതനായിരിക്കുമ്പോഴാണ് ബുദ്ധന് ജ്ഞാനോദയം ലഭിച്ചത്. പല ആദ്യകാലശില്പികളും ബുദ്ധനെ മനുഷ്യരൂപത്തിലല്ല ചിത്രീകരിച്ചിരിക്കുന്നത്, പകരം പ്രതീകങ്ങളിലൂടെയാണ് അദ്ദേഹത്തിന്റെ സാന്നിധ്യം കാണിച്ചത്. ശൂന്യമായ ഇരിപ്പിടം (ചിത്രം 4.14) സൂചിപ്പിക്കുന്നത് ബുദ്ധന്റെ ധ്യാനത്തെയും സ്തൂപം (ചിത്രം 4.15) പ്രതിനിധീകരിക്കുന്നത് *മഹാപരിനിബ്ബാന* (*mahaparinibbana*) ത്തെയുമാണ്. പതിവായി ഉപയോഗിച്ചിരിക്കുന്ന മറ്റൊരു പ്രതീകം ചക്രമാണ്

ചിത്രം 4.14 (വലത്തേയറ്റത്ത്) ബോധിവൃക്ഷത്തെ ആരാധിക്കുന്നു
വൃക്ഷത്തെയും ഇരിപ്പിടത്തെയും അതിനു ചുറ്റുമുള്ള ആളുകളെയും ശ്രദ്ധിക്കുക.
ചിത്രം 4.15 (വലത്ത്മധ്യഭാഗം) സ്തൂപത്തെ ആരാധിക്കുന്നു
ചിത്രം 4.16 (ചുവടെ)
ധർമ്മചക്രം തിരിക്കാൻ തുടങ്ങുന്നു









ചിത്രം 4.17
പ്രവേശനകവാടത്തിലെ സ്ത്രീ

(ചിത്രം4.16). ഇതു ബുദ്ധൻ സാരനാഥിൽ നടത്തിയ ആദ്യപ്രഭാഷണത്തിന്റെ പ്രതീകമാണ്. അത്തരം ശില്പങ്ങൾ വാച്യാർഥത്തിൽ മനസ്സിലാക്കാൻ കഴിയില്ല എന്നു വ്യക്തമാണ് - ഉദാഹരണത്തിന്, ഒരുവൃക്ഷം ചിത്രീകരിക്കുന്നത് ഒരു വൃക്ഷത്തെ സൂചിപ്പിക്കാനല്ല, മറിച്ച് ബുദ്ധന്റെ ജീവിതത്തിലെ ഒരു സംഭവത്തെ പ്രതീകവത്കരിക്കാനാണ്. അത്തരം ചിഹ്നങ്ങളെ മനസ്സിലാക്കാൻ, ചരിത്രകാരർ തന്നെ ഈ കലാരൂപങ്ങൾ നിർമ്മിച്ചവരുടെ പാരമ്പര്യങ്ങളുമായി പരിചയപ്പെടേണ്ടതുണ്ട്.

### 9.3 ജനപ്രിയ പാരമ്പര്യങ്ങൾ (Popular traditions)

സാഞ്ചിയിലെ മറ്റു ശില്പങ്ങൾ ഒരുപക്ഷേ, ബുദ്ധമതാശയങ്ങളാൽ നേരിട്ടു പ്രചോദിപ്പിക്കപ്പെട്ടവയല്ലായിരിക്കാം. പ്രവേശനകവാടത്തിന്റെ പാർശ്വങ്ങളിൽനിന്നു മരത്തിൽ പിടിച്ചുകൊണ്ട് ആടുന്ന സുന്ദരികളായ സ്ത്രീകൾ ഇതിൽ ഉൾപ്പെടുന്നു (ചിത്രം 4.17). പരിത്യാഗവുമായി ഒരു ബന്ധവുമില്ലന്നു തോന്നിപ്പിച്ച ഈ ശില്പം തുടക്കത്തിൽ പണ്ഡിതന്മാർക്കിടയിൽ ചെറിയ അമ്പരപ്പുളവാക്കി. എന്നാൽ മറ്റുസാഹിത്യപാരമ്പര്യങ്ങൾ പരിശോധിച്ചശേഷം, സംസ്കൃതത്തിൽ വിവരിക്കപ്പെടുന്ന *ശാലഭഞ്ജിക*യെന്ന് *(shalabhanjika)* വിവരിക്കപ്പെടുന്നവരുടേതാണ് ഈ ചിത്രീകരണമെന്ന യാഥാർഥ്യം അവർ മനസ്സിലാക്കി. ജനകീയ വിശ്വാസം അനുസരിച്ച് ഈ സ്ത്രീയുടെ സ്പർശനത്താൽ വൃക്ഷങ്ങൾ പൂക്കുകയും കായ്ക്കുകയും ചെയ്തിരുന്നുവത്രേ! ഇത് ശുഭസൂചകമായ ഒരു പ്രതീകമായി കണക്കാക്കുകയും സ്തൂപത്തിന്റെ അലങ്കാരത്തിനായി സമന്വയിപ്പിക്കുകയും ചെയ്തതായിരിക്കാം. ബുദ്ധമതത്തിലേക്ക് കടന്നുവന്ന നിരവധിയാളുകൾ ബുദ്ധമതത്തിന് മുമ്പുള്ള തങ്ങളുടെ വിശ്വാസങ്ങളും ബൗദ്ധമല്ലാത്ത മറ്റു വിശ്വാസങ്ങളും ആചാരങ്ങളും ആശയങ്ങളും കൊണ്ട് ബുദ്ധമതത്തെ സമ്പന്നമാക്കിയിരുന്നുവെന്ന് *ശാലഭഞ്ജിക*യുടെ പ്രതിപാദ്യം സൂചിപ്പിക്കുന്നു. സാഞ്ചിശില്പങ്ങളിൽ ആവർത്തിക്കപ്പെട്ട ചില അലങ്കാരപ്പണികൾ ഈ പാരമ്പര്യങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞവയാണെന്നു വ്യക്തമാകുന്നു.

അവിടെ വേറെയും ശില്പങ്ങളുണ്ട്. ഉദാഹരണത്തിന്, മൃഗങ്ങളുടെ ഏറ്റവുംമികച്ച ചിത്രീകരണങ്ങളിൽ ചിലത് അവിടെ കാണപ്പെട്ടു. ഈ മൃഗങ്ങളിൽ ആനകളും കുതിരകളും കുരങ്ങുകളും കന്നുകാലികളും ഉൾപ്പെടുന്നു. സാഞ്ചിയിൽ ചിത്രീകരിക്കപ്പെട്ട പലമൃഗകഥകളും *ജാതക* കഥകളിൽ ഉൾക്കൊള്ളുന്നവയാണ്, ഒരു പക്ഷേ, ഇവിടെയുള്ള പല മൃഗരൂപങ്ങളും ജീവസ്സുറ്റ രംഗങ്ങൾ സൃഷ്ടിച്ച് കാഴ്ചക്കാരുടെ ശ്രദ്ധയാകർഷിക്കുന്നതിനായി കൊത്തിവയ്ക്കപ്പെട്ടവയാകാം. കൂടാതെ, മനുഷ്യഗുണങ്ങളുടെ പ്രതീകങ്ങളായും മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. ഉദാഹരണത്തിന്, ആനയെ ചിത്രീകരിച്ചിരിക്കുന്നത് ശക്തിയും ബുദ്ധിയും സൂചിപ്പിക്കാനാണ്.

ചിത്രം 4.18
സാഞ്ചിയിലെ ഒരു ആന



മറ്റൊരു പ്രതീകചിത്രം ഒരു സ്ത്രീയും അവളുടെ ചുറ്റുമുള്ള താമരപ്പൂക്കളും (ചിത്രം 4.19) അവളുടെമേൽ *അഭിഷേക (abhisheka)* ജലം തളിക്കുന്നു എന്നുതോന്നിപ്പിക്കുന്ന ആനകളുമാണ്. ചില ചരിത്രകാരർ



ചിത്രം 4.19
ഗജലക്ഷ്മി

### ഭൂതകാലത്തെ ചിത്രങ്ങൾ (Paintings from the past)

ശിലാശില്പങ്ങൾ കാലപ്പഴക്കം കൊണ്ടുണ്ടാകുന്ന നാശത്തെ അതിജീവിക്കുന്നവയും അതിനാൽത്തന്നെ, ചരിത്രകാരർക്ക് ഏറ്റവും എളുപ്പത്തിൽ ലഭ്യവുമാണെന്നിരിക്കെത്തന്നെ, ചിത്രകല ഉൾപ്പെടെയുള്ള മറ്റുദൃശ്യാവിഷ്കാരങ്ങളും ഭൂതകാലത്തിൽ ഉപയോഗിച്ചിരുന്നു. അതിൽ കാലത്തെ ഏറ്റവും നന്നായി അതിജീവിച്ച സൃഷ്ടികൾ ഗുഹകളുടെ ചുവരുകളിലേതാണ്, അവയിൽ ഏറ്റവും പ്രസിദ്ധം അജന്തയിൽ (മഹാരാഷ്ട്ര) നിന്നുള്ളവയാണ്.

*ജാതകകഥ*കളാണ് അജന്താഗുഹകളിലെ ചിത്രങ്ങളിൽ ആവിഷ്കരിച്ചിരിക്കുന്നത്. രാജകൊട്ടാരത്തിലെ ജീവിതം, ഘോഷയാത്രകൾ, തൊഴിലെടുക്കുന്ന സ്ത്രീകളും പുരുഷന്മാരും, ആഘോഷങ്ങൾ തുടങ്ങിയവയുടെ ചിത്രീകരണങ്ങൾ ഇവയിൽ ഉൾപ്പെടുന്നു. ചിത്രങ്ങൾക്ക് ത്രിമാന സവിശേഷത കൈവരുന്നതിനായി ചിത്രകാരർ, നിഴൽ ചിത്രീകരിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചിരുന്നു. ചില ചിത്രങ്ങൾ അങ്ങേയറ്റം സ്വാഭാവികമാണ്.



ചിത്രം 4.20
അജന്തയിൽ നിന്നുള്ള ഒരു ചിത്രം
ഇരിക്കുന്ന രൂപത്തെയും അദ്ദേഹത്തെ പരിചരിക്കുന്നവരെയും ശ്രദ്ധിക്കുക.

ചിത്രം 4.21
സാഞ്ചിയിലെ ഒരു സർപ്പം



ഈ സ്ത്രീരൂപത്തെ ബുദ്ധന്റെ മാതാവായ മായയുമായി ബന്ധപ്പെടുത്തുമ്പോൾ മറ്റുചിലർ ഇത് ആനകളുമായി ബന്ധപ്പെടുത്താവുന്ന ഒരു പ്രസിദ്ധ സൗഭാഗ്യദേവതയായ ഗജലക്ഷ്മിയാണെന്നു കരുതുന്നു. ഈ ശില്പങ്ങളെ കാണുന്ന ഭക്തർ ഒരുപക്ഷേ, ഈ രൂപത്തെ മായയായും ഗജലക്ഷ്മിയായും കണക്കാക്കിയിരിക്കാനും സാധ്യതയുണ്ട്.

അനേകം തൂണുകളിൽ കാണപ്പെടുന്ന നാഗരൂപത്തെക്കുറിച്ചും നമുക്കു പഠിക്കാം (ചിത്രം 4.21). ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഈ അലങ്കാരചിത്രങ്ങൾ ജനകീയ പാരമ്പര്യങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞതായിരിക്കാം. ആദ്യകാല ആധുനികകലാചരിത്രകാരരിൽ ഒരാളായ ജയിംസ് ഫെർഗൂസൻ,

സാഞ്ചിയെ വൃക്ഷാരാധനയുടെയും നാഗാരാധനയുടെയും കേന്ദ്രമായി കണക്കാക്കിയിരുന്നു എന്നതാണ് ഒരു രസകരമായ വസ്തുത. ബൗദ്ധസാഹിത്യകൃതികളെക്കുറിച്ച് തീരെ പരിചിതനല്ലായിരുന്ന അദ്ദേഹം - അവയിൽ മിക്കതും അതുവരെയും പരിഭാഷപ്പെടുത്തിയിരുന്നില്ല - പ്രതിമകളുടെ മാതൃകകളെമാത്രം പഠനവിധേയമാക്കിയാണ് ഈ നിഗമനത്തിൽ എത്തിച്ചേർന്നത്.

**➲ ചർച്ച ചെയ്യുക...**

അസ്ഥിയും കളിമണ്ണും ലോഹങ്ങളും കൂടി ശില്പനിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്. ഇവയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ കണ്ടെത്തുക.

## 10. പുതിയ മതപാരമ്പര്യങ്ങൾ (New Religious Traditions)

### 10.1 മഹായാന ബുദ്ധമതത്തിന്റെ വികാസം (The development of Mahayana Buddhism)

സി.ഇ. ഒന്നാം നൂറ്റാണ്ടോടെ ബുദ്ധമതാശയങ്ങളിലും ആചാരങ്ങളിലും മാറ്റങ്ങൾ സംഭവിച്ചതിനു തെളിവുകളുണ്ട്. ആദ്യകാല ബുദ്ധമത തത്വങ്ങൾ സ്വന്തം പരിശ്രമത്തിലൂടെ *നിബ്ബാണ* നേടുന്നതിനു വലിയ പ്രാധാന്യം നൽകിയിരുന്നു. അതിനുപുറമേ, സ്വന്തം പരിശ്രമങ്ങളിലൂടെ ജ്ഞാനോദയവും *നിബ്ബാണ*യും കൈവരിച്ച ഒരു മനുഷ്യനായാണ് ബുദ്ധനെ കണക്കാക്കിയിരുന്നത്. എന്നാൽ, ക്രമേണ ഒരു രക്ഷകൻ എന്ന ആശയം ഉയർന്നുവന്നു. അദ്ദേഹത്തിനുമാത്രമേ തങ്ങൾക്കു മോക്ഷം നൽകാൻ കഴിയുകയുള്ളു എന്ന് വിശ്വസിക്കപ്പെട്ടു. അതോടൊപ്പംതന്നെ ബോധിസത്ത എന്ന ആശയവും ഉരുത്തിരിഞ്ഞുവന്നു. ബോധിസത്തർ അങ്ങേയറ്റം ദയാലുക്കളും തങ്ങളുടെ പരിശ്രമത്തിലൂടെ നേടിയെടുത്ത സുകൃതം, ലോകത്തെ പരിത്യജിച്ച് സ്വയം *നിബ്ബാണം* പ്രാപിക്കാൻ ഉപയോഗിക്കാതെ മറ്റുള്ളവരെ സഹായിക്കാൻ ഉപയോഗിച്ചവരുമായിട്ടാണ് വീക്ഷിക്കപ്പെട്ടത്. ബുദ്ധന്റെയും ബോധിസത്തന്മാരുടെയും ബിംബങ്ങളുടെ ആരാധന ഈ പാരമ്പര്യത്തിന്റെ ഒരുപ്രധാന ഭാഗമായി മാറി.

ഈ പുതിയ ചിന്താരീതിയെ "വലിയ വാഹനം" ("great vehicle") എന്നർഥം വരുന്ന മഹായാനം എന്ന് വിളിച്ചിരുന്നു. ഈ വിശ്വാസങ്ങൾ സ്വീകരിച്ചവർ പഴയ പാരമ്പര്യങ്ങളെ ഹിനയാനം അല്ലെങ്കിൽ "ചെറിയ വാഹനം" ("lesser vehicle") എന്ന് വിളിച്ചിരുന്നു.

**ഹിനയാനമോ തേരവാദമോ? (Hinayana or Theravada?)**

മഹായാനക്കാർ മറ്റു ബുദ്ധമതക്കാരെ ഹിനയാനക്കാർ ആയിട്ടാണ് കണക്കാക്കിയിരുന്നത്. എന്നിരുന്നാലും, പഴയ പാരമ്പര്യത്തിന്റെ അനുയായികൾ സ്വയം വിശേഷിപ്പിച്ചിരുന്നത് *തേരാകൾ* എന്നറിയപ്പെടുന്ന, ബഹുമാന്യരായ പുരാതനഗുരുക്കന്മാരുടെ പാത പിന്തുടരുന്നവർ എന്ന അർഥത്തിൽ *തേരാവാദികൾ* എന്നാണ്.

*ചിത്രം 4.22*
*മഥുരയിൽ നിന്നുള്ള ബുദ്ധപ്രതിമ, ഏകദേശം സി.ഇ. ആദ്യ നൂറ്റാണ്ട്*



## 10.2 പുരാണ ഹിന്ദുമതത്തിന്റെ വളർച്ച (The growth of Puranic Hinduism)

ഒരു രക്ഷകസങ്കല്പം ബുദ്ധമതത്തിനുമാത്രം ഉള്ളതായിരുന്നില്ല. ഇന്നു നമ്മൾ ഹിന്ദുമതത്തിന്റെ ഭാഗമായി കണക്കാക്കുന്ന വിവിധ പാരമ്പര്യങ്ങൾക്കുള്ളിൽ സമാനമായ ആശയങ്ങൾ പലരീതികളിൽ വളർന്നു വരുന്നത് നമുക്കുകാണാം. വൈഷ്ണവമതവും (വിഷ്ണുവിനെ മുഖ്യദൈവമായി ആരാധിക്കുന്ന ഒരു ഹിന്ദുമതരൂപം) ശൈവമതവും (ശിവൻ മുഖ്യ ദൈവമായി കരുതപ്പെടുന്ന ഒരു പാരമ്പര്യം) ഇവയിൽ ഉൾപ്പെടുന്നു. ഈ പാരമ്പര്യങ്ങളിൽ അവർ തിരഞ്ഞെടുത്ത ദൈവത്തിനുള്ള ആരാധനയ്ക്ക് പ്രാധാന്യം ഏറി വന്നു. അത്തരം ആരാധനയിൽ ഭക്തനും ദൈവവും തമ്മിലുള്ള ബന്ധം സ്നേഹത്തിന്റെയും സമർപ്പണം അഥവാ ഭക്തിയുടെതുമായി ചിത്രീകരിക്കപ്പെട്ടു.

ചിത്രം 4.23 ഭൂമിദേവിയെ രക്ഷിക്കുന്ന വിഷ്ണുവിന്റെ വരാഹാവതാരം, ഐഹോൾ (കർണ്ണാടക) ഏകദേശം സി.ഇ. ആറാം നൂറ്റാണ്ട്

➲ ചിത്രങ്ങളുടെ അനുപാതം സൂചിപ്പിക്കുന്നത് എന്തിനെയാണ്?

വൈഷ്ണവമതത്തിന്റെ കാര്യത്തിൽ ദേവന്റെ വിവിധ അവതാരങ്ങളെ ചുറ്റിപ്പറ്റിയുള്ള വിശ്വാസങ്ങൾ വളർന്നുവന്നു. ഈ പാരമ്പര്യത്തിനുള്ളിൽ ദശാവതാരങ്ങളെ അംഗീകരിച്ചിരുന്നു. ദുഷ്ടശക്തികളുടെ ആധിപത്യംമൂലം എപ്പോഴൊക്കെ ലോകം അരാജകത്വത്തിന്റെയും നാശത്തിന്റെയും ഭീഷണി നേരിട്ടുവോ അപ്പോഴൊക്കെ ലോകരക്ഷയ്ക്കായി ദേവൻ സ്വീകരിച്ചവയാണ് ഈ അവതാരങ്ങൾ എന്ന് വിശ്വസിക്കപ്പെട്ടു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത അവതാരങ്ങളായിരിക്കാം പ്രചാരം നേടിയിട്ടുണ്ടാവുക. ഈ പ്രാദേശിക മൂർത്തികളെ ഓരോന്നിനെയും വിഷ്ണുവിന്റെ ഓരോ രൂപങ്ങളായി അംഗീകരിക്കുന്നത്, കൂടുതൽ ഏകീകൃതമായ ഒരു മതപാരമ്പര്യം സൃഷ്ടിക്കുന്നതിനുള്ള ഒരുമാർഗമായിരുന്നു.



മറ്റു ദൈവങ്ങളെപ്പോലെ, ഈ രൂപങ്ങളിൽ ചിലതും ശില്പങ്ങളായി ചിത്രീകരിക്കപ്പെട്ടിരുന്നു. ഉദാഹരണത്തിന് ശിവൻ ചിലപ്പോഴൊക്കെ മനുഷ്യരൂപത്തിൽ ചിത്രീകരിക്കപ്പെട്ടിരുന്നുവെങ്കിലും *ലിംഗ*മായിരുന്നു അദ്ദേഹത്തിന്റെ പ്രതീകമായിത്തീർന്നത്. ദൈവങ്ങളെയും അവരുടെ സവിശേഷതകളെയും സംബന്ധിച്ച് ഈ ചിത്രീകരണങ്ങളെല്ലാം സങ്കീർണമായ ഒരുകൂട്ടം ആശയങ്ങൾ അവതരിപ്പിച്ചു. ഈ രൂപങ്ങളുടെ ശിരോവസ്ത്രങ്ങൾ, ആഭരണങ്ങൾ, ആയുധങ്ങൾ (ദൈവരൂപങ്ങളുടെ കൈകളിൽ കാണുന്ന ആയുധങ്ങൾ അഥവാ ശുഭസൂചക വസ്തുക്കൾ) അവർ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന രീതി എന്നിവകൊണ്ടാണ് ഇവ അവതരിപ്പിച്ചത്.

ഈ ശില്പങ്ങളുടെ അർഥതലങ്ങൾ ഗ്രഹിക്കാൻ ചരിത്രകാരർ അവയുടെ പിന്നിലുള്ള കഥകളെക്കൂടി പരിചയപ്പെടേണ്ടതുണ്ട്. അവയിൽ പലതും ബ്രാഹ്മണർ ഏകദേശം സി.ഇ. ഒന്നാം സഹസ്രാബ്ദത്തിന്റെ മധ്യത്തോടെ സമാഹരിച്ച പുരാണങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ ഉൾപ്പെട്ട പലതും നൂറ്റാണ്ടുകൾക്കു മുമ്പേ രചിക്കപ്പെട്ടതും നൂറ്റാണ്ടുകളായി പ്രചാരത്തിലുള്ളതുമായിരുന്നു. ദേവീദേവന്മാരുടെ കഥകളും ഇതിലുൾപ്പെട്ടിരുന്നു. പൊതുവേ, അവ ലളിതമായ സംസ്കൃത പദ്യരൂപത്തിൽ രചിക്കപ്പെട്ടവയും വേദപഠനം അപ്രാപ്യമായ സ്ത്രീകളും ശൂദ്രരും ഉൾപ്പെടെയു



*ചിത്രം 4.24*
*ദുർഗയുടെ രൂപം, മഹാബലിപുരം (തമിഴ്നാട്), ഏകദേശം സി.ഇ. ആറാം നൂറ്റാണ്ട്*

ള്ള എല്ലാവർക്കും കേൾക്കാനായി ഉച്ചത്തിൽ വായിക്കുന്നതിനു വേണ്ടിയുള്ളവയുമായിരുന്നു.

പുരാണങ്ങളിലെ ഉള്ളടക്കങ്ങളിൽ ഏറെയും ആവിഷ്ക്കരിക്കപ്പെട്ടത് ജനങ്ങളുടെ പരസ്പര സമ്പർക്കത്തിലൂടെയാണ്. പുരോഹിതരും കച്ചവടക്കാരും സാധാരണക്കാരായ സ്ത്രീ പുരുഷന്മാരുമെല്ലാം ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്നതിനിടയിൽ തങ്ങളുടെ ആശയങ്ങളും വിശ്വാസങ്ങളും പങ്കിട്ടിരുന്നു. ഉദാഹരണമായി വസുദേവകൃഷ്ണൻ മഥുര പ്രദേശത്തെ ഒരു പ്രധാന ദൈവമായിരുന്നുവെന്നു നമുക്കറിയാം. നൂറ്റാണ്ടുകളിലൂടെ അദ്ദേഹത്തിന്റെ ആരാധന രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിച്ചു.

➲ കലാകാരൻമാർ ചലനത്തെ ചിത്രീകരിച്ചിരിക്കുന്ന രീതികൾ തിരിച്ചറിയുക. ഈ കൊത്തുപണിയിൽ ചിത്രീകരിച്ചിരിക്കുന്ന കഥയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ കണ്ടെത്തുക.

### 10.3 ക്ഷേത്ര നിർമ്മാണം (Building temples)

സാഞ്ചിയിലേതുപോലെയുള്ള സ്തൂപങ്ങൾ അവയുടെ നിലവിലുള്ള രൂപം കൈവരിച്ച കാലഘട്ടത്തിൽ തന്നെയായിരുന്നു, ദേവീദേവൻമാരുടെ രൂപങ്ങൾ പ്രതിഷ്ഠിക്കുന്നതിനുള്ള ആദ്യത്തെ ക്ഷേത്രങ്ങളും നിർമ്മിക്കപ്പെട്ടത്. ആദ്യകാല ക്ഷേത്രം എന്നത് സമചതുരാകൃതിയിലുള്ള ഒരൊറ്റമുറിയായിരുന്നു. ഇതിനെ *ഗർഭഗൃഹ*മെന്ന് *(garbhagriha)* വിളിച്ചിരുന്നു. തന്റെ ദൈവത്തിന് ആരാധന അർപ്പിക്കുന്നതിന് ഭക്തന് ഏക പ്രവേശന കവാടമേ ഉണ്ടായിരുന്നുള്ളു. ക്രമേണ, *ശിഖരം* എന്ന് അറിയപ്പെടുന്ന ഉയരം കൂടിയ ഒരു നിർമ്മിതി ശ്രീകോവിലിനു മുകളിലായി പടുത്തുയർത്തപ്പെട്ടു. ക്ഷേത്രഭിത്തികൾ പലപ്പോഴും കൊത്തുപണികളാൽ അലങ്കരിക്കപ്പെട്ടിരുന്നു. പിൽക്കാലത്ത് സമ്മേളന ഹാളുകളും കൂറ്റൻ ഭിത്തികളും പ്രവേശനകവാടങ്ങളും ജലവിതരണത്തിനുള്ള



ചിത്രം 4.25
ദേവഗഢിലെ ഒരു ക്ഷേത്രം (ഉത്തർപ്രദേശ്), ഏകദേശം സി.ഇ. അഞ്ചാം നൂറ്റാണ്ട്

➲ ശിഖരത്തിന്റെ അവശിഷ്ടങ്ങളും ഗർഭഗൃഹത്തിലേക്കുള്ള പ്രവേശന കവാടവും കണ്ടെത്തുക.

ക്രമീകരണങ്ങളും (അധ്യായം 7 കാണുക) കൂട്ടിച്ചേർത്ത് ക്ഷേത്രങ്ങൾ വളരെ ബൃഹത്തായിത്തീർന്നു.

ആദ്യകാല ക്ഷേത്രങ്ങളുടെ അതുല്യമായ സവിശേഷതകളിൽ ഒന്ന്, ഇവയിൽചിലത് കുറ്റൻപാറകൾ തുരന്നെടുത്ത് കൃത്രിമ ഗുഹകൾ പോലെ നിർമ്മിച്ചവയാണ് എന്നതാണ്. കൃത്രിമ ഗുഹാനിർമ്മാണ പാരമ്പര്യം വളരെ പഴക്കമേറിയതായിരുന്നു. അജീവിക വിഭാഗത്തിലെ പരിത്യാഗികൾക്കായി ബി.സി.ഇ. മൂന്നാം നൂറ്റാണ്ടിൽ അശോകന്റെ കൽപ്പനകൾപ്രകാരം പണികഴിപ്പിച്ചതാണ് ഇവയിൽ ഏറ്റവുംപഴക്കം ചെന്ന ചിലത്. (ചിത്രം 4.27)



ചിത്രം 4.26
ശേഷനാഗം എന്ന സർപ്പത്തിൽ ശയിക്കുന്ന വിഷ്ണു, ദേവഗഢിൽ (ഉത്തർപ്രദേശ്) നിന്നുള്ള ശില്പം. ഏകദേശം സി.ഇ. അഞ്ചാം നൂറ്റാണ്ട്



ചിത്രം 4.27
ബരാബറിലെ (ബീഹാർ) ഒരു ഗുഹയിലേക്കുള്ള പ്രവേശനകവാടം, ഏകദേശം ബി.സി.ഇ. മൂന്നാം നൂറ്റാണ്ട്.

ഈ പാരമ്പര്യം വിവിധ ഘട്ടങ്ങളിലൂടെ വികസിക്കുകയും എട്ടാം നൂറ്റാണ്ടിൽ ഒരുക്ഷേത്രം മുഴുവനുംതന്നെ ഒറ്റക്കല്ലിൽ കൊത്തിയെടുക്കുന്ന രീതിയിലേക്ക് വളർന്ന്, കൈലാസനാഥ ക്ഷേത്രത്തിൽ (ശിവന്റെ മറ്റൊരു നാമം) അതിന്റെ പൂർണതയിലെത്തുകയും ചെയ്തു.

എല്ലോറ ക്ഷേത്രനിർമ്മാണം പൂർത്തീകരിച്ചശേഷം അതിന്റെ മുഖ്യ ശില്പിക്കുണ്ടായ ആശ്ചര്യം ഒരു താമ്രഫലക ലിഖിതത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്: "ഹോ, ഞാൻ ഇതെങ്ങനെ നിർമ്മിച്ചു!"



ചിത്രം 4.28
കൈലാസനാഥ ക്ഷേത്രം, എല്ലോറ (മഹാരാഷ്ട്ര). ഈ നിർമ്മിതി മുഴുവൻ ഒരൊറ്റ പാറയിൽ നിന്നാണ് കൊത്തിയെടുത്തത്.

## 11. സർവവും "കാണാൻ" നമുക്ക് കഴിയുമോ ? (CAN WE "SEE" EVERYTHING?)

ഇഷ്ടികയിലും കല്ലിലും തീർത്ത നിർമ്മിതികൾ, ശില്പങ്ങൾ, കൊത്തുപണികൾ, ചിത്രകല എന്നിവയിലൂടെ ആവിഷ്ക്കരിക്കപ്പെട്ട ഭൂതകാലത്തിന്റെ സമ്പന്നമായ ദൃശ്യപാരമ്പര്യങ്ങളുടെ ഒരു ഏകദേശരൂപം ഇതോടെ നിങ്ങൾക്കു ലഭിച്ചുകഴിഞ്ഞു. അവയിലധികവും നൂറ്റാണ്ടുകളിലൂടെ തകർക്കപ്പെടുകയോ നാശോന്മുഖമാകുകയോ ചെയ്തിട്ടുണ്ടെന്നു നാംകണ്ടു. എന്നിരുന്നാലും, അവശേഷിക്കുന്നതും സംരക്ഷിക്കപ്പെടുന്നതുമായ സ്മാരകങ്ങൾ ഈ അതിശയകരമായ സൃഷ്ടികളുടെ പിന്നിൽ പ്രവർത്തിച്ച കലാകാരർ, ശില്പികൾ, കൽപ്പണിക്കാർ, വാസ്തുശില്പികൾ എന്നിവരുടെ ഭാവനാപരമായ ഉൾക്കാഴ്ചയെ നമുക്കുപകർന്നു നൽകുന്നവയാണ്. എന്നാലും, അവർ എന്താശയമാണ് പകരാൻ ശ്രമിച്ചതെന്നുനമുക്ക് ഇപ്പോഴും മനസ്സിലാക്കാൻ കഴിയുന്നുണ്ടോ? രണ്ടായിരത്തോളം വർഷങ്ങൾക്കുമുമ്പ് ഈ രൂപങ്ങൾ കാണുകയും അവയെ ആരാധിക്കുകയും ചെയ്ത ജനങ്ങളെ സംബന്ധിച്ച് ഇവ എന്തായിരുന്നുവെന്ന് നമുക്ക് എന്നെങ്കിലും അറിയാൻ കഴിയുമോ?

### 11.1 പരിചയപ്പെടാൻ കഴിയാത്തവയുമായുള്ള മൽപ്പിടുത്തം (Grappling with the unfamiliar)

പത്തൊൻപതാം നൂറ്റാണ്ടിലെ യൂറോപ്യൻ പണ്ഡിതർ ദേവീ-ദേവന്മാരുടെ ശില്പങ്ങളിൽ ചിലത് ആദ്യമായി കണ്ടപ്പോൾ ഇവയെന്തിനെക്കുറിച്ചാണെന്ന് അവർക്ക് മനസ്സിലായില്ലായെന്ന് ഓർക്കുന്നത് നന്നായിരി

ക്കും. ചില സമയങ്ങളിൽ അനേകം കൈകളും ശിരസ്സുകളുമുള്ളതോ മനുഷ്യന്റെയും മൃഗങ്ങളുടെയും സംയുക്തരൂപങ്ങളോടു കൂടിയതോ ആയ വിചിത്രമായ രൂപങ്ങൾ ദർശിച്ച അവർക്കു ഭയമാണുണ്ടായത്.

ഈ ആദ്യകാല പണ്ഡിതർ തങ്ങൾക്കു പരിചിതമായ പുരാതന ഗ്രീക്കു ശില്പങ്ങളുമായി താരതമ്യപ്പെടുത്തി ഈ വിചിത്ര ശില്പങ്ങളെ മനസ്സിലാക്കാൻ ശ്രമിച്ചു. ആദ്യകാല ഇന്ത്യൻ ശില്പങ്ങൾ ഗ്രീക്കു കലാകാരരുടെ സൃഷ്ടികളെക്കാൾ പലപ്പോഴും ഗുണം കുറഞ്ഞവയാണെന്ന് അവർ കരുതി. എന്നാൽ വ്യക്തമായും ഗ്രീക്കു മാതൃകകളെ അവലംബിച്ചുള്ള ബുദ്ധന്റെയും ബോധിസത്തന്മാരുടെയും രൂപങ്ങൾ കണ്ടെത്തിയത് അവരെ ആശ്ചര്യപ്പെടുത്തി. ഇൻഡോ – ഗ്രീക്ക് ഭരണാധികാരികൾ ബി.സി.ഇ. രണ്ടാംനൂറ്റാണ്ടിൽ രാജ്യങ്ങൾ സ്ഥാപിച്ച വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിലെ, തക്ഷശില, പെഷവാർ, തുടങ്ങിയ നഗരങ്ങളിലായിരുന്നു പലപ്പോഴും ഇവ കണ്ടെത്തിയത്. ഈ പണ്ഡിതന്മാർക്ക് പരിചിതമായിരുന്ന ഗ്രീക്ക് പ്രതിമകളോട് അങ്ങേയറ്റം സാദൃശ്യമുണ്ടായിരുന്ന ഈ ശില്പങ്ങളെ അവർ കണ്ടിരുന്നത് ആദ്യകാല ഇന്ത്യൻ കലയുടെ ഉത്തമദൃഷ്ടാന്തങ്ങളായിട്ടാണ്. ഫലത്തിൽ, ഈ പണ്ഡിതർ നമ്മൾ പതിവായി ഉപയോഗിക്കുന്ന ഒരു തന്ത്രമാണ് സ്വീകരിച്ചത് – പരിചിതമായവയെ മാനദണ്ഡമാക്കിക്കൊണ്ട് അപരിചിതമായവയെ മനസ്സിലാക്കുക എന്ന തന്ത്രം.



ചിത്രം 4.29
ഗാന്ധാരത്തിൽനിന്നുള്ള ഒരു *ബോധിസത്വൻ* അണിഞ്ഞിരിക്കുന്ന വസ്ത്രവും കേശാലങ്കാരവും ശ്രദ്ധിക്കുക.

### 11.2 മൂലഗ്രന്ഥങ്ങളും ശില്പങ്ങളും പൊരുത്തപ്പെടുന്നില്ലെങ്കിൽ... (If text and image do not match ...)

മറ്റൊരു പ്രശ്നം പരിഗണിക്കാം. ശില്പങ്ങളുടെ സാരാംശം മനസ്സിലാക്കുന്നതിന് കലാചരിത്രകാരർ മൂലഗ്രന്ഥപാരമ്പര്യങ്ങളെയാണ് പലപ്പോഴും ആശ്രയിക്കുന്നതെന്ന് നമ്മൾ കണ്ടതാണല്ലോ. ഇത് ഇന്ത്യൻ ശില്പങ്ങളെ ഗ്രീക്കു ശില്പങ്ങളുമായി താരതമ്യപ്പെടുത്തുന്നതിനെക്കാൾ വളരെയേറെ ഫലപ്രദമായ പഠനതന്ത്രമായിരുന്നെങ്കിലും അത് ഉപയോഗിക്കുന്നത് എപ്പോഴും എളുപ്പമാകണമെന്നില്ല. ഇതിന് ഏറ്റവും താല്പര്യജനകമായ ഉദാഹരണമാണ് കൂറ്റൻ ശിലോപരിതലത്തിൽ സ്ഥിതിചെയ്യുന്ന മഹാബലിപുരത്തെ (തമിഴ്നാട്) പ്രസിദ്ധമായ ശില്പം.

വ്യക്തമായും ചിത്രം 4.30 ൽ ഒരു കഥയുടെ സ്പഷ്ടമായ ചിത്രീകരണമാണുള്ളത്. എന്നാൽ ഇത് ഏത് കഥയാണ്? കലാചരിത്രകാരർ ഇതു തിരിച്ചറിയാനായി പുരാണങ്ങളിലെല്ലാം തേടിയെങ്കിലും കടുത്ത ഭിന്നാഭിപ്രായങ്ങളിലാണ് എത്തിച്ചേർന്നത്. ഗംഗാനദി സ്വർഗത്തിൽ നിന്നു താഴേക്ക് പതിക്കുന്നതാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നതെന്ന് ചിലർ അഭിപ്രായപ്പെടുന്നു – പാറയുടെ ഉപരിതലത്തിന്റെ മധ്യത്തിൽ ഉള്ള പ്രകൃതിദത്തമായ വിള്ളൽ നദിയെ പ്രതിനിധീകരിക്കുന്നതാവാം. പുരാണങ്ങളിലും ഇതിഹാസങ്ങളിലും ഇതേകഥ വിവരിച്ചിട്ടുണ്ട്. ചിത്രത്തിൽ കേന്ദ്രസ്ഥാനം അലങ്കരിക്കുന്ന ഒരു താപസരൂപം ചൂണ്ടിക്കാട്ടിക്കൊണ്ട് ആയുധ

സമ്പാദനത്തിനായി അർജുനൻ നദിയോരത്ത് തപസ്സു ചെയ്തു എന്ന *മഹാഭാരത*കഥയാണ് ഈ ശില്പത്തിലുള്ളതെന്ന് മറ്റു ചിലർ കരുതുന്നു.

അവസാനമായി, സ്മാരകങ്ങൾ, ശില്പങ്ങൾ, ചിത്രങ്ങൾ, മുതലായ ദൃശ്യവും സ്ഥിരവുമായ രൂപങ്ങളിൽ രേഖപ്പെടുത്തപ്പെടാതെ പോയ ധാരാളം അനുഷ്ടാനങ്ങളും മതവിശ്വാസങ്ങളും ആചാരങ്ങളും ഉണ്ടായിരുന്നുവെന്ന് ഓർമ്മിക്കുക. അനുദിന ആചാരങ്ങളും പ്രത്യേകാവസരങ്ങളിലെ ആചാരങ്ങളും ഇവയിൽ ഉൾപ്പെടുന്നു. മതപ്രവർത്തനത്തിന്റെയും തത്വശാസ്ത്ര ആശയങ്ങളുടെയും ഊർജസ്വലമായ പാരമ്പര്യങ്ങൾ സ്വന്തമായുള്ള വ്യക്തികളോ സമുദായങ്ങളോ പോലും അവയെ ശാശ്വതമായി രേഖപ്പെടുത്തേണ്ട ആവശ്യകത തോന്നാത്തവരായി ഉണ്ടായിരുന്നിരിക്കാം. വാസ്തവത്തിൽ, ഈ അധ്യായത്തിൽ നമ്മൾ ഊന്നൽ നൽകിയിട്ടുള്ള ശ്രദ്ധേയമായ ഉദാഹരണങ്ങൾ മഞ്ഞുമലയുടെ അഗ്രം മാത്രമാണ്.

**ചർച്ച ചെയ്യുക...**

നിങ്ങൾ കണ്ടിട്ടുള്ള ഏതെങ്കിലും മതപരമായ പ്രവർത്തനം വിവരിക്കുക. അത് ഏതെങ്കിലും രൂപത്തിൽ സ്ഥിരമായി രേഖപ്പെടുത്തിയിട്ടുണ്ടോ?

ചിത്രം 1.30
*മഹാബലിപുരത്തെ ഒരു ശില്പം*



## കാലരേഖ 1 (TIMELINE 1)
## പ്രധാന മതസംഭവവികാസങ്ങൾ
## (MAJOR RELIGIOUS DEVELOPMENTS)

| | |
|---|---|
| ഏകദേശം 1500 മുതൽ 1000 ബി.സി.ഇ. വരെ | ആദ്യകാല വേദപാരമ്പര്യങ്ങൾ |
| ഏകദേശം 1000 മുതൽ 500 ബി.സി.ഇ. വരെ | പിൽക്കാല വേദപാരമ്പര്യങ്ങൾ |
| ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ട് | ആദ്യകാല ഉപനിഷത്തുകൾ; ജൈനമതം, ബുദ്ധമതം |
| ഏകദേശം ബി.സി.ഇ. മൂന്നാം നൂറ്റാണ്ട് | ആദ്യത്തെ സ്തൂപങ്ങൾ |
| ഏകദേശം ബി.സി.ഇ. രണ്ടാം നൂറ്റാണ്ടുമുതൽ | മഹായാനബുദ്ധമതം, വൈഷ്ണവമതം, ശൈവമതം, ദേവീയാരാധനകൾ എന്നിവയുടെ വികാസം |
| ഏകദേശം സി.ഇ. മൂന്നാം നൂറ്റാണ്ട് | ഏറ്റവും പഴയക്ഷേത്രങ്ങൾ |

## കാലരേഖ - 2 (TIMELINE 2)
## ആദ്യകാല സ്മാരകങ്ങളുടെയും ശില്പങ്ങളുടെയും കണ്ടെത്തലിലെയും സംരക്ഷണത്തിലെയും നാഴികക്കല്ലുകൾ
## (LANDMARKS IN THE DISCOVERY AND PRESERVATION OF EARLY MONUMENTS AND SCULPTURE)

**പത്തൊൻപതാം നൂറ്റാണ്ട്**

| | |
|---|---|
| 1814 | കൽക്കത്തയിൽ ഇന്ത്യൻ മ്യൂസിയത്തിന്റെ സ്ഥാപനം |
| 1834 | റാം രാജയുടെ *എസ്സേ ഓൺ ദ് ആർക്കിടെക്ച്ചർ ഓഫ് ദി ഹിന്ദൂസ്* എന്ന കൃതിയുടെ പ്രകാശനം; കണ്ണിങ്ഹാം സാരനാഥിലെ സ്തൂപം പര്യവേഷണം ചെയ്യുന്നു |
| 1835 - 1842 | ജയിംസ് ഫെർഗൂസൻ പ്രധാന പുരാവസ്തു കേന്ദ്രങ്ങൾ സർവേ ചെയ്യുന്നു |
| 1851 | മദ്രാസ്സിലെ ഗവൺമെന്റ് മ്യൂസിയം സ്ഥാപിക്കപ്പെടുന്നു |
| 1854 | സാഞ്ചിയെക്കുറിച്ചുള്ള ഏറ്റവുമാദ്യത്തെ കൃതികളിലൊന്നായ *ഭിൽസാ ടോപ്സ്* അലക്സാണ്ടർ കണ്ണിങ്ഹാം പ്രസിദ്ധീകരിക്കുന്നു |
| 1878 | *ബുദ്ധഗയ : ദി ഹെറിറ്റേജ് ഓഫ് ശാക്യമുനി* എന്ന പുസ്തകം രാജേന്ദ്ര ലാലാ മിത്ര പ്രസിദ്ധീകരിച്ചു |
| 1880 | എച്ച്.എച്ച്.കോൾ, പ്രാചീന സ്മാരകങ്ങളുടെ ക്യൂറേറ്റർ (മേൽനോട്ടക്കാരൻ) ആയി നിയമിക്കപ്പെടുന്നു |
| 1888 | പുരാവസ്തു പ്രാധാന്യമുള്ള ഏതു വസ്തുവും ഏറ്റെടുക്കാനുള്ള അവകാശം സർക്കാരിനു നൽകുന്ന ട്രെഷർ ട്രോവ് ആക്ട് പാസാക്കുന്നു |

**ഇരുപതാം നൂറ്റാണ്ട്**

| | |
|---|---|
| 1914 | ജോൺ മാർഷലും ആൽഫ്രഡ് ഫൗച്ചറും ചേർന്ന് *ദി മോണിമെന്റ്സ് ഓഫ് സാഞ്ചി* പ്രസിദ്ധികരിക്കുന്നു |
| 1923 | ജോൺ മാർഷൽ *ദി കൺസർവേഷൻ മാന്വൽ* പ്രസിദ്ധീകരിക്കുന്നു |
| 1955 | പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ന്യൂഡൽഹിയിലെ നാഷണൽ മ്യൂസിയത്തിന് തറക്കല്ലിടുന്നു |
| 1989 | സാഞ്ചി ഒരു ലോകപൈതൃകകേന്ദ്രമായി പ്രഖ്യാപിക്കപ്പെടുന്നു |

**100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക.**
**(ANSWER IN 100-150 WORDS)**

1. ഉപനിഷത്ത് ചിന്തകരുടെ ആശയങ്ങൾ വിധിവാദികളിൽനിന്നും ഭൗതികവാദികളിൽനിന്നും വ്യത്യസ്തമായിരുന്നോ? ഉത്തരമെഴുതി കാരണങ്ങൾ വ്യക്തമാക്കുക.
2. ജൈനമതത്തിന്റെ കേന്ദ്രാശയങ്ങൾ സംഗ്രഹിക്കുക.
3. സാഞ്ചിയിലെ സ്തൂപം സംരക്ഷിക്കുന്നതിൽ ഭോപ്പാലിലെ ബീഗം എന്നറിയപ്പെടുന്ന ഭരണാധികാരികൾ വഹിച്ച പങ്കിനെക്കുറിച്ച് ചർച്ചചെയ്യുക.
4. ഈ ചെറുലിഖിതം വായിച്ച് ഉത്തരമെഴുതുക:
   *തിപിടക*യെ അറിയുന്ന ബുദ്ധമത *ഭിക്ഖുണി*യുടെ സഹോദരീപുത്രിയും *തിപിടക*യെ അറിയുന്ന ബല എന്ന *ഭിക്ഖു*വിന്റെ ശിഷ്യയുമായ ധനവതി എന്ന *ഭിക്ഖുണി* തന്റെ അച്ഛനമ്മമാരോടൊത്ത്, കുശാനരാജാവായ *മഹാരാജ* ഹുവിഷ്കന്റെ മുപ്പത്തിമൂന്നാംവർഷത്തിൽ ചൂടുകാലത്തിന്റെ ഒന്നാംമാസം എട്ടാംദിവസം മധുവനികയിൽ ഒരു ബോധിസത്തനെ സ്ഥാപിക്കുകയുണ്ടായി.

   എ) എങ്ങനെയാണ് ധനവതി തന്റെ വിവരണങ്ങളുടെ തീയതി പരാമർശിച്ചിരിക്കുന്നത്?
   ബി) അവർ ബോധിസത്വന്റെ പ്രതിഷ്ഠ നിർവഹിച്ചത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ കരുതുന്നത്?
   സി) അവർ പരാമർശിച്ച ബന്ധുക്കളാരായിരുന്നു?
   ഡി) ഏത് ബുദ്ധമതഗ്രന്ഥമാണ് അവർക്ക് അറിയാമായിരുന്നത്?
   ഇ) ആരിൽ നിന്നാണ് അവർ ഈ കൃതി അഭ്യസിച്ചിരുന്നത്?
5. സ്ത്രീകളും പുരുഷന്മാരും *സംഘ*ത്തിൽ ചേർന്നത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ കരുതുന്നത്?



*ചിത്രം 4.31*
*സാഞ്ചിയിലെ ഒരു ശില്പം*

**ചുവടെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം (ഏകദേശം 500 വാക്കുകൾ) എഴുതുക.**
**(WRITE A SHORT ESSAY (ABOUT 500 WORDS) ON THE FOLLOWING :)**

6. ബുദ്ധസാഹിത്യത്തെക്കുറിച്ചുള്ള അറിവ് സാഞ്ചിയിലെ ശില്പം മനസ്സിലാക്കുന്നതിന് എത്രത്തോളം സഹായിക്കുന്നു?
7. ചിത്രങ്ങൾ 4.32 ഉം 4.33 ഉം സാഞ്ചിയിലെ രണ്ടു രംഗങ്ങളാണ്. വാസ്തുവിദ്യയിലും സസ്യജാലങ്ങളിലും മൃഗങ്ങളിലും പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അവയിൽ ഓരോന്നിലും നിങ്ങൾ കാണുന്നത് എന്താണെന്ന് വിശദീകരിക്കുക. ഏതിലാണ് ഗ്രാമീണരംഗവും നാഗരികരംഗവും ചിത്രീകരിച്ചിരിക്കുന്നതെന്ന് തിരിച്ചറിയുക. നിങ്ങളുടെ ഉത്തരത്തിന് കാരണങ്ങൾ നൽകുക.
8. വൈഷ്ണവമതത്തിന്റെയും ശൈവമതത്തിന്റെയും ഉത്ഭവവുമായി ബന്ധപ്പെട്ടു ശില്പകലയിലും വാസ്തുവിദ്യയിലും ഉണ്ടായ വികാസത്തെക്കുറിച്ച് ചർച്ചചെയ്യുക.
9. സ്തൂപങ്ങൾ നിർമ്മിക്കപ്പെട്ടത് എങ്ങനെയെന്നും എന്തുകൊണ്ടെന്നും ചർച്ചചെയ്യുക.

ചിത്രം. 4.32



ചിത്രം 4.33



## ഭൂപട പ്രവർത്തനം (MAP WORK)

10. ലോകഭൂപടത്തിന്റെ രൂപരേഖയിൽ ബുദ്ധമതം വ്യാപിച്ച പ്രദേശങ്ങൾ അടയാളപ്പെടുത്തുക. ഉപഭൂഖണ്ഡത്തിൽനിന്ന് ഈ പ്രദേശങ്ങളിലേക്കുള്ള കര, കടൽ മാർഗങ്ങൾ കണ്ടെത്തുക.

## പ്രോജക്ട് (ഒന്ന് തിരഞ്ഞെടുക്കുക) (PROJECTS (ANY ONE))

11. ഈ അധ്യായത്തിൽ ചർച്ചചെയ്ത മതപാരമ്പര്യങ്ങളിൽ ഏതെങ്കിലും നിങ്ങളുടെ സമീപപ്രദേശത്ത് നിലനിൽക്കുന്നുണ്ടോ? ഇന്ന് ഉപയോഗിക്കുന്ന മതഗ്രന്ഥങ്ങൾ എന്തൊക്കെയാണെന്നും അവ സംരക്ഷിക്കപ്പെടുന്നതും തത്ത്വങ്ങൾ പകർന്നു കൊടുക്കപ്പെടുന്നതും എങ്ങനെയെന്നും വിവരിക്കുക. ആരാധനയ്ക്കായി വിഗ്രഹങ്ങൾ ഉപയോഗിക്കുന്നുണ്ടോ? അങ്ങനെയാണെങ്കിൽ ഈ അധ്യായത്തിൽ വിവരിച്ചിരിക്കുന്നതിൽനിന്നും സമാനമോ വ്യത്യസ്തമോ ആണോ ഇവ? ആദ്യകാലത്തെ സ്തൂപങ്ങളും ക്ഷേത്രങ്ങളുമായി താരതമ്യംചെയ്തുകൊണ്ട് ഇന്നത്തെ മതകാര്യ നിർമ്മിതികളെ വിലയിരുത്തുക.

12. വ്യത്യസ്ത കാലഘട്ടങ്ങളും പ്രദേശങ്ങളുമായി ബന്ധപ്പെട്ടതും ഈ അധ്യായത്തിൽ വിവരിച്ചിരിക്കുന്ന മതപാരമ്പര്യങ്ങളെക്കുറിച്ചുമുള്ളതുമായ ശില്പങ്ങളുടെയോ ഛായാ ചിത്രങ്ങളുടെയോ കുറഞ്ഞത് അഞ്ചു ചിത്രങ്ങളെങ്കിലും ശേഖരിക്കുക. അവയുടെ അടിക്കുറിപ്പുകൾ നീക്കംചെയ്യുകയും ഓരോന്നും രണ്ടു വ്യക്തികളെ വീതം കാണിക്കുകയും അവർ കണ്ടതിനെക്കുറിച്ച് വിവരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക. അവരുടെ വിവരണങ്ങൾ താരതമ്യംചെയ്ത് നിങ്ങളുടെ കണ്ടെത്തലുകളെക്കുറിച്ച് ഒരുറിപ്പോർട്ട് തയാറാക്കുക.

**നിങ്ങൾക്ക് കൂടുതൽ അറിയാൻ ആഗ്രഹമുണ്ടെങ്കിൽ, വായിക്കുക :**


എ.എൽ. ബാഷാം.1985.
*ദി വണ്ടർ ദാറ്റ് വാസ് ഇന്ത്യ.*
രൂപ, കൽക്കത്ത.

എൻ.എൻ. ഭട്ടാചാരിയ.1996.
*ഇന്ത്യൻ റിലീജിയസ് ഹിസ്റ്റോറിയോഗ്രാഫി.*
മുൻഷിറാം മനോഹർലാൽ,
ന്യൂഡൽഹി.

എം.കെ. ദവാലിക്കർ.2003.
*മോണുമെന്റൽ ലെഗസി ഓഫ് സാഞ്ചി.*
ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്,
ന്യൂഡൽഹി.

പോൾ ദുൺടാസ്.1992.
*ദി ജയിൻസ്.*
റൂട്ട്ലെഡ്ജ്, ലണ്ടൻ.

ഗവിൻ ഫ്ളെഡ്.2004.
*ഇൻട്രോഡക്ഷൻ ടു ഹിന്ദുയിസം.*
കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്,
കേംബ്രിഡ്ജ്.

റിച്ചാർഡ് എഫ് ഗോമ്റിച്ച്.1988.
*തേരവാദ ബുദ്ധിസം : എ സോഷ്യൽ ഹിസ്റ്ററി ഫ്രം എൻഷ്യന്റ് ബനാറസ് ടു മോഡേൺ കൊളംബോ.*
റൂട്ട്ലെഡ്ജ് ആൻഡ് കെഗൻ പോൾ,
ലണ്ടൻ.

ബെഞ്ചമിൻ റൗലാൻഡ്.1967.
*ദി ആർട്ട് ആൻഡ് ആർക്കിടെക്ചർ ഓഫ് ഇന്ത്യ : ബുദ്ധിസ്റ്റ്/ഹിന്ദു/ജയിൻ.*
പെൻഗ്വിൻ ബുക്സ്,
ഹാർമോണ്ട്സ്വർത്ത്.


**അധിക വിവരങ്ങൾക്കായി, നിങ്ങൾക്ക് സന്ദർശിക്കാം:**
http://dsal.uchicago.edu/images/aiis/

## ചിത്രങ്ങളുടെ കടപ്പാട് (Credits for Illustrations)

### പ്രമേയം 1 (Theme 1)

ചിത്രം 1.1, 1.2, 1.3, 1.4, 1.5, 1.6, 1.9, 1.11, 1.12, 1.13, 1.14, 1.15, 1.16, 1.20, 1.22, 1.23, 1.26, 1.28, 1.29, അദ്ധ്യായത്തിലെ ചിത്രം 1.30 :

ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ ആൻഡ് നാഷണൽ മ്യൂസിയം, ന്യൂഡൽഹി

ചിത്രം 1.7, 1.8, 1.10, 1.17, 1.18, 1.19, 1.21, 1.24:

ജെ.എം.കെനോയർ, ഗ്രിഗറി എൽ.പോസെഹൽ

ചിത്രം 1.27:

സെന്റർ ഫോർ കൾച്ചറൽ റിസോഴ്സ് ആൻഡ് ട്രെയിനിംഗ്, ന്യൂഡൽഹി

### പ്രമേയം 2 (Theme 2)

ചിത്രം 2.1: അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ സ്റ്റഡീസ്, ഗുർഗാവൺ

ചിത്രം 2.2, 2.6 : ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ

ചിത്രം 2.3, 2.5, 2.10:

സെന്റർ ഫോർ കൾച്ചറൽ റിസോഴ്സ് ആൻഡ് ട്രെയിനിംഗ്, ന്യൂഡൽഹി

ചിത്രം 2.4, 2.7, 2.9, 2.12, 2.13: നാഷണൽ മ്യൂസിയം, ന്യൂഡൽഹി

ചിത്രം 2.8: വിക്കിപീഡിയ

### പ്രമേയം 3 (Theme 3)

ചിത്രം 3.1, 3.10: ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ

ചിത്രം 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9: നാഷണൽ മ്യൂസിയം, ന്യൂഡൽഹി

### പ്രമേയം 4 (Theme 4)

ചിത്രം 4.1, 4.5, 4.8, 4.9, 4.12, 4.13, 4.14, 4.15, 4.16, 4.17, 4.18, 4.19, 4.21, 4.22, 4.23, 4.24, 4.25, 4.26, 4.27, 4.29, 4.31, അദ്ധ്യായത്തിലെ ചിത്രം 4.32 ഉം 33 ഉം :

അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ സ്റ്റഡീസ്, ഗുർഗാവൺ

ചിത്രം 4.2: വിക്കിപീഡിയ

ചിത്രം 4.3, 4.11, 4.28, 4.30:

സെന്റർ ഫോർ കൾച്ചറൽ റിസോഴ്സ് ആൻഡ് ട്രെയിനിംഗ്, ന്യൂഡൽഹി

ചിത്രം 4.4, 4.6, 4.7, 4.20: നാഷണൽ മ്യൂസിയം, ന്യൂഡൽഹി